ഐസി 38

കോർപ്പറേറ്റ് ഏജൻറ് (പൊതുവായ)

കൃതജ്ഞത

ഈ ഗതി, ഇന്ത്യ ഇൻഷുറൻസ് ഇൻസ്റ്റിറ്റ്യൂട്ട് തയാറാക്കിയ പുതുക്കിയ സിലബസ് അടിസ്ഥാനത്തിലാണ് മുംബൈ

भारतीय बीमा संस्थान
INSURANCE INSTITUTE OF INDIA

ജി - ബ്ലോക്ക്, പ്ലോട്ട് നം. സി-46,
ബാന്ദ്ര കുർള കോംപ്ലക്സ്, ബാന്ദ്ര (ഈസ്റ്റ്), മുംബൈ - 400 051.

കോർപ്പറേറ്റ് ഏജൻറ് (പൊതുവായ)

IC-38

റിവൈസ്ഡ് എഡിഷൻ: 2016

പകർപ്പവകാശം

ഈ കോഴ്സിന്റെ പകര്പ്പവകാശം മുംബൈയിലെ ഇന്ഷ്വറന്സ് ഇന്സ്റ്റിട്യൂട്ട് ഓഫ് ഇന്ത്യയ്ക്കാണ്. ഒരു സന്ദര്ഭത്തിലും കോഴ്സിന്റെ ഭാഗങ്ങളൊന്നും തന്നെ പുനഃസൃഷ്ടിക്കുന്നതല്ല.

പ്രസിദ്ധീകരിക്കുന്നത്: പി. വേണുഗോപാൽ, സെക്രട്ടറി-ജനറൽ, ഇന്ഷ്വറന്സ് ഇന്സ്റ്റിട്യൂട്ട് ഓഫ് ഇന്ത്യ, ജി - ബ്ലോക്ക്, പ്ലോട്ട് നം. സി-46,ബാന്ദ്ര കുര്ള കോംപ്ലക്സ്, ബാന്ദ്ര (ഈസ്റ്റ്), മുംബൈ - 400 051.

മുഖവുര

ഇൻഷ്വറൻസ് മേഖലയിലുള്ള വിദഗ്ദ്ധരുമായി കൂടിയാലോചിച്ചാണ് കോർപ്പറേറ്റ് ഏജന്റുമാർക്കുള്ള പാഠ്യപദ്ധതി ഇൻസ്റ്റിട്ട്യൂട്ട് വികസിപ്പിച്ചെടുത്തത്. ഐആർഡിഎഐ അംഗീകരിച്ച സിലബസിന്റെ അടിസ്ഥാനത്തിലാണ് പാഠ്യപദ്ധതി തയ്യാറാക്കിയിരിക്കുന്നത്.

ഈ കോഴ്സ് ചെയ്യുന്നതിലൂടെ ലൈഫ്, ജനറല് ഹെൽത്ത് ഇൻഷ്വറൻസ് മേഖലകളില് പ്രവർത്തിക്കുന്ന ഇൻഷ്വറൻസ് ഏജന്റുമാർക്ക് ഉയർന്ന നിലവാരത്തിലുള്ള അറിവും പരിജ്ഞാനവും ലഭിക്കുമെന്ന് ഞങ്ങള് പ്രതീക്ഷിക്കുന്നു. മാറ്റങ്ങൾക്ക് വിധേയമായ ഒരു പരിസ്ഥിതിയാണ് ഇൻഷ്വറൻസ് ബിസിനസ്സിനുള്ളത്, ആയതിനാല് ഇൻഷ്വറൻസ് ഏജന്റുമാര് മാറ്റങ്ങൾക്ക് അനുസൃതമായി നിലകൊള്ളുന്നതിനുവേണ്ടി ഇൻഷ്വറര് നൽകുന്ന പരിശീലനത്തിന്റെയൊപ്പം തന്നെ സ്വയം പഠനത്തിലൂടെയും മറ്റും മാറിമാറി വരുന്ന നിയമങ്ങളും രീതികളും മനസ്സിലാക്കണം.

ഇൻഷ്വറൻസ് ഇൻസ്റ്റിട്ട്യൂട്ട് ഓഫ് ഇന്ത്യയെ ഈ ജോലി ഏൽപ്പിച്ചതിന് ഞങ്ങള് ഐആർഡിഎയ്ക്ക് നന്ദി രേഖപ്പെടുത്തുന്നു. ഈ കോഴ്സ് പഠിച്ച് പരീക്ഷ എഴുതുന്ന എല്ലാവർക്കും ഇൻസ്റ്റിട്ട്യൂട്ടിന്റെ ആശംസകള്.

ഇൻഷ്വറൻസ് ഇൻസ്റ്റിട്ട്യൂട്ട് ഓഫ് ഇന്ത്യ

ഉള്ളടക്കം

അദ്ധ്യായം എണ്ണം	തലക്കെട്ട്	താള് എണ്ണം
വിഭാഗം 1	കോമൺ അധ്യായങ്ങൾ	
1	ഇൻഷ്വറൻസ് ആമുഖം	2
2	ഉപഭോക്തൃ സേവനം	25
3	അന്യായ പരിഹാര മാർഗ്ഗം	52
4	കോർപ്പറേറ്റ് ഏജന്റുമാർ റെഗുലേറ്ററി വശങ്ങൾ	64
5	ലൈഫ് ഇൻഷ്വറൻസിന്റെ നിയമപരമായ ഘടകങ്ങള്	90
വിഭാഗം 2	ആരോഗ്യ രക്ഷാഭോഗം	
6	ആരോഗ്യ ഇൻഷ്വറൻസ്	109
7	ഇൻഷ്വറൻസ് ഡോക്കുമെൻറേഷൻ	128
8	ആരോഗ്യ ഇൻഷ്വറൻസ് ഉത്പന്നങ്ങൾ	150
9	ആരോഗ്യ ഇൻഷ്വറൻസ് അണ്ടർറൈറ്റിംഗ്	204
10	ആരോഗ്യ ഇൻഷ്വറൻസ് ക്ലെയിമുകൾ	236
വിഭാഗം 3	ജനറൽ ഇൻഷ്വറൻസ്	
11	ഇൻഷ്വറൻസിന്റെ തത്വങ്ങള്	282
12	ഡോക്കുമെന്റേഷൻ	317
13	പ്രീമിയം റേറ്റിംഗിനെക്കുറിച്ചുള്ള സിദ്ധാന്തവും പ്രയോഗവും	350
14	വ്യക്തിഗത - ചെറുകിട ഇൻഷ്വറൻസ്	372

15	വാണിജ്യ ഇൻഷ്വറൻസ്	399
16	ക്ലെയിം നടപടിക്രമങ്ങൾ	427

വിഭാഗം 1

കോമൺ അധ്യായങ്ങൾ

പാഠം 1

ഇൻഷ്വറൻസ് ആമുഖം

ആമുഖം

ഇൻഷ്വറൻസിന്റെ അടിസ്ഥാനതത്വങ്ങളെക്കുറിച്ചും അതിന്റെ ഉത്ഭവത്തെക്കുറിച്ചും അത് എങ്ങനെ പ്രവർത്തിക്കുന്നു എന്നതിനെക്കുറിച്ചുമാണ് ഈ പാഠത്തിലുള്ളത്. അപ്രതീക്ഷിതമായി ഉണ്ടാകുന്ന ഒരു സംഭവം മൂലമുള്ള സാമ്പത്തിക നഷ്ടങ്ങൾക്കെതിരെ ഇൻഷ്വറൻസ് എങ്ങനെ സംരക്ഷണം നൽകുന്നുവെന്നും റിസ്ക് കൈമാറ്റം ചെയ്യുന്നതിനുള്ള ഉപകരണമായി ഇൻഷ്വറൻസ് എങ്ങനെ പ്രവർത്തിക്കുന്നുവെന്നും നമുക്ക് ഇവിടെ പഠിക്കാം.

പഠനമേഖലകൾ

A. ലൈഫ് ഇൻഷ്വറൻസ് - ചരിത്രവും ഉത്ഭവവും
B. ഇൻഷ്വറൻസ് എങ്ങനെയാണ് പ്രവർത്തിക്കുന്നത്
C. റിസ്ക് കൈകാര്യം ചെയ്യുന്നതിനുള്ള രീതികള്
D. ഇൻഷ്വറൻസ് - റിസ്ക് കൈകാര്യം ചെയ്യുന്നതിനുള്ള ഉപകരണം
E. സമൂഹത്തില് ഇൻഷ്വറൻസിന്റെ പങ്ക്

A. ലൈഫ് ഇൻഷ്വറൻസ് - ചരിത്രവും ഉത്ഭവവും

നമ്മള് ജീവിക്കുന്നത് അസ്ഥിരമായ ലോകത്താണ്. നമ്മള് താഴെ പറഞ്ഞിരിക്കുന്നവയെപ്പറ്റി കേൾക്കാറുണ്ട്:

- ✓ തീവണ്ടികള് കൂട്ടിയിടിക്കുക;
- ✓ മുഴുവന് സമൂഹത്തെയും നശിപ്പിക്കുന്ന പ്രളയങ്ങള്;
- ✓ നാശനഷ്ടം വിതക്കുന്ന ഭൂകമ്പങ്ങള്;
- ✓ അപ്രതീക്ഷിതമായി ചെറുപ്പക്കാര് മരിക്കുക

ചിത്രം 1: നമുക്ക് ചുറ്റും ഉണ്ടാകുന്ന സംഭവങ്ങള്



എന്തുകൊണ്ടാണ് ഈ സംഭവങ്ങള് നമ്മളില് ഉത്കണ്ഠയും പരിഭ്രാന്തിയും സൃഷ്ടിക്കുന്നത്?

i. ഒന്നാമതായി ഇത്തരം **സംഭവങ്ങള് പ്രവചനാതീതമാണ്**. ഒരു സംഭവം ഉണ്ടാകുമെന്ന് നമുക്ക് മുൻകൂട്ടി അറിയാനോ പ്രവചിക്കാനോ കഴിയുമെങ്കില് നമ്മള് അതിനെ നേരിടാന് തയ്യാറായി ഇരിക്കും.

ii. രണ്ടാമതായി, അത്തരം **അപ്രതീക്ഷിതവും അപ്രിയവുമായ** സംഭവങ്ങള് മിക്കപ്പോഴും **ദുഃഖത്തിനും സാമ്പത്തിക നഷ്ടങ്ങൾക്കും കാരണമായിതീരും.**

ആത്തരം സംഭവങ്ങള് ബാധിക്കുന്ന വ്യക്തികളെ സഹായിക്കുന്നതിനായി ഒരു സമൂഹത്തിന് പങ്കാളിത്തത്തോടും പരസ്പര പിന്തുണയോടും കൂടി മുന്നോട്ട് വരാം.

ആയിരക്കണക്കിന് വർഷങ്ങൾക്ക് മുന്പാണ് ഇൻഷ്വറൻസ് എന്ന ആശയം പിറവിയെടുത്തത്. എന്നിട്ട് പോലും, ഇന്ന് നമ്മള് അറിയുന്ന ഇൻഷ്വറൻസ് ബിസിനസ്സിന് രണ്ടോ മൂന്നോ നൂറ്റാണ്ടുകളുടെ പഴക്കമേയുള്ളു.

1. ഇൻഷ്വറൻസ് ചരിത്രം

3000 ബിസി മുതല് ഇൻഷ്വറൻസ് മറ്റ് പല രീതികളില് നിലവിലുണ്ടായിരുന്നുവെന്നാണ് അറിവ്. വിവിധ സംസ്കാരങ്ങളില്പ്പെട്ടവര് വർഷങ്ങൾക്ക് മുന്പ് തന്നെ അവരുടെയിടെയില് പങ്കിടിന്റെയും പൂളിംഗിന്റെയും സിദ്ധാന്തം ഉപയോഗിച്ച് പോരുന്നുണ്ടായിരുന്നു. ഈ സിദ്ധാന്തം ഏത് രീതിയിലാണ് പ്രയോഗികമായി ഉപയോഗിച്ചിരുന്നതെന്ന് നമുക്ക് നോക്കാം.

2. കാലാകാലങ്ങളിലെ ഇൻഷ്വറൻസ്

ബാബില്യോണ് കച്ചവടക്കാര്	തങ്ങളുടെ ചരക്ക് നഷ്ടപ്പെടുകയോ മോഷണം പോകുകയോ ചെയ്യുകയാണെങ്കില് ലോണ് എഴുതി തള്ളുന്നതിനായി പലിശക്കാരന് ഒരു അധിക തുക നൽകുന്ന എഗ്രിമെന്റുകള് **ബാബില്യോണ് കച്ചവടക്കാര്ക്ക്** ഉണ്ടായിരുന്നു. ഇത് 'ബോട്ടംനറി ലോണുകള്' എന്നാണ് അറിയപ്പെട്ടിരുന്നത്. ഈ എഗ്രിമെന്റുകള് പ്രകാരം, കപ്പല് യാത്ര പൂർത്തിയാക്കി സുരക്ഷിതമായി ലക്ഷയ്സ്ഥാനത്ത് എത്തിയതിനുശേഷം കപ്പലിന്റെ അഥവാ ചരക്കിന്റെ സുരക്ഷയ്ക്ക് എടുത്തിട്ടുള്ള ലോണ് തിരിച്ചടച്ചാല് മതി.
ബറൂച്ചിലെയും സൂറത്തിലെയും കച്ചവടക്കാര്	ഇന്ത്യയില് നിന്നും ശ്രീലങ്കയിലേക്കും ഈജിപ്തിലേക്കും ഗ്രീസിലേക്കും കപ്പല് പോയിരുന്നതിന് **ബാബില്യോണ് കച്ചവടക്കാരുടെ** അതേ രീതി തന്നെയാണ് **ബറൂച്ചിലെയും സൂറത്തിലെയും കച്ചവടക്കാര്** പിന്തുടർന്ന് വന്നിരുന്നത്.
ഗ്രീക്കുകാര്	7-ം നൂറ്റാണ്ടിന്റെ ഒടുവില് **ഗ്രീക്കുകാര്** മരണപ്പെടുന്ന വ്യക്തികളുടെ ശവസംസ്ക്കാരത്തിനും അവരുടെ കുടുംബാംഗങ്ങളെ പരിപാലിക്കുന്നതിനുമായി സഹകരണ സംഘങ്ങള് രൂപീകരിച്ചിരുന്നു. **ഇംഗ്ലണ്ടിലെ സൌഹൃദ കൂട്ടായ്മ സംഘങ്ങളും (ഫ്രെൻലി സൊസൈറ്റിസ് ഓഫ് ഇംഗ്ലണ്ട്)** ഇതുപോലെ രൂപീകരിക്കപ്പെട്ടവയായിരുന്നു.
റോഡ്സിലെ നിവാസികള് (ഇൻഹാബിറ്റന്റ് ഓഫ് റോഡ്സ്)	ചരക്ക് തിരസ്ക്കരിക്കപ്പെടുന്നത് വഴിയുണ്ടാകുന്ന നഷ്ടത്തിന്റെ നിർദ്ദിഷ്ട തോതിലുള്ള നഷ്ടം ചരക്കിന്റെ ഉടമസ്ഥനും (അവർക്ക് യാതൊരുവിധത്തിലുമുള്ള നഷ്ടം ഉണ്ടായിട്ടില്ലെങ്കിൽപോലും) താങ്ങണം, **റോഡ്സിലെ നിവാസികള് (ഇൻഹാബിറ്റന്റ് ഓഫ് റോഡ്സ്)** കൈകൊണ്ടിരുന്നത് ഈ രീതിയാണ്.
ചൈനീസ് കച്ചവടക്കാര്	പുരാതന കാലഘട്ടങ്ങളില് **ചൈനീസ് കച്ചവടക്കാര്** തങ്ങളുടെ ചരക്ക് വിവിധ ബോട്ടുകളിലോ കപ്പലുകളിലോ ആണ് അപകടസാദ്ധ്യതയുള്ള നദികളിലൂടെ അയച്ചിരുന്നത്. ഏതെങ്കിലും ഒരു ബോട്ടിന് നാശം ഉണ്ടാകുകയാണെങ്കില് ഭാഗികമായ നാശനഷ്ടം മാത്രമേ ഉണ്ടാവുകയുള്ളു അല്ലാതെ പൂർണ്ണമായ നാശം സഹിക്കേണ്ടി വരികയില്ല എന്നതായിരുന്നു അവരുടെ

	ആശയം. അങ്ങനെ നാശനഷ്ടത്തിന്റെ തോത് കുറയും.

3. ഇൻഷ്വറൻസിന്റെ ആധുനിക സിദ്ധാന്തങ്ങള്

ഇന്ത്യയിലെ കൂട്ടുകുടുംബ സന്പ്രദായത്തിലാണ് ലൈഫ് ഇൻഷ്വറൻസിന്റെ തത്വം പ്രതിഫലിച്ച് കണ്ടിരുന്നത്, അതാണ് എക്കാലത്തെയും ലൈഫ് ഇൻഷ്വറൻസിന്റെ ഏറ്റവും മികച്ച രൂപം. കുടുംബത്തിലെ ഒരു വ്യക്തിയുടെ മരണം മൂലമുണ്ടാകുന്ന ദുഃഖങ്ങളും നഷ്ടങ്ങളും കുടുംബത്തിലെ എല്ലാ അംഗങ്ങളും പങ്കിടുകയും അങ്ങനെ കുടുംബത്തിലെ ഓരോ അംഗങ്ങളും സുരക്ഷിതരാണെന്ന് അവർക്ക് സ്വയം തോന്നുകയും ചെയ്യും.

ആധുനികയുഗത്തി കൂട്ടുകുടുംബ സന്പ്രദായം ഇല്ലാതാവുകയും അണുകുടുംബത്തിന്റെ വരുകയും ചെയ്തതോടെ നിത്യജീവിതത്തിലെ ക്ലേശങ്ങൾക്ക് പരിഹാരമായ ഒരു സുരക്ഷാകവചത്തിന്റെ ആവശ്യം അനിവാര്യമായി. ഇതാണ് ഓരോ വ്യക്തിയുടെയും ജീവിതത്തില് ലൈഫ് ഇൻഷ്വറൻസിന്റെ പ്രാധാന്യം എന്താണെന്നതിലേക്ക് വിരള് ചൂണ്ടുന്നത്.

i. **ലോയ്ഡ്സ്:** ഇന്ന് നിലവിലുള്ള ആധുനിക വാണിജ്യ ഇൻഷ്വറൻസ് ബിസിനസ്സിന്റെ വേരുകളുടെ ഉറവിടം ലണ്ടനിലെ ലോയ്ഡ്സ് കോഫി ഹൌസിലാണ്. കച്ചവടക്കാര്, ഇവിടെ ഒത്തുകൂടുകയും, കപ്പലില് കൊണ്ടുപോകും വഴി കടലില് വച്ച് ചരക്കുകൾക്ക് ഉണ്ടാകുന്ന നാശനഷ്ടം പങ്കിടാന് പരപ്സരം സമ്മതിക്കും. അത്തരം നാശനഷ്ടങ്ങള് പൊതുവേ കടലുമായി ബന്ധപ്പെട്ട നാശനഷ്ടങ്ങളായിരിക്കും അതായത് ഉൾക്കടലില് വച്ച് ചരക്ക് കൊള്ളയടിക്കപ്പെടുക അഥവാ കടലിലെ മോശം കാലാവസ്ഥ മൂലം ചരക്കിന് കേടുപാട് സംഭവിക്കുക അഥവാ കപ്പല് മുങ്ങുക.

ii. 1706-ല് ലണ്ടനില് രൂപീകരിച്ച **അമിക്കബിള് സൊസൈറ്റി ഫോര് പെർപ്പച്ചല് അഷ്വറൻസിനെയാണ്** ലോകത്തിലെ ആദ്യത്തെ ലൈഫ് ഇൻഷ്വറൻസ് കമ്പനിയായി കണക്കാക്കുന്നത്.

4. ഇന്ത്യയിലെ ഇൻഷ്വറൻസിന്റെ ചരിത്രം

a) **ഇന്ത്യ:** 1800-ന്റെ തുടക്കത്തില് വിദേശ കമ്പനിയുടെ ഏജൻസികള് മെറൈന് ഇൻഷ്വറൻസ് ആരംഭിച്ചതിലൂടെയാണ് ആധുനിക ഇൻഷ്വറൻസിന് ഇന്ത്യയില് തുടങ്ങിയത്.

ദി ഓറിയന്റല് ലൈഫ് ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ്	ഇംഗ്ലീഷ് കമ്പനി രൂപീകരിച്ച ഇന്ത്യയിലെ ആദ്യത്തെ ലൈഫ് ഇൻഷ്വറൻസ് കമ്പനി
ട്രെറ്റല് ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ്	ഇന്ത്യയില് ആദ്യമായി രൂപീകരിക്കപ്പെട്ട നോണ് ലൈഫ് ഇൻഷ്വറന്സ്
ബോംബെ മ്യൂച്ചല് അഷ്വറൻസ് സൊസൈറ്റി ലിമിറ്റഡ്	ആദ്യത്തെ ഇന്ത്യന് ഇൻഷ്വറൻസ് കമ്പനി. 1870-ല് മുംബൈയിലാണ് ഇത് രൂപീകരിച്ചത്
നാഷണല് ഇൻഷ്വറൻസ് കന്നി ലിമിറ്റഡ്	ഇന്ത്യയിലെ ഏറ്റവും പഴക്കമേറിയ ഇൻഷ്വറൻസ് കമ്പനി. 1906-ലാണ് ഇത് രൂപീകരിച്ചത്. ഇത് ഇപ്പോഴും നിലവിലുണ്ട്.

നൂറ്റാണ്ടിന്റെ തുടക്കത്തില് സ്വദേശി പ്രസ്ഥാനത്തിന്റെ ഫലമായി മറ്റ് അനേകം ഇന്ത്യന് കമ്പനികള് പിന്നീട് രൂപീകരിക്കപ്പെട്ടു.

പ്രധാനപ്പെട്ടത്

1912-ല് ഇൻഷ്വറൻസ് ബിസിനസ്സിനെ നിയന്ത്രിക്കുന്നതിനായി **ലൈഫ് ഇൻഷ്വറൻസ് കമ്പനീസ് ആക്ടും പ്രൊവിഡന്റ് ഫണ്ട് ആക്ടും** പാസാക്കി. 1912-ലെ ലൈഫ് ഇൻഷ്വറൻസ് കമ്പനീസ് ആക്ട് പ്രകാരം പ്രീമിയത്തിന്റെ നിരക്ക് പട്ടികകളും കമ്പനികളുടെ കാലാകാലങ്ങളിലുള്ള വിലയിരുത്തലുകളും ഒരു ആക്ച്യുറി സാക്ഷയ്പ്പെടുത്തണമെന്ന് നിർബന്ധമാക്കി. എങ്കില് പോലും ഇന്ത്യന് കമ്പനികളും വിദേശ കമ്പനികളും തമ്മിലുള്ള വിവേചനവും അന്തരവും തുടർന്നുകൊണ്ടിരുന്നു.

ഇന്ത്യയിലെ ഇൻഷ്വറൻസ് കമ്പനികളെ നിയന്ത്രിക്കുന്നതിനായി 1938- ലെ ഇൻഷ്വറൻസ് ആക്ട് വന്നു. ഈ ആക്ട് കാലാകാലങ്ങളില് ഭേദഗതി വരുത്തി ഇപ്പോഴും പ്രാബലത്തില് തുടർന്നുകൊണ്ട് പോകുന്നു. ഇൻഷ്വറൻസ് ആക്ടിലെ ചട്ടപ്രകാരം ഗവൺമെന്റ് കൺട്രോളര് ഓഫ് ഇൻഷ്വറൻസിനെ നിയമിച്ചു

b) **ലൈഫ് ഇൻഷ്വറൻസ് ദേശീയവത്കരണം:** 1956 സെപ്തംബര് 1-ന് ലൈഫ് ഇൻഷ്വറൻസ് ബിസിനസ്സ് ദേശീയവത്കരിക്കുകയും **ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷന് ഓഫ് ഇന്ത്യ (എൽഐസി)** നിലവില് വരുകയും ചെയ്തു. ആസമയത്ത് ഇന്ത്യയില് 170 കമ്പനികളും 75 പ്രൊവിഡന്റ് ഫണ്ട് സൊസൈറ്റികളും ലൈഫ് ഇൻഷ്വറൻസ് ബിസിനസ്സ് ചെയ്യുന്നുണ്ടായിരുന്നു. 1956 മുതല് 1999 വരെ ഇന്ത്യയിലെ ലൈഫ് ഇൻഷ്വറൻസ് ബിസിനസ്സ് എൽഐസിയുടെ മാത്രം കുത്തകയായിരുന്നു.

c) **നോണ്-ലൈഫ് ഇൻഷ്വറൻസ് ദേശീയവത്കരണം**: 1972-ല് ജനറല് ഇൻഷ്വറൻസ് ബിസിനസ്സ് നാഷണലൈസേഷന് ആക്ട് (ജിഎബിഎൻഎ) നിലവില് വന്നതോടെ, നോണ്-ലൈഫ് ഇൻഷ്വറൻസും ദേശീയവത്കരിക്കപ്പെടുകയും **ജനറല് ഇൻഷ്വറൻസ് കോർപ്പറേഷന് ഓഫ് ഇന്ത്യയും (ജിഐസിയും) അതിന്റെ നാല് ഉപവിഭാഗങ്ങളും** രൂപീകരിക്കപ്പെട്ടു. ആസമയത്ത് ഇന്ത്യയില് നോണ്-ലൈഫ് ഇൻഷ്വറൻസ് മേഖലയില് പ്രവർത്തിച്ചു വന്നിരുന്ന 106 ഇൻഷ്വറൻസ് കമ്പനികള് ഏകീകരിച്ച് ജിഎസി ഓഫ് ഇന്ത്യയുടെ നാല് ഉപവിഭാഗങ്ങള് ഉണ്ടാക്കി.

d) **മൽഹോത്ര കമ്മിറ്റി ആന്റ് ഐആർഡിഎ:** 1993-ല് ഇൻഷ്വറൻസ് മേഖലയിലെ മത്സരഘടകം വീണ്ടും പ്രായോഗ്യത്തില് കൊണ്ടുവരുന്നത് ഉൾപ്പടെ വികസന മാറ്റങ്ങള് ശുപാർശ ചെയ്യുന്നതിനും ഈ മേഖലയുടെ പര്യവേഷണത്തിനുമായി മൽഹോത്ര കമ്മിറ്റി രൂപീകരിച്ചു. 1994-ല് കമ്മിറ്റി അവരുടെ റിപ്പോർട്ട് സമർപ്പിച്ചു. 1997-ല് ഇൻഷ്വറൻസ് റെഗുലേറ്ററി അതോറിറ്റി (ഐആർഎ) രൂപീകരിച്ചു. 1999-ല് ഇൻഷ്വറൻസ് റെഗുലേറ്ററി ആന്റ് ഡെവലപ്മെന്റ് അതോറിറ്റി ആക്ട് (ഐആർഡിഎ) പാസാക്കിയതിനെ തുടർന്ന് 2000 ഏപ്രിലില് ലൈഫ് ഇൻഷ്വറൻസ് മേഖലയെയും നോണ്-ലൈഫ് ഇൻഷ്വറൻസ് മേഖലയെയും ഒരുമിച്ച് നിയമവിധേയമായി നിയന്ത്രിക്കുന്നുതിനായി **ഇൻഷ്വറൻസ് റെഗുലേറ്ററി ആന്റ് ഡെവലപ്മെന്റ് അതോറിറ്റി (ഐആർഡിഎ)** രൂപീകരിച്ചു.

5. ഇന്നത്തെ ലൈഫ് ഇൻഷ്വറൻസ് മേഖല

ഇന്ത്യയില് ഇപ്പോള് 24 ലൈഫ് ഇൻഷ്വറൻസ് കമ്പനികള് പ്രവർത്തിക്കുന്നുണ്ട്, അതിന്റെ വിശദാംശങ്ങിള്

a) പൊതുമേഖല സ്ഥാപനമായ ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷന് ഓഫ് ഇന്ത്യ.

b) കൂടാതെ സ്വകാര്യ മേഖലയില് 23 ലൈഫ് ഇൻഷ്വറൻസ് കമ്പനികളുണ്ട്.

c) ഇന്ത്യാ ഗവൺണെന്റിന്റെ കീഴിലുള്ള പോസ്റ്റല് ഡിപ്പാർട്ട്മന്റ് പോസ്റ്റല് ലൈഫ് ഇൻഷ്വറൻസ് എന്ന് പേരില് ലൈഫ് ഇൻഷ്വറൻസ് ബിസിനസ്സ് ചെയ്യുന്നുണ്ട്, പക്ഷേ ഇത് റെഗുലേറ്ററുടെ അധികാരപരിധിയില് വരുന്നതല്ല.

നിങ്ങൾക്കുള്ള പരീക്ഷ 1

താഴെ കൊടുത്തിരിക്കുന്ന ഏതാണ് ഇന്ത്യയിലെ ഇൻഷ്വറൻസ് മേഖലയെ നിയന്ത്രിക്കുന്ന സംഘടന?

I. ഇൻഷ്വറൻസ് അതോറിറ്റി ഓഫ് ഇന്ത്യ
II. ഇൻഷ്വറൻസ് റെഗുലേറ്ററി ആന്റ് ഡെവലപ്മെന്റ് അതോറിറ്റി
III. ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷന് ഓഫ് ഇന്ത്യ
IV. ജനറല് ഇൻഷ്വറൻസ് കോർപ്പറേഷന് ഓഫ് ഇന്ത്യ

B. ഇൻഷ്വറൻസ് എങ്ങനെയാണ് പ്രവർത്തിക്കുന്നത്

വസ്തുവിന്റെ ഉടമസ്ഥാവകാശ തത്വമാണ് ആധുനിക കൊടുക്കൽവാങ്ങലുകള് അടിസ്ഥാനഘടകം. ചില സംഭവവികാസം നിമിത്തം ഒരു വസ്തുവിന്റെ മൂലം നഷ്ടപ്പെടുകയാണെങ്കില് (നാശനഷ്ടമോ കേടുപാടുമൂലമോ), വസ്തുവിന്റെ ഉടമസ്ഥന് സാമ്പത്തികനഷ്ടം സഹിക്കേണ്ടി വരും. എന്തിരുന്നാലും സമാനമായ വസ്തുക്കളുടെ ഉടമകള് ഒത്ത് ചേർന്ന് ചെറിയ തുക നൽകി ഒരു പൊതു ഫണ്ട് സൃഷ്ടിക്കുകയാണെങ്കില് ആ തുക ഉപയോഗിച്ച് നാശനഷ്ടം ഉണ്ടാകുന്ന വ്യക്തികൾക്ക് നഷ്ടപരിഹാരം നൽകാം.

ചുരുക്കത്തില് ചില സാമ്പത്തികനഷ്ടം ഉണ്ടാകുന്ന സാദ്ധ്യതയും അതിന്റെ പരിണിതഫലങ്ങളും ഒരു വ്യക്തി നിന്നും അനേകം ആളുകളിലേക്ക് കൈമാറ്റം ചെയ്യുന്ന പ്രക്രിയയാണ് ഇൻഷ്വറൻസ്.

നിർവചനം

ഇന്ഷ്വറന്സ് എന്നത് കാലങ്ങളായി ഓരോ തരത്തിലുള്ള റിസ്കിനെ അഭിമുഖീകരിക്കാന് സാദ്ധ്യയുള്ള കുറേ വ്യക്തികളെ ഒരുമിച്ചാക്കി അതില് നാശനഷ്ടം അനുഭവിക്കേണ്ടി വരുന്ന ഭാഗ്യദോഷികളുടെ ബാദ്ധ്യത പങ്കിടുന്നതിന് ഇന്ഷ്വറന്സ് ഉപയോഗിക്കുന്ന ഒരു പ്രക്രിയയാണ്.

ചിത്രം 2 : ഇൻഷ്വറൻസ് എങ്ങനെയാണ് പ്രവർത്തിക്കുന്നത്



എന്തിരുന്നാലും ചില സംശയങ്ങള് എപ്പോഴും ബാക്കി നിൽക്കും

i. അത്തരം ഒരു പൊതുഫണ്ട് സൃഷ്ടിക്കുന്നതിന് ആളുകള് അവര് അദ്ധ്വാനിച്ച് ഉണ്ടാക്കിയ പണം നൽകുമോ?

ii. നിർദ്ദിഷ്ട കാര്യത്തിന് തന്നെ തങ്ങള് നൽകിയ പണം ഉപയോഗിക്കുന്നുണ്ടെന്ന് അവരെങ്ങനെ വിശ്വസിക്കും?

iii. തങ്ങള് വളരെ കൂടുതലാണോ കുറച്ചാണോ നൽകുന്നതെന്ന് അവർക്ക് എങ്ങനെ അറിയാന് കഴിയും?

തീർച്ചയായും സമൂഹത്തിലെ ആളുകളെ സംയോജിപ്പിച്ച് അത്തരം പ്രക്രിയകള് നടപ്പിലാക്കുന്നതിന് ആരെങ്കിലുമൊക്കെ മുൻകൈയെടുക്കണം. ആ 'ആരെങ്കിലുമാണ്'

'ഇൻഷ്വറന്സ്' എന്ന് അറിയപ്പെടുന്നത്, ഇൻഷ്വറര് ഓരോ വ്യക്തികളും നൽകുന്ന പണം ഉപയോഗിച്ച് ഒരു പൂള് സൃഷ്ടിക്കുകയും നാശനഷ്ടം സംഭവിക്കുന്ന വ്യക്തികള്ക്ക് നഷ്ടപരിഹാരം ഇതില് നിന്നും നൽകുകയും ചെയ്യും.

ഒരു ഇൻഷ്വറര് വ്യക്തികളുടെയും സമൂഹത്തിന്റെയും വിശ്വാസം നേടിയെടുക്കേണ്ടത് അത്യാവശ്യമാണ്.

1. ഇൻഷ്വറൻസ് എങ്ങനെയാണ് പ്രവർത്തിക്കുന്നത്

a) ആദ്യമായി, വസ്തുവിന് സാമ്പത്തിക മൂല്യമുള്ളതായിരിക്കണം. **വസ്തു**:

   i. **ഭൌതീകമാകാം** (കാറ് അഥവാ കെട്ടിടം) അല്ലെങ്കില്
   ii. **ഭൌതീകമല്ലാത്തതുമാകാം** (സൽപ്പേര്) അല്ലെങ്കില്
   iii. **വ്യക്തിഗതവുമാകാം** (ഒരാളുടെ കണ്ണുകളും, കൈകാലുകളും മറ്റ് ശരീരഭാഗങ്ങളും)

b) ചില സംഭവം നിമിത്തം വസ്തുവിന് അതിന്റെ മൂല്യം നഷ്ടപ്പെട്ടേക്കാം. ഇതിനെയാണ് റിസ്ക് എന്ന് പറയുന്നത്. റിസ്കിന് കാരണമായ സംഭവത്തെയാണ് **നാശത്തിന്റെ ഹേതു (പെരിൾസ്)** എന്ന് പറയുന്നത്.

c) **പൂളിംഗ്** എന്ന് അറിയപ്പെടുന്ന ഒരു തത്വമുണ്ട്. അനേകം വ്യക്തികളില് നിന്നും ശേഖരിക്കുന്ന പണമാണ് (അതായത് പ്രീമിയം) ഇതിലുള്ളത്. ഈ ആളുകള് ഒരേ തരത്തിലുള്ള റിസ്കുകളെ അഭിമുഖീകരിക്കാന് സാദ്ധ്യതയുള്ളവരാണ്.

d) **നാശനഷ്ടം** ബാധിക്കുന്ന ആളുകൾക്ക് ഈ ഫണ്ടിന്റെ പൂളില് നിന്നാണ് നഷ്ടപരിഹാരം നൽകുക.

e) ഈ തരത്തില് ഫണ്ട് ശേഖരിക്കുകയും (പൂള് ചെയ്യുകയും) നാശനഷ്ടമുണ്ടാകുന്നവർക്ക് നഷ്ടപരിഹാരം നൽകുകയും ചെയ്യുന്ന പ്രക്രിയ നടത്തുന്നതിനുള്ള സ്ഥാപനത്തെയാണ് **ഇൻഷ്വറര്** എന്ന് അറിയപ്പെടുന്നത്.

f) ഈ സ്കീമില് പങ്കെടുക്കാന് താത്പര്യമുള്ള ഓരോ വ്യക്തികളുമായി ഇൻഷ്വറര് ഒരു ഇൻഷ്വറൻസ് **കോൺട്രാക്ടില്** ഏർപ്പെടും. ഇതില് പങ്കെടുക്കുന്നവരെ ഇൻഷ്വര് ചെയ്യുന്ന വ്യക്തി (ഇൻഷ്വർഡ്) എന്ന് അറിയപ്പെടും.

2. ഇൻഷ്വറൻസ് ബാദ്ധ്യതകള് കുറയ്ക്കും

നിർദ്ദിഷ്ട സംഭവവികാസം മൂലം ഒരു വ്യക്തിയ്ക്കുണ്ടാകുന്ന നാശനഷ്ടം, ചെലവ്, വൈകല്യം എന്നിവയാണ് റിസ്കിന്റെ ബാദ്ധ്യത എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്.

ചിത്രം 3: ഒരാൾക്ക് ചുമേക്കേണ്ടി വരുന്ന റിസ്ക് ബാദ്ധ്യതകള്



ഒരാൾക്ക് രണ്ട് തരത്തിലുള്ള റിസ്ക് ബാദ്ധ്യതകളാണുള്ളത് - **പ്രൈമറിയും സെക്കന്ററിയും**

a) പ്രൈമറി റിസ്ക് ബാദ്ധ്യത

പ്രൈമറി റിസ്ക് ബാദ്ധ്യതയില് റിസ്കിന് കാരണമായ സംശുദ്ധ സംഭവവികാസം മൂലം വീട്ടുസാമഗ്രികൾക്ക് (വ്യവസായ സ്ഥാപനത്തിന്) ഉണ്ടായ യഥാർത്ഥ നാശനഷ്ടമാണ് ഉൾപ്പെട്ടിരിക്കുന്നത്

ഉദാഹരണം

അഗ്നിബാധ മൂലം ഒരു വ്യവസായശാല കത്തിനശിക്കുന്പോള്, നാശനഷ്ടമുണ്ടായ അഥവാ കേടുപാട് സംഭവിച്ച ചരക്കിന്റെ യഥാർത്ഥ മൂല്യം കണക്കാക്കുകയും നാശനഷ്ടം ബാധിച്ച വ്യക്തിയ്ക്ക് നഷ്ടപരിഹാരം നൽകുകയും ചെയ്യാം

ഒരു വ്യക്തി ഹൃദയശസ്ത്രക്രിയക്ക് വിധേയനാകുന്പോള്, അതിന്റെ ചെലവ് എത്രയാണെന്ന് അറിയാന് കഴിയും അത് നഷ്ടപരിഹാരമായി നല്കും.

ഇത് കൂടാതെ ചില നേരിട്ടല്ലാതയുള്ള നഷ്ടങ്ങളും ഉണ്ടായേക്കാം.

ഉദാഹരണം

അഗ്നിബാധമൂലം ബിസിനസ്സ് പ്രവര്ത്തനങ്ങള് നടക്കാതെ വരികയും അത് ലാഭം കുറയുന്നതിന് കാരണമാകുകയും ചെയ്യും, അതിന്റെ മൂല്യം കണക്കാക്കുകയും നാശനഷ്ട ബാധിതനായ വ്യക്തിയ്ക്ക് നഷ്ടപരിഹാരം നല്കുകയും ചെയ്യാം.

b) സെക്കന്ററി റിസ്ക് ബാദ്ധ്യത

അത്തരം ഒരു സംഭവം ഉണ്ടായിട്ടില്ലെന്നും യാതൊരുവിധത്തിലുള്ള നഷ്ടവും ഉണ്ടായിട്ടില്ലെന്ന് സങ്കല്പിക്കുക. നാശനഷ്ടത്തെ അഭിമുഖീകരിക്കേണ്ടി വരുന്നവർക്ക് യാതൊരു ബാദ്ധ്യതയും ചുമത്തേണ്ട എന്ന് ഇത് അർത്ഥമാക്കുന്നുണ്ടോ? ഉത്തരമെന്തെന്നാല് ഒരാള് പ്രൈമറി ബാദ്ധ്യത കൂടാതെ സെക്കന്ററി ബാദ്ധ്യതയും ചുമക്കേണ്ടതായിട്ടുണ്ട്.

നാശനഷ്ടാവസ്ഥയെ അഭിമുഖീകരിക്കേണ്ടി വരുക എന്ന കാരണത്താല് ഒരു വ്യക്തി സഹിക്കേണ്ടി വരുന്ന ബുദ്ധിമുട്ടുകളും ചെലവുകളുമാണ് **സെക്കന്ററി റിസ്ക് ബാദ്ധ്യതയില്** ഉൾപ്പെടുത്തിയിരിക്കുന്നത്. അത്തരം ഒരു അവസ്ഥ ഉണ്ടായില്ലെങ്കില് പോലും ഇത്തരം ബാദ്ധ്യതകള് താങ്ങേണ്ടതായി വരും.

അത്തരം ചില ബാദ്ധ്യതകളെപ്പറ്റി നമുക്ക് നോക്കാം:

i. ഒന്നാമതായി ഭയവും **ഉത്കണ്ഠയും മൂലമുണ്ടാകുന്ന ശരീരികവും മാനസികവുമായ പിരിമുറുക്കം**. ഓരോ വ്യക്തികൾക്കും വ്യത്യസ്ത ഉത്കണ്ഠയായിരിക്കുമുള്ളത് പക്ഷേ അത് പിരിമുറുക്കം സൃഷ്ടിക്കുകയും ഒരു വ്യക്തിയുടെ സ്വൈര്യജീവിതത്തെ ബാധിക്കുകയും ചെയ്യും

ii. രണ്ടാമതായി, **നാശനഷ്ടം ഉണ്ടാകുകയോ ഇല്ലയോ എന്ന കാര്യത്തില് നിശ്ചയമില്ലെങ്കില്**, അത്തരം സംഭവവികാസം ഉണ്ടായാല് അതിനെ നേരിടുന്നതിനായി കുറച്ച് തുക കരുതി വെയ്ക്കുക എന്നതാണ് ഏറ്റവും അനുയോജ്യമായ കാര്യം. അത്തരം ഫണ്ടുകള് സൂക്ഷിക്കുന്നതിന് ചെലവുകളുണ്ട്, അത്തരം ഫണ്ടുകള് രൊക്കം പണമായി വെയ്ക്കുന്നതുവഴി അതില് നിന്നും കാര്യമായ വരുമാനവും ലഭിക്കുകയില്ല.

റിസ്ക് ഇൻഷ്വററിലേക്ക് കൈമാറ്റം ചെയ്യുന്നത് വഴി, സ്വൈര്യമായി ജീവിക്കാന് കഴിയും, കരുതലായി നീക്കി വെച്ചിരിക്കുന്ന ഫണ്ടുകള് ഇൻവെസ്റ്റ് ചെയ്ത് സ്വന്തം ബിസിനസ്സ് മെച്ചമായ രീതിയില് നടത്തികൊണ്ട് പോകുവാനും സാധിക്കും.

നിങ്ങൾക്കുള്ള പരീക്ഷ 2

താഴെ കൊടുത്തിരിക്കുന്ന ഏതാണ് സെക്കന്ററി റിസ്ക് ബാദ്ധ്യത?

I. ബിസിനസ്സ് ഇന്ററപ്ഷന് ചെലവ്
II. കേടുസംഭവിച്ച ചരക്കിന്റെ വില
III. ഭാവിയില് ഉണ്ടായേക്കാവുന്ന തീവ്രമായ നാശനഷ്ടത്തിനെ നേരിടുന്നതിനായി കരുതല്ധനം സൂക്ഷിക്കുക.
IV. ഹൃദയാഘാതം മൂലമുണ്ടാകുന്ന ആശുപത്രി ചെലവുകള്

C. റിസ്ക് കൈകാര്യം ചെയ്യുന്നതിനുള്ള രീതികള്

ഒരാള് നിങ്ങളോട് ചോദിച്ചേക്കാവുന്ന മറ്റൊരു ചോദ്യമാണ്, എല്ലാ തരത്തിലുമുള്ള റിസ്കുകൾക്ക് അനുയോജ്യമായ പരിഹാരമാണോ ഇൻഷ്വറൻസ്. ഉത്തരം 'അല്ല'.

വ്യക്തികൾക്ക് അവരുടെ റിസ്ക് കൈകാര്യം ചെയ്യുന്നതിന് തിരഞ്ഞെടുക്കാവുന്ന ഒരു രീതി മാത്രമാണ് ഇൻഷ്വറൻസ്. ഇവിടെ അഭിമുഖീകരിക്കാന് സാദ്ധ്യതയുള്ള റിസ്കുകള് അവര് ഇൻഷ്വറൻസ് കമ്പനിക്ക് കൈമാറുന്നു. ഇത് കൂടാതെ റിസ്കിനെ കൈകാര്യം ചെയ്യാന് മറ്റ് ചില രീതികള് കൂടിയുണ്ട്, അത് താഴെ വിവരിച്ചിരിക്കുന്നു:

1. റിസ്ക് ഒഴിവാക്കല് (Risk avoidance)

നഷ്ടസാദ്ധ്യയുള്ള അവസ്ഥയില് നിന്നും ഒഴിഞ്ഞുമാറി നിന്ന് റിസ്കിനെ നിയന്ത്രിക്കുന്നതിനെയാണ് റിസ്ക് ഒഴിവാക്കല് എന്ന് പറയുന്നത്. അങ്ങനെ ഒരു വ്യക്തി റിസ്ക് സാദ്ധ്യതയുള്ള, വ്യക്തികള്, പ്രവൃത്തികള് എന്നിവ ഒഴിവാക്കും.

ഉദാഹരണം

i. ചിലര് ഉത്പാദനവുമായി ബന്ധപ്പെട്ട റിസ്ക് ഒഴിവാക്കുന്നതിനായി ഉത്പാദിപ്പിക്കാനായി മറ്റൊർക്കെങ്കിലും കോൺട്രാക്ടിന് നൽകും.

ii. ചിലര് അപകടം ഉണ്ടാകുമെന്ന് ഭയന്ന് വീട്ടില് നിന്ന് തന്നെ പുറത്ത് പോകാറില്ല അഥവാ അസുഖം പിടിപ്പെടുമെന്ന് കരുതി യാത്ര തന്നെ ഒഴിവാക്കും.

പക്ഷേ റിസ്ക് കൈക്കാര്യം ചെയ്യുന്നതിന് റിസ്ക് ഒഴിവാക്കുക എന്നത് ഒരു നല്ല രീതിയല്ല. ചില റിസ്കുള്ള പ്രവൃത്തികള് എടുത്താല് മാത്രമേ വ്യക്തികൾക്കും സമൂഹത്തിനും ഉന്നതിയുണ്ടാകും. അത്തം പ്രവൃത്തകള് ഒഴിവാക്കുന്നത് വഴി സമൂഹത്തിനും വ്യക്തികൾക്കും അത്തരം റിസ്ക് എടുത്താല് ലഭിച്ചേക്കാവുന്ന ഗുണങ്ങള് നഷ്ടപ്പെടും.

2. റിസ്ക് നിലനിർത്തുക

റിസ്കിനെ സ്വയം കൈകാര്യം ചെയ്യാന് ശ്രമിക്കുകയും അങ്ങനെ റിസ്കിനെയും അതിന്റെ പരിണിതഫലത്തെയും നേരിടാന് തീരുമാനിക്കാനിക്കുകയും ചെയ്യുക. ഇതിനെ സെൽഫ്-ഇൻഷ്വറൻസ് എന്ന് പറയും.

ഉദാഹരണം

ഒരു വ്യവസായസ്ഥാപനം അതിന്റെ ശേഷിയെക്കുറിച്ചുള്ള അനുഭവത്തിന്റെ വെളിച്ചത്തില് റിസ്ക് നിലനിർത്തുന്നതിന്റെ ഭാഗമായി ഒരു പരിധി വരെ ചെറിയ നഷ്ടങ്ങള് സഹിക്കാന് തയ്യാറാകും.

3. റിസ്കിന്റെ തോത് കുറയ്ക്കുകയും നിയന്ത്രിക്കുകയും ചെയ്യുക

റിസ്ക് ഒഴിവാക്കുന്നതുമായി താരതമ്യം ചെയ്യുന്പോള് ഇത് വളരെ പ്രസക്തവും പ്രയോഗികവുമായ മാർഗ്ഗമാണ്. ഇത് കൊണ്ട് ഉദ്ദേശിക്കുന്നത് നാശനഷ്ടം ഉണ്ടാകാനുള്ള സാദ്ധ്യത അഥവാ നാശനഷ്ടം ഉണ്ടായാല് തന്നെ അതിന്റെ തീവ്രത കുറയ്ക്കുന്നതിനുള്ള നടപടി ക്രമങ്ങള് എടുക്കുക എന്നതാണ്.

പ്രധാപ്പെട്ടത്

നാശനഷ്ടം ഉണ്ടാകാനുള്ള സാദ്ധ്യത കുറയ്ക്കുന്ന നടപടിയെ **'നാശനഷ്ടം തടയുക'** എന്നാണ് അറിയപ്പെടുന്നത്. നാശനഷ്ടത്തിന്റെ തീവ്രത കുറയ്ക്കുന്നതിനുള്ള നടപടിയെ **'നാശനഷ്ട തോത് കുറയ്ക്കുക'** എന്നുമാണ് അറിയപ്പെടുന്നത്.

താഴെ ,കൊടുത്തിരിക്കുന്ന മാർഗ്ഗങ്ങളിലൂടെ റിസ്കിന്റെ തോത് കുറയ്ക്കുകയും നിയന്ത്രിക്കുകയും ചെയ്യാം:

a) **അറിവും പരിശീലനവും,** അതായത് ജീവനക്കാർക്കായി സ്ഥിരമായി "ഫയല് ഡ്രില്ലിംഗ്" നടത്തുക, ഡ്രൈവർമാർക്കും ഫോർക്ക് ലിഫ്റ്റ് ഓപ്പറേറ്റർമാർക്കും മതിയായ പരിശീലനം ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കുക, ഹെൽമെറ്റും സീറ്റ് ബെൽറ്റും ധരിക്കുക, തുടങ്ങിയവ.

   സ്ക്കൂളില് കുട്ടികൾക്കിടയില് ജങ്ക് ഫുഡ് ഒഴിവാക്കുന്നതിനെപ്പറ്റി ക്ലാസ്സ് എടുക്കുക എന്നതണ് ഇതിനുള്ള ഉദാഹരണം.

b) **പരിസ്ഥിതി മാറ്റങ്ങള് സൃഷ്ടിക്കുക,** അതായത് "ഭൌതീകവാസ്ഥക" മെച്ചപ്പെടുത്തുക, ഉദാഹരണത്തിന്, കതകുകൾക്കും മികച്ച ലോക്കുകള് സ്ഥാപിക്കുക, ജനാലകൾക്ക് മികച്ച കന്പികള് അഥവാ ഷട്ട സ്ഥാപിക്കുക, ബർഗ്ലര് അഥവാ ഫയര് അലാം അഥവാ എക്സ്റ്റിഗുഷന് സ്ഥാപിക്കുക. ആളുകളുടെ ആരോഗ്യസ്ഥിതി

മെച്ചപ്പെടുത്തുന്നതിനായി സംസ്ഥാനങ്ങൾക്ക് പുക-ശബ്ദ മലിനീകരണങ്ങള് തടയുന്നതിനുള്ള സംവിധാനങ്ങള് ഏർപ്പെടുത്താം. സ്ഥിരമായി മലേറിയ തടയുന്നതിനുള്ള മരുന്ന് തളിക്കുന്നത് വഴി മലേറിയ ഉണ്ടാകുന്നത് തടയാം.

c) **അപകടകരമായ അഥവാ ഹാനികരമായ പ്രക്രികളിലുണ്ടാക്കുന്ന മാറ്റങ്ങള്,** മെഷീനറികളും ഉപകരണങ്ങളും ഉപയോഗിക്കുന്പോ അഥവാ മറ്റ് ജോലികള് ചെയ്യുന്പോള്

ഉദാഹരണത്തിന്, ആരോഗ്യപരമായ ആഹാരരീതിയും ജീവിതശൈലിയും അസുഖങ്ങളെ അകറ്റിനിർത്തും.

d) **വേർതിരിക്കുക,** ഒരു വസ്തുവിന്റെ വിവിധ ഘടകങ്ങള് ഒരു സ്ഥലത്ത് തന്നെ വെയ്ക്കാതെ വിവിധ സ്ഥലങ്ങളില് സ്ഥാപിക്കുക, ഇത് റിസ്ക് കുറയ്ക്കുന്നതിനുള്ള രീതിയാണ്. ആശയം എന്തെന്നാല്, ഒരു സ്ഥലത്ത് അപായം ഉണ്ടായാലും വിവിധ സ്ഥലങ്ങളില് സ്ഥാപിച്ചതിനാല് നാശനഷ്ടത്തിന്റെ തോത് കുറയും.

ഉദാഹരണത്തിന്, വിവിധ വെയർഹൌസുകളില് ചരക്ക് സൂക്ഷിക്കുക വഴി ചരക്കിനുണ്ടാകുന്ന നാശനഷ്ടത്തിന്റെ തോത് കുറയ്ക്കാം. ഇതില് ഏതെങ്കിലും ഒരെണ്ണത്തിന് കേട്പാട് സംഭവിച്ചാലും അതിന്റെ പരിണിതഫലം താരതമ്യേന കുറവായിരിക്കും.

4. റിസ്ക് ഫൈനാൻസിംഗ്

ഉണ്ടാകാന് സാദ്ധ്യതയുള്ള നാശനഷ്ടങ്ങളെ നേരിടുന്നതിനുള്ള ഫണ്ട് സ്വരൂപിക്കുന്നതിനുള്ള വകുപ്പാണിത്.

a) **സെൽഫ് ഫൈനാൻസിംഗ് വഴി റിസ്ക് നിലനിർത്തുക,** ഇത് കൊണ്ട് ഉദ്ദേശിക്കുന്നത് ഏതൊരു നാശനഷ്ടം ഉണ്ടായാലും സ്വന്തം പണം ഉപയോഗിച്ച് നേരിടുക. ഈ പ്രക്രിയയില് സ്ഥാപനം, ഒന്നുകില് സ്വന്തം പണം ഉപയോഗിച്ച് അഥവാ പണം വായ്പ എടുത്ത് റിസ്ക് ഉണ്ടാകുന്പോള് നേരിടും, ഇതിനെ സെൽഫ് ഇൻഷ്വറൻസ് എന്ന് പറയും. റിസ്കിന്റെ തോത് കുറയ്ക്കുന്നതിനും സ്ഥാപനം വിവിധ റിസ്ക് കുറയ്ക്കുന്നതിനുള്ള മാർഗ്ഗങ്ങള് ഉപയോഗിച്ച് നാശനഷ്ടത്തിന്റെ പരിണിതഫലം കുറയ്ക്കും.

b) **റിസ്ക് കൈമാറ്റം,** റിസ്ക് നിലനിർത്തുന്നതിന് പകരമുള്ള മാർഗ്ഗമാണിത്. റിസ്ക് കൈമാറ്റം എന്നാല് നാശനഷ്ടത്തിന്റെ ഉത്തരവാദിത്തം മറ്റൊരു പാർട്ടിയ്ക്ക് കൈമാറുക എന്നാണ്. ഇവിടെ ആകസ്മികമായ സംഭവവികാസം മൂലം ഉണ്ടായേക്കാവുന്ന നാശനഷ്ടങ്ങളുടെ പരിണിതഫലം മറ്റൊന്നിലേക്ക് കൈമാറുന്നു.

ഇൻഷ്വറൻസാണ് റിസ്ക് കൈമാറ്റത്തിന്റെ ഏറ്റവും പ്രമുഖ രൂപങ്ങളിലൊന്ന്, ഇത് നഷ്ടപരിഹാരം നൽകുന്നത് വഴി അനിശ്ചിതത്വത്തെ നീക്കി നിശ്ചിതാവസ്ഥയില് കൊണ്ടുവരും.

ഇൻഷ്വറൻസ് vs അഷ്വറൻസ്

വാണിജ്യപരമായി പ്രവർത്തിക്കുന്ന കമ്പനികള് വാഗ്ദാനം ചെയ്യുന്ന രണ്ട് സാമ്പത്തിക ഉത്പന്നങ്ങളാണ് ഇൻഷ്വറൻസും അഷ്വറൻസും. ഈ അടുത്തക്കാലത്തായി ഈ രണ്ട് ഉത്പന്നങ്ങള് തമ്മില് താരതമ്യം ചെയ്യുന്നത് മങ്ങിവരുകയാണ് മാത്രമല്ല ഇവ രണ്ടും ഏകദേശം ഒരുപോലെയാണ് കണക്കാക്കുന്നത്. എങ്കില് പോലും ഇവ തമ്മില് നാമമാത്രമായ വ്യത്യാസമുണ്ട്, അത് നമുക്കിവിടെ നോക്കാം.

ഇൻഷ്വറൻസ് എന്നത് സംഭവിക്കാ **സാദ്ധ്യതയുള്ള** ഒരു സംഗതിയ്ക്ക് എതിരെ സംരക്ഷണം നൽകലാണ്, എന്നാല് അഷ്വറൻസ് എന്നത് **ഉറപ്പായും** സംഭവിക്കുന്ന ഒരു സംഗതിയ്ക്കെതിരെ സംരക്ഷണം നൽകലാണ്. ഇൻഷ്വറൻസ് റിസ്കിന് പരിരക്ഷ നൽകുന്നു, എന്നാല് അഷ്വറൻസ് ഉറപ്പായും സംഭവിക്കുന്ന സംഗതിയ്ക്കാണ് പരിരക്ഷ നൽകുന്നത്, ഉദാഹരണത്തിന് മരണം, ഇത് നടക്കുമെന്നുള്ളത് ഉറപ്പാണ് പക്ഷേ സമയത്തിന്റെ കാര്യത്തില് മാത്രമാണ് അനിശ്ചിതത്വം. അഷ്വറൻസ് പോളിസികളോടപ്പം ലൈഫ് പരിരക്ഷയുമുണ്ട്.

ചിത്രം 4: ഇൻഷ്വറൻസ് എങ്ങനെയാണ് ഇൻഷ്വര് ചെയ്ത വ്യക്തിക്ക് നഷ്ടപരിഹാരം നൽകുന്നത്



റിസ്ക് കൈമാറ്റം ചെയ്യാന് വേറെയും മാർഗ്ഗങ്ങളുണ്ട്. ഉദാഹരണത്തിന്, ഒരു സ്ഥാപനം ഒരു ഗ്രൂപ്പിന്റെ ഭാഗമാണെങ്കില്, റിസ്ക് അതിന്റെ ഉടമസ്ഥ ഗ്രൂപ്പിലേക്ക് കൈമാറ്റം ചെയ്യപ്പെടുകയും അവര് നാശനഷ്ടങ്ങൾക്ക് സാമ്പത്തിക സഹായം നൽകുകയും ചെയ്യും.

ആയതിനാല് ഇൻഷ്വറൻസ് റിസ്ക് കൈമാറ്റം ചെയ്യുന്നതിനുള്ള മാർഗ്ഗങ്ങളില് ഒന്ന് മാത്രമാണ്.

നിങ്ങൾക്കുള്ള പരീക്ഷ 3

താഴെ കൊടുത്തിരിക്കുന്ന ഏതാണ് റിസ്ക് കൈമാറ്റം ചെയ്യുന്നതിനുള്ള മാർഗ്ഗം?

I. ബാങ്ക് എഫ്ഡി
II. ഇൻഷ്വറൻസ്
III. ഇക്വിറ്റി ഷെയറുകള്
IV. റിയല് എസ്റ്റേറ്റ്

D. ഇൻഷ്വറൻസ് - റിസ്ക് കൈകാര്യം ചെയ്യുന്നതിനുള്ള ഉപകരണം

നമ്മള് റിസ്കിനെപ്പറ്റി സംസാരിക്കുന്പോള് യഥാർത്ഥത്തില് സഹിക്കേണ്ടി വന്ന നഷ്ടത്തെപ്പറ്റി പരാമർശിക്കാറില്ല, പക്ഷേ ഭാവിയില് ഉണ്ടാകാന് സാദ്ധ്യതയുള്ള നാശനഷ്ടത്തെപ്പറ്റിയാണ് സംസാരിക്കാറ്. അതുകൊണ്ട് അത് പ്രതീക്ഷിച്ചിരുന്ന നാശനഷ്ടമാണ്. ഈ പ്രതീക്ഷിച്ചിരുന്ന നാശനഷ്ടത്തിന്റെ വില രണ്ട് ഘടകങ്ങളുടെ ഗുണനതുകയാണ്:

i. ഇൻഷ്വര് ചെയ്ത സംഗതി മൂലം നഷ്ടത്തിലേക്ക് നയിക്കുന്ന സംഭവം ഉണ്ടാകുന്നതിനുള്ള **സാധ്യത**.

ii. അതിന്റെ അനന്തരഫലമായി അനുഭവിക്കേണ്ടി വന്ന **ആകെനഷ്ടം**.

നഷ്ടമുണ്ടാകാനുള്ള സാധ്യതയ്ക്കും ആകെനഷ്ടത്തിനും ആനുപാതികമായി റിസ്കിന്റെ ചെലവ് വർദ്ധിക്കും. ആകെ നഷ്ടം വളരെ ഉയർന്ന തോതിലാണെങ്കിലും, അത് സംഭവിക്കുന്നതിനുള്ള സാധ്യത കുറവുമാണെങ്കില് റിസ്കിന്റെ ചെലവും കുറവായിരിക്കും.

ചിത്രം 5 : ഇൻഷ്വറൻസ് തിരഞ്ഞെടുക്കുന്നതിനുമുന്പ് കണക്കിലെടുക്കേണ്ട സംഗതികള്



1. ഇൻഷ്വറൻസ് തിരഞ്ഞെടുക്കുന്നതിനുമുന്പ് കണക്കിലെടുക്കേണ്ട സംഗതികള്

ഇൻഷ്വര് ചെയ്യണോ വേണ്ടയോ എന്ന് തീരുമാനിക്കുന്പോള്, റിസ്ക് കൈമാറ്റം ചെയ്യുന്നതിനുള്ള ചെലവും റിസ്ക് ഉണ്ടായാല് സഹിക്കേണ്ടി വരുന്ന നഷ്ടവും തമ്മില് താരതമ്യം ചെയ്യുക. റിസ്ക് കൈമാറ്റം ചെയ്യുന്നതിനുള്ള ചെലവാണ് ഇൻഷ്വറൻസ് പ്രീമിയം - മുകളില് നമ്മള് ചർച്ച ചെയ്ത രണ്ട് ഘടകങ്ങളുടെ അടിസ്ഥാനത്തിലാണിത് കണക്കാക്കുന്നത്. നാശനഷ്ടം ഉണ്ടാകാനുള്ള സാധ്യത കുറവും നാശനഷ്ടത്തിന്റെ തീവ്രത കൂടുതലുമുള്ള

അവസ്ഥയാണ് ഇൻഷ്വറൻസ് എടുക്കുന്നതിന് അനുയോജ്യമായത്. അത്തരം സന്ദർഭത്തില് ഇൻഷ്വറൻസിലൂടെ (പ്രീമിയം നൽകി) റിസ്ക് കൈമാറ്റം ചെയ്യുന്നതിനുള്ള ചെലവ് കുറവായിരിക്കും പക്ഷേ സ്വയം താങ്ങുന്നതിനുള്ള ചെലവ് വളരെ ഉയർന്നതുമായിരിക്കും.

a) **ചെറിയ സംഗതിയ്ക്ക് വലിയ റിസ്ക് എടുക്കരുത്:** റിസ്ക് കൈമാറ്റം ചെയ്യുന്നതിനുള്ള ചെലവും വസ്തുവിന്റെ മൂല്യവും തമ്മില് മതിയായ ഒരു ബന്ധം ഉണ്ടായിരിക്കും.

ഉദാഹരണം

ഒരു സാധാരണ ബോള് പേന ഇന്ഷ്വര് ചെയ്യുന്നതില് എന്തെങ്കിലും ഗുണമുണ്ടോ?

b) **നിങ്ങൾക്ക് താങ്ങാന് കഴിയുന്നതിലും വലിയ റിസ്ക് എടുക്കരുത്:** ഒരു സംഭവവികാസം മൂലമുണ്ടായേക്കാവുന്ന നഷ്ടം ഒരാളെ പാപ്പരാക്കാനും മാത്രം വലുതാണെങ്കില്, റിസ്ക് നിലനിർത്തുക എന്നത് ഉചിതവും അനുയോജ്യവുമല്ല.

ഉദാഹരണം

ഒരു വലിയ എണ്ണശുദ്ധീകരണശാല നശിപ്പിക്കപ്പെടുകയോ കേടുപാട് സംഭവിക്കുകയോ ചെയ്താല് എന്തായിരിക്കും സംഭവിക്കുക? കമ്പനിയ്ക്ക് നഷ്ടം സഹിക്കാന് കഴിയുമോ?

c) **റിസ്ക് മൂലം ഉണ്ടായേക്കാവുന്ന അനന്തരഫലം എന്തായിരിക്കുമെന്ന് സൂക്ഷ്മമായി പഠിക്കുക :** നാശനഷ്ടം ഉണ്ടാകാനുള്ള സാധ്യത കുറവും നാശനഷ്ടത്തിന്റെ തീവ്രത വളരെ കൂടുതലുമുള്ള വസ്തുക്കള് ഇൻഷ്വര് ചെയ്യുന്നതാണ് അനുയോജ്യം.

ഉദാഹരണം

സ്പേസ് സാറ്റലൈറ്റ് ഇന്ഷ്വര് ചെയ്യാതിരുന്നാല് ആര്ക്കെങ്കിലും അത് താങ്ങാനാകുമോ?

നിങ്ങൾക്കുള്ള പരീക്ഷ 4

താഴെ കൊടുത്തിരിക്കുന്ന ഏത് സംഗതികളാണ് ഇൻഷ്വറൻസിന് വാറന്റി നൽകുന്നത്?

I. അപ്രതീക്ഷിതമായ ഒരു കുടുംബത്തിന്റെ അത്താണിയായ കുടുംബനാഥന് മരിക്കുക
II. ഒരു വ്യക്തിയ്ക്ക് തന്റെ പേഴ്സ് നഷ്ടപ്പെടുക
III. സ്റ്റോക്കിന്റെ വില താഴെ പോകുക
IV. കാലപഴക്കം മൂലം ഒരു വീടിന്റെ മൂല്യം കുറയുക

E. സമൂഹത്തില് ഇൻഷ്വറൻസിന്റെ പങ്ക്

രാജ്യത്തെ സാമ്പത്തിക വികസനത്തില് ഇൻഷ്വറൻസ് കമ്പനികള് ഒരു മുഖ്യ പങ്ക് തന്നെ വഹിക്കുന്നുണ്ട്. രാജ്യത്തെ സമ്പത്തിന്റെ സുരക്ഷയും സംരക്ഷണവും ഉറപ്പാക്കുന്നതില് അവര് വലിയ സംഭാവനയാണ് നൽകുന്നത്. അവരുടെ ചില സംഭാവനകളെപ്പറ്റി നമുക്ക് ചർച്ച ചെയ്യാം.

a) അവരുടെ നിക്ഷേപങ്ങള് സമൂഹത്തിന് വളരെയധികം ഗുണം ചെയ്യുന്നുണ്ട്. ഇൻഷ്വറൻസ് കമ്പനിയുടെ ഏറ്റവും വലിയ ശക്തി എന്തെന്നാ വളരെയധികം തുക ശേഖരിക്കുകയും അവ പ്രീമിയങ്ങളുടെ രൂപത്തില് ഒരുമിച്ച് സംഭരിക്കുകയും ചെയ്യുന്നു.

b) ഈ ഫണ്ട് ശേഖരിക്കുകയും സൂക്ഷിക്കുകയും ചെയ്യുന്നത് പോളിസിയുടമകളുടെ ഗുണത്തിനാണ്. ഈ ഫണ്ടുമായി ബന്ധപ്പെട്ട് ഏതൊരു തീരുമാനവും എടുക്കുന്പോള് ഈ കാര്യം ഇൻഷ്വറൻസ് കമ്പനിയുടെ മനസ്സിലുണ്ടായിരിക്കണം. ഇത് തുക നിക്ഷേപിക്കുന്ന കാര്യത്തിനും ബാധകമാണ്. അതുകൊണ്ടാണ് വിജയകരമായി പ്രവർത്തിച്ചുപോരുന്ന ഇൻഷ്വറൻസ് കമ്പനികള് സ്റ്റോക്കുകള്, ഷെയറുകള് തുടങ്ങിയ ഊഹക്കച്ചവടങ്ങളില് പണം നിക്ഷേപിക്കുകയില്ല.

c) ഇൻഷ്വറൻസ് എന്ന വ്യവസ്ഥിതി ഓരോ വ്യക്തികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും, വ്യവസായ-വാണിജ്യ സ്ഥാപനങ്ങൾക്കും സമൂഹത്തിനും രാജ്യത്തിനും നേരിട്ടും അല്ലാതെയും അനേകം ഗുണങ്ങള് ചെയ്യുന്നുണ്ട്. ഇന്ഷ്വര് ചെയ്യുന്നവ്ക്ക് - അതായത് വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും - നേരിട്ടുള്ള ആനുകൂല്യമാണ് ലഭിക്കുന്നത് കാരണം അവർക്ക് അപകടവും അതുപോലുള്ള സംഭവവികാസങ്ങളും മൂലമുണ്ടാകുന്ന നഷ്ടങ്ങൾക്കെതിരെ സംരക്ഷണം നൽകുന്നു. അങ്ങനെ ഇൻഷ്വറൻസ് ഒരർത്ഥത്തില് മൂലധനം സംരക്ഷിക്കുകയും ആ മൂലധനം ബിസിനസ്സിന്റെ വികസനത്തിനായി ഉപയോഗിക്കുകയും ചെയ്യുന്നു.

d) ഒരാളുടെ ഭാവിയുമായി ബന്ധപ്പെട്ട ഉത്കണ്ഠയും ഭീതിയും പരിഭ്രമവും ഇൻഷ്വറൻസ് ദൂരീകരിക്കുകയും അങ്ങനെ ബിസിനസ്സ് സ്ഥാപനങ്ങളില് പണം നിക്ഷേപിക്കുന്നത് പ്രോത്സാഹിപ്പിക്കുകയും നിലവിലുള്ളത് നന്നായി വിനിയോഗിക്കുന്ന രീതി പ്രചരിപ്പിക്കുകയും ചെയ്യും. അങ്ങനെ ഇൻഷ്വറൻസ് വാണിജ്യ-വ്യവസായിക വികസനം പ്രോത്സഹിപ്പിക്കുകയും തൊഴില് സാധ്യത വർദ്ധിപ്പിക്കുകയും ചെയ്യും, അങ്ങനെ ആരോഗ്യപരമായ ഒരു സാമ്പത്തികാവസ്ഥ സംഭാവന ചെയ്യുകയും രാജ്യത്തെ ഉത്പാദനം വർദ്ധിപ്പിക്കുകയും ചെയ്യും.

e) ബാങ്കുകളുടെ ധനകാര്യസ്ഥാപനങ്ങളും കേടുപാടുകളെ നാശനഷ്ടം ഉണ്ടാകുന്നതിനെതിരെ ഇൻഷ്വര് ചെയ്യാത്ത വസ്തുവിനുമേല് ലോണ് നൽകുകയില്ല. സമാന്തരമായ ഒരു സെക്യൂരിറ്റി എന്ന നിലയില് ഇവര് പോളിസി വേണമെന്ന് നിഷ്കർഷിക്കും.

f) റിസ്ക് സ്വീകരിക്കുന്നതിനുമുന്പ്, ഇൻഷ്വറര് പ്രാപ്തരായ എൻജിനീയറെയും മറ്റ് വിദഗ്ദ്ധരെയും കൊണ്ട് ഇൻഷ്വര് ചെയ്യാന് ഉദ്ദേശിക്കുന്ന വസ്തു പരിശോധിക്കുകയും സർവ്വേ നടത്തുകയും ചെയ്യും. റേറ്റിംഗിന്റെ ആവശ്യത്തിനായി അവര് വസ്തു വിലയിരുത്തുക മാത്രമല്ല ചെയ്യുന്നത്, ഇത് കൂടാതെ റിസ്ക് മെച്ചപ്പെടുത്തി പ്രീമിയം നിരക്ക് കുറയ്ക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങളും ശുപാർശകളും ഇൻഷ്വര് ചെയ്യുന്ന വ്യക്തിയ്ക്ക് നൽകുകയും ചെയ്യും.

g) എക്സ്പോർട്ട്, ഷിപ്പിംഗ്, ബാങ്കിംഗ് സേവനങ്ങള് എന്നിവ പോലെ തന്നെ ഇൻഷ്വറൻസും രാജ്യത്ത് വിദേശനാണ്യം നേടി കൊടുക്കുന്നതില് മുഖ്യപങ്ക് വഹിക്കുന്നുണ്ട്. ഇന്ത്യന് ഇൻഷ്വറർമാര് 30-ല് അധികം രാജ്യങ്ങളില് പ്രവർത്തിക്കുന്നുണ്ട്. ഈ പ്രവർത്തനത്തിലൂടെ വിദേശനാണ്യം നേടുകയും പരോക്ഷമായ കയറ്റുമതിയെ പ്രതിനിധീകരിക്കുകയും ചെയ്യുന്നു.

h) അഗ്നിബാധ തടയുന്നതും കാർഗോ നഷ്ടപ്പെടുന്നത് തടയുന്നതും വ്യവസായിക സുരക്ഷ റോഡ് സുരക്ഷ തുടങ്ങിയവയുമായി ബന്ധപ്പെട്ട് വിവിധ ഏജൻസികളും സ്ഥാപങ്ങളുമായി ഇൻഷ്വറർമാര് സഹകരിച്ച് പ്രവർത്തിക്കുന്നുണ്ട്.

കുറിപ്പ്

ഇൻഷ്വറൻസും സാമൂഹിക സുരക്ഷയും

a) ഇപ്പോള് സാമൂഹിക സുരക്ഷ എന്നത് ഓരോ സംസ്ഥാനത്തിന്റെയും കടമയാണെന്ന് നമുക്കറിയാം. ഇതുമായി ബന്ധപ്പെട്ട സംസ്ഥാനത്ത് പാസാക്കിയിട്ടുള്ള വിവിധ നിയമങ്ങള് പ്രകാരം സാമൂഹിക സുരക്ഷയ്ക്കുള്ള ഉപകരണമായി, നിബന്ധമായും അല്ലാതെയും, ഇൻഷ്വറൻസ് ഉപയോഗിക്കുക എന്ന് പരാമർശിക്കുന്നുണ്ട്. സമൂഹത്തിനോടുള്ള തങ്ങളുടെ പ്രതിജ്ഞാബദ്ധത നിറവേറ്റുന്നതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകള് ചില സാമൂഹിക സുരക്ഷ സ്കീമുകളുടെ കീഴില് പ്രീമിയങ്ങള് നൽകുന്നുണ്ട്. 1948-ലെ എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ് ആക്ട് പ്രകാരം **എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ് കോർപ്പറേഷന്** ഇൻഷ്വര് ചെയ്തിട്ടുള്ള വ്യവസായിക ജീവനക്കാർക്കും അവരുടെ കുടുംബാംഗങ്ങൾക്കും ചികിത്സച്ചെലവ്, വൈകല്യത്തിനുള്ള ആനുകൂല്യം, പ്രസവാനുകൂല്യം, മരണാനുകൂല്യം എന്നിവ നൽകുന്നുണ്ട്. സർക്കാര് വിജ്ഞാപനത്തിലുള്ള വ്യവസായിക മേഖലകളില് സ്കീം പ്രവർത്തിക്കുന്നുണ്ട്.

b) സർക്കാര് സ്പോൺസര് ചെയ്യുന്ന സാമൂഹിക സുരക്ഷ സ്കീമുകളില് ഇൻഷ്വറൻസ് ഒരു മുഖ്യ സ്ഥാനം വഹിക്കുന്നുണ്ട്. **വിള ഇൻഷ്വറൻസ് സ്കീമിന് (ആർകെബിവൈ)** വളരെ വലിയ സാമൂഹിക പ്രാധാന്യമാണുള്ളത്. ഈ സ്കീം കർഷകർക്ക് മാത്രമല്ല മുഴുവന് സമൂഹത്തെയും നേരിട്ടോ അല്ലാതെയോ ഗുണം ചെയ്യുന്നുണ്ട്.

c) വാണിജ്യാടിസ്ഥാനത്തില് പ്രവർത്തിക്കുന്ന എല്ലാ **ഗ്രാമീണ ഇൻഷ്വറൻസ് സ്കീമുകളും** ഗ്രാമീണ കുടുംബങ്ങളുടെ സാമൂഹിക സുരക്ഷയ്ക്കായി രൂപകൽപന ചെയ്തിട്ടുള്ളവയാണ്.

d) സര്ക്കാര് സ്കീമുകള്ക്കുള്ള ഈ പിന്തുണ കൂടാതെ, വാണിജ്യാടിസ്ഥാനത്തില് ഇന്ഷ്വറന്സ് മേഖല തന്നെ, സാമൂഹിക സുരക്ഷ ലക്ഷയ്ം വച്ചുകൊണ്ടുള്ള ഇന്ഷ്വറന്സ് പരിരക്ഷകളുണ്ട്. ഉദാഹരണത്തിന്, **ജനതാ പേഴ്സണൽ ആക്സിഡൻറ്, ജന ആരോഗ്യ** തുടങ്ങിയവ.

നിങ്ങൾക്കുള്ള പരീക്ഷ 5

താഴെ കൊടുത്തിരിക്കുന്ന ഏത് ഇൻഷ്വറൻസ് സ്കീമാണ് സർക്കാര് സ്പോൺസര് ചെയ്യാതെ ഇൻഷ്വറര് തന്നെ നടത്തുന്നത്?

I. എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ് കോർപ്പറേഷന്
II. വിള ഇൻഷ്വറൻസ് സ്കീം
III. ജന ആരോഗ്യ

സംഗ്രഹം

- റിസ്ക് പൂളിംഗ് വഴി റിസ്ക് കൈമാറ്റം ചെയ്യുന്നതാണ് ഇൻഷ്വറൻസ്
- ഇന്ന് നിലവിലുള്ള ആധുനിക വാണിജ്യ ഇൻഷ്വറൻസ് ബിസിനസ്സിന്റെ വേരുകളുടെ ഉറവിടം ലണ്ടനിലെ ലോയ്ഡ്സ് കോഫി ഹൌസിലാണ്.
- ഒരു ഇൻഷ്വറൻസില് താഴെ കൊടുത്തിരിക്കുന്ന ഘടകങ്ങളെല്ലാം ഉണ്ടായിരിക്കും:
  - ✓ ആസ്തി (അസറ്റ്)
  - ✓ റിസ്ക്
  - ✓ നാശനഷ്ടമുണ്ടാക്കുന്ന സംഗതി (പെരിൾസ്)
  - ✓ കോൺട്രാക്ട്
  - ✓ ഇൻഷ്വറര്
  - ✓ ഇൻഷ്വര് ചെയ്യുന്ന വ്യക്തി
- ഒരേ തരത്തിലുള്ള റിസ്കുകളെ അഭിമുഖീകരിക്കാന് സാദ്ധ്യതയുള്ള സമാനമായ വസ്തുക്കളുള്ള ആളുകളില് നിന്നും ശേഖരിക്കുന്ന ഫണ്ട് കൊണ്ട് ഒരു പൊതു പൂള് ഉണ്ടാക്കുന്നതിനെയാണ് പൂളിംഗ് എന്ന് പറയുന്നത്.
- ഇൻഷ്വറൻസ് കൂടാതെ റിസ്കിനെ കൈകാര്യം ചെയ്യാന് മറ്റ് ചില രീതികള് കൂടിയുണ്ട്, അതാണ്:
  - ✓ റിസ്ക് ഒഴിവാക്കല്
  - ✓ റിസ്ക് നിയന്ത്രിക്കല്
  - ✓ റിസ്ക് നിലനിർത്തല്
  - ✓ റിസ്ക് ഫൈനാൻസിംഗ്
  - ✓ റിസ്ക് കൈമാറ്റം
- ഇൻഷ്വറൻസിന്റെ മുഖ്യ നിയമങ്ങളാണ്:
  - ✓ നിങ്ങൾക്ക് താങ്ങാന് കഴിയുന്നതിലും വലിയ റിസ്ക് എടുക്കരുത്
  - ✓ റിസ്ക് മൂലം ഉണ്ടായേക്കാവുന്ന അനന്തരഫലം എന്തായിരിക്കുമെന്ന് സൂക്ഷ്മമായി പഠിക്കുക
  - ✓ ചെറിയ സംഗതിയ്ക്ക് വലിയ റിസ്ക് എടുക്കരുത്

മുഖ്യപദങ്ങള്

1. റിസ്ക്
2. പൂളിംഗ്
3. വസ്തു (ആസ്തി)
4. റിസ്കിന്റെ ബാദ്ധ്യത
5. റിസ്ക് ഒഴിവാക്കല്
6. റിസ്ക് നിയന്ത്രിക്കല്
7. റിസ്ക് നിലനിർത്തല്
8. റിസ്ക് ഫൈനാൻസിംഗ്

നിങ്ങൾക്കുള്ള പരീക്ഷയുടെ ഉത്തരങ്ങള്

ഉത്തരം 1

ശരിയായ ഓപ്ഷന് II

ഇൻഷ്വറൻസ് റെഗുലേറ്ററി ആന്റ് ഡെവലപ്മെന്റ് അതോറിറ്റിയാണ് ഇന്ത്യയിലെ ഇൻഷ്വറൻസ് മേഖലയെ നിയന്ത്രിക്കുന്ന സംഘടന.

ഉത്തരം 2

ശരിയായ ഓപ്ഷന് III

ഭാവിയില് ഉണ്ടായേക്കാവുന്ന തീവ്രമായ നാശനഷ്ടത്തിനെ നേരിടുന്നതിനായി കരുതല്ധനം സൂക്ഷിക്കുക, ഇതാണ് സെക്കന്ററി റിസ്കിന്റെ ബാദ്ധ്യത

ഉത്തരം 3

ശരിയായ ഓപ്ഷന് II

ഇൻഷ്വറൻസാണ് റിസ്ക് കൈമാറ്റം ചെയ്യുന്നതിനുള്ള മാർഗ്ഗം.

ഉത്തരം 4

ശരിയായ ഓപ്ഷന് I

അപ്രതീക്ഷിതമായ ഒരു കുടുംബത്തിന്റെ അത്താണിയായ കുടുംബനാഥന് മരിക്കുക, അത്തരം അവസ്ഥകളിലാണ് ലൈഫ് ഇൻഷ്വറൻസ് അനിവാര്യമായി വരുന്നത്.

ഉത്തരം 5

ശരിയായ ഓപ്ഷന് III

ജന ആരോഗ്യ ഇന്ഷ്വറന്സ് സ്കീമാണ് സര്ക്കാര് സ്പോണ്സര് ചെയ്യാതെ ഇന്ഷ്വറര് തന്നെ നടത്തുന്നത്.

സ്വയം പരീക്ഷ ചോദ്യങ്ങള്

ചോദ്യം 1

റിസ്ക് പൂളിംഗ് വഴി റിസ്ക് കൈമാറ്റം ചെയ്യുന്നതിനെ ----------എന്ന് പറയും

I. സന്പാദ്യം
II. നിക്ഷേപം
III. ഇൻഷ്വറൻസ്
IV. റിസ്ക് മിറ്റിഗേഷന്

ചോദ്യം 2

റിസ്ക് ഉണ്ടാകാനുള്ള സാദ്ധ്യത കുറയ്ക്കുന്ന നടപടിയെ ---------- എന്ന് പറയും.

I. റിസ്ക് നിലനിർത്തല്
II. നാശനഷ്ടം തടയല്

III. റിസ്ക് കൈമാറ്റം
IV. റിസ്ക് ഒഴിവാക്കല്

ചോദ്യം 3

റിസ്ക് ഇൻഷുററിലേക്ക് കൈമാറ്റം ചെയ്യുന്നത് വഴി, ----------

I. സ്വന്തം വസ്തുക്കള് അശ്രദ്ധമായി കൈകാര്യം ചെയ്യാം
II. നാശനഷ്ടമുണ്ടാകുന്ന സന്ദർഭത്തില് ഇൻഷുററില് നിന്നും പണം നേടാം
III. സ്വന്തം വസ്തുക്കൾക്കുള്ള റിസ്ക് ഭീഷണികള് അവഗണിക്കാം
IV. സ്വൈര്യമായി ജീവിക്കാനും കരുതലായി നീക്കി വെച്ചിരിക്കുന്ന ഫണ്ടുകള് ഇൻവെസ്റ്റ് ചെയ്ത് സ്വന്തം ബിസിനസ്സ് മെച്ചമായ രീതിയില് നടത്തികൊണ്ട് പോകുവാനും സാധിക്കും

ചോദ്യം 4

ആധുനിക വാണിജ്യ ഇൻഷുറൻസ് ബിസിനസ്സിന്റെ വേരുകളുടെ ഉറവിടം---------- ആണ്

I. ബോട്ടംറി
II. ലോയ്ഡ്സ്
III. റോഡ്സ്
IV. മൽഹോത്ര കമ്മിറ്റി

ചോദ്യം 5

ഇൻഷുറൻസ് റിസ്ക് നിലനിർത്തുക എന്നത് ----------

I. നാശനഷ്ടത്തിനും കേടുപാടിനും സാദ്ധ്യതയില്ലാത്ത അവസ്ഥ
II. നാശനഷ്ടം സൃഷ്ടിക്കുന്ന സന്ദർഭത്തിന് യാതൊരു മൂല്യവുമില്ലാത്ത അവസ്ഥ
III. വസ്തുവിന് ഇൻഷുറൻസ് പരിരക്ഷയുള്ള അവസ്ഥ
IV. റിസ്കും അതിന്റെ പരിണിതഫലങ്ങളും സ്വയം സഹിക്കാര് ഒരാള് തീരുമാനിക്കുന്ന അവസ്ഥ

ചോദ്യം 6

താഴെ കൊടുത്തിരിക്കുന്ന ഏത് പ്രസ്താവനയാണ് ശരി?

I. ഇൻഷുറൻസ് വസ്തുവിന് (ആസ്തിയ്ക്ക്) സംരക്ഷണം നൽകും
II. ഇൻഷുറൻസ് നാശനഷ്ടം തടയും
III. ഇൻഷുറൻസ് നാശനഷ്ടമുണ്ടാകുന്നതിനുള്ള സാദ്ധ്യത തടയും
IV. ഒരു വസ്തുവിന് നാശനഷ്ടം സംഭവിക്കുന്പോള് ഇൻഷുറൻസ് നഷ്ടപരിഹാരം നൽകും

ചോദ്യം 7

ഒരു ഗ്രാമത്തില് 400 വീടുകളുണ്ട്, ഓരോന്നിന്റെയും മൂല്യം 20,000 രൂപയാണ്. ഓരോ വർഷവും അഗ്നിബാധ മൂലം ശരാശരി 4 വീടുകൾക്ക് തീ പിടിക്കുകയും 80,000 രൂപയുടെ ആകെ നാശം ഉണ്ടാകുമെന്നാണ് കണക്കുകൂട്ടല്. ഓരോ വീട്ടുടമങ്ങളും ഈ നാശനഷ്ടത്തിനുള്ള പ്രീമിയമായി പ്രതിവർഷം എത്ര രൂപ നൽകണം?

I. 100 രൂപ
II. 200 രൂപ
III. 80 രൂപ
IV. 400 രൂപ

ചോദ്യം 8

താഴെ കൊടുത്തിരിക്കുന്ന ഏത് പ്രസ്താവനയാണ് ശരി?

I. കുറച്ച് ആളുകളുടെ നഷ്ടം അനേകം ആളുകള് പങ്കിടുന്ന രീതിയെ ഇൻഷ്വറൻസ് എന്ന് പറയുന്നത്
II. ഒരു വ്യക്തിയി നിന്നും മറ്റൊരു വ്യക്തിയിലേക്ക് റിസ്കിനെ കൈമാറുന്നതിനാണ് രീതിയെ ഇൻഷ്വറൻസ് എന്ന് പറയുന്നത്
III. അനേകം ആളുകളുടെ നഷ്ടം കുറച്ച് ആളുകള് പങ്കിടുന്ന രീതിയെ ഇൻഷ്വറൻസ് എന്ന് പറയുന്നത്
IV. കുറച്ച് ആളുകളുടെ ലാഭം അനേകം ആളുകളിലേക്ക് കൈമാറ്റം ചെയ്യുന്ന രീതിയെ ഇൻഷ്വറൻസ് എന്ന് പറയുന്നത്

ചോദ്യം 9

റിസ്ക് സ്വീകരിക്കുന്നതിനുമുന്പ്, ഇൻഷ്വറര് ഇൻഷ്വര് ചെയ്യാന് ഉദ്ദേശിക്കുന്ന വസ്തു പരിശോധിക്കുകയും സർവ്വേ നടത്തുകയും ചെയ്യുന്നത് ----------

I. റേറ്റിംഗിന്റെ ആവശ്യത്തിനായി റിസ്ക് വിലയിരുത്തുന്നതിന്
II. ഇൻഷ്വര് ചെയ്യുന്ന വ്യക്തി എങ്ങനെയാണ് വസ്തു വാങ്ങിയതെന്ന് മനസ്സിലാക്കുന്നതിന്
III. മറ്റേതെങ്കിലും ഇൻഷ്വറര് ഈ വസ്തു പരിശോധിച്ചിട്ടുണ്ടോ എന്ന് മനസ്സിലാക്കാന്
IV. അയൽപക്കത്തുള്ള വസ്തുവും ഇൻഷ്വര് ചെയ്യാന് സാധിക്കുമോ എന്നറിയാന്

ചോദ്യം 10

താഴെ കൊടുത്തിരിക്കുന്ന ഏതാണ് ഏറ്റവും മികച്ച രീതിയില് ഇൻഷ്വൻസിനെപ്പറ്റി വിവരിച്ചിക്കുന്നത്?

I. അനേകം ആളുകളുടെ നഷ്ടം കുറച്ച് ആളുകള് പങ്കിടുക
II. കുറച്ച് ആളുകളുടെ നഷ്ടം അനേകം ആളുകള് പങ്കിടുക
III. കുറച്ച് ആളുകളുടെ നഷ്ടം ഒരാള് പങ്കിടുക
IV. സബ്സിഡി വഴി നഷ്ടം പങ്കിടുക

സ്വയം പരീക്ഷ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങള്

ഉത്തരം 1

ശരിയായ ഓപ്ഷന് III

റിസ്ക് പൂളിംഗ് വഴി റിസ്ക് കൈമാറ്റം ചെയ്യുന്നതിനെ ഇൻഷ്വറൻസ് എന്ന് പറയും

ഉത്തരം 2

ശരിയായ ഓപ്ഷന് II

റിസ്ക് ഉണ്ടാകാനുള്ള സാദ്ധ്യത കുറയ്ക്കുന്ന നടപടിയെ നാശനഷ്ടം തടയല് എന്ന് പറയും.

ഉത്തരം 3

ശരിയായ ഓപ്ഷന് IV

റിസ്ക് ഇൻഷ്വററിലേക്ക് കൈമാറ്റം ചെയ്യുന്നത് വഴി, സ്വൈര്യമായി ജീവിക്കാനും കരുതലായി നീക്കി വെച്ചിരിക്കുന്ന ഫണ്ടുകള് ഇൻവെസ്റ്റ് ചെയ്ത് സ്വന്തം ബിസിനസ്സ് മെച്ചമായ രീതിയില് നടത്തികൊണ്ട് പോകുവാനും സാധിക്കും.

ഉത്തരം 4

ശരിയായ ഓപ്ഷന് II

ആധുനിക വാണിജ്യ ഇൻഷ്വറൻസ് ബിസിനസ്സിന്റെ വേരുകളുടെ ഉറവിടെ ലോയ്ഡ്സാണ്

ഉത്തരം 5

ശരിയായ ഓപ്ഷന് IV

ഇൻഷ്വറൻസ് റിസ്ക് നിലനിർത്തുക എന്നത് റിസ്കും അതിന്റെ പരിണിതഫലങ്ങളും സ്വയം സഹിക്കാന് ഒരാള് തീരുമാനിക്കുന്ന അവസ്ഥ.

ഉത്തരം 6

ശരിയായ ഓപ്ഷന് IV

ഒരു വസ്തുവിന് നാശനഷ്ടം സംഭവിക്കുന്പോള് ഇൻഷ്വറൻസ് നഷ്ടപരിഹാരം നൽകും.

ഉത്തരം 7

ശരിയായ ഓപ്ഷന് II

നാശനഷ്ടത്തിന്റെ പരിരക്ഷയ്ക്ക് 200 രൂപ പ്രീമിയമായി നൽകണം

ഉത്തരം 8

ശരിയായ ഓപ്ഷന് I

കുറച്ച് ആളുകളുടെ നഷ്ടം അനേകം ആളുകള് പങ്കിടുന്ന രീതിയെ ഇൻഷ്വറൻസ് എന്ന് പറയുന്നത്

ഉത്തരം 9

ശരിയായ ഓപ്ഷന് I

റിസ്ക് സ്വീകരിക്കുന്നതിനുമുന്പ്, ഇൻഷ്വറര് ഇൻഷ്വര് ചെയ്യാന് ഉദ്ദേശിക്കുന്ന വസ്തു പരിശോധിക്കുകയും സർവ്വേ നടത്തുകയും ചെയ്യുന്നത് റേറ്റിംഗിന്റെ ആവശ്യത്തിനായി റിസ്ക് വിലയിരുത്തുന്നതിന്

ഉത്തരം 10

ശരിയായ ഓപ്ഷന് II

ഇന്ഷ്വറന്സ് എന്നത് കാലങ്ങളായി ഓരോ തരത്തിലുള്ള റിസ്കിനെ അഭിമുഖീകരിക്കാന് സാദ്ധ്യയുള്ള കുറേ വ്യക്തികളെ ഒരുമിച്ചാക്കി അതില് നാശനഷ്ടം അനുഭവിക്കേണ്ടി വരുന്ന ഭാഗ്യദോഷികളുടെ ബാദ്ധ്യത പങ്കിടുന്നതിന് ഇന്ഷ്വറര് ഉപയോഗിക്കുന്ന ഒരു പ്രക്രിയയാണ്.

പാഠം 2
ഉപഭോക്തൃ സേവനം

ആമുഖം

ഈ പാഠത്തി□ ഉപഭോക്തൃ സേവനത്തിന്റെ പ്രാധാന്യത്തെപ്പറ്റിയാണ് പഠിക്കുന്നത്. ഉപഭോക്താക്കൾക്ക് സേവനം നൽകുന്നതി□ ഏജന്റിന്റെ റോ□ എന്താണെന്ന് നമുക്ക് പഠിക്കാം. ഇൻഷ്വറൻസ് പോളിസിയുടകൾക്ക് ലഭ്യമായ വിവിധ അന്യായപരിഹാര മാർഗ്ഗങ്ങളെ കുറിച്ചും ഇവിടെ നമുക്ക് പഠിക്കാം. എങ്ങനെയാണ് ഉപഭോക്താവുമായി ആശയവിനിമയം നടത്തേണ്ടതെന്നും നമുക്ക് പഠിക്കാം.

പഠനമേഖലകൾ

A. ഉപഭോക്തൃ സേവനം - പൊതു സങ്കൽപങ്ങ□
B. വിശിഷ്ടമായ ഉപഭോക്തൃ സേവനം നൽകുന്നതി□ ഇൻഷ്വറൻസ് ഏജന്റിന്റെ റോ□.
C. അന്യായ പരിഹാരം
D. ആശയവിനിമയം
E. നോ□-വെർബ□ ആയശവിനിമയം
F. ധാർമ്മികമായ പെരുമാറ്റരീതി.

ഈ പാഠം പഠിച്ചതിനുശേഷം നിങ്ങ□ ചെയ്യേണ്ടത്:

1. ഉപഭോക്തൃ സേവനങ്ങളുടെ പ്രാധാന്യം ഉദ്ധരിക്കുക.
2. സേവനത്തിന്റെ ഗുണനിലവാരം വിവരിക്കുക
3. ഇൻഷ്വറൻസ് മേഖലയി□ സേവനത്തിന്റെ പ്രാധാന്യം പരിശോധിക്കുക
4. നല്ല സേവനം നൽകുന്നതി□ ഇൻഷ്വറൻസ് ഏജന്റിന്റെ റോ□ ചർച്ച ചെയ്യുക.
5. ഇൻഷ്വറൻസിലെ അന്യായ പരിഹാര മാർഗ്ഗങ്ങളെപ്പറ്റി വിലയിരുത്തുക.
6. ആശയവിനിമയ പ്രക്രിയ വിശദീകരിക്കുക
7. നോ□-വെർബ□ ആശയവിനിമയത്തിന്റെ പ്രാധാന്യം സമർത്ഥിക്കുക.
8. ധാർമ്മിക പെരുമാറ്റരീതി ശുപാർശ ചെയ്യുക

A. ഉപഭോക്തൃ സേവനം - പൊതു സങ്കൽപങ്ങൾ

1. ഉപഭോക്തൃ സേവനം എന്തിന്?

ഒരു ബിസ്സിസിന്റെ അടിത്തറ അവരുടെ ഉപഭോക്താക്കളാണ്. ഒരു സ്ഥാപനത്തിനും ഉപഭോക്തൃ വിരുദ്ധ നിലപാട് എടുക്കാനാവില്ല. മറ്റ് ഉത്പന്നങ്ങളെ അപേക്ഷിച്ച് ഉപഭോക്തൃ ബന്ധങ്ങളും സേവനങ്ങളും ഇൻഷ്വറൻസ് ബിസിനസ്സി□ വളരെ സങ്കീർണ്ണമാണ്.

ഇതിന് കാരണം ഇൻഷ്വറൻസ് ഒരു സേവനമാണ്, മറ്റ് ചരക്കുകളി□ നിന്നും വ്യത്യസ്തമാണ്.

ഒരു കാറ് വാങ്ങുന്നതും ഇൻഷ്വറൻസ് എടുക്കുന്നതിനും തമ്മിലുള്ള വ്യത്യാസം എന്തെന്ന് നമുക്ക് പരിശോധിക്കാം.

കാറ്	കാറിന്റെ ഇൻഷ്വറൻസ്
ഇത് പ്രത്യക്ഷമായ വസ്തുവാണ്, അത് കാണാനും ഡ്രൈവ് ചെയ്യാനും അനുഭവിക്കാനും കഴിയും	അപ്രതീക്ഷിതമായ ഒരു അപകടം മൂലം ഭാവിയി□ കാറിനുണ്ടാകുന്ന നാശനഷ്ടം അഥവാ പരിക്കിന് നഷ്ടപരിഹാരം നൽകുന്ന വ്യവസ്ഥയാണിത്.

കാ വാങ്ങുന്ന സമയത്ത് അത് വാങ്ങുന്നയാൾക്ക് ആത്മസംതൃപ്തി ഉണ്ടാവും. അത് യഥാർത്ഥവും മനസ്സിലാക്കാ എളുപ്പവുമാണ്.	വാങ്ങുന്പോ ആത്മസംതൃപ്തി ലഭിക്കുന്ന ഒന്നല്ല ഇൻഷ്വറൻസ്, പക്ഷേ അപകടസാദ്ധ്യതയെക്കുറിച്ച് ഭീതി അഥവാ പരിഭ്രമം ഉണ്ടാകും. ഒരു ഇന്ഷ്വറൻസ് ഉപഭോക്താവ് പോലും നഷ്ടപരിഹാരത്തുക ലഭിക്കുന്ന സന്ദർഭം ഉണ്ടാകാ ആഗ്രഹിക്കുകയില്ല.
ഒരു കാര് ഫാക്ടറിയി ഉണ്ടാക്കി ഷോറൂമി വിറ്റ് റോഡി ഓടുന്നു. ഉണ്ടാക്കുന്നു, വിൽക്കുന്നു, ഉപയോഗിക്കുന്നു, എന്നീ മൂന്ന് പ്രക്രിയകളും മൂന്ന് സ്ഥലത്താണ് നടക്കുന്നത്	ഇൻഷ്വറൻസിന്റെ കാര്യത്തി നിർമ്മാണവും ഉപഭോഗവും പെട്ടെന്ന് തന്നെയാണ് സംഭവിക്കുന്നത്. ഈ പെട്ടെന്നുള്ള നിർമ്മാണവും ഉപഭോഗവുമാണ് എല്ലാ സേവനങ്ങളുടെയും പ്രത്യേകമായ സവിശേഷത.

ഉപഭോക്താവിന് യഥാർത്ഥത്തി ലഭിക്കുന്നതെന്തോ അതാണ് സേവനാനുഭവം. ഇത് സംതൃപ്തി ലഭിക്കുന്നതിന് പര്യാപ്തമല്ലെങ്കി, അത് അസംതൃപ്തിക്ക് കാരണമാവും. പ്രതീക്ഷിച്ചതിലും നല്ല സേവനാമാണെങ്കി, ഉപഭോക്താവിന് ആഹ്ളാദം ലഭിക്കും. എല്ലാ സ്ഥാപനങ്ങളുടെയും ലക്ഷയ്ം അവരുടെ ഉപഭോക്താക്കൾക്ക് സംതൃപ്തി നൽകുക എന്നതാണ്.

2. സേവനത്തിന്റെ ഗുനിലവാരം

ഉയർന്ന ഗുണനിലവാരമുള്ള സേവനം നൽകി ഉപഭോക്താക്കളെ തൃപ്തരാക്കുക എന്നതാണ് ഇൻഷ്വറൻസ് കന്പനികളുടെയും അവരുടെ ഏജന്റുമാ ഉൾപ്പടെയുള്ള ഉദ്യോഗസ്ഥരുടെയും കടമ.

പക്ഷേ എന്താണീ ഉയർന്ന ഗുണനിലവാരത്തിലുള്ള സേവനം? എന്തെല്ലാമാണ് അതിന്റെ ഘടകങ്ങൾ?

സേവന ഗുണനിലവാരത്തിന്റെ ഏറ്റവും അറിയപ്പെടുന്ന മാതൃക ("**SERVQUAL**' എന്ന് അറിയപ്പെടുന്നു) നമുക്ക് ചില വീക്ഷണങ്ങ നൽകും. സേവന ഗുണനിലവാരത്തിന്റെ 5 പ്രധാന ഘടകങ്ങ അത് എടുത്തു കാണിക്കുന്നു:

a) **വിശ്വാസ്യത:** കൃത്യതയോടും അവലംബനീയത്തോടുംകൂടി ഉറപ്പ് നൽകിയിരുന്ന സേവനം ചെയ്യുന്നത് നൽകുന്നതിന്റെ കഴിവ്. സേവന ഗുണനിലവാരത്തിലെ 5 ഘടകങ്ങളിലെ ഏറ്റവും പ്രധാനപ്പെട്ട ഘടകമായിട്ടാണ് മിക്ക ഉപഭോക്താക്കളും വിശ്വാസ്യതയെ കാണുന്നത്.

b) **പ്രതികരിക്കൽ:** ഉപഭോക്താവിന്റെ ആവശ്യം അറിഞ്ഞ് പെട്ടെന്ന് പ്രതികരിക്കുകയും അവരെ സഹായിക്കുകയും ചെയ്യാനുള്ള സേവനദാതാവിന്റെ സന്മാനസ്സിലെയും കഴിവിനെയും പ്രതിപാദിക്കുന്നത്.

c) **ഉറപ്പ് നൽകൽ:** സേവനദാതാക്കളുടെ അറിവിനെയും കാര്യക്ഷതയേയും ഉപചാരത്തെയും വിശ്വാസം നേടിയെക്കുന്നതിനുള്ള അവരുടെ കഴിവിനെയും പ്രതിപാദിക്കുന്നു. സേവനം നൽകുന്ന ഉദ്യോഗസ്ഥ ഉപഭോക്താവിന്റെ ആവശ്യം മനസ്സിലാക്കി അത് എത്ര നന്നായി സാധിച്ചു കൊടുത്തുവെന്നുള്ള ഉപഭോക്താവിന്റെ വിലയിരുത്ത അനുസരിച്ചാണിത്.

d) **തൻമയീഭാവശക്തി:** ഇതിനെ മാനുഷിക പരിലാളനയായിട്ടാണ് കണക്കാക്കുന്നത്. ഉപഭോക്താവിന് നൽകുന്ന കരുതലിലും ഉപചാരത്തിലും ഇത് പ്രതിധ്വനിക്കും.

e) **വാസ്തവികമായത്:** ഉപഭോക്താവിന് കാണാനും കേൾക്കാനും തൊടാനും കഴിയുന്നതുമായ ഭൌതിക ഘടകങ്ങളെ പ്രതിനിധീകരിക്കുന്നു. ഉദാഹരണത്തിന്, ലൊക്കേഷ, രൂപരേഖ, ശുചിതം, മര്യാദ, പ്രൊഫഷണലിസം എന്നിവ ഇൻഷ്വറൻസ് കന്പനി സന്ദർശിക്കുന്ന വ്യക്തിയി മതിപ്പ് ഉണ്ടാക്കും. ഭൌതീക ഘടകങ്ങ വളരെ

പ്രാധാന്യമുള്ളതാണ് കാരണം ആത് യഥാർത്ഥ സേവനം ലഭിക്കുന്നതിന് മുൻപും പിന്നീടും ഒരു നല്ല മതിപ്പ് ഉപഭോക്താവി സൃഷ്ടിക്കും.

3. ഉപഭോക്ത്യ സേവനവും ഇൻഷ്വറൻസും

ഇൻഷ്വറൻസ് മേഖലയിലുള്ള ഏതെങ്കിലും സെയിൽസ് പ്രൊഡ്യൂസർമാരോട് എങ്ങനെ ഉന്നതപദവിയിലെത്തി എന്ന് ചോദിക്കുക. നിങ്ങൾക്ക് പൊതുവായ ഒരു ഉത്തരമായിരിക്കും ലഭിക്കുക, അവരുടെ ഉപഭോക്താവിന്റെ പിന്തുണയും അനുഗ്രഹവുമാണ് അവരുടെ ബിസിനസ്സ് കെട്ടി ഉയർത്താ സഹായച്ചത് എന്ന ഉത്തരം ലഭിക്കും.
അവരുടെ വരുമാനത്തിന്റെ നല്ലയൊരു പങ്കും കോൺട്രക്ട് പുതുക്കുന്നത് വഴി ലഭിക്കുന്ന കമ്മീഷനാണെന്ന് നിങ്ങൾക്ക് മനസ്സിലാക്കാ കഴിയും. അവരുടെ ഉപഭോക്താക്ക തന്നെയാണ് പുതിയ ഉപഭോക്താക്കളെ കണ്ടെത്താനുള്ള ശ്രോതസ്സ്.

എന്താണ് അവരുടെ വിജയത്തിന്റെ പിന്നിലുള്ള രഹസ്യം?
ഇതിനുള്ള ഉത്തരം മിക്കവാറും, ഉപഭോക്താക്കളെ സേവിക്കുന്നതിനുള്ള അർപ്പണബോധം എന്നായിരിക്കും.

ഉപഭോക്താവിനെ സന്തോഷകരമായി നിലനിർത്തുന്നത് കൊണ്ട് കമ്പനിയ്ക്കും ഏജന്റിനും എന്താണ് ഗുണം?

ഈ ചോദ്യത്തിനുള്ള ഉത്തരം, ഉപഭോക്താവിന്റെ ആജീവനാന്ത മൂല്യത്തിലേക്ക് എത്തിനോക്കുന്നത് ഉപയോഗപ്രദമായിരിക്കും.

ഉപഭോക്താവിന്റെ ആജീവനാന്ത മൂല്യം നിർവചിക്കുന്നത് ദീർഘകാലത്തേക്ക് ഉപഭോക്താവുമായി ഒരു നല്ല ബന്ധം നിലനിർത്തുന്നതുവഴി ലഭിക്കുന്ന സാമ്പത്തിക ഗുണങ്ങളാണ്.

പ്ലാൻ 1 : ഉപഭോക്താവിന്റെ ആജീവനാന്ത മൂല്യം



ഉപഭോക്താക്കളുമായി നല്ല ബന്ധം ഉണ്ടാക്കുന്ന ഒരു ഏജന്റിന്റെ പേരും പ്രശസ്തിയും വർദ്ധിക്കുകയും അങ്ങനെ ബിസിനസ്സ് വിപുലപ്പെടുത്താ കഴിയുകയും ചെയ്യും.

നിങ്ങൾക്കുള്ള പരീക്ഷ 1

ഉപഭോക്താവിന്റെ ആജീവനാന്ത മൂല്യം എന്നാലെന്ത്?

I. ഉപഭോക്താവിനെ ആജീവനാന്തം സേവിക്കുന്നതിന് ചെലവായ തുകയുടെ മൂല്യം
II. ബിസിനസ്സ് ഉണ്ടാക്കിയതിന്റെ അടിസ്ഥാനത്തി ഉപഭോക്താവിന് ലഭിച്ച റാങ്ക്
III. ദീർഘകാലത്തേക്ക് ഉപഭോക്താവുമായി ഒരു നല്ല ബന്ധം നിലനിർത്തുന്നതുവഴി ലഭിക്കുന്ന സാന്പത്തിക ഗുണങ്ങളെയാണ്.
IV. ഉപഭോക്താവിന് എടുക്കാ കഴിയുന്ന പരമാവധി ഇൻഷ്വറൻസ്

A. മഹത്തായ ഉപഭോക്തൃ സേവനങ്ങൾ നൽകുന്നതിൽ ഇൻഷ്വറൻസ് ഏജന്റിന്റെ റോൾ

മഹത്തായ ഉപഭോക്തൃ സേവനങ്ങ ഒരു ഇൻഷ്വറൻസ് ഏജന്റിന് എങ്ങനെ നൽകാ കഴിയുമെന്ന് നമുക്ക് നോക്കാം. റോ ആരംഭിക്കുന്നത് വിൽപന നടക്കുന്ന ഘട്ടത്തി തുടങ്ങി താഴെ കൊടുത്തിരിക്കുന്ന ഘട്ടങ്ങ ഉൾപ്പടെയുള്ള കോൺട്രോക്ടിന്റെ കാലാവധി അവസാനിക്കുന്നത് വരെ തുടരും. കോൺട്രോക്ടിലോ ചില നാഴികകല്ലുകളെക്കുറിച്ചും ഓരോ ഘട്ടത്തിലെയും റോളിനേക്കുറിച്ചും നമുക്ക് നോക്കാം.

1. വിൽപന നടക്കുന്ന സമയത്ത് - മികച്ച ഉപദേശം

സേവനത്തിന്റെ ആദ്യ ഘട്ടം വിൽപന നടക്കുന്ന സമയത്തെ സേവനമാണ്. നോ-ലൈഫ് ഇൻഷ്വറൻസ് വാങ്ങുന്പോഴുള്ള ഏറ്റവും സങ്കീർണ്ണമായ പ്രശ്നം പരിരക്ഷ തുക **(ഇൻഷ്വർ ചെയ്യേണ്ട തുക)** നിർണ്ണയിക്കുന്നതാണ്.

മറ്റേതെങ്കിലും രീതിയി റിസ്ക് മാനേജ് ചെയ്യാ കഴിയുമെങ്കി ഒരിക്കലും ഇൻഷ്വറൻസ് ശുപാർശ ചെയ്യരുത് -ഈ പ്രധാനപ്പെട്ട കാര്യം എപ്പോഴും മനസ്സിലുണ്ടായിരിക്കണം. പ്രതീക്ഷിക്കുന്ന നാശനഷ്ടം ഇൻഷ്വറൻസ് ചെലവിനേക്കാ കുറവാണെന്ന് ഇൻഷ ചെയ്യുന്ന വ്യക്തി ഉറപ്പാക്കിയിരിക്കണം. നാശനഷ്ടവുമായി തുലനം ചെയ്യുന്പോ ഇൻഷ്വറൻസിന്റെ പ്രീമിയം കൂടുതലാണെങ്കി, റിസ്ക് സഹിക്കുക ആയിരിക്കും നല്ലത്.

ഏതെങ്കിലും അനിഷ്ടസംഭവം വലിയ സന്പത്തിക ബാദ്ധ്യതയിലേക്ക് നയിക്കുമെങ്കി അത്തരം സംഭവങ്ങക്കുള്ള പരിരക്ഷ എടുക്കുന്നതായിരിക്കും നല്ലത്.

ഇൻഷ്വറൻസ് വേണമോ വേണ്ടയോ എന്ന് തീരുമാനിക്കുന്നത് സന്ദർഭങ്ങ അനുസരിച്ചാണ്.

ഉദാഹരണം

പ്രളയസാദ്ധ്യതയേറിയ പ്രദേശത്ത് താമസിക്കുന്ന വീട്ടുടമ, പ്രളയത്തിന് എതിരെയുള്ള പരിരക്ഷ എടുക്കുന്നത് സഹായകരമായിരിക്കും.

അതുപോലെ, പ്രളയസാദ്ധ്യത ഇല്ലാത്ത പ്രദേശത്ത് താമസിക്കുന്ന വീട്ടുടമ, പ്രളയത്തിന് എതിരെയുള്ള പരിരക്ഷ എടുക്കേണ്ട ആവശ്യമില്ല.

ഇന്ത്യയിൽ നിയപ്രകാരം തേഡ് പാർട്ടിയ്ക്ക് എതിരെയുള്ള മോട്ടോർ ഇൻഷ്വറൻസ് നിർബന്ധമാണ്. അത്തരം സന്ദർഭത്തി, ഇൻഷ്വറൻസ് വേണമോ വേണ്ടയോ എന്നുള്ള തർക്കത്തിന് പ്രാധാന്യമില്ല.

വണ്ടി പൊതു നിരത്തിലൂടെ ഓടിക്കണമെങ്കി വാഹനമുള്ള ഒരു വ്യക്തി തേഡ് പാർട്ടി മോട്ടോ ഇൻഷ്വറൻസ് എടുക്കേണ്ടത് നിർബന്ധമാണ്. അതേ സമയം, നിർബന്ധമില്ലെങ്കിലും കാറിന്റെ കേടുപാടുകൾക്കുള്ള പരിരക്ഷ എടുക്കുന്നത് വിവേകമുള്ള തീരുമാനമാണ്.

ഒരാൾക്ക് സ്വയമേ ഉണ്ടാകുന്ന നാശനഷ്ടത്തിൻ, ഇൻഷ ചെയ്യുന്ന വ്യക്തി ഡിഡക്ടബി തിരഞ്ഞെടുക്കുന്നത് നന്നായിരിക്കും. വൻകിട ഉപഭോക്താക്കളുടെ ആവശ്യങ്ങ വ്യത്യസ്തമായിരിക്കും, ഫാക്ടറിയുടെ പരിരക്ഷയി തുടങ്ങി അളുകളുടെ, കാറുകളുടെ, തുടങ്ങിയവ. അവർക്ക് പരിരക്ഷയെക്കുറിച്ചും പോളിസികളെക്കുറിച്ചും ശരിയായ ഉപദേശം 'ആവശ്യമാണ്.

മിക്ക നോ-ലൈഫ് ഇൻഷ്വറൻസ് പോളിസികളും രണ്ട് വിഭാഗങ്ങളായിട്ടാണ് തിരിച്ചിരിക്കുന്നത്:

- ✓ നേയ്മിഡ് പേരി പോളിസിക
- ✓ ഓ റിസ്ക് പോളിസിക

രണ്ടാമത് പറഞ്ഞത് വളരെ ചെലവേറിയതാണ് കാരണം പോളിസിയി പ്രത്യേകമായി ഒഴിവാക്കാത്ത എല്ലാ നഷ്ടങ്ങൾക്കും ഇത് പരിരക്ഷ നൽകും. അതുകൊണ്ടാണ് നേയിംഡ് പേരി പോളിസിക തിരഞ്ഞെടുക്കുന്നത്, സംഭവിക്കാ സാദ്ധ്യത കൂടുതലുള്ള വിപത്തുക്കൾക്ക് മാത്രം പരിരക്ഷ നൽകുകയുള്ളു, അങ്ങനെ പ്രീമിയം ലാഭിക്കുകയും ഇൻഷ ചെയ്യുന്ന വ്യക്തിയുടെ അവശ്യാനുസരണം പരിരക്ഷ എടുക്കുകയും ചെയ്യാം.

ഏജന്റ് എപ്പോഴാണോ വിഷയത്തിന് അനുയോജ്യമായ ഉപദേശം നൽകുന്നത് അപ്പോ മുത അവർക്ക് കമ്മീഷ യഥാർത്ഥത്തി ലഭിച്ച് തുടങ്ങും. ഒരു കാര്യം ഏജന്റ് എപ്പോഴും ഓർക്കുന്നത് നന്നായിരിക്കും, ഒരാ ഇൻഷ്വറൻസ് എടുക്കാ തീരുമാനിക്കുന്നത് റിസ്കിനെ കൈകാര്യം ചെയ്യാനാണ്, ഇൻഷ്വറൻസിന്റെ റിസ്ക് കുറയ്ക്കുന്നതിന് ഓപ്ഷനായി റിസ്ക് നിലനിർത്തുക അഥവാ നാശനഷ്ടം തടയുക പോലുള്ള ടെക്നിക്കുകളുണ്ട്.

ഇൻഷ ചെയ്യുന്ന വ്യക്തി ചോദിക്കാ സാദ്ധ്യയുള്ള ചോദ്യങ്ങളാണ്:

- ✓ ഡിഡക്ടബിൾസ് തിരഞ്ഞെടുക്കുകയാണെങ്കി എത്ര രൂപ പ്രീമിയത്തി ലാഭിക്കാനാവും?
- ✓ നാശനഷ്ടം തടയുന്ന പ്രവൃത്തി മൂലം പ്രീമിയങ്ങളി എത്ര രൂപ കുറയ്ക്കാനാവും?

നോ-ലൈഫ് ഇൻഷ്വറൻസ് പോളിസി വിൽക്കുന്നതിനായി ഉപഭോക്താവിനെ ഏജന്റ് സമീപിക്കുന്പോ, ഏജന്റ് സ്വയം ഒരു ഉപഭോക്താവായി ചില ചോദ്യങ്ങ തന്നോട് തന്നെ ചോദിക്കണം. അയാ അവിടെ പോകുന്നത് വിൽപന നടത്താനാണോ ഉപഭോക്താവിന്റെ റിസ്ക് പര്യാപ്തമായ രീതിയി കൈകാര്യം ചെയ്യാ സഹായിക്കുന്ന ഒരു പങ്കാളി അഥവഒരു കോച്ച് എന്ന നിലയിലാണോ?

ഉപഭോക്താവിന്റെ വീക്ഷണം വ്യത്യസ്തമായിരിക്കും. അയാ ചെലവാക്കുന്ന ഓരോ രൂപയ്ക്കും പരമാവധി ഇൻഷ്വറൻസ് ലഭിക്കുന്നുണ്ടോ എന്ന കാര്യത്തി അത്ര ഉത്കണ്ഠകുലനായിരിക്കുകയില്ല പക്ഷേ റിസ്ക് കൈകാര്യം ചെയ്യുന്നതിനുള്ള ചെലവ് കുറയ്ക്കുന്നതിലായിരിക്കും ശ്രദ്ധ. അങ്ങനെ ഉപഭോക്താവിന് കൈകാര്യം ചെയ്യാ കഴിയാത്ത റിസ്ക് മാത്രം ഇൻഷ ചെയ്യും.

മറ്റൊരു തരത്തി ഇൻഷ്വറൻസ് ഏജന്റിന്റെ റോ ഒരു സെയിൽസ്മാനെക്കാളും വളരെ പ്രാധാന്യമുള്ളതാണ്. **അയാൾ ഒരു റിസ്ക് വിലയിരുത്തുന്നവനും, അണ്ടർറൈറ്ററും റിസ്ക് മാനേജ്മെന്റ് കൌൺലിസറും അവശ്യമായ പരിഹാരം രൂപകൽപന ചെയ്യുന്നാവനും ബന്ധങ്ങൾ നില നിർത്താൻ കഴിവുള്ളവനും ആയിരിക്കണം, അതായത് എല്ലാ റോളുകളും ഒറ്റയ്ക്ക് ചെയ്യാൻ കഴിയണം.**

2. പ്രൊപ്പോസ് ചെയ്യുന്ന ഘട്ടം

ഇൻഷ്വറൻസിന്റെ പ്രൊപ്പോസ് പൂരിപ്പിക്കുന്നതിന് ഉപഭോക്താവിനെ ഏജന്റ് സഹായിക്കണം. അതിലെ പ്രസ്താവനകൾക്ക് ഇൻഷ്വ് ചെയ്യുന്ന വ്യക്തി ബാധ്യസ്ഥനായിരിക്കും. പ്രൊപ്പോസ് ഫോമിനെപ്പറ്റി നമ്മ് പാഠം 5-ൽ ചർച്ച ചെയ്തിട്ടുണ്ട്.

പ്രൊപ്പോസ് ഫോമിലെ ഓരോ കാര്യങ്ങളും പൂരിപ്പിക്കുന്പോഴും ഏജന്റ് പ്രൊപ്പോസർക്ക് ഓരോന്നും നന്നായി വിശദീകരിച്ച് കൊടുക്കണം. ക്ലെയിമിന്റെ സമയത്ത്, ശരിയായതും പൂർണ്ണമായ വിവരങ്ങൾ നൽകിയത് മൂലം ഉപഭോക്താവിന്റെ ക്ലെയിം കുഴപ്പത്തിലാകും.

ചില സമയത്ത് പോളിസി പൂർത്തികരിക്കാൻ അധിക വിവരങ്ങൾ ആവശ്യമായി വന്നേക്കും. അത്തരം സന്ദർഭങ്ങളിൽ ഉപഭോക്താവിനെ നേരിട്ടോ അല്ലെങ്കിൽ ഏജന്റ് മുഖേനെയോ വിവരം അറിയിക്കും. ആവശ്യമായ എല്ലാ കടന്പകളും പൂർത്തീകരിക്കുന്നതിനും ഉപഭോക്താവിനെ സഹായിക്കേണ്ടത് അത്യാവശ്യമാണ് അതുപോലെ ഓരോന്നും എന്തിനാണെന്ന് ഉപഭോക്താവിന് വിശദീകരിച്ച് കൊടുക്കുകയും വേണം.

3. സ്വീകരിക്കുന്ന ഘട്ടം

a) കവർ നോട്ട്

കവർ നോട്ടിനെപ്പറ്റി പാഠം 5-ൽ നമ്മ് ചർച്ച ചെയ്തിട്ടുണ്ട്. ഇൻഷ്വ് ചെയ്ത വ്യക്തിക്ക്, ആവശ്യമെങ്കിൽ, ഇൻഷ്വറൻസ് കന്പനി കവർ നോട്ട് നൽകിയെന്ന് ഉറപ്പാക്കേണ്ടത് ഏജന്റിന്റെ കടമയാണ്. ഈ വിഷയത്തിലുള്ള ശുഷ്കാന്തി കന്പനിയുടെയും ഏജന്റിന്റെയും കൈയ്യിൽ ഉപഭോക്താവിന്റെ താത്പര്യങ്ങൾ സുരക്ഷിതമാണെന്ന് അവരോട് ആശയവിനിമയം നടത്തുക.

b) പോളിസി ഡോക്കുമെന്റുകൾ നൽകുക

പോളിസി ഡോക്കുമെന്റുകൾ നൽകുക എന്നത് ഏജന്റിന് ഉപഭോക്താവിമായി ബന്ധപ്പെടുന്നതിനുള്ള മറ്റൊരു പ്രധാന അവസരമാണ്. പോളിസി ഡോക്കുമെന്റ് നേരിട്ട് നൽകാൻ കന്പനിയുടെ ചട്ടങ്ങൾ പ്രകാരം അനുവദനീയമെങ്കിൽ അത് വാങ്ങി നേരിട്ട് ഉപഭോക്താവിനെ ഏൽപ്പിക്കുക എന്നത് നല്ല ഒരു ആശയമാണ്.

പോളിസി നേരിട്ട് അയച്ചു കൊടുക്കുകയാണെങ്കിൽ, ഡോക്കുമെന്റ് അയച്ചതിനുശേഷം ഉപഭോക്താവുമായി ബന്ധപ്പെടാം. ഡോക്കുമെന്റിലെ മനസ്സിലാക്കാൻ ബുദ്ധിമുട്ടുള്ള ഭാഗങ്ങൾ വിശദമായി പറഞ്ഞു കൊടുക്കാനായി ഉപഭോക്താവിനെ സന്ദർശിക്കാം. ഈ അവസരത്തിൽ പോളിസിയിലെ വിവിധ പ്രൊവിഷനുകളും പോളിസിയുടമയുടെ അവകാശങ്ങളും ഉപഭോക്താവിനെ പറഞ്ഞു മനസ്സിലാക്കാം. ഈ പ്രവൃത്തി വിൽപനയ്ക്ക് ശേഷമുള്ള സേവനത്തിന്റെ തലമാണ് എടുത്ത് കാണിക്കുക.

ഈ അവസരത്തിൽ ഏജന്റിന് ഉപഭോക്താവിന് എല്ലാവിധ സഹായങ്ങൾ വാഗ്ദാനം ചെയ്യാനും പിന്തുണ പ്രഖ്യാപിക്കുകയും ചെയ്യാം.

അടുത്തപടി എന്തെന്നാൽ ഉപഭോക്താവിനോട് അയാൾക്ക് പരിചയമുള്ള പോളിസി എടുക്കാൻ താത്പര്യമുള്ളവരെ കുറിച്ച് ചോദിച്ചറിയാം. ഉപഭോക്താവ തന്നെ ഇവരുമായി ബന്ധപ്പെട്ട് ഏജന്റിനെ അവർക്ക് പരിചയപ്പെടുത്തുകയാണെങ്കിൽ അത് ബിസിനസ്സിന്റെ വളർച്ചയ്ക്ക് വളരെ പ്രയോജനം ചെയ്യും.

c) പോളിസി പുതുക്കൽ

നോൺ-ലൈഫ് ഇൻഷ്വറൻസ് പോളിസിക□ ഓരോ വർഷവും പുതുക്കണം, ഓരോ വർഷവും പുതുക്കുന്പോ□ അതേ കന്പനിയി□ തന്നെ തുടരണോ അതോ മറ്റൊരു കന്പനിയിലേക്ക് മാറണോ എന്ന് തീരുമാനിക്കാനുള്ള അവസരം ഉപഭോക്താവിനുണ്ട്. ഈ സങ്കീർണ്ണ മുഹൂർത്തത്തിലാണ് കന്പനിയും ഏജന്റും ഉണ്ടാക്കിയെടുത്തിരിക്കുന്ന പേരും പ്രശസ്തിയും പരീക്ഷിക്കപ്പെടുന്നത്.

പോളിസിയുടെ കാലാവധി തീരുന്നതിനെക്കുറിച്ചുള്ള അറിയിപ്പ് നിയപരമായി നൽകേണ്ട ആവശ്യം കന്പനിക്ക് ഇല്ലെങ്കിലും, മര്യാദയുടെ പേരിലും ആരോഗ്യപരമായ ഒരു ബിസിനസ്സ് തന്ത്രമെന്ന നിലയിലും ഇൻഷ്വറർമാ□ "പുതുക്ക□ നോട്ടിസ്" കാലാവധി തീരുന്നതിന് ഒരു മാസം മുന്പ് അയക്കും. പുതുക്കുന്ന തീയതി അടുത്തു വരുന്പോ□ ഉപഭോക്താവുമായി ബന്ധപ്പെട്ട് പോളിസി പുതുക്കാ□ ഏജന്റിന് അറിയിക്കാം.

സമയാസമയങ്ങളി□ ഉപഭോക്താവുമായി ബന്ധപ്പെട്ട് ഏജന്റിന് അവരുമായി ഒരു ഉഷ്മള ബന്ധം നിലനിർത്താം. അതുപോലെ ഉപഭോക്താവ് ബുദ്ധിമുട്ടോ ദുഖമോ അനുഭവിക്കുന്ന അവസരത്തി□ സഹായസഹകരണങ്ങ□ വാഗ്ദാനം ചെയ്യാം.

4. ക്ലെയിം ചെയ്യുന്ന ഘട്ടം

ക്ലെയിം സെറ്റി□ ചെയ്യുന്ന സമയത്ത് ഏജന്റിന്റെ റോ□ വളരെ സങ്കീർണ്ണമാണ്. ക്ലെയിമിന് കാരണമായ സംഭവം ഉണ്ടായാലുടനെ ഇൻഷ്വററെ എത്രയും പെട്ടെന്ന് അറിയിക്കുക എന്നത് ഏജന്റിന്റെ ജോലിയാണ്, അങ്ങനെ ഉപഭോക്താവ് ശ്രദ്ധാപൂർവ്വം ഔദ്യോഗിക കടന്പകളെല്ലാം പൂർത്തിയാക്കും, മാത്രമല്ല നാശനഷ്ടം വിലയിരുത്തുന്നതിനുള്ള അന്വേഷണങ്ങൾക്ക് എല്ലാ വിധത്തിലുള്ള സഹായങ്ങളും ചെയ്യണം.

നിങ്ങൾക്കുള്ള പരീക്ഷ 2

ഇൻഷ്വറൻസ് വേണോ വേണ്ടയോ എന്ന തർക്കത്തിന് പ്രസക്തിയില്ലാത്ത സന്ദർഭം ഏതെന്ന് തിരിച്ചറിയുക

I. പ്രോപ്പർട്ടി ഇൻഷ്വറൻസ്
II. ബിസിനസ്സ് ലയബിലിറ്റി ഇൻഷ്വറൻസ്
III. തേഡ് പാർട്ടി ബാദ്ധ്യതയ്ക്കുള്ള മോട്ടോ□ ഇൻഷ്വറൻസ്
IV. അഗ്നിബാധ ഇൻഷ്വറൻസ്

ഒരു കാര്യം ചെയ്യുന്നതിനുള്ള തന്റെ താത്പര്യം, ആ പ്രവൃത്തിയ്ക്കായി മറുകക്ഷിയുടെ സമ്മതം ലഭിക്കുന്നതിനായി ഒരു കക്ഷി അറിയിക്കുന്നത്, ആയാള് ഒരു പ്രൊപ്പോസല് അഥവാ വാഗ്ദാനം മുന്നോട്ട് വെയ്ക്കുന്നതാണ്. പൊതുവേ വാഗ്ദാനം മുന്നോട്ട് വെയ്ക്കുന്നത് പ്രൊപ്പോസറും അത് സ്വീകരിക്കുന്നത് ഇൻഷ്വററുമാണ്.

ഏത് വ്യക്തിയ്ക്കാണോ വാഗ്ദാനം ചെയ്യുന്നത് ആ വ്യക്തി സമ്മതം അറിയിക്കുന്പോള്, അത് സ്വീകരിക്കലായി കരുതും. അങ്ങനെ ഒരു പ്രൊപ്പോസല് സ്വീകരിക്കപ്പെടുകയും, അത് ഒരു വാക്കുറപ്പിക്കലായി മാറുകയും ചെയ്യുന്നു.

സ്വീകരിച്ചു എന്ന വിവരം പ്രൊപ്പോസറെ അറിയിക്കണം അതിന്റെ ഫലമായി ഒരു കേൺട്രാക്ട് രൂപപ്പെടും.

പ്രൊപ്പോസല് ഇൻഷ്വറൻസ് പ്ലാനിലെ വ്യവസ്ഥകള് സ്വീകരിക്കുകയും തുക നിക്ഷേപിക്കുക വഴി തന്റെ സമ്മതം അറിയിക്കുകയും ചെയ്യുന്നു പ്രൊപ്പോസല് സ്വീകരിക്കുന്നതോടെ അത് ആദ്യത്തെ പ്രീമിയമായി പരിവർത്തനം ചെയ്യുകയും പ്രൊപ്പോസല് പോളിസിയായി മാറുകയും ചെയ്യുന്നു.

എന്തെങ്കിലും വ്യവസ്ഥ മുന്നോട്ട് വെയ്ക്കുകയാണെങ്കില് അത് ഒരു പ്രതികൂല വാഗ്ദാനമായി മാറും.

പോളിസി ബോണ്ട് കോൺട്രാക്ടിന്റെ തെളിവാണ്.

ii. ആനുകൂല്യം

ഇതിന്റെ അർത്ഥം കോൺട്രാക്ടില് ഇരുകക്ഷികൾക്കും പരസ്പര ആനുകൂല്യം ലഭിക്കുന്ന ചില ഘടകങ്ങളുണ്ടായിരിക്കും. ഇൻഷ്വര് ചെയ്യുന്ന വ്യക്തിയില് നിന്നുള്ള ആനുകൂല്യമാണ് പ്രീമിയം, നഷ്ടപരിഹാരം നൽകാമെന്നുള്ള ഉറപ്പാണ് ഇൻഷ്വറർമാരില് നിന്നുള്ള ആനുകൂല്യം.

iii.ഇരുകക്ഷികളും തമ്മിലുള്ള ഉടമ്പടി

ഇരുകക്ഷികളും ഒരേ അർത്ഥത്തില് കാര്യം ഗ്രഹിച്ച് സമ്മതം അറിയിക്കണം. മറ്റൊരുതരത്തില്, ഇരുകക്ഷികൾക്കുമിടയില് "**അഭിപ്രായൈക്യം (കൺസെൻസ്സ് ആഡ്-ഐഡം)**" ഉണ്ടായിരിക്കണം. ഇൻഷ്വറൻസ് കമ്പനിയും പോളിസിയുടമയും ഒരേ അർത്ഥത്തില് കാര്യം ഗ്രഹിച്ച് സമ്മതം അറിയിക്കണം.

iv.സ്വന്തം തീരുമാനം (സമ്മതം)

സ്വന്തം തീരുമാനപ്രകാരമായിരിക്കണം കോൺട്രോക്ടില് പ്രവേശിക്കേണ്ടത്.

തീരുമാനം സ്വന്തമാണെന്ന് പറയുന്നത്, താഴെ കൊടുത്തിരിക്കുന്നതവ മൂലമല്ലെങ്കില് മാത്രമാണ്

- ✓ ഭീഷണി
- ✓ അനുചിതമായ സ്വാധീനം
- ✓ വഞ്ചന
- ✓ തെറ്റിദ്ധരിപ്പിക്കല്
- ✓ പിശക്

ഭീഷണി, വഞ്ചന അഥവാ തെറ്റിദ്ധരിപ്പിക്കല് മൂലമാണ് ഉടമ്പടിയ്ക്ക് സമ്മതം നൽകിയതെങ്കില് ആ ഉടമ്പടിയ്ക്ക് സാധുത ഉണ്ടായിരിക്കില്ല.

v. ഇരുകക്ഷികളുടെയും പ്രാപ്തി

കോൺട്രാക്ടിലെ ഇരുകക്ഷികളും നിയമപരമായി കോൺട്രാക്ടില് പ്രവേശിക്കുന്നതിന് പ്രാപ്തരായിരിക്കണം. പ്രൊപ്പോസല് ഒപ്പിടുന്ന സമയത്ത് പോളിസിയുടമ പ്രായപൂർത്തിയായതും നല്ല മാനസിക നിലയിലുള്ളതുമായ വ്യക്തിയായിരിക്കണം മാത്രമല്ല കരാറില് ഏർപ്പെടുന്നതിന് നിയമപരമായി യാതൊരു അയോഗ്യതയുള്ള വ്യക്തി ആയിരിക്കരുത്. ഉദാഹരണത്തിന്, പ്രായപൂർത്തിയാകാത്തവർക്ക് ഇൻഷ്വറൻസ് കോൺട്രാക്ടില് പ്രവേശിക്കാന് പറ്റില്ല.

vi.നിയമസാധുത

കോൺട്രാക്ടിലെ വസ്തുവിന് നിയമസാധുതയുള്ളതായിരിക്കണം, ഉദാഹരണത്തിന്, നിയമവിരുദ്ധമായ പ്രവൃത്തികൾക്ക് ഇൻഷ്വറൻസ് ലഭിക്കുകയില്ല. എഗ്രിമെന്റിലെ

വസ്തു നിയമപരമല്ലെങ്കില് അതിന് സാധുത ഉണ്ടായിരിക്കുകയില്ല. ഒരു ഇൻഷ്വറൻസിലെ വസ്തു നിയമാനുസൃതമായ വസ്തുവായിരിക്കണം.

പ്രധാനപ്പെട്ടത്

i. ഭീഷണി - ക്രിമിനല് മനോഭാവത്തോടുകൂടി സമ്മർദ്ദം ചെലുത്തുക.

ii. അനുചിതമായ സ്വാധീനം - മറ്റൊരാളുടെ താത്പര്യങ്ങൾക്ക് മുകളില് മേൽക്കൊയ്മയുള്ള ഒരു വ്യക്തി തന്റെ സ്ഥാനമാനം ഉപയോഗിച്ച് മറ്റേ വ്യക്തിയുടെ മേല് അനുചിതമായ സ്വാധീനം ചെലുത്തും.

iii. വഞ്ചന - ഒരു വ്യക്തി മറ്റൊരാളെ തെറ്റായ പ്രവൃത്തി ചെയ്യാന് പ്രേരിപ്പിക്കുക. ഇത് മനപൂർവ്വം വസ്തുനിഷ്ഠത മറച്ചുവച്ചോ അല്ലെങ്കില് തെറ്റിദ്ധരിപ്പിച്ചോ ആകാം.

iv. പിശക് - ഒരാളുടെ വിജ്ഞാനത്തിന് അഥവാ വിശ്വാസത്തിന് അഥവാ ചില സംഗതിയുടയോ സന്ദർഭത്തിന്റെയോ വ്യാഖ്യാത്തിന് തെറ്റ് പറ്റാം. ഇത് കോൺട്രാക്ടിലെ വസ്തുനിഷ്ഠയുടെ എഗ്രിമെന്റിനും അത് മനസ്സിലാക്കുന്നതിലും പിശക് സംഭവിക്കുന്നതിലേക്ക് നയിച്ചേക്കാം.

---

2. ഇൻഷ്വറൻസ് കോൺട്രാക്ടുകള് - പ്രത്യേക സവിശേഷതകളും

a) ഉബ്റീമ ഫൈഡ്സ് (ഏറ്റവും മികച്ച വിശ്വാസം)

ഇത് ഇൻഷ്വറൻസ് കോൺട്രാക്ടിലെ അടിസ്ഥാന തത്വങ്ങളില് ഒന്നാണ്. ഇതിനെ ഉബ്റീമ ഫൈഡ്സ് എന്നും പറയും, ഇതിന്റെ അർത്ഥം കോൺട്രാക്ടിലെ ഓരോ കക്ഷിയും ഇൻഷ്വറൻസുമായി ബന്ധപ്പെട്ട എല്ലാ വസ്തുനിഷ്ഠതകളും വെളിപ്പെടുത്തണം.

മികച്ച വിശ്വാസവും ഏറ്റവും മികച്ച വിശ്വാസവും തമ്മില് താരതമ്യം പോലും ചെയ്തേക്കാം. പൊതുവേ എല്ലാ വാണിജ്യ കോൺട്രാക്ടുകൾക്കും അവരുടെ ഇടപാടുകളില് മികച്ച വിശ്വാസം പുലർത്തേണ്ടത് ആവശ്യമാണ് മാത്രമല്ല വിവരങ്ങ നൽകുന്പോള് കളവോ വഞ്ചനയോ കാട്ടാന് പാടില്ല. മികച്ച വിശ്വാസം എന്ന നിയമപരമായ ഈ കർത്തവ്യം കൂടാതെ, വിൽപ്പനക്കാരന് വാങ്ങുന്നയാളോട് കോൺട്രാക്ടിന്റെ വസ്തുനിഷ്ഠതയെക്കുറിച്ച് മറ്റ് വിവരങ്ങള് തുറന്ന പറയുന്നതിന് ബാദ്ധ്യസ്ഥനല്ല.

ഇവിടെ പാലിക്കുന്നത് **"കാവേറ്റ് എംപ്റ്റല്" എന്ന തത്വമാണ് അതായത് വാങ്ങുന്നവര്ക്ക് ജാഗ്രത**. കരാറിലെ വിഷയത്തെപ്പറ്റി ഇരുകക്ഷികളും പരിശോധിക്കണം. ഓരോ വ്യക്തിയ്ക്ക് മറ്റേ കക്ഷിയുടെ പ്രസ്താവന ശരിയാണോ എന്ന് ഉറപ്പാക്കാം. പ്രസ്താവനങ്ങള് വിശ്വാസത്തില് എടുക്കണമെന്ന് നിർബന്ധമില്ല, മറുകക്ഷി കോൺട്രാക്ട് അവഗണിക്കുന്നതിനെപ്പറ്റി ചോദ്യം ചെയ്യാനാവില്ല.

ഏറ്റവും മികച്ച വിശ്വാസം: ഇൻഷ്വറൻസ് കോൺട്രാക്ടുകള് വ്യത്യസ്തമായ ഒരു നിലപാടിലാണ് നിൽക്കുന്നത്. ഒന്നാമതായി, കോൺട്രാക്ടിലെ വിഷയം കാണാന് കഴിയുന്നതല്ല, മാത്രമല്ല ഇത് നേരിട്ടുള്ള വിക്ഷണത്തിലൂടെയോ ഇൻഷ്വററുടെ അനുഭവത്തിലൂടെയോ പെട്ടെന്ന് മനസ്സിലാക്കാന് കഴിയില്ല. ഇത് കൂടാതെ വേറെയും വസ്തുതകളുണ്ട്, അതിന്റെ സവിശേഷത അനുസരിച്ച് പ്രൊപ്പോസർക്ക് മാത്രമേ ചിലപ്പോള് അറിയുകയുള്ളു. ഇൻഷ്വറര്ക്ക് പൂർണ്ണമായും പ്രൊപ്പോസല് നൽകുന്ന വിവരങ്ങളെ ആശ്രയിക്കേണ്ടി വരും.

ആയതിനാല് ഇൻഷ്വറൻസുമായി ബന്ധപ്പെട്ട വസ്തുനിഷ്ഠമായ കാര്യങ്ങള് ഇൻഷ്വററെ അറിയിക്കുക എന്നത് പ്രൊപ്പോസറുടെ കടമയാണ്.

ഉദാഹരണം

ഡേവിഡ് ലൈഫ് ഇൻഷ്വറൻസ് പോളിസിക്കായി ഒരു പ്രൊപ്പോസല് മുന്നോട്ട് വച്ചു. പോളിസിയ്ക്ക് അപേക്ഷിച്ച സമയത്ത് ഡേവിഡ് പ്രമേഹ ചികിത്സയിലായിരുന്നു. പക്ഷേ ഡേവിഡ് ഈ വിവരം ലൈഫ് ഇൻഷ്വറൻസ് കമ്പനിയില് വെളിപ്പെടുത്തിയില്ല. ഡേവിഡിന് ഏകദേശം 30 വയസ്സായിരുന്നു, ആയതിനാല് ലൈഫ് ഇൻഷ്വറൻസ് കമ്പനി ഡേവിഡിനോട് മെഡിക്കല് പരിശോധന ചെയ്യാന് ആവശ്യപ്പെടാതെ തന്നെ പോളിസ് നൽകി. കുറച്ച് വർഷങ്ങൾക്ക് ശേഷം ഡേവിന്റെ ആരോഗ്യനില വഷളാകുകയും ആശുപത്രിയില് പ്രവേശിപ്പിക്കുകയും ചെയ്തു. അസുഖം മൂർച്ഛിച്ച് കുറച്ച് ദിവസങ്ങൾക്കുള്ളില് തന്നെ ഡേവിഡ് മരണപ്പെട്ടു. ഇൻഷ്വറൻസ് കമ്പനിയെ ക്ലെയിനായി ബന്ധപ്പെട്ടു.

ഡേവിഡിന്റെ അവകാശിയെ അമ്പരിപ്പിച്ചുകൊണ്ട് ഇന്ഷ്വറന്സ് കമ്പനി ക്ലെയിം തള്ളി. ഇന്ഷ്വറന്സ് കമ്പനിയുടെ അന്വേഷണത്തില് പോളിസി എടുത്ത സമയത്ത് ഡേവിഡിസ് പ്രമേഹം ഉണ്ടായിരുന്നുവെന്നും അത് ഡേവിഡ് മനഃപ്പൂര്വ്വം മറച്ചുവച്ചുവെന്നും കണ്ടെത്തി. ആയതിനാല് ഇന്ഷ്വറന്സ് കോണ്ട്രാക്ട് അസാധുവാണെന്ന് പ്രഖ്യാപിക്കുകയും ക്ലെയിം തള്ളുകയും ചെയ്തു.

വസ്തുനിഷ്ഠമായ വിവരങ്ങള് നൽകിയാല് മാത്രമേ ഇൻഷ്വറർക്ക് താഴെ കൊടുത്തിരിക്കുന്നതിനെപ്പറ്റി തീരുമാനം എടുക്കാന് കഴിയുകയുള്ളൂ:

- ✓ റിസ്ക് സ്വീകരിക്കണോ?
- ✓ സ്വീകരിക്കുന്നെങ്കില്, പ്രീമിയം നിരക്ക് എത്രയായിരിക്കണം, എന്തൊക്കെ ചട്ടങ്ങളും വ്യവസ്ഥകളും അനുസരിച്ചായിരിക്കണം?

ഏറ്റവും മികച്ച വിശ്വാസം എന്ന ഈ നിയമപരമായ കർത്തവ്യം പൊതു നിയമത്തിന്റെ കീഴിലാണ് ഉടലെടുക്കുന്നത്. പ്രൊപ്പോസർക്ക് അറിയാവുന്ന വസ്തുനിഷ്ഠമായ കാര്യങ്ങ്ക്ക് മാത്രമല്ല പ്രൊപ്പോസല് അറിയേണ്ട വസ്തുനിഷ്ഠമായ കാര്യങ്ങള്ക്കും ഈ കർത്തവ്യം ബാധകമാണ്.

ഉദാഹരണം

താഴെ കൊടുത്തിരിക്കുന്നത് പ്രൊപ്പോസലിന്റെ സമയത്ത് പ്രൊപ്പോസല് വെളിപ്പെടുത്തേണ്ട വസ്തുനിഷ്ഠമായ കാര്യങ്ങൾക്കുള്ള ഉദാഹരണങ്ങളാണ്:

i. **ലൈഫ് ഇൻഷ്വറൻസ്:** സ്വന്തം മെഡിക്കല് ചരിത്രം, പാരമ്പര്യ രോഗങ്ങളെക്കുറിച്ചുള്ള കുടുംബ ചരിത്രം, മദ്യപാനം-പുകവലി പോലുള്ള ശീലങ്ങള്, ജോലിയുണ്ടോ എന്ന കാര്യം, വയസ്സ്, വിനോദങ്ങള്, പ്രൊപ്പോസറുടെ വരുമാനം പോലുള്ള സാമ്പത്തിക വിവരങ്ങള്, മറ്റ് ലൈഫ് ഇൻഷ്വറൻസ് പോളിസിയുണ്ടോ എന്ന കാര്യം, തൊഴില്, തുടങ്ങിയവ.

ii. **അഗ്നിബാധ ഇൻഷ്വറൻസ്:** കെട്ടിടത്തിന്റെ നിർമ്മാണവും ഉപയോഗവും, കെട്ടിടത്തിന്റെ പഴക്കം, കെട്ടിടത്തില് സൂക്ഷിച്ചിരിക്കുന്ന ചരക്കിന്റെ സ്വഭാവം, തുടങ്ങിയവ.

iii. **മെറൈന് ഇൻഷ്വറൻസ്:** ചരക്കിനെപ്പറ്റിയുള്ള വിവരണം, പായ്ക്ക് ചെയ്യുന്ന രീതി, തുടങ്ങിയവ.

iv. മോട്ടോര് ഇൻഷ്വറൻസ് : വാഹനത്തെപ്പറ്റിയുള്ള വിവരണം, വാങ്ങിയ തീയതി, ഡ്രൈവറെക്കുറിച്ചുള്ള വിശദാംശങ്ങ്, തുടങ്ങിയവ.

ഇൻഷ്വറൻസ് കോൺട്രാക്ട് അങ്ങനെ വലിയ ഉത്തരവാദിത്വമുള്ള ഒരു വിഷയമാണ്. ഇൻഷ്വറൻസിന്റെ കാര്യത്തില്, മികച്ച വിശ്വാസമുള്ള കോൺട്രാക്ടുകള് ഏറ്റവും മികച്ച വിശ്വാസമുള്ള കോൺട്രാക്ടായി മാറും.

നിർവചനം

ഉബ്റീമ ഫൈഡ്സ് എന്ന തത്വം നിർവചിച്ചിരിക്കുന്നത്, ഇൻഷ്വറര് ആവശ്യപ്പെട്ടാലും ഇല്ലെങ്കിലും പ്രൊപ്പോസ് ചെയ്യുന്ന റിസ്കിനെക്കുറിച്ചുള്ള എല്ലാ വസ്തുനിഷ്ഠമായ കാര്യങ്ങളും സന്പൂർണ്ണമായും കൃത്യമായും, സ്വമേധയായി വെളിപ്പെടുന്ന കർത്തവ്യമാണ്.

കോൺട്രാക്ടിലെ ഏതെങ്കിലും ഒരു കക്ഷി ഏറ്റവും മികച്ച വിശ്വാസം എന്ന തത്വം പാലിക്കുന്നില്ലെങ്കില്, ആ കോൺട്രാക്ട് മറ്റേ കക്ഷിയ്ക്ക് തള്ളിക്കളയാം.

ഇത് കൊണ്ട് അർത്ഥമാക്കുന്നത്, ഒരാളെ സ്വന്തം തെറ്റിന്റെ മേല് നേട്ടമുണ്ടാക്കാന് അനുവദിക്കരുത്, പ്രത്യേകിച്ചും ഇൻഷ്വറൻസ് കോൺട്രാക്ടില് പ്രവേശിക്കുന്നതിന്.

ഇൻഷ്വര് ചെയ്യുന്ന വ്യക്തി ഇൻഷ്വറൻസ് കോൺട്രാക്ടുമായി ബന്ധപ്പെട്ട വസ്തുനിഷ്ഠമായ കാര്യങ്ങളില് ഒന്നും തന്നെ കൃത്രിമം കാട്ടരുത്. ഇൻഷ്വര് ചെയ്യുന്ന വ്യക്തി വസ്തുനിഷ്ഠമായ കാര്യങ്ങളെല്ലാം വെളിപ്പെടുത്തണം. ഈ കർത്തവ്യം നിലവിലുണ്ടായിരുന്നില്ലെങ്കില്, ഇൻഷ്വറൻസ് ഒരു വ്യക്തി റിസ്കുമായി ബന്ധപ്പെട്ട വസ്തുനിഷ്ഠമായ കാര്യങ്ങള് മറച്ച് വച്ച് ആനുകൂല്യങ്ങള് കൈപറ്റുമായിരുന്നു.

പോളിസിയുടമ തന്റെ മെഡിക്കല് ചരിത്രം, പാരമ്പര്യ രോഗങ്ങളെക്കുറിച്ചുള്ള കുടുംബ ചരിത്രം, മദ്യപാനം-പുകവലി പോലുള്ള ശീലങ്ങള്, ജോലി, തുടങ്ങിയ കാര്യങ്ങള് വസ്തുനിഷ്ഠമായ കാര്യങ്ങള് ഒന്നും തന്നെ മറയ്ക്കാതെ സത്യസന്ധമായി വെളിപ്പെടുത്തുകയാണെങ്കില് അണ്ടർറൈറ്റർക്ക് ശരിയായ രീതിയില് റിസ്ക് നിർണ്ണയിക്കാന് കഴിയും. പ്രൊപ്പോസല് ഫോമില് വസ്തുനിഷ്ഠമായ കാര്യങ്ങള് വെളിപ്പെടുത്താതിരിക്കുകയോ തെറ്റായ വിവരങ്ങള് നൽകുകയോ ചെയ്താല്, അത് അണ്ടർറൈറ്ററുടെ തീരുമാനത്തെ ബാധിക്കും അങ്ങനെ ഇൻഷ്വറർക്ക് പോളിസി റദ്ദാക്കാനുള്ള അവകാശമുണ്ട്.

വസ്തുനിഷ്ഠമായ വിവരങ്ങള് വെളിപ്പെടുത്തണമെന്നത് നിയപരമായ കർത്തവ്യമാണ്.

ഉദാഹരണം

ഒരു എക്സിക്യൂട്ടിവിന് ഉയർന്ന രക്തസമ്മർദ്ദമുണ്ട്, അയാൾക്ക് അടുത്തിടെ ചെറിയ തോതിലുള്ള ഹൃദയാഘാതം ഉണ്ടാകുകയും ചെയ്തു, അതിനെത്തുടർന്ന് ഈ വിവരം മറച്ചുവെച്ചുകൊണ്ട് അയാള് ഒരു മെഡിക്കല് പോളിസി എടുക്കാന് തീരുമാനിച്ചു. അയാള് നൽകിയ തെറ്റായ വിവരങ്ങളോടുകൂടിയ പ്രൊപ്പോസല് സ്വീകരിച്ച് ഇൻഷ്വറര് അങ്ങനെ പറ്റിക്കപ്പെട്ടു.

ജന്മാനാല് ഹൃദയത്തില് സുക്ഷിരമുള്ള ഒരു വ്യക്തി പ്രൊപ്പോസല് ഫോമില് അത് വെളിപ്പെടുത്തി. അത് ഇന്ഷ്വറര് സ്വീകരിക്കുകയും, നിലവിലുള്ള അസുഖങ്ങള്ക്ക് കുറഞ്ഞത് നാല് വര്ഷം പരിരക്ഷ നല്കുകയില്ലെന്ന വിവരം പ്രൊപ്പോസറെ ഇന്ഷ്വറര് അറിയിച്ചില്ല. ഇത് ഇന്ഷ്വററുടെ ഭാഗത്ത് നിന്നുള്ള വഴിതെറ്റിക്കുന്ന വസ്തുതയാണ്.

b) വസ്തുനിഷ്ഠതകള്

നിർവചനം

റിസ്ക് സ്വീകരിക്കണോ വേണ്ടയോ എന്നും സ്വീകരിക്കുന്നങ്കില് തന്നെ പ്രീമിയം നിരക്കും പാലിക്കേണ്ട ചട്ടങ്ങളെയും വ്യവസ്ഥകളും എന്നിവയുമായി ബന്ധപ്പെട്ട് ഇന്ഷ്വറന്സ് അണ്ടര്റൈറ്റര് തീരുമാനം എടുക്കുന്നതിനെ ബാധിക്കുന്ന വസ്തുതയെയാണ് വസ്തുനിഷ്ഠതകള് എന്ന് നിര്വചിച്ചിരിക്കുന്നത്.

വെളിപ്പെടുത്താത്ത വസ്തുത പ്രാധാനമുള്ളതാണോ അല്ലയോ എന്നത് വ്യക്തികളുടെ കാര്യത്തില് സാഹചര്യത്തെ ആശ്രയിച്ചാണ്, അത് കോടതിക്ക് മാത്രമാണ് തീരുമാനിക്കാന് കഴിയുക. ഇൻഷ്വര് ചെയ്യുന്ന വ്യക്തി റിസ്കിനെ ബാധിച്ചേക്കാവുന്ന വസ്തുനിഷ്ഠകള് വെളിപ്പെടുത്തേണ്ടത് അത്യാവശ്യമാണ്.

ഒരു വ്യക്തി ഇൻഷ്വറൻസ് എടുക്കുന്നതുമായി ബന്ധപ്പെട്ട് വെളിപ്പെടുത്തേണ്ടതായ വസ്തുനിഷ്ഠതകളുടെ ചില വിഭാഗങ്ങളെപ്പറ്റി നമുക്ക് നോക്കാം:

i. സാധാരണയുള്ളതിനേക്കാള് കൂടുതല് പ്രാധാന്യമാണ് നിർദ്ദിഷ്ട റിസ്ക് പ്രതിനിധീകരിക്കുന്നത് എന്ന വസ്തുതെയാണ് സൂചിപ്പിക്കുന്നത്.

ഉദാഹരണം

കടലിലൂടെ കൊണ്ടുപോകുന്ന അപകടകരമായ സ്വഭാവമുള്ള കാര്ഗോ, അസുഖങ്ങളുടെ മുന്ചരിത്രം.

ii. എല്ലാ ഇൻഷ്വറർമാരില് നിന്നും മുന്പ് എടുത്തിട്ടുള്ള പോളിസിയും അവയുടെ നിലവിലുള്ള സ്ഥിതിയും.

iii. ഇൻഷ്വറൻസ് പ്രൊപ്പോസല് ഫോമിലെ അഥവാ ആപ്ലിക്കേഷനിലെ എല്ലാ ചോദ്യങ്ങൾക്കും പ്രാധാന്യമുണ്ട് കാരണം അത് ഇൻഷ്വറൻസിന്റെ വസ്തുനിഷ്ഠതയും അതിന്റെ റിസ്കുമായി വിവിധ തരത്തില് ബന്ധമുള്ളവയാണ്. അത് പൂർണ്ണമായും സത്യസന്ധമായും വേണം ഉത്തരം നൽകാന്.

താഴെ കൊടുത്തിരിക്കുന്ന വസ്തുനിഷ്ഠതകള് വെളിപ്പെടുത്തേണ്ടത് ആവശ്യമില്ലാത്ത ചില സന്ദർഭങ്ങളാണ്

കുറിപ്പ്

വെളിപ്പെടുത്തേണ്ടാത്ത വസ്തുനിഷ്ഠതകള്

അണ്ടർറൈറ്ററുമാര് പ്രത്യേകമായി അന്വേഷിച്ചില്ലെങ്കില് താഴെ കൊടുത്തിരിക്കുന്ന വസ്തുനിഷ്ഠതകള് വെളിപ്പെടുത്താന് പ്രൊപ്പോസര് ബാദ്ധ്യസ്ഥനല്ല:

i. റിസ്ക് കുറയ്ക്കുന്നതിനായി കൈകൊണ്ടിട്ടുള്ള നടപടിക്രമങ്ങള്

ഉദാഹരണം: ഫയ് ഏക്സ്റ്റിൻഗുഷ് ഉണ്ടെന്നുള്ള കാര്യം

ii. ഇൻഷ്വര് ചെയ്യുന്ന വ്യക്തിയ്ക്ക് അറിഞ്ഞുകൂടാത്ത കാര്യങ്ങള്

ഉദാഹരണം: ഉയർന്ന രക്തസമ്മർദ്ദമുള്ള ഒരു വ്യക്തിയ്ക്ക് പോളിസി എടുക്കുന്ന സമയത്ത് അതിനെപ്പറ്റി അറിഞ്ഞുകൂടെയെങ്കില് അത് വസ്തുനിഷ്ഠത മറച്ചുവെച്ചതായി കണക്കാന് പറ്റില്ല.

iii. ഏതാണ് യുക്തിസഹജമായ ശുഷ്കാന്തി മൂലം കണ്ടെത്താവുന്നത്?

ഓരോ മിനിട്ടിലെയും വസ്തുനിഷ്ഠതകള് വെളിപ്പെടുത്തേണ്ട ആവശ്യമില്ല. കൂടുതല് വിവരങ്ങള് ആവശ്യമാണെങ്കില് അണ്ടർറൈറ്റുമാര് അതിനെപ്പറ്റി ചോദിക്കുന്നതിന് ബോധവാന്മാരായിരിക്കണം.

iv. നിയമവുമായി ബന്ധപ്പെട്ട വസ്തുതകള്

ഓരോ സ്ഥലത്തെയും നിയമങ്ങളെപ്പറ്റി അവിടെ താമസിക്കുന്നവര് അറിഞ്ഞിരിക്കണം.

ഉദാഹരണം: സ്ഫോടകവസ്തുക്കള് സൂക്ഷിക്കുന്നതിനുള്ള മുൻസിപാലിറ്റിയുടെ നിയമങ്ങള്.

v. ഏതിനെപ്പറ്റി ചോദിക്കുന്പോഴാണ് ഇൻഷ്വര് ചെയ്യുന്ന വ്യക്തി സഹകരിക്കാത്തത് (അഥവാ കൂടുതല് വിവരങ്ങള് ആവശ്യപ്പെടുന്നത് ഉപേക്ഷിച്ചോ)

ഉത്തരങ്ങള് അപൂർണ്ണമായിരുന്നു എന്ന് പറഞ്ഞ് ഇൻഷ്വറർക്ക് പിന്നീട് ചുമതല നിഷേധിക്കാന് കഴിയില്ല.

വെളിപ്പെടുത്തേണ്ട ചുമതല എപ്പോഴാണുള്ളത്?

ലൈഫ് ഇൻഷ്വറൻസ് കോൺട്രാക്ടുകളുടെ കാര്യത്തില് പ്രൊപ്പോസല് സ്വീകരിച്ച് പോളിസി ഇഷ്യു ചെയ്യുന്നത് വരെയുള്ള ക്രയവിക്രയ കാലയളവിലുടനീളം വെളിപ്പെടുത്തുന്നതിനുള്ള കർത്തവ്യം നിലനിൽകും. പോളിസി സ്വീകരിച്ചുശേഷം, പോളിസിയുടെ കാലാവധിയ്ക്കുള്ളില് ഉണ്ടാകുന്ന ഒരു വസ്തുനിഷ്ഠമായ കാര്യവും വെളിപ്പെടുത്തേണ്ട കാര്യമില്ല.

ഉദാഹരണം

മിസ്റ്റര് രാജന് 15 വർഷത്തെ കാലാവധിയുള്ള ഒരു ലൈഫ് ഇൻഷ്വറൻസ് പോളിസി എടുത്തു. പോളിസി എടുത്ത് 6 വർഷങ്ങൾക്കുശേഷം മിസ്റ്റര് രാജന് ചില ഹൃദയസംബന്ധമായ അസുഖം ഉണ്ടാകുകയും ശസ്ത്രക്രിയയ്ക്ക് വിധേയനാകുകയും ചെയ്തു. ഈ വിവരം മിസ്റ്റര് രാജന് ഇൻഷ്വററുടെ അടുത്ത് വെളിപ്പെടുത്തേണ്ട ആവശ്യമില്ല.

പ്രീമിയം സമയത്ത് അടയ്ക്കാത്തത് മൂലം പോളിസി ലാപ്സാകുകയും പോളിസിയുടമയ്ക്ക് പോളിസി കരാര് പുതുക്കി അത് നിലവില് കൊണ്ടുവരണമെന്നുണ്ടെങ്കില്, പുതിയ

പോളിസി ആരംഭിക്കുന്പോള് ചെയ്യുന്നത് പോലെ തന്നെ, പുതുക്കിയെടുക്കുന്ന സമയത്ത് വസ്തുനിഷ്ഠമായ എല്ലാ വിവരങ്ങളും വെളിപ്പെടുത്തേണ്ട കടമ അയാൾക്കുണ്ട്.

ഏറ്റവും മികച്ച വിശ്വാസം ലംഘിക്കുക

ഏറ്റവും മികച്ച വിശ്വാസം ലംഘിക്കപ്പെടുന്നു സന്ദർഭങ്ങളെപ്പറ്റി നമുക്ക് നോക്കാം. ഇത്തരം ലംഘനം ഒന്നുകില് വസ്തുനിഷ്ഠത വെളിപ്പെടുത്താതിരിക്കുകയോ വഴിയോ തെറ്റായ വസ്തുതകള് നൽകുക വഴിയോ ആകാം.

വസ്തുനിഷ്ഠത വെളിപ്പെടുത്താതിരിക്കുക: ഇത്തരം സന്ദർഭം ഉണ്ടാകുന്നത് ഇൻഷ്വറര് പ്രത്യേകമായി അന്വേഷിക്കാത്തതിനാല് ഇൻഷ്വര് ചെയ്യുന്ന വ്യക്തി വസ്തുനിഷ്ഠതയെപ്പറ്റി ഒന്നും തന്നെ പറയാതെ നിശബ്ദമായി ഇരിക്കുന്പോഴാണ്. ഇൻഷ്വറര് ചോദിക്കുന്ന ചോദ്യങ്ങൾക്ക് അവ്യക്തമായ ഉത്തരം നൽകുന്നത് വഴിയും ഇങ്ങനെ സംഭവിക്കാം. നിർദ്ദിഷ്ട വസ്തുതയ്ക്ക് വലിയ പ്രാധാന്യമില്ലെന്ന് കരുതി പ്രൊപ്പോസല് പൊതുവോ ഉപേക്ഷ മനോഭാവത്തോടുകൂടിയായിരിക്കും വെളിപ്പെടുത്തുക.

ഇത്തരം സന്ദർഭത്തില് അവര് കുറ്റക്കാരല്ല. ഒരു വസ്തുത ഗൂഢലക്ഷയ്ത്തോട് അടക്കിപിടിക്കുന്നതിനെയാണ് മറച്ചുവെയ്ക്കുക എന്ന് പറയുന്നത്. രണ്ടാമത് പറഞ്ഞതില് ചതി ചെയ്യുക എന്ന ഉദ്ദേശ്യം കൂടിയുണ്ട്.

തെറ്റായ വസ്തുത നൽകുക: കോൺട്രാക്ടിന്റെ ക്രയവിക്രയസമയത്ത് നൽകുന്ന ഏതൊരു പ്രസ്താവനയും വസ്തുതകളെന്നാണ് പറയുക. ഒരു വസ്തുത എന്നത് വിശ്വാസത്തിന്റെ, ഉദ്ദേശ്യത്തിന്റെ അഥവ പ്രതീക്ഷതയുടെ പ്രസ്താവനയാകാം. അതിലടങ്ങിയിരിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തില്, ഒരു പ്രസ്താവന തീർച്ചയായും പരമമായ സത്യമായിരിക്കണം. വസ്തുതകളുടെ കാര്യത്തില്, വിശ്വാസത്തിന്റെ അഥവാ പ്രതീക്ഷയുടെ കാര്യത്തില്, ഇത് മികച്ച വിശ്വാസ പ്രകാരമായിരിക്കണം.

തെറ്റായ വസ്തുത നൽകല് രണ്ട് രീതിയിലാകാം:

i. **നിഷ്കളങ്കപരമായി തെറ്റായ വസ്തുത നൽകുക** - കൃത്യതയില്ലാത്ത പ്രസ്താവനകളുമായി ബന്ധപ്പെട്ടത്, അതായത് വഞ്ചന കാണിക്കുക എന്ന ഉദ്ദേശത്തോടെ അല്ലാതെ നൽകുന്നത്.

ii. **വഞ്ചനാപരമായി തെറ്റായ വസ്തുത നൽകുക -** ഇൻഷ്വററെ ചതിക്കുക എന്ന ഉദ്ദേശത്തോടുകൂടി അഥവാ സത്യത്തിന് വിലകൽപ്പിക്കാതെ വീണ്ടുവിചാരമില്ലാത്ത രീതിയില് മനപ്പൂർവ്വം തെറ്റായ പ്രസ്താവനകള് നൽകുക.

ചതിക്കുക എന്ന ഉദ്ദേശത്തോടുകൂടി മനപ്പൂർവ്വം വസ്തുതകള് മറയ്ക്കുകയോ അഥവാ വഞ്ചനപരമായി തെറ്റായ വസ്തുത നൽകുകയോ ചെയ്തുവെന്ന് തെളിഞ്ഞാല് ഇൻഷ്വറൻസ് കോൺട്രാക്ടുകള് പൊതുവേ അസാധുവാകും.

c) ഇൻഷ്വറൻസ് താത്പര്യത

'ഇൻഷ്വറൻസ് താത്പരത' നിലനിൽക്കുന്നതാണ് ഓരോ ഇൻഷ്വറൻസ് കോൺട്രാക്ടിലെയും ഏറ്റവും അത്യന്തപേക്ഷിതമായ ഘടകം, ഇതിനെ ഇൻഷ്വറൻസിനുള്ള നിയമപരമായ മുന്നുപാധിയായിട്ടാണ് കണക്കാക്കുന്നത്. ചൂതാട്ടം അഥവാ പന്തയവും ഇൻഷ്വറൻസും തമ്മിലുള്ള വ്യത്യാസം എന്താണെന്ന് നമുക്ക് നോക്കാം.

i. ചൂതാട്ടവും ഇൻഷ്വറൻസും

ചീട്ടുകളിയുടെ കാര്യം എടുക്കുക, ഇവിടെ ഒരാള് ഒന്നുകില് ജയിക്കും അഥവാ തോൽക്കും. ഒരു വ്യക്തി പന്തയം വെയ്ക്കുന്നത് മൂലം മാത്രമാണ് ലാഭം അഥവാ നഷ്ടം

ഉണ്ടാകുന്നത്. ഗെയിം കളിക്കുന്നവന് കളി ജയിക്കുക എന്ന ഉദ്ദേശ്യമല്ലാതെ മറ്റ് യാതൊരുവിധത്തിലുമുള്ള ബന്ധമോ താത്പര്യമോ ഗെയിമിനോട് ഉണ്ടാകുകയില്ല. വാത് വെയ്ക്കുക അഥവാ പന്തയം വെയ്ക്കുക എന്നത് കോടതി മുൻപാകെ നിയമപരമായി നടപ്പിലാക്കാന് കഴിയുകയില്ല, ആതുകൊണ്ട് ഇതുമായി ബന്ധപ്പെട്ട ഏതൊരു കോൺട്രാക്ടും നിയമവിരുദ്ധമാണ്. തന്റെ വീട് പന്തയത്തില് വച്ച് ഒരു വ്യക്തിയ്ക്ക് ചീട്ടുകളിക്കുകയും അതില് തോൽക്കുകയും ചെയ്താല്, മറ്റേ കക്ഷിയ്ക്ക് പന്തയത്തില് ലഭിച്ച വീട് സ്വന്തമാക്കാന് കോടതിയെ സമീപിക്കാന് കഴിയില്ല.

നമുക്ക് ഒരു വീടും അത് കത്തി ചാമ്പലാകുന്ന ഒരു സന്ദർഭത്തെപ്പറ്റിയും നോക്കാം. വീട് ഇൻഷ്വര് ചെയ്യുന്ന വ്യക്തിയ്ക്ക് ഇൻഷ്വറൻസിന്റെ വസ്തുനിഷ്ഠതയുമായി - ആതായത് വീടുമായി നിയമപരമായ ബന്ധമുണ്ട്. അയാളുടെ ഉടമസ്ഥതയിലുള്ളതാണ് വീട്, അതിന് നശിക്കുകയോ കേടുപാടോ സംഭവിക്കുകയോ ചെയ്താല് അയാൾക്ക് സാമ്പത്തികക്ലേശം അനുഭവിക്കേണ്ടി വരും. തീ പിടിക്കുകയോ ഇല്ലയോ എന്നതില് ഈ ഉടമസ്ഥാവകാശത്തിന്റെ ബന്ധം സ്വതന്ത്രമായി നിലനിൽക്കുകയും ഈ ബന്ധമാണ് നഷ്ടത്തിലേക്ക് നയിക്കുന്നത്. ഒരാള് ഇൻഷ്വറൻസ് എടുത്തിട്ടുണ്ടോ ഇല്ലയോ എന്നത് കണക്കാക്കാതെ ഈ സംഭവം (അഗ്നിബാധ അഥവാ മോഷണം) നഷ്ടത്തിലേക്ക് നയിക്കും.

ഒരാൾക്ക് ജയിക്കാനും തോൽക്കാനും സാദ്ധ്യതയുള്ള ചീട്ടുകളി പോലെയല്ല അഗ്നിബാധ, അത് ഒരാൾക്ക് നഷ്ടം മാത്രമേ വിതയ്ക്കുകയുള്ളു - അതായത് വീടിന്റെ ഉടമസ്ഥനുണ്ടാകുന്ന നഷ്ടം.

വീട്ടുടമസ്ഥന് ഇൻഷ്വറൻസ് എടുക്കുന്നത് നാശനഷ്ടം ഉണ്ടാക്കുകയാണെങ്കില് സഹിക്കേണ്ടി വരുന്ന സാമ്പത്തിക നഷ്ടം മറ്റൊരു രീതിയില് നികത്താം എന്ന് ഉറപ്പാക്കുന്നതിനാണ്.

ഇൻഷ്വര് ചെയ്യുന്ന വ്യക്തിയ്ക്ക് തന്റെ വീടിനോട് അഥവാ തന്റെ പണത്തിനോടുള്ള താത്പര്യത്തെയാണ് ഇൻഷ്വറൻസ് താത്പര്യത എന്ന് പറയുന്നത്.

ഉദാഹരണം

മിസ്റ്റര് ചന്ദ്രശേഖര് തന്റെ വീട് ഈടായി നൽകി ബാങ്കില് നിന്നും 15 ലക്ഷം രൂപ ലോണെടുത്തിട്ടുണ്ട്.

താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങള്ക്ക് ഉത്തരം നൽകുക:

- ✓ അയാൾക്ക് തന്റെ വീടിന്റെ കാര്യത്തില് ഇൻഷ്വറൻസ് താത്പര്യത ഉണ്ടോ?
- ✓ ബാങ്കിന് ആ വീടിന്റെ കാര്യത്തില് ഇൻഷ്വറൻസ് താത്പര്യത ഉണ്ടോ?
- ✓ എന്താണ് അയാളുടെ അയൽക്കാരന്റെ മനോഭാവം?

മിസ്റ്റര് ശ്രീനിവാസിന്റെ കുടുംബ പ്രായമായ മാതാപിതാക്കള്, ഭാര്യ, 2 കുട്ടികള് എന്നിവരടങ്ങിയതാണ്. താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം നൽകുക:

- ✓ അവര് സുഖമായി ജീവിക്കുന്നതില് അയാൾക്ക് ഇൻഷ്വറൻസ് താതപര്യത ഉണ്ടോ?
- ✓ അവരില് ആരെയെങ്കിലും ആശുപത്രിയില് പ്രവേശിപ്പിക്കേണ്ടി വരുന്പോള് അയാൾക്ക് സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുമോ?
- ✓ എന്താണ് അയൽക്കാരന്റെ കുട്ടികളുടെ കാര്യം? ആവരുടെ കാര്യത്തില് അയാൾക്ക് ഇൻഷ്വറൻസ് താത്പര്യത ഉണ്ടാ?

ഇൻഷ്വറൻസിന്റെ വസ്തുനിഷ്ഠതയും ഇൻഷ്വറൻസ് കോൺട്രാക്ടിന്റെ വസ്തുനിഷ്ഠതയും തമ്മിലുള്ള വ്യത്യാസം അറിയേണ്ടത് ആവശ്യമാണ്.

ഇൻഷ്വറൻസിന്റെ വസ്തുനിഷ്ഠത ഇൻഷ്വര് ചെയ്തിരിക്കുന്ന ജന്മസിദ്ധമായി ഒരു മൂല്യമുള്ള വസ്തുമായി ബന്ധപ്പെട്ടതാണ്.

ഇൻഷ്വറൻസ് കോൺട്രാക്ടിന്റെ വസ്തുനിഷ്ഠത ആ വസ്തുവിന് മേല് ഇൻഷ്വര് ചെയ്യുന്ന വ്യക്തിയ്ക്കുന്ന സാമ്പത്തികമായ താത്പര്യമാണ്. ഇൻഷ്വറർക്ക് അത്തരമൊരു താത്പര്യം വസ്തുവിന് മേല് ഉണ്ടെങ്കില് മാത്രമേ അയാൾക്ക് അത് ഇൻഷ്വര് ചെയ്യുന്നതിനുള്ള നിയമപരമായ അവകാശം ലഭിക്കുകയുള്ളു. ഇൻഷ്വറൻസ് പോളിസി അതിന്റെ യഥാർത്ഥമായ അർത്ഥത്തില് വസ്തുവിനല്ല പരിരക്ഷ നൽകുന്നത്, പക്ഷേ ഇൻഷ്വര് ചെയ്യുന്ന വ്യക്തിയ്ക്ക് അതിന്മേലുള്ള സാമ്പത്തിക താത്പര്യത്തിനാണ്.

ചിത്രം 3: പൊതുനിയമം അനുസരിച്ചുള്ള ഇൻഷ്വറൻസ് താത്പര്യത



ii. ഇൻഷ്വറൻസ് താത്പര്യത ഉണ്ടായിരിക്കേണ്ട സമയം

ലൈഫ് ഇൻഷ്വറൻസില്, പോളിസി എടുക്കുന്ന സമയത്താണ് ഇൻഷ്വറൻസ് താത്പര്യത ഉണ്ടായിരിക്കേണ്ടത്. ജനറല് ഇൻഷ്വറൻസില്, മെറൈന് പോളിസികൾക്ക് ഒഴികെ മറ്റ് എല്ലാ പോളിസികളിലും പോളിസി എടുക്കുന്ന സമയത്തും ക്ലെയിം ചെയ്യുന്ന സമയത്തും ഇൻഷ്വറൻസ് താത്പര്യത ഉണ്ടായിരിക്കണം.

d) ഉപാന്തികകാരണം (പ്രോക്സിമേറ്റ് കോസ്)

നിയമപരമായ തത്വങ്ങളില് ഏറ്റവും അവസാനത്തേതാണ് ഉപാന്തികകാരണ തത്വം.

ഉപാന്തികകാരണ എന്നത് ഇൻഷ്വറൻസിലെ ഒരു പ്രധാന തത്വമാണ്, കേടുപാട് അഥവാ നഷ്ടം എങ്ങനെയാണ് സംഭവിച്ചതെന്നും ഇൻഷ്വര് ചെയ്ത ഒരു സംഗതി മൂലമാണോ സംഭവിച്ചതെന്നും സംബന്ധിക്കുന്നതാണ്. ഇൻഷ്വര് ചെയ്ത ഒരു സംഗതി മൂലമാണ് നാശനഷ്ടം

സംഭവിച്ചതെങ്കില് ഇൻഷ്വറര് അതിന് ബാദ്ധ്യസ്ഥരാണ്. ചെയ്ത ഒരു സംഗതിയാണ് അതിന്റെ ഹേതുവെങ്കില് ഇൻഷ്വറര് നഷ്ടപരിഹാരം നൽകണം, അല്ലെങ്കില് നൽകണ്ട.

ഈ ചട്ടം അനുസരിച്ച്, നാശനഷ്ടത്തിന് കാരണമായ സംഭവങ്ങളുടെ ഒരു ശൃംഖലയില് നിന്നും ഏറ്റവും പ്രബലമായ കാരണം ഏതാണ് എന്ന് ഇൻഷ്വറര് കണ്ടെത്തണം. നാശനഷ്ടത്തിലേക്ക് തൽക്ഷണം നയിച്ച അവസാനത്ത സംഭവം ഇത് ആയിരിക്കണമെന്നില്ല, അതായത് നാശനഷ്ടത്തിന്റെ തൽക്ഷണ കാരണമോ ഏറ്റവും അടുത്ത സംഭവം ഇത് ആയിരിക്കുകയില്ല.

മറ്റ് കാരണങ്ങളെ ഒറ്റപ്പെട്ട കാരണങ്ങളായിട്ടാണ് തരംതിരിച്ചിരിക്കുന്നത്, അത് ഉപാന്തിക കാരണങ്ങളില് നിന്നും വ്യത്യസ്തമാണ്. ഒറ്റപ്പെട്ട കാരണങ്ങള് കണ്ടേക്കും പക്ഷേ ഒരു സംഭവ വികാസം സൃഷ്ടിക്കുന്നതിനുള്ള പ്രഭാവം അതിന് ഉണ്ടായെന്ന് വരില്ല.

നിർവചനം

ഉപാന്തിക കാരണം എന്നാല് പുതിയതും സ്വതന്ത്രവുമായ ഉറവിടത്തിടന്റെ പ്രവര്ത്തനത്തലുള്ള ബാഹ്യശക്തിയുടെ ഇടപ്പെടലില്ലാതെ സംഭവങ്ങളുടെ ഒരു പരമ്പരയ്ക്ക് തന്നെ കാരണമാകുന്ന സജീവവും കാര്യക്ഷമവുമായ ഒരു കാരണം.

ലൈഫ് ഇൻഷ്വറൻസ് കോൺട്രാക്ടുകളില് ഉപാന്തികകാരണ സിദ്ധാന്തം എങ്ങനെയാണ് പ്രയോഗിക്കുന്നത്? പൊതുവേ, മരണകാരണമെന്തെന്ന് കണക്കാക്കാതെ ലൈഫ് ഇൻഷ്വറൻസ് മരണാനുകൂല്യം നൽകുന്നതിനാല്, ഉപാന്തിക കാരണ സിദ്ധാന്തം പ്രയോഗിക്കാന് കഴിയില്ല. എന്തിരുന്നാലും മിക്ക ലൈഫ് ഇൻഷ്വറൻസ് കോൺട്രാക്ടുകളിലും അപകട ആനുകൂല്യ റൈഡല് ഉണ്ടാകും, ആയതിനാല് അപകടമരണം സംഭവിക്കുന്പോള് ഒരു അധിക തുക നഷ്ടപരിഹാരമായി നൽകും. അത്തരം സ്ദർഭങ്ങളിലേ, അപകടം മൂലം തന്നെയാണോ മരണം സംഭവിച്ചതെന്ന് അന്വേഷിച്ച് ഉറപ്പ് വരുത്തണം. ഇത്തരം സന്ദർഭങ്ങളിലാണ് ഉപാന്തിക കാരണ സിദ്ധാന്തം ഉപയോഗിക്കുന്നത്.

കൂടിച്ചേരലേ കോൺട്രാക്ട്

കൂടിച്ചേരലേ കോൺട്രാക്ട് എന്നാലേ വളരെ ഉയർന്ന വിലപേശലേ ഗുണഗണനയുള്ള ഒരു കക്ഷി തയ്യാറാക്കുന്ന കോൺട്രാക്ട്, ഇത്തരം കോൺട്രാക്ടിലേ മറുകക്ഷിയ്ക്ക് കൂടിച്ചേരലിന് മാത്രമുള്ള അവസരമാണ് ലഭിക്കുക അതായത് ഒന്നുകില് കോൺട്രാക്ട് സ്വീകരിക്കുക അല്ലെങ്കില് തള്ളിക്കളയുക. ഇവിടെ ഇൻഷ്വറൻസ് കമ്പനിയ്ക്ക് കോൺട്രാക്ടിലെ ചട്ടങ്ങളും വ്യവസ്ഥകളും അനുസരിച്ച് എല്ലാ രീതിയിലും വിലപേശാനുള്ള അധികാരമുണ്ട്.

ഇതിനെ നിർവീര്യമാക്കുന്നതിന്, ഒരു ഫ്രീലൂക്ക് കാലാവധി ഏർപ്പെടുത്തിയിട്ടുണ്ട്, അതിൻപ്രകാരം, പോളിസി എടുത്തതിനുശേഷം പോളിസിയുടമയ്ക്ക് യോജിക്കാന് കഴിയാത്ത എന്തെങ്കിലും കാര്യം പോളിസിയില് ഉണ്ടെങ്കില് പോളിസി ഡോക്കുമെന്റ് ലഭിച്ച് 15 ദിവസത്തിനകം പോളിസി റദ്ദാക്കുന്നതിനുള്ള സൌകര്യമുണ്ട്. ഈ വിവരം കമ്പനിയെ രേഖമൂലം അറിയിക്കുക അങ്ങനെ പോളിസി ചെലവുകളും ചാർജ്ജുകളും കിഴിച്ചുള്ള പ്രീമിയം റീഫണ്ട് ചെയ്യും.

നിങ്ങൾക്കുള്ള പരീക്ഷ 1

താഴെ കൊടുത്തിരിക്കുന്ന ഏതാണ് ഭീഷണിപ്പെടുത്തലിനുള്ള ഉദാഹരണം?

I. രമേഷ് ചെറിയ അക്ഷരത്തില് കൊടുതിരിക്കുന്ന കാര്യങ്ങളെക്കുറിച്ച് (വ്യവസ്ഥകളെക്കുറിച്ച്) മനസ്സിലാക്കാതെ ഒരു കോൺട്രാക്ട് ഒപ്പിട്ടു.
II. കോൺട്രാക്ടില് ഒപ്പിട്ടില്ലെങ്കില് കൊന്നുകളയുമെന്ന് രമേഷ് മഹേഷിനെ ഭീഷണിപ്പെടുത്തുക.
III. രമേഷ് തന്റെ പ്രൊഫഷണല് സ്വാധീനം ഉപയോഗിച്ച് മഹേഷിനെ കൊണ്ട് കോൺട്രാക്ടില് ഒപ്പിവെപ്പിച്ചു.
IV. മഹേഷ് കോൺട്രാക്ട് ഒപ്പുവെയ്ക്കുന്നതിനായി രമേഷ് തെറ്റായ വിവരങ്ങള് നൽകി.

നിങ്ങൾക്കുള്ള പരീക്ഷ 2

താഴെ കൊടുത്തിരിക്കുന്ന ഏതൊണ് രമേഷിന് ഇൻഷ്വര് ചെയ്യാന് പറ്റാത്തത്?

I. രമേഷിന്റെ വീട്
II. രമേഷിന്റെ ഭാര്യ
III. രമേഷിന്റെ സുഹൃത്ത്
IV. രമേഷിന്റെ മാതാപിതാക്കള്

സംഗ്രഹം

- പണം അഥവാ പ്രീമിയം സ്വീകരിച്ച് കൊണ്ട് ചില നിർദ്ദിഷ്ട റിസ്ക്കുകൾക്കെതിരെ സാമ്പത്തിക സംരക്ഷണം നൽകാമെന്ന് ഇൻഷ്വറര് വാഗ്ദാനം നൽകുന്ന കരാര് പ്രകാരമുള്ള എഗ്രിമെന്റാണ് ഇൻഷ്വറൻസില് ഉൾപ്പെട്ടിരിക്കുന്നത്.
- കോൺട്രാക്ട് എന്നാല് കക്ഷികള് തമ്മിലുണ്ടാക്കുന്ന നിയമപരമായി പ്രാബല്യമുള്ള എഗ്രിമെന്റാണ്.
- നിയമസാധുതയുള്ള ഒരു കോൺട്രാക്ടിന്റെ ഘടകങ്ങളാണ്
  - i. വാഗ്ദാനവും സ്വീകരിക്കലും
  - ii. പ്രതിഫലം
  - iii. കക്ഷികള് തമ്മിലുള്ള ഉടമ്പടി
  - iv. സ്വതന്ത്രമായ തീരുമാനം
  - v. ഇരുകക്ഷികളുടെയും കഴിവ്
  - vi. വസ്തുവിന്റെ നിയമപ്രാബല്യം
- ഇൻഷ്വറൻസ് കോൺട്രാക്ടുകളുടെ പ്രത്യേക സവിശേഷതകളാണ്
  - i. ഉബ്റീമ ഫൈഡ്സ്
  - ii. ഇൻഷ്വറൻസ് താത്പര്യത
  - iii. ഉപാന്തിക കാരണം

മുഖ്യപദങ്ങള്

1. വാഗ്ദാനവും സ്വീകരിക്കലും
2. നിയമപരമായ പ്രതിഫലം
3. ഇരുകക്ഷികളുടെയും സമ്മതം
4. ഉബ്റീമ ഫൈഡ്സ്
5. വസ്തുനിഷ്ഠതകള്
6. ഇൻഷ്വറൻസ് താത്പര്യത
7. ഉപാന്തിക കാരണം

നിങ്ങൾക്കുള്ള ചോദ്യങ്ങളുടെ ഉത്തരം

ഉത്തരം 1

ശരിയായ ഓപ്ഷന് II

കോൺട്രാക്ടില് ഒപ്പിട്ടില്ലെങ്കില് കൊന്നുകളയുമെന്ന് രമേഷ് മഹേഷിനെ ഭീഷണിപ്പെടുത്തുക.

ഉത്തരം 2

ശരിയായ ഓപ്ഷന് III

രമേഷിന് സുഹൃത്തിന്റെ ജീവനില് യാതൊരുവിധത്തിലുമുള്ള ഇൻഷ്വറൻസ് താത്പര്യതയുമില്ല ആയതിനാല് സുഹൃത്തിനെ ഇൻഷ്വര് ചെയ്യാന് പറ്റില്ല.

സ്വയം പരീക്ഷ ചോദ്യങ്ങള്

ചോദ്യം 1

ഒരു സാധുതയുള്ള കോൺട്രാക്ടിലെ ഏത് ഘടകമാണ് പ്രീമിയവുമായി ബന്ധപ്പെട്ടത്

I. വാഗ്ദാനവും സ്വീകരിക്കലും
II. പ്രതിഫലം
III. സ്വതന്ത്രമായ തീരുമാനം
IV. ഇരുകക്ഷികളുടെയും പ്രാപ്തി

ചോദ്യം 2

---------- ആണ് കൃത്യതയില്ലാത്ത പ്രസ്താവനകളുമായി ബന്ധപ്പെട്ടത്, അതായത് വഞ്ചന കാണിക്കുക എന്ന ഉദ്ദേശത്തോടെ അല്ലാതെ നൽകുന്നത്.

I. തെറ്റായ വസ്തുത നൽകുന്നത്
II. പ്രതിഫലം
III. വാഗ്ദാനം
IV. പ്രതിനിധീകരിക്കല്

ചോദ്യം 3

ക്രിമിനല് മനോഭാവത്തോടുകൂടി സമ്മർദ്ദം ചെലുത്തുന്നതാണ് ----------

I. വഞ്ചന
II. സ്വാധീനിക്കുക
III. ഭീഷണി
IV. പിഴവ്

ചോദ്യം 4

ലൈഫ് ഇൻഷ്വറൻസ് കോൺട്രാക്ടുമായി ബന്ധപ്പെട്ട് താഴെ കൊടുത്തിരിക്കുന്ന ഏത് പ്രസ്താവനയാണ് ശരി?

I. നിയമപരമായ സാധുതയില്ലാത്ത വാക്കാലുള്ള കോൺട്രാക്ടാണിത്
II. നിയമപരമായ സാധുതയോടുകൂടിയ വാക്കാലുള്ള കോൺട്രാക്ടാണിത്
III. 1872-ലെ ഇന്ത്യന് കോൺട്രാക്ട് ആക്ട് പ്രകാരം രണ്ട് കക്ഷികള് (അതായത് ഇൻഷ്വററും ഇൻഷ്വര് ചെയ്യുന്ന വ്യക്തിയും) തമ്മിലുള്ള കോൺട്രാക്ടാണിത്
IV. ഇത് പന്തായ കോൺട്രാക്ടുകൾക്ക് സമാനമാണ്

ചോദ്യം 5

താഴെ കൊടുത്തിരിക്കുന്ന ഏത് പ്രസ്താവനയാണ് കോൺട്രാക്ട് പ്രകാരം സാധുതയുള്ള വസ്തുവല്ലാത്തത്?

I. പണം
II. വസ്തു
III. കൈകൂലി
IV. ആഭരണം

ചോദ്യം 6

താഴെ കൊടുത്തിരിക്കുന്ന ഏത് കക്ഷിക്കാണ് ലൈഫ് ഇൻഷ്വറൻസ് കോൺട്രാക്ടില് ഏർപ്പെടുന്നതിന് അർഹതയില്ലാത്തത്?

I. ബിസിനസ്സുകാരന്
II. പ്രായപൂർത്തിയാകാത്തവര് (മൈനര്)
III. വീട്ടമ്മ
IV. സർക്കാര് ജീവനക്കാര്

ചോദ്യം 7

താഴെ കൊടുത്തിരിക്കുന്ന ഏത് പ്രവൃത്തിയാണ് "ഉബ്റീമ ഫൈഡ്സ്" തത്വം പ്രദർശിപ്പിക്കുന്നത്?

I. ഇൻഷ്വറൻസ് പ്രൊപ്പോസല് ഫോമില് അറിയാമായിരുന്നിട്ടും രോഗത്തെപ്പറ്റി വെളിപ്പെടുത്താത്തത്.
II. ഇൻഷ്വറൻസ് പ്രൊപ്പോസല് ഫോമില് അറിയാവുന്ന വസ്തുനിഷ്ഠമായ വിവരങ്ങള് വെളിപ്പെടുത്താത്തത്
III. ഇൻഷ്വറൻസ് പ്രൊപ്പോസല് ഫോമില് അറിയാവുന്ന വസ്തുനിഷ്ഠമായ വിവരങ്ങള് വെളിപ്പെടുത്തുന്നത്
IV. പ്രീമിയം സമയത്ത് തന്നെ അടയ്ക്കുന്നത്

ചോദ്യം 8

ഇൻഷ്വറൻസ് താത്പര്യവുമായി ബന്ധപ്പെട്ട് താഴെ കൊടുത്തിരിക്കുന്ന ഏത് പ്രസ്താവനയാണ് ശരിയല്ലാത്തത്?

I. അച്ഛന് മകനുവേണ്ടി ഇൻഷ്വറൻസ് പോളിസി എടുക്കുന്നത്
II. ഭർത്താവ് ഭാര്യയ്ക്കുവേണ്ടി ഇൻഷ്വറൻസ് പോളിസി എടുക്കുന്നത്
III. ഒരാള് തന്റെ സുഹൃത്തിനുവേണ്ടി ഇൻഷ്വറൻസ് പോളിസി എടുക്കുന്നത്
IV. ജീവനക്കാർക്കുവേണ്ടി തൊഴിലുടമ ഇൻഷ്വറൻസ് പോളിസി എടുക്കുന്നത്

ചോദ്യം 9

ലൈഫ് ഇൻഷ്വറൻസില്, എപ്പോഴാണ് ഇൻഷ്വറൻസ് താത്പര്യത ഉണ്ടായിരിക്കേണ്ടത്?

I. ഇൻഷ്വറൻസ് പോളിസി എടുക്കുന്ന സമയത്ത്
II. ക്ലെയിമിന്റെ സമയത്ത്
III. ലൈഫ് ഇൻഷ്വറൻസില് ഇൻഷ്വറൻസ് താത്പര്യതയുടെ ആവശ്യമില്ല.
IV. ഒന്നുകില് ഇൻഷ്വറൻസ് പോളിസി എടുക്കുന്ന സമയത്ത് അല്ലെങ്കില് ക്ലെയിമിന്റെ സമയത്ത്

ചോദ്യം 10

താഴെ കൊടുത്തിരിക്കുന്ന സംഭവത്തില് മരണത്തിന്റെ ഉപാന്തിക കാരണം എന്താണെന്ന് കണ്ടുപിടിക്കുക?

അജയ് കുതിരപ്പുറത്ത് നിന്ന് വീണ് അയാളുടെ നട്ടെല്ല് ഒടിഞ്ഞു. അയാള് അവിടെ കെട്ടികിടന്ന വെള്ളത്തില്കിടന്ന് നിമോണിയ പിടിപ്പെട്ടു. അയാളെ ആശുപത്രിയില് അഡ്മിറ്റ് ചെയ്തു, അവിടെ വച്ച് നിമോണിയ കാരണം അയാള് മരണമടഞ്ഞു.

I. നിമോണിയ
II. നട്ടെല്ല് പെട്ടിയത്
III. കുതിരപ്പുറത്ത് നിന്നുള്ള വീഴ്ച
IV. ശാസ്ത്രക്രിയ

സ്വയം പരീക്ഷാചോദ്യങ്ങളുടെ ഉത്തരങ്ങള്

ഉത്തരം 1

ശരിയായ ഓപ്ഷന് II

ഒരു സാധുതയുള്ള കോൺട്രാക്ടില് പ്രീമിയവുമായി ബന്ധപ്പെട്ട ഘടകമാണ് പ്രതിഫലം.

ഉത്തരം 2

ശരിയായ ഓപ്ഷന് I

തെറ്റായ വസ്തുത നൽകുന്നതാണ് കൃത്യതയില്ലാത്ത പ്രസ്താവനകളുമായി ബന്ധപ്പെട്ടത്, അതായത് വഞ്ചന കാണിക്കുക എന്ന ഉദ്ദേശത്തോടെ അല്ലാതെ നൽകുന്നത്.

ഉത്തരം 3

ശരിയായ ഓപ്ഷന് III

ക്രിമിനല് മനോഭാവത്തോടുകൂടി സമ്മർദ്ദം ചെലുത്തുന്നതാണ് ഭീഷണി

ഉത്തരം 4

ശരിയായ ഓപ്ഷന് III

1872-ലെ ഇന്ത്യന് കോൺട്രാക്ട് ആക്ട് പ്രകാരം രണ്ട് കക്ഷികള് (അതായത് ഇൻഷുററും ഇൻഷുര് ചെയ്യുന്ന വ്യക്തിയും) തമ്മിലുള്ള കോൺട്രാക്ടാണിത്

ഉത്തരം 5

ശരിയായ ഓപ്ഷന് III

കൈകൂലിയാണ് കോൺട്രാക്ട് പ്രകാരം സാധുതയുള്ള വസ്തുവല്ലാത്തത്.

ഉത്തരം 6

ശരിയായ ഓപ്ഷന് II

ലൈഫ് ഇൻഷുറൻസ് കോൺട്രാക്ടില് ഏർപ്പെടുന്നതിന് പ്രായപൂർത്തിയാകാത്തവര്ക്ക് (മൈനര്ക്ക്) അർഹതയില്ല.

ഉത്തരം 7

ശരിയായ ഓപ്ഷന് III

ഇൻഷ്വറൻസ് പ്രൊപ്പോസല് ഫോമില് അറിയാവുന്ന വസ്തുനിഷ്ഠമായ വിവരങ്ങള് വെളിപ്പെടുത്തുന്ന പ്രവൃത്തിയാണ് "ഉബ്റീമ ഫൈഡ്സ്" തത്വത്തെ പ്രദർശിപ്പിക്കുന്നത്

ഉത്തരം 8

ശരിയായ ഓപ്ഷന് III

ഒരാള് തന്റെ സുഹൃത്തിന്റെ ജീവനില് യാതൊരുവിധത്തിലുമുള്ള ഇൻഷ്വറൻസ് താത്പര്യതയുമില്ല ആയതിനാല് സുഹൃത്തിനുവേണ്ടി ഇൻഷ്വറൻസ് പോളിസി എടുക്കാന് പറ്റില്ല.

ഉത്തരം 9

ശരിയായ ഓപ്ഷന് I

ലൈഫ് ഇൻഷ്വറൻസില്, പോളിസി എടുക്കുന്ന സമയത്താണ് ഇൻഷ്വറൻസ് താത്പര്യത ഉണ്ടായിരിക്കേണ്ടത്.

ഉത്തരം 10

ശരിയായ ഓപ്ഷന് III

കുതിരപ്പുറത്ത് നിന്നും വീണതാണ് അജയുടെ മരണത്തിന്റെ യഥാർത്ഥ (ഉപാന്തിക) കാരണം.

വിഭാഗം 2

ആരോഗ്യ രക്ഷാഭോഗം

പാഠം -6
ആരോഗ്യ ഇൻഷ്വറൻസ്

ആമുഖം

എങ്ങനെയാണ് ഇന്ഷ്വറന്സ് ഉടലെടുത്തതെന്ന് നമുക്ക് ഈ പാഠത്തിലൂടെ പഠിക്കാം. ആരോഗ്യ പരിപാലനം എന്താണെന്നും അതിന്റെ വിവിധ തലങ്ങളെയും വിവിധ വിഭാഗങ്ങളെയും കുറിച്ചും ഇവിടെ വിവരിക്കുന്നുണ്ട്. അവസാനമായി ഇന്ത്യയില് ആരോഗ്യ ഇന്ഷ്വറന്സ് ഉടലെടുത്തതിനെക്കുറിച്ചും ഇന്ത്യന് ആരോഗ്യ ഇന്ഷ്വറന്സ് മേഖലയിലെ വിവിധ പങ്കാളികളെയും കുറിച്ച് നോക്കാം.

ഉള്ളടക്കം

A. ഇന്ഷ്വറന്സ് ചരിത്രവും ഇന്ത്യയി ഇന്ഷ്വറന്സ് ഉടലെടുത്തതും
B. എന്താണ് ആരോഗ്യ പരിപാലനം
C. ആരോഗ്യ പരിപാലന തലങ്ങള്
D. ആരോഗ്യപരിപാലന വിഭാഗങ്ങള്
E. ഇന്ത്യയിലെ ആരോഗ്യ ഘടനകളെ ബാധിക്കുന്ന ഘടകങ്ങള്
F. ഇന്ത്യയില് ആരോഗ്യ ഇന്ഷ്വറന്സ് ഉടലെടുക്ക
G. ആരോഗ്യ ഇന്ഷ്വറന്സ് വിപണി

ഈ പാഠം പഠിച്ചതിനുശേഷം നിങ്ങള്ക്ക് ചെയ്യാ കഴിയുന്നത്:

1. ആരോഗ്യ ഇന്ഷ്വറന്സ് ഉടലെടുത്തത് എങ്ങനെയാണെന്ന് മനസ്സിലാക്കുക.
2. ആരോഗ്യപരിപാലനവും അതിന്റെ തലങ്ങളും വിവരിക്കുക
3. ഇന്ത്യയിലെ ആരോഗ്യപരിപാലനത്തെ ബാധിക്കുന്ന ഘടകങ്ങളെയും സ്വാതന്ത്ര്യം ലഭിച്ചതിനുശേഷമുള്ള പുരോഗതിയും വിശദീകരിക്കുക.
4. ഇന്ത്യയില് ആരോഗ്യ ഇന്ഷ്വറന്സ് ഉടലെടുത്തതിനെക്കുറിച്ച് ചര്ച്ച ചെയ്യുക.
5. ഇന്ത്യയിലെ ആരോഗ്യ ഇന്ഷ്വറന്സ് വിപണിയെക്കുറിച്ച് അറിയുക.

A. ഇൻഷ്വറൻസ് ചരിത്രവും ഇന്ത്യയിൽ ഇൻഷ്വറൻസ് ഉടലെടുക്കലും

ഇന്ഷ്വറന്സ് ഒരു രീതിയില് അഥവാ മറ്റൊരു രീതിയി ആയിരക്കണക്കിന് വര്ഷങ്ങള്ക്ക് മുമ്പ് തന്നെ നിലവിലുണ്ട്. വിവിധ പ്രാചീന സംസ്ക്കാരങ്ങളില്പ്പെട്ടവ വര്ഷങ്ങള്ക്ക് മുമ്പ് തന്നെ അവരുടെ ഇടയിലുള്ള ചില ആളുകള്ക്ക് ഉണ്ടാകുന്ന എല്ലാ നഷ്ടങ്ങള്ക്കും എതിരെ പൂളിംഗും വിഭജനങ്ങളും നടത്തിയിരുന്നു. എന്തിരുന്നാലും ഇന്ന് നമ്മള് കാണുന്ന ഇന്ഷ്വറന്സ് എന്ന ബിസിനസ്സ് ആരംഭിച്ചിട്ട് രണ്ടോ മൂന്നോ നൂറ്റാണ്ട് മാത്രമേ ആയിട്ടുള്ളു.

1. ആധുനിക വാണിജ്യ ഇൻഷ്വറൻസ്

പണ്ടത്തെ കാലത്ത് ഇന്ഷ്വറന്സ് എന്ന സങ്കല്പം നഷ്ടം ഉണ്ടാകുക എന്ന റിസ്ക് കൈകാര്യം ചെയ്യുന്നതിനായിരുന്നു അതായത് കടലില് വച്ചുണ്ടാകാവുന്ന ഒരു ദുര്വിധി – ഇതിനെ നമ്മ മെറൈന് റിസ്ക് എന്ന് വിളിക്കും. മെറൈന് ഇന്ഷ്വറന്സാണ് എല്ലാ ഇന്ഷ്വറന്സ് വിഭാഗങ്ങളിലും വച്ച് ഏറ്റവും ആദ്യത്തേത്.

എന്തിരുന്നാലും, 14-ാം നൂറ്റാണ്ടിലാണ് യൂറോപ്പിലെ പ്രത്യേകിച്ച് ഇറ്റലിയിലെ ബിസിനസ്സുകളെയും സമൂഹങ്ങളെയും പരിരക്ഷിക്കുന്നതിനായി ആധുനിക ഇന്ഷ്വറന്സിന്റെ ആദ്യക്കാല പതിപ്പ് ഇറങ്ങിയത്. ഇത് ഷിപ്പിംഗ് മൂലമുണ്ടാകുന്ന നഷ്ടങ്ങള്, അംഗങ്ങളുടെ മരണം, ചരക്ക് നഷ്ടപ്പെടുക തുടങ്ങി അംഗങ്ങള്കക് ഉണ്ടാകുന്ന നഷ്ടങ്ങള്ക്ക് സബ്സ്ക്രിപ്ഷ അടിസ്ഥനാത്തിലാണ് ഇത് പ്രവര്ത്തിച്ചിരുന്നത്. 1591-ലാണ് നമുക്ക് ഇന്ന് അറിയാവുന്ന അഗ്നിബാധ ഇന്ഷ്വറന്സ് ഹാംബര്ഗ്ഗി ഉടലെടുത്തത്.

ഇംഗ്ലണ്ടിന്റെ കാര്യത്തില് 1666-ലെ ലണ്ടനിലെ വന് അഗ്നിബാധയി നഗരം മുഴുവനും 13000-ല് അധികം വീടുകളും നശിച്ചു, ഇതാണ് ആദ്യത്തെ ഇന്ഷ്വറന്സ് കമ്പനിയായ ഫയര് ഓഫീസ് 1680-ല് തുടങ്ങുന്നതിലേക്ക് നയിച്ചത്.

ലോയ്ഡ്സ്: ഇന്ന് നിലവിലുള്ള ഇന്ഷ്വറന്സ് സമ്പ്രാദയത്തിന്റെ തുടക്കം ലണ്ടനിലെ ലോയ്ഡ്സ് കോഫി ഹൌസില് നിന്നാണ്. അവിടെ കൂടാറുണ്ടായിരുന്ന കച്ചവടക്കാര് കടലി വച്ച് ഉണ്ടാകുന്ന സംഭവ വികാസം മൂലം കപ്പലില് അയ്ക്കുന്ന തങ്ങളുടെ ചരക്കിന് കേട്പാട് സംഭവിക്കുകയാണെങ്കി നഷ്ടം പങ്കുവെയ്ക്കാമെന്ന കരാറില് എത്തുമായിരുന്നു. അത്തരം നഷ്ടങ്ങള് സാധാരണയായി ഉണ്ടായിരുന്നത് കടലില് വച്ചുണ്ടാകുന്ന ചില സംഭവവികാസങ്ങ മൂലമായിരുന്നു, അതായത് ഉള്ക്കടലി വച്ച് കൊള്ളയടിക്കപ്പെടുക അഥവാ മോശം കാലാവസ്ഥ മൂലം ചരക്കിന് കേടുപാട് സംഭവിക്കുക അഥവാ ഏതെങ്കിലും കാരണത്താല് കപ്പ മുങ്ങുക.

2. ഇന്ത്യയിലെ ആധുനിക വാണിജ്യ ഇൻഷ്വറൻസിൻറെ ചരിത്രം

1800-ന്റെ തുടക്കത്തി വിദേശ ഇന്ഷ്വററുമാരുടെ ഏജന്സിക മെറൈ ഇന്ഷ്വറന്സ് ആരംഭിച്ചതോടെയാണ് ആധുനിക ഇന്ഷ്വറന്സിന് ഇന്ത്യയി തുടക്കമായത്. 1818-ല് ഇംഗ്ലീഷ് കമ്പനി ആരംഭിച്ച ദി ഓറിയന്റ ലൈഫ് ഇന്ഷ്വറന്സ് കമ്പനി ലിമിറ്റഡാണ് ആദ്യത്തെ ലൈഫ് ഇന്ഷ്വറന്സ് കമ്പനി, 1850-ല് ആരംഭിച്ച ട്രിട്ടോണ് ഇന്ഷ്വറന്സ് കമ്പനി ലിമിറ്റഡാണ് ആദ്യത്തെ നോണ്-ലൈഫ് ഇന്ഷ്വറന്സ് കമ്പനി, ഇവ രണ്ടും കല്ക്കത്തായിലാണ് ആരംഭിച്ചത്.

1870-ല് മുംബൈയില് ആരംഭിച്ച ബോംബെ മ്യൂച്ചല് അഷ്വറന്സ് സൊസൈറ്റി ലിമി. ആണ് ആദ്യത്തെ സമ്പൂര്ണ്ണ ഇന്ത്യന് ഇന്ഷ്വറന്സ് കമ്പനി. പിന്നീട് സ്വദേശി പ്രസ്ഥാനത്തിന്റെ ഫലമായി മറ്റനേകം ഇന്ത്യ ഇന്ഷ്വറന്സ് കമ്പനികള് രൂപീകരിക്കപ്പെട്ടു.

ഇന്ഷ്വറന്സ് ബിസിനസ്സിനെ നിയന്ത്രിക്കുന്നതിനായി 1912-ല് ലൈഫ് ഇന്ഷ്വറന്സ് നിയമവും പ്രൊവിഡന്റ് ഫണ്ട് നിയമവും പാസാക്കി. 1912-ലെ ലൈഫ് ഇന്ഷ്വറന്സ് നിയമ പ്രകാരം കമ്പനികളുടെ പ്രീമിയം നിരക്കിന്റെ പട്ടികയും കാലാകാലങ്ങളിലുള്ള

നിര്ണ്ണയിക്കലും അക്ച്യൂറി സര്ട്ടിഫൈ ചെയ്യണമെന്നത് നിര്ബന്ധമാക്കി. എന്തിരുന്നാലും, ഇന്ത്യന് കമ്പനിയും വിദേശ കമ്പനിയും തമ്മിലുള്ള വിവേചനം നിലനിന്നിരുന്നു.

ഇന്നും നിലനില്ക്കുന്ന ഇന്ത്യയിലെ ഏറ്റവും പഴയ ഇന്ഷ്വറന്സ് കമ്പനിയാണ് 1906-ല് ആരംഭിച്ച നാഷണ ഇന്ഷ്വറന്സ് കമ്പനി ലിമിറ്റഡ്.

സാഹചര്യം അനുസരിച്ച്, ഇന്ത്യയിലെ ഇന്ഷ്വറന്സ് മേഖല സര്ക്കാരിന്റെ നിരീക്ഷണത്തിലും, ദേശീയവത്കരണവും, പിന്നീട് സ്വകാര്യവത്കരണവും, ഇത് എങ്ങനെയാണ് സംഭവിച്ചത്:

a) ലൈഫ് ഇൻഷ്വറൻസ് ദേശീയവത്കരണം

1956 സെപ്തംബര് 1-നാണ് ലൈഫ് ഇന്ഷ്വറന്സ് ബിസിനസ്സ് ദേശീയവത്കരിച്ചതും ലൈഫ് ഇന്ഷ്വറന്സ് കോര്പ്പറേഷന് ഓഫ് ഇന്ത്യ രൂപീകരിക്കപ്പെട്ടതും. ആ സമയത്ത് ഇന്ത്യയില് 170 കമ്പനികളും 75 പ്രൊവിഡന്റ് ഫണ്ട് സൊസൈറ്റികളും ലൈഫ് ഇന്ഷ്വറന്സ് ബിസിനസ്സ് ചെയ്യുന്നുണ്ടായിരുന്നു. 1956 മുതല് 1999 വരെ ഇന്ത്യയില് ലൈഫ് ഇന്ഷ്വറന്സ് ബിസിനസ്സ് ചെയ്യുന്നതിനുള്ള സമ്പൂര്ണ്ണ അവകാശം എല്ഐസിയ്ക്ക് മാത്രമായിരുന്നു.

b) നോൺ- ലൈഫ് ഇൻഷ്വറൻസ് ദേശീയവത്കരണം

1972-ല് ജനറല് ഇന്ഷ്വറന്സ് ബിസിനസ്സ് നാഷണലൈസേഷന് ആക്ട് (ജിഐബിഎന്എ) പാസാക്കിയതോടെ, നോണ്- ലൈഫ് ഇന്ഷ്വറന്സ് ബിസിനസ്സ് ദേശീയവത്കരിക്കുകയും ജനറല് ഇന്ഷ്വറന്സ് കോര്പ്പറേഷനും അതിന്റെ അനുബന്ധമായി നാല് സ്ഥാപനങ്ങളും കൂടി രൂപീകരിക്കപ്പെട്ടു. ആ സമയത്ത് നോണ്- ലൈഫ് ഇന്ഷ്വറന്സ് ബിസിനസ്സില് ഏര്പ്പെട്ടിരുന്ന 106 ഇന്ഷ്വറര്മാ ലയിച്ചാണ് ജിഐസിയുടെ 4 അനുബന്ധ സ്ഥാപനങ്ങളായി മാറിയത്.

c) മൽഹോത്ര കമ്മിറ്റിയും ഐആർഡിഎയും

സ്വകാര്യ മേഖലയ്ക്ക് പങ്കാളിത്തം നല്കുന്നത് പുനഃസ്ഥാപിക്കുക തുടങ്ങിയ ഇന്ഷ്വറന്സേ മേഖലയ്ക്ക് ആവശ്യമായ മാറ്റങ്ങള് ശുപാര്ശ ചെയ്യുന്നതിന് 1993-ല് മല്ഹോത്ര കമ്മിറ്റി രൂപീകരിച്ചു. 1994-ല് കമ്മിറ്റി തങ്ങളുടെ റിപ്പോര്ട്ട് സമര്പ്പിച്ചു. 1997-ല് ഇന്ഷ്വറന്സ് റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കപ്പെട്ടു.

d) 1999-ല് ഇന്ഷ്വറന്സ് റെഗുലേറ്ററി ആന്റ് ഡവലപ്മെന്റ് ആക്ട് പാസാക്കിയത് 2000 ഏപ്രിലി ഇന്ഷ്വറന്സ് റെഗുലേറ്ററി ആന്റ് ഡവലപ്മെന്റ് അതോറിറ്റി രൂപീകരിക്കുന്നതിലേക്ക് നയിച്ചു, "പോളിസിയുടമകളുടെ താത്പര്യങ്ങള് സംരക്ഷിക്കുന്നതിനും ഇന്ഷ്വറന്സ് മേഖലയുടെ വളര്ച്ച ഉറപ്പാക്കുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള" സ്വതന്ത്ര സംഘടനയാണിത്.

e) GIC പുന

ജിഐസി ദേശീയ റീ-ഇന്ഷ്വററായും അതിന്റെ 4 ഉപസ്ഥാപനങ്ങ സ്വതന്ത്ര കമ്പനികളായി പുനരാവിഷ്കരിച്ചു. 2000-ല് നാല് ഉപസ്ഥാപനങ്ങളും ജിഐസിയി നിന്നും വേര്പ്പെടുത്താ പാര്ലമെന്റ് ബില് പാസാക്കി, 2000-ല് അത് വേര്പ്പെടുത്തി. ഇവയാണ്

- ✓ നാഷണല് ഇന്ഷ്വറന്സ് കമ്പനി ലിമി.
- ✓ ദി ഓറിയന്റല് ഇന്ഷ്വറന്സ് കമ്പനി ലിമി.
- ✓ ദ ന്യൂ ഇന്ത്യ അഷ്വറന്സ് കമ്പനി ലിമി.
- ✓ യുണൈറ്റഡ് ഇന്ത്യ ഇന്ഷ്വറന്സ് കമ്പനി ലിമി.

f) ഇന്നത്തെ ലൈഫ് ഇൻഷ്വറൻസ് കമ്പനി

"ലൈഫ് ഇന്ഷ്വറന്സ് " കമ്പനികളായി 28 ഇന്ഷ്വറന്സ് കമ്പനിക രജിസ്റ്റര് ചെയ്തിട്ടുണ്ട്. പട്ടിക താഴെ കൊടുത്തിരിക്കുന്നു.

g) ഇന്നത്തെ നോൺ- ലൈഫ് ഇൻഷ്വറൻസ് കമ്പനി

"ജനറല് ഇന്ഷ്വറന്സ് " കമ്പനികളായി 28 ഇന്ഷ്വറന്സ് കമ്പനിക രജിസ്റ്റര് ചെയ്തിട്ടുണ്ട്.

i. അഗ്രികള്ച്ച ഇന്ഷ്വറന്സ് കമ്പനി ഓഫ് ഇന്ത്യ ലിമിറ്റഡ്, വിള ഇന്ഷ്വറന്സ്/ ഗ്രാമീണ ഇന്ഷ്വറന്സുമായി ബന്ധപ്പെട്ട റിസ്കി സ്പെഷ്യലൈസ് ചെയ്തിരിക്കുന്ന ഇന്ഷ്വററാണ്.

ii. എക്സേപാര്ട്ട് ക്രെഡിറ്റ് ഗാരന്റ് കോര്പ്പറേഷ ഓഫ് ഇന്ത്യ, എക്സേപാര്ട്ട് ക്രെഡിറ്റുമായി ബന്ധപ്പെട്ട റിസ്കുകളി സ്പെഷ്യലൈസ് ചെയ്തിരിക്കുന്ന ഇന്ഷ്വററാണ്.

iii. 5 സ്റ്റാന്ഡെലോ ആരോഗ്യ ഇന്ഷ്വറന്സ് കമ്പനിക.

iv. ബാക്കിയുള്ള കമ്പനികള് എല്ലാ തരത്തിലുമുള്ള ജനറല് ഇന്ഷ്വറന്സ് ബിസിനസ്സുകള് കൈകാര്യം ചെയ്യും.

ലിസ്റ്റ് താഴെ കൊടുത്തിരിക്കുന്നു.

ലൈഫ് ഇൻഷ്വറൻസ് കമ്പനികളുടെ ലിസ്റ്റ് :

1. ഏജിയോണ് റെലിഗയ ലൈഫ് ഇന്ഷ്വറന്സ്	13.ഐഡിബിഐ ഫെഡറല് ലൈഫ് ഇന്ഷ്വറന്സ്
2. അവൈവ ലൈഫ് ഇന്ഷ്വറന്സ്	14.ഇന്ത്യ ഫസ്റ്റ് ലൈഫ് ഇന്ഷ്വറന്സ്
3. ബജാജ് അലയന്സ് ലൈഫ് ഇന്ഷ്വറന്സ്	15.കോതക് മഹീന്ദ്ര ഓള്ഡ് മ്യൂച്ച ലൈഫ് ഇന്ഷ്വറന്സ്
4. ഭാരതി അക്സ ലൈഫ് ഇന്ഷ്വറന്സ്	16.ലൈഫ് ഇന്ഷ്വറന്സ് കോര്പ്പറേഷ
5. ബിര്ള സ ലൈഫ് ഇന്ഷ്വറന്സ്	17.മാക്സ് ലൈഫ് ഇന്ഷ്വറന്സ്
6. കാനറ എച്ച്എസ്ബിസി ഒബിസി ലൈഫ് ഇന്ഷ്വറന്സ്	18.പിഎന്ബി മെറ്റ്ലൈഫ്
7. ഡിഎച്ച്എഫ്എല് പ്രാമേരിക്ക ലൈഫ് ഇന്ഷ്വറന്സ്	19.റിലയന്സ് ലൈഫ് ഇന്ഷ്വറന്സ്
8. എഡല്വൈസ് ലൈഫ് ഇന്ഷ്വറന്സ്	20.സഹാറ ഇന്ത്യ ലൈഫ് ഇന്ഷ്വറന്സ്
9. എക്സൈഡ് ലൈഫ് ഇന്ഷ്വറന്സ്	21.എസ്ബിഐ ലൈഫ് ഇന്ഷ്വറന്സ്
10.ഫ്യൂച്ചര് ജനറാലി ലൈഫ് ഇന്ഷ്വറന്സ്	22.ശ്രീറാം ലൈഫ് ഇന്ഷ്വറന്സ്
11.എച്ച്ഡിഎഫ്സി സ്റ്റാന്ഡേര്ഡ് ലൈഫ് ഇന്ഷ്വറന്സ്	23.സ്റ്റാര് യൂണിയ ഡെ-ഇച്ചി ലൈഫ് ഇന്ഷ്വറന്സ്
12.ഐസിഐസിഐ പ്രൂഡന്ഷ്യല് ലൈഫ് ഇന്ഷ്വറന്സ്	24.ടാറ്റാ എഐഎ ലൈഫ് ഇന്ഷ്വറന്സ്

സ്റ്റാൻഡെലോൺ ആരോഗ്യ ഇൻഷ്വററുമാരുടെ ലിസ്റ്റ്.

1. ബജാജ് അലയന്സ് ജനറ ഇന്ഷ്വറന്സ്
2. ഫ്യൂച്ചര് ജനറാലി ജനറ ഇന്ഷ്വറന്സ്

3. ഓറിയന്റ് ഇന്ഷ്വറന്സ്
4. ടാറ്റാ എഐജി ജനറ് ഇന്ഷ്വറന്സ്
5. സ്റ്റാര് ഹെല്ത്ത് ഇന്ഷ്വറന്സ്

ജനറൽ ഇൻഷ്വറൻസിൻറെയും സ്റ്റാൻഡെലോൺ ആരോഗ്യ കമ്പനികളുടെയും ലിസ്റ്റ്:

1. അഗ്രികള്ച്ച് ഇന്ഷ്വറന്സ് കമ്പനി
2. ബജാജ് അലയന്സ് ജനറ് ഇന്ഷ്വറന്സ്
3. ഭാരതി അക്സാ ജനറ് ഇന്ഷ്വറന്സ്
4. ചോളമണ്ഡലം എംഎസ് ജനറ് ഇന്ഷ്വറന്സ്
5. എക്സേപാര്ട്ട് ക്രെഡിറ്റ് ഗാരന്റി കോര്പ്പറേഷ്
6. ഫ്യൂച്ചര് ജനറാലി ജനറ് ഇന്ഷ്വറന്സ്
7. എച്ച്ഡിഎഫ്സി എര്ഗോ ജനറ് ഇന്ഷ്വറന്സ്
8. ഐസിഐസിഐ ലോംബാര്ഡ് ജനറ് ഇന്ഷ്വറന്സ്
9. ഐഎഫ്എഫ്സിഒ ടോക്യോ ജനറ് ഇന്ഷ്വറന്സ്
10. എല് ആന്റ് ടി ജനറ് ഇന്ഷ്വറന്സ്
11. ലിബര്ട്ടി വീഡിയോകോ് ജനറ് ഇന്ഷ്വറന്സ്
12. മാഗ്മാ എച്ച്ഡിഎഫ്സി ജനറ് ഇന്ഷ്വറന്സ്
13. നാഷണല് ഇന്ഷ്വറന്സ്
14. ന്യൂ ഇന്ത്യ അഷ്വറന്സ്
15. ഓറിയന്റല് ഇന്ഷ്വറന്സ്
16. രഹേജ ക്യൂബിഇ ജനറ് ഇന്ഷ്വറന്സ്
17. റിലയന്സ് ജനറ് ഇന്ഷ്വറന്സ്
18. റോയല് സുന്ദരം ജനറ് ഇന്ഷ്വറന്സ്
19. എസ്ബിഐ ജനറ് ഇന്ഷ്വറന്സ്
20. ശ്രീറാം ജനറ് ഇന്ഷ്വറന്സ്
21. ടാറ്റാ എഐജി ജനറ് ഇന്ഷ്വറന്സ്
22. യുണൈറ്റഡ് ഇന്ത്യ ഇന്ഷ്വറന്സ്
23. യൂണിവേഴ്സല് സോംപോ ജനറ് ഇന്ഷ്വറന്സ്

B. എന്താണ് ആരോഗ്യ പരിപാലനം

നമ്മള് ആരോഗ്യ പരിപാലം എന്ന് കേട്ടിട്ടുണ്ട്. എപ്പോഴെങ്കിലും യഥാര്ത്ഥത്തി ആരോഗ്യം എന്താണെന്ന് അറിയാ നിങ്ങ ശ്രമിച്ചിട്ടുണ്ടോ? 'ഹെല്ത്ത്' എന്ന വാക്ക് 'ഹോയില്ത്ത്' എന്ന വാക്കില് നിന്നാണ് ഉടലെടുത്തത്, ഇതിന്റെ അര്ത്ഥം 'ശരീരം ശക്തമാണ്' എന്നാണ്.

പഴയ കാലത്ത്, ആരോഗ്യം എന്നത് ഒരു 'ദിവ്യമായ നിധിയായിട്ടാണ്' കണക്കാക്കിയിരുന്നത്, ഒരു വ്യക്തി പാപം ചെയ്യുന്നത് മൂലമാണ് അയാള്ക്ക് അസുഖം പിടിപ്പെടുന്നതെന്നാണ് വിശ്വസിച്ചിരുന്നത്. ഹിപ്പോക്രാറ്റ്സാണ് (460 മുത 370 ബിസി വരെ) അസുഖത്തിന് പിന്നിലുള്ള കാരണങ്ങള് കണ്ടെത്തിയത്. അദ്ദേഹത്തിന്റെ അഭിപ്രായ പ്രകാരം, പരിസ്ഥിതി, ശുചിത്വം, സ്വകാര്യ ശുചിത്വം, അഹാരരീതി എന്നിവയുമായി ബന്ധപ്പെട്ട വിവിധ ഘടകങ്ങളാണ് അസുഖത്തിന് കാരണമാകുന്നത്.

ഹിപ്പോക്രാറ്റ്സിന് വളരെ നൂറ്റാണ്ട് മുമ്പ് തന്നെ ഇന്ത്യയില് ആയുര്വേദം നിലകൊണ്ടിരുന്നു, ഇത് നാല് ഘടകങ്ങളുടെ സന്തുലാവസ്ഥയായിട്ടാണ് ആരോഗ്യത്തെ കണക്കാക്കിയിരുന്നത് – രക്തം, പിത്തം, കഫം, അമ്ലം, ഈ ദ്രാവകങ്ങളുടെ അസന്തുലവസ്ഥയാണ് അസുഖങ്ങളിലേക്ക് നയിക്കുന്നത്. അന്നത്തെക്കാലത്ത് പാശ്ചാത്യ രാജ്യത്തിന് പോലും അറിഞ്ഞുകൂടായിരുന്ന സങ്കീര്ണ്ണ ശാസ്ത്രക്രിയക ഇന്ത്യയിലെ വൈദ്യ ശാസ്ത്രത്തിന്റെ പിതാവായ സുശ്രുത നടത്തിയിരുന്നു.

കാലം കഴിഞ്ഞതോടെ ആധുനിക വൈദ്യശാസ്ത്രം ഒരു സങ്കീര്ണ്ണ ശാത്രമായി മാറുകയും അതിന്റെ ലക്ഷയ്ം രോഗം ചികിത്സിക്കുക മാത്രമല്ല അസുഖങ്ങള് തടയലും അരോഗ്യത്തോടെ ജീവിക്കുന്നത് പരിപോഷിപ്പിക്കുകയും ചെയ്യുന്നതായി മാറി. 1948 ലോക ആരോഗ്യ സംഘടന നിര്വചിച്ചതാണ് ലോകമെമ്പാടും പൊതുവേ അംഗീകരിച്ചിട്ടുള്ള ആരോഗ്യത്തിന്റെ നിര്വചനം ; ഇത് പ്രകാരം "ആരോഗ്യമെന്നത് സന്പൂര്ണ്ണമായ ശാരീരിക, മാനസിക, സാമൂഹിക സുഖം എന്ന അവസ്ഥയാണ് അല്ലാതെ രോഗം ഇല്ലാതിരിക്കുക എന്നത് മാത്രമല്ല". ഇന്ത്യയിലെ ആയുര്വേദത്തിന് ഒരു സമ്പൂര്ണ്ണ വീക്ഷണം പണ്ടേ ഉണ്ടായിരുന്നു.

നിർവചനം

ലോക ആരോഗ്യ സംഘടന (ഡബ്ളയ്ൂഎച്ച്ഒ): ആരോഗ്യമെന്നത് സന്പൂര്ണ്ണമായ ശാരീരിക, മാനസിക, സാമൂഹിക സുഖം എന്ന അവസ്ഥയാണ് അല്ലാതെ രോഗം ഇല്ലാതിരിക്കുക എന്നത് മാത്രമല്ല.

അരോഗ്യത്തിൻറെ നിർണ്ണായക ഘടകങ്ങൾ

താഴെ കൊടുത്തിരിക്കുന്ന ഘടകങ്ങളാണ് ഏതൊരു വ്യക്തിയുടെയും പൊതുവേയുള്ള അരോഗ്യത്തിന്റെ നിര്ണ്ണായക ഘടകങ്ങ:

a) ജീവിത ശൈലി ഘടകങ്ങൾ

ഒരു വ്യക്തിയുടെ സ്വന്തം നിയന്ത്രണത്തിലുള്ളതാണ് ജീവിതശൈലി ഘടകങ്ങള്, അതായത്– വ്യായാമവും പരിമിതാഹാരവും, ഉത്കണ്ഠകള് ഒഴിവാക്കല്, അതുപോലുള്ള നല്ല ആരോഗ്യത്തിലേക്ക് നയിക്കുന്ന ഘടകങ്ങള്; ചിട്ടയില്ലാത്ത ജീവിതശൈലിയും പുകവലി, മയക്കുമരുന്നിന്റെ ഉപയോഗം , സുരക്ഷിതമല്ലാത്ത ലൈംഗിക ബന്ധം, വ്യായാമമില്ലായ്മ തുടങ്ങിയവ കാന്സര്, എയ്ഡ്സ്, ഹൈപ്പര്ടെന്ഷ, പ്രമേഹം തുടങ്ങിയ രോഗങ്ങളിലേക്ക് നയിക്കാം.

ഇത്തരം കാര്യങ്ങള് നിയന്ത്രിക്കുന്നതിന് (ഉദാ. കഞ്ചാവ് ഉപയോഗിക്കുന്നതിന് ജാമ്യമില്ലാത്ത തടവ്, പുകയില ഉത്പന്നങ്ങള്ക്ക് ഉയര്ന്ന നികുതി) സര്ക്കാര് വലിയ പങ്ക് വഹിക്കുന്നുണ്ടെങ്കിലും ജീവിതശൈലി ഘടകങ്ങ മൂലമുണ്ടാകുന്ന രോഗങ്ങ തടയണമെങ്കില് ഒരു വ്യക്തി സ്വയം തീരുമാനം എടുക്കണം.

b) പരിസ്ഥിതി ഘടകങ്ങൾ

സുരക്ഷിതമായ കുടിവെള്ളം, ശുചിത്വവും പോഷകാഹാരവുമാണ് ആരോഗ്യത്തിനുള്ള സങ്കീര്ണ്ണ ഘടകങ്ങ ഇവയ്ക്കുള്ള അപര്യാപ്ത മൂലം സങ്കീര്ണ്ണങ്ങളായ രോഗങ്ങളിലേക്ക് നയിക്കുന്ന ചിത്രമാണ് ലോകമെമ്പാടും പ്രത്യേകിച്ചും വികസിച്ച് വരുന്ന രാജ്യങ്ങളില് കണ്ട് വരുന്നത്. പകര്ച്ചപനി, ചിക്കന് പോക്സ് തുടങ്ങിയ പകര്ച്ച വ്യാധിക പകരുന്നത് ശുചിത്വമില്ലായ്മ മൂലമാണ്, മലേറിയ , ഡെങ്കി പകരുന്നത് പരിസര വൃത്തിയില്ലായ്മ മൂലമാണ്, പരിസ്ഥിതി ഘടകങ്ങള് മൂലവും ചില അസുഖങ്ങള് പിടിപെടാറുണ്ട്, ഉദാ. ആസ്ബറ്റോസ് നിര്മ്മാണ കമ്പനികളില് ജോലി ചെയ്യുന്നവര്ക്ക് അവരുടെ തൊഴലുമായി ബന്ധപ്പെട്ട അസുഖങ്ങള് പിടിക്കാനുള്ള സാദ്ധ്യത വളരെ കൂടുതലാണ്, കല്ക്കരി ഖനിയില് ജോലി ചെയ്യുന്നവര്ക്ക് ശ്വാസ കോശ രോഗങ്ങളും പിടിപ്പെടാനുള്ള സാദ്ധ്യത കൂടുതലാണ്.

c) ജനിതക ഘടകങ്ങൾ

പാരമ്പര്യമായി ചില അസുഖങ്ങള് മാതാപിതാക്കളി നിന്നും കുട്ടികളിലേക്ക് പകരാറുണ്ട്. അത്തരം ജനിതക ഘടങ്ങ വംശം, ചില പ്രദേശങ്ങള്, ചില സമൂദായങ്ങള് എന്നിവയുടെ അടിസ്ഥാനത്തി ആഗോളതലത്തില് പരന്ന് കിടക്കുന്ന ജനങ്ങള്ക്ക് വിവിധ തരത്തിലുള്ള ആരോഗ്യസ്ഥിതി വിശേഷത്തിന് കാരണമായിട്ടുള്ളത്.

ഒരു രാജ്യത്തിന്റെ സാമൂഹിക-സാമ്പത്തിക അടിത്തറ ആ രാജ്യത്തെ ജനങ്ങളുടെ ആരോഗ്യസ്ഥിതിയുടെ അടിസ്ഥാനത്തിലാണെന്ന കാര്യം യാഥാര്ത്ഥ്യം തന്നെയാണ്. ആരോഗ്യത്തോടെ ജീവിക്കുന്ന ജനങ്ങള് സാമ്പത്തിക വളര്ച്ചയ്ക്ക് ആക്കം കൂട്ടും എന്ന് മാത്രമല്ല അത് അമൂല്യവും കൂടിയാണ്, ഇത് ഇന്ത്യ പോലെ വികസിച്ച് വരുന്ന രാജ്യങ്ങള്ക്ക് വളരെ സങ്കീര്ണ്ണമാണ്. വ്യക്തിതലത്തില്, ആരോഗ്യകരമല്ലാത്ത അവസ്ഥ അവന്റെ നിത്യവൃത്തിയെ ബാധിക്കുകയും സ്വന്തം കാര്യം നോക്കാന് സാധിക്കാത്ത അവസ്ഥയിലേക്ക് നീങ്ങുകയും അത് ആളുകളെ ദാരിദ്ര്യത്തിലേക്ക് ഇളിയിടും അങ്ങനെ ആത്മഹത്യ ചെയ്യുക എന്ന സാഹചര്യത്തിലേക്ക് പോലും നയിച്ചേക്കും.

അതുകൊണ്ട് ലോകമെമ്പാടും, ജനങ്ങളുടെ ആരോഗ്യത്തിനും സൌകര്യപ്രദമായ ജീവിതത്തിനും ആവശ്യമായ നടപടിക്രമങ്ങള് സര്ക്കാ സ്വീകരിക്കുകയും എല്ലാ പൌരന്മാര്ക്കും ആരോഗ്യപരിപാലനം അവര്ക്ക് താങ്ങാവുന്ന നിരക്കില് ലഭ്യമാക്കുന്നുണ്ടെന്ന് ഉറപ്പാക്കുകയും ചെയ്യുന്നുണ്ട്. ആയതിനാല് ആരോഗ്യ പരിപാലനത്തിനായി ചെലവാക്കുന്നത് ഓരോ രാജ്യത്തിന്റെ സാമ്പത്തിക വളര്ച്ചയുടെ ആവിഭാജ്യ ഘടകമായി മാറിയിരിക്കുകയാണ്.

വിവിധ സാഹചര്യങ്ങളില് വിവിധ തരത്തിലുള്ള ആരോഗ്യപരിപാലനം ആവശ്യമാണോ എന്ന ചോദ്യത്തിന് ഇത് വഴിവെയ്ക്കും.

C. രോഗ്യപരിപാലന തലങ്ങൾ

സര്ക്കാ ഉള്പ്പടെയുള്ള വിവിധ ഏജന്സികളും ദാതാക്കളും ജനങ്ങളുടെ ആരോഗ്യം നിലനിര്ത്തുന്നതിന്, പ്രോത്സാഹിപ്പിക്കുന്നതിന് അഥവാ നിരീക്ഷിക്കുന്നതിന് നല്കുന്ന ഒരു കൂട്ടം സേവനമാണ് ആരോഗ്യപരിപാലനം. ആരോഗ്യപരിപാലനം ഫലപ്രദമാകണമെങ്കി അത്:

- ആളുകളുടെ ആവശ്യങ്ങള്ക്ക് അനുയോജ്യമായിരിക്കണം
- സംക്ഷിപ്തമായിരിക്കണം
- പര്യാപ്തമായിരിക്കണം
- എളുപ്പത്തില് ലഭ്യമാകണം
- താങ്ങാന് കഴിയുന്നതാകണം

ഓരോ വ്യക്തികളുടെയും ആരോഗ്യസ്ഥിതി വ്യത്യസ്തമാണ്. എല്ലാ തരത്തിലുമുള്ള ആരോഗ്യപ്രശ്നങ്ങള്ക്ക് ഒരേ തരത്തിലുള്ള ഘടന ലഭ്യമാക്കുക എന്നത് സാദ്ധ്യവുമല്ല പ്രയോഗികവുമല്ല. ആളുകളുടെ അസുഖങ്ങളുടെ സാധ്യത അനുമാനത്തിന്റെ അടിസ്ഥാനത്തിലായിരിക്കണം ആരോഗ്യപരിപാലന സൌകര്യങ്ങള്. ഉദാഹരണത്തിന്, ഒരു വ്യക്തിയ്ക്ക് പനി, ജലദോഷം, ചുമ, ത്വക്ക് രോഗങ്ങള് തുടങ്ങിയവ വര്ഷത്തി ഒരുപാട് തവണ ഉണ്ടാകാറുണ്ട്, പക്ഷേ ചുമയും ജലദോഷവുമായി താരതമ്യം ചെയ്യുമ്പോള് ഹെപ്പറൈറ്റിസ് ബി ഉണ്ടാകാനുള്ള സാദ്ധ്യത വളരെക്കുറവാണ്.

അതുപോലെ, അതേ വ്യക്തിയ്ക്ക് തന്നെ ഹൃദ്രോഗം അതവാ കാന്സര് വരാനുള്ള സാദ്ധ്യത ഹെപ്പറൈറ്റിസ് ബി വരാനുള്ള സാദ്ധ്യതയെക്കാളും കുറവാണ്. ആയതിനാല് താഴെ കൊടുത്തിരിക്കുന്ന വിവിധ ആരോഗ്യ പരിപാലന ഘടങ്ങളുടെ അടിസ്ഥാനത്തിലായിരിക്കണം ഒരു പ്രദേശത്ത് വില്ലേജ് അഥവാ ജില്ല അഥവാ സംസ്ഥാനത്തെ ആരോഗ്യ പരിപാലന സൌകര്യങ്ങള് സജ്ജീകരിക്കേണ്ടത്:

- ✓ ജനസംഖ്യ
- ✓ മരണനിരക്ക്
- ✓ അസുഖ നിരക്ക്
- ✓ വൈകല്യ നിരക്ക്
- ✓ ജനങ്ങളുടെ സാമൂഹിക-മാനസികാരോഗ്യം
- ✓ ജനങ്ങളുടം പൊതു പോഷക സ്ഥിതി
- ✓ പരിസ്ഥിതി ഘടകങ്ങള് – ഖനനമേഖല അഥവാ വ്യവസായിക മേഖല
- ✓ സാദ്ധ്യമായ ആരോഗ്യ പരിപാലന ദാതാവിന്റെ ഘടന ഉദാ. ഗ്രാമങ്ങളില് ഹൃദ്രോഗ ഡോക്ടറുടെ ലഭ്യത കുറവ് പക്ഷേ ജില്ല പട്ടണങ്ങളിലെ ലഭ്യതയും.
- ✓ ആരോഗ്യ പരിപാലന സിസ്റ്റം എത്രമാത്രം ഉപയോഗിക്കുന്നുണ്ട്
- ✓ താങ്ങാന് കഴിയുക പോലുള്ള സാമൂഹിക-സാമ്പത്തിക ഘടകങ്ങള്

മുകളില് പറഞ്ഞിരിക്കുന്ന ഘടകങ്ങളുടെ അടിസ്ഥാനത്തി സര്ക്കാ പ്രാഥാമിക, രണ്ടാം തല, മൂന്നാം തല ആരോഗ്യപരിപാലന സെന്ററുകള് ആരംഭിക്കാ തീരുമാനിക്കുകയും ജനങ്ങള്ക്ക് ലഭ്യമായ രീതിയിലും അവര്ക്ക് താങ്ങാന് കഴിയുന്ന രീതിയിലും ആരോഗ്യപരിപാലനം ലഭ്യമാക്കുന്നതിനുള്ള മറ്റ് നടപടിക്രമങ്ങളും സ്വീകരിച്ചിട്ടുണ്ട്.

D. ആരോഗ്യപരിപാലന വിഭാഗങ്ങൾ

താഴെ കൊടുത്തിരിക്കുന്നവയായി ആരോഗ്യപരിപാലനത്തിനെ വിഭജിച്ചിട്ടുണ്ട്:

1. പ്രാഥമിക ആരോഗ്യ പരിപാലനം

പ്രാഥമിക ആരോഗ്യ പരിപാലനം എന്നത് ഏതൊരു അസുഖത്തിനും ഒരു രോഗി സന്ദര്ശിക്കുന്ന ഡോക്ടറുമാ, നെഴ്സുമാ, മറ്റ് ചെറുകിട ക്ലിനിക്കുകള് തുടങ്ങിയവയാണ്, ചുരുക്കത്തില് ആരോഗ്യ പരിപാലന ഘടനയില് എല്ലാ രോഗികളും ആദ്യം ബന്ധപ്പെടുന്നത് പ്രാഥമിക ആരോഗ്യപരിപാലന ദാതാവിനെയാണ്.

വികസിത രാജ്യങ്ങളില്, പ്രാഥമിക ആരോഗ്യ പരിപാലനത്തിന് കൂടുതല് ശ്രദ്ധ നല്കുന്നുണ്ട്, അങ്ങനെ ആരോഗ്യ സംബന്ധമായ പ്രശങ്ങള് പകരുന്നതും, സങ്കീര്ണ്ണമാകുന്നതും ഗുരുതരമാകുന്നതും തടയാ ഒരുപരിധി വരെ സാധിക്കും. പ്രാഥമിക ആരോഗ്യ പരിപാലന സ്ഥാപനങ്ങ രോഗങ്ങള് തടയുന്നതിനും വാക്സുനുക നല്കുന്നതിനും അവബോധം ഉണ്ടാക്കിയെടുക്കുന്നതിനും മെഡിക്ക കൌണ്സലിംഗിനും മറ്റുമാണ് ഊന്നല് നല്കുന്നത്, ആവശ്യമെങ്കി വിദഗ്ദ്ധരായ ഡോക്ടറെ സമീപിക്കുന്നതിനായി ശിപാര്ശ ചെയ്യുകയും ചെയ്യും.

ഉദാഹരണത്തിന്, പനി ബാധിതനായ ഒരു വ്യക്തി ഡോക്ടറെ സമീപിക്കുകയാണെങ്കില്, ആദ്യ പരിശോധനയില് ഡെങ്കിപനിയാണെന്ന് ബോധ്യപ്പെട്ടാല് പ്രാഥമിക ആരോഗ്യ പരിപാലകന് കുറിച്ച് മരുന്നുകള് നിര്ദ്ദേശിക്കുകയും അതേ സമയത്ത് തന്നെ വിദഗ്ദ്ധ ചികിത്സയ്ക്കായി ഒരു ആശുപത്രിയില് പോയി അഡ്മിറ്റാവാ ഉപദേശിക്കുകയും ചെയ്യും. മിക്ക പ്രാഥമിക ചികിത്സ കേസുകളിലും ഡോക്ടര് ഒരു കുടുംബ ഡോക്ടര് എന്ന നിലയിലാണ് പെരുമാറുന്നത്– അതായത് ഒരു കുടുംബത്തിലെ എല്ലാവരും ചെറിയ അസുഖങ്ങള് വരുമ്പോ ഈ ഡോക്ടറെയാണ് സമീപിക്കുക.

ജനിതക ഘടകങ്ങളുടെ അടിസ്ഥാനത്തിലുള്ള ലക്ഷണങ്ങള് മനസ്സിലാക്കാനും അതിന് അനുയോജ്യമായ വൈദ്യോപദേശം നല്കുവാനും ഈ രീതി സഹായകമാകും. ഉദാഹരണത്തിന്, മാതാപിതാക്കള്ക്ക് പ്രമേഹമുണ്ടെങ്കി അവരുടെ മക്കളോട് പ്രമേഹം ഒരുപരിധി വരെ ഒഴിവാക്കുന്നതിന് ചെറുപ്പം മുതലെ ജീവിതശൈലി നിയന്ത്രിക്കാ ഉപദേശിക്കും.

രാജ്യതലത്തില്, സര്ക്കാരും സ്വകാര്യ മേഖലകളും പ്രാഥമിക ആരോഗ്യ പരിപാലന സെന്ററുക ആരംഭിച്ചിട്ടുണ്ട്. ജനസംഖ്യയുടെ അടിസ്ഥാനത്തിലാണ് സര്ക്കാര് ആരോഗ്യ പരിപാലന സെന്ററുക ആരംഭിച്ചിട്ടുള്ളത് , നിലവില് ഒരു രൂപത്തി അഥവാ മറ്റൊരു രൂപത്തി വില്ലേജ് തലത്തില് മുതലുണ്ട്.

2. രണ്ടാംഘട്ട ആരോഗ്യപരിപാലനം

രണ്ടാംഘട്ട ആരോഗ്യ പരിപാലനത്തി മെഡിക്ക സ്പെഷ്യലിസ്റ്റുകളും മറ്റ് ആരോഗ്യ മേഖല പ്രൊഫഷണലുകളും ഉള്പ്പെടും, പൊതുവേ ഇവരെ ആയിരിക്കുകയില്ല രോഗിക ആദ്യം സമീപിക്കുക. തീവ്ര പരിചരണ വിഭാഗ സേവനങ്ങ, ആംബുലന്സ് സൌകര്യങ്ങ, ലാബ് സൌകര്യങ്ങള്, രോഗ നിര്ണ്ണയവും മറ്റ് അനുബന്ധ മെഡിക്കല് സേവനങ്ങളും ആവശ്യമായ വരുന്ന ഗുരുതരമായ രോഗങ്ങള്ക്കുള്ള ചികിത്സയ്ക്ക് ആവശ്യമായ തീവ്രപരിചരണമാണ് ഇതില് ഉള്പ്പെടുന്നത്.

മിക്കപ്പോഴും, പ്രാഥമിക ചികിത്സകന് അഥവാ പ്രാഥമിക ആരോഗ്യപരിപാലന ദാതാവാണ് രോഗികളെ രണ്ടംതലത്തിലുള്ള പരിചരണത്തിനായി അയക്കുന്നത്. ചില സന്ദര്ഭങ്ങളി, സംയുക്തമായ സേവനങ്ങള് നല്കുന്നതിനായി രണ്ടാംഘട്ട പരിചരണ ദാതാക്കള്ക്ക് ഇന്–ഹൌസ് പ്രാഥമിക ആരോഗ്യപരിപാലന സൌകര്യം ഉണ്ടായിരിക്കു.

മിക്കവാറും, ജനസംഖ്യയുടെ അടിസ്ഥാനത്തില് താലൂക്ക് അഥവാ ബ്ലോക്ക് തലത്തില് രണ്ടാംഘട്ട ആരോഗ്യപരിചരണ ദാതാവ് ലഭ്യാണ്.

3. മൂന്നാംഘട്ട ആരോഗ്യപരിപാലനം

മൂന്നാംഘട്ട ആരോഗ്യപരിപാലനമെന്നത് വിദഗ്ദ്ധമായ കണ്സള്ട്ടേറ്റീവ് ആരോഗ്യ പരിപാലനമാണ്, പൊതുവേ അഡ്മിറ്റായ രോഗികള്ക്കും പ്രാഥമിക-രണ്ടംഘട്ട പരിചരണ ദായകരുടെ ശുപാര്ശ പ്രകാരം വരുന്നവര്ക്കും. മൂന്നാംഘട്ട ആരോഗ്യപരിപാലകര് പൊതുവേ സംസ്ഥാന തലസ്ഥാനങ്ങളിലും ചുരുക്കം ചില ജില്ല ആസ്ഥാനങ്ങളിലും ലഭ്യമാണ്.

മൂന്നാം ഘട്ട ആരോഗ്യപരിപാലനത്തില് ഉള്പ്പെടുന്നത് രണ്ടാംഘട്ട ആരോഗ്യപരിപാലന സൌകര്യത്തിലുമുപരിയുള്ള നൂതന വൈദ്യ സൌകര്യങ്ങളും മെഡിക്കല് പ്രൊഫഷണലുകളും – ഉദാഹരണത്തിന് ഓങ്കോളജി (കാന്സ് ചികിത്സ), അവയവം മാറ്റിവെയ്ക്കല് സൌകര്യങ്ങ്, ഉയര്ന്ന റിസ്കുള്ള ഗര്ഭചികിത്സ സ്പെഷ്യിസ്റ്റുകള്, തുടങ്ങിയവ.

പരിപാലനത്തിന്റെ ഘട്ടങ്ങ് വര്ദ്ധിക്കുന്നത് അനുസരിച്ച് പരിപാലനവുമായി ബന്ധപ്പെട്ട ചെലവുകളും വര്ദ്ധിച്ചു വരുന്നതായിട്ടാണ് കാണുന്നത്. പ്രാഥമിക ചികിത്സയ്ക്ക് പണം മുടക്കാന് ആളുകള്ക്ക് എളുപ്പത്തില് സാധിക്കുമെങ്കിലും രണ്ടാംഘട്ട പരിപാലനത്തിനും മൂന്നാം ഘട്ട പരിപാലത്തിനും പണം മുടക്കുക എന്നത് വളരെ ബുദ്ധിമുട്ടുള്ള കാര്യമാണ്. ഓരോ രാജ്യത്തെയും, ഗ്രാമീണ- പ്രദേശത്തെയും വിവിധ ഘട്ടങ്ങിളിലുള്ള പരിചരണത്തിന് ആവശ്യമായ സൌകര്യങ്ങളും വ്യത്യസ്തമാണ്.

E. ഇന്ത്യയിലെ ആരോഗ്യ ഘടനകളെ ബാധിക്കുന്ന ഘടകങ്ങൾ

ഇന്ത്യയിലെ ആരോഗ്യ ഘടനകള് വളരെയധികം പ്രശ്നങ്ങളെയും വെല്ലുവിളികളെയും നേരിടുകയും തുടര്ന്നും നേരിട്ട് കൊണ്ടിരിക്കുകയാണ്. ഇത് ആരോഗ്യപരിപാലന ഘടനയുടെ സവിശേഷതയെയും വ്യപ്തിയെയും വ്യക്തിതലങ്ങളിലുള്ള ആവശ്യങ്ങളെയും ആരോഗ്യപരിപാലന സംഘടനയുടെ ഘടനയെയും ബാധിക്കും. ഇത് നമുക്ക് ചര്ച്ച ചെയ്യാം:

1. ജനസംഖ്യയുമായി ബന്ധപ്പെട്ട പ്രവണതകൾ

a) ജനസംഖ്യ നിരക്കില് രണ്ടാം സ്ഥാനത്ത് നില്ക്കുന്ന രാജ്യമാണ് ഇന്ത്യ.

b) ഇത് ജനസംഖ്യ വര്ദ്ധനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെ തുറന്ന് കാണിക്കുന്നു.

c) ചികിത്സയ്ക്കായി പണം മുടക്കുന്നതിനുള്ള ആളുകളുടെ കഴിവിനെ ബാധിക്കുന്ന ഘടകമാണ് ദാരിദ്യം.

2. സാമൂഹിക പ്രവണതകൾ

a) വര്ദ്ധിച്ചു വരുന്ന നഗരവത്കരണം അഥവാ ജനങ്ങ് ഗ്രാമീണ പ്രദേശങ്ങളില് നിന്നും നഗരങ്ങളിലേക്ക് നീങ്ങുന്നതും ആരോഗ്യ പരിപാലനത്തിനുള്ള വെല്ലുവിളികളാണ്

b) വൈദ്യ സൈകര്യങ്ങള് ലഭ്യമല്ലാത്തതും ചെലവ് താങ്ങാ് കഴിയാത്തതും മൂലം ഗ്രാമ പ്രദേശങ്ങളിലെ ആരോഗ്യപ്രശ്നങ്ങള് ഇപ്പോഴും നിലനില്ക്കുന്നുണ്ട്.

c) വ്യായാമം ഇല്ലാത്ത കൂടുതല് ഉദാസീനമായ ജീവിതത്തിലേക്ക് നീങ്ങുമ്പോ് പ്രമേഹം, ഉയര്ന്ന രക്തസമ്മര്ദ്ദം പോലുള്ള പുതിയ വിഭാഗങ്ങളിലുള്ള അസുഖങ്ങളിലേക്ക് ഒരാളെ നയിക്കും.

3. ജീവിതകാലയളവ്

a) ഇന്ന് ജനിക്കുന്ന ഒരു കുഞ്ഞ് എത്ര വര്ഷം ജീവിക്കുമെന്നതാണ് ജീവിതകാലയളവ്

b) സ്വതന്ത്ര്യ ലഭിച്ച സമയത്ത് ജീവിതകാലയളവായ 30 വയസ്സ് എന്നതി നിന്നും ഇന്ന് 60 വയസ്സിലേക്ക് എത്തി പക്ഷേ വര്ദ്ധിച്ച ജീവിതകാലയളവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെപ്പറ്റി പറയുന്നില്ല.

c) ഇതാണ് ആരോഗ്യപരമായ ജീവിത കാലയളവ് എന്ന പുതിയ സങ്കല്പത്തിലേക്ക് നയിച്ചത്.

d) ഇതിന് വാര്ദ്ധക്യരോഗങ്ങള്ക്കുള്ള ഒരു അടിത്തറ സൃഷ്ടിക്കേണ്ടത് ആവശ്യമാണ്.

F. ഇന്ത്യയിലെ ആരോഗ്യ ഇൻഷ്വറൻസിൻറെ ഉൽപത്തി

ആരോഗ്യപരിപാലനവുമായി ബന്ധപ്പെട്ട തീരുമാനങ്ങള് എടുക്കുന്നതി സര്ക്കാ തിരക്കിലായിരുന്നെങ്കിലും ആരോഗ്യ ഇന്ഷ്വറന്സ് പദ്ധതി നടപ്പിലാക്കുന്നതിന് സമയം കണ്ടെത്തിയിരുന്നു. പിന്നീടാണ് ആരോഗ്യ ഇന്ഷ്വറന്സ് പോളിസികളുമായി ഇന്ഷ്വറന്സ് കമ്പനിക എത്തിയത്. ഇന്ത്യയില് ആരോഗ്യ ഇന്ഷ്വറന്സ് ഉടലെടുത്തത് ഇങ്ങനെയാണ്:

a) എ) എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ് സ്കീം

1947- ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിച്ച് അധികം വൈകാതെ 1948-ലെ ഇഎസ്ഐ ആക്ടിലൂടെ ആരംഭിച്ച എംപ്ലോയീസ് സ്റ്റേറ്റ് ഇന്ഷ്വറന്സ് സ്കീമിലൂടെയാണ് ഇന്ത്യയി ആരോഗ്യ ഇന്ഷ്വറന്സ് ആരംഭിച്ചത്. സ്വകാര്യ മേഖലയി ജോലി ചെയ്യോ ജോലി ചെയ്യുന്ന ബ്ലൂ-കോളര് ജീവനക്കാര്ക്കായിട്ടാണ് ഈ സ്കീം ആവിഷ്കരിച്ചത്, ഇത് അതിന്റെ ശൃംഖലയിലുള്ള ഡിസ്പന്സറികളിലൂടെയും ആശുപത്രികളിലൂടെയും സമഗ്രമായ ആരോഗ്യ സേവനം നല്കി വരുന്നുണ്ട്.

ഡിസ്പന്സറികളും ആശുപത്രികളും നടത്തുന്നതിനും തങ്ങളുടെ സൌകര്യം അപര്യാപ്തമാണെങ്കില് പൊതു-സ്വകാര്യ മേഖലയുമായി കരാറില് ഏര്പ്പെടുന്നതിനുമുള്ള ഏജന്സിയാണ് ഇഎസ്ഐസി (എംപ്ലോയീസ് സ്റ്റേറ്റ് ഇന്ഷ്വറന്സ് കോര്പ്പറേഷ.

15000 രൂപ വരെ വരുമാനമുള്ള എല്ലാ ജീവനക്കാരും പങ്കാളിത്ത വ്യവസ്ഥയിലുള്ള പരിരക്ഷയില് ഉള്പ്പെടും. അതായത് ജീവനക്കാരന് പേയ്റോളിന്റെ 1.75% ശതമാനവും തൊഴി ദാതാവ് 4.75% ഉം വിഹിതം നല്കും, സംസ്ഥാന സര്ക്കാ മെഡിക്കല് ചെലവുകളുടെ 12.5% സംഭാവന നല്കും.

ലഭിക്കുന്ന ആനുകൂല്യങ്ങളാണ്:

a) ഇഎസ്ഐസിയില് സൌജന്യ സമഗ്ര ആരോഗ്യ പരിപാലനം

b) പ്രസവാനുകൂല്യം

c) വൈകല്യാനുകൂല്യം

d) അസുഖങ്ങ മൂലം വേതനം നഷ്ടപ്പെടുകയാണെങ്കി നഷ്ടപരിഹാരമായി പണം നല്കും.

e) ജീവനക്കാരന് മരിക്കുകയാണെങ്കി മരണാന്തരകര്മ്മങ്ങള്ക്കുള്ള ചെലവ്.

അംഗീകൃത മെഡിക്കല് വിദഗ്ദ്ധരി നിന്നും സ്വകാര്യ ആശുപത്രിയി നിന്നുമുള്ള സേവനങ്ങളും ഇതി ഉള്പ്പെടും. 2012-ലെ കണക്ക് പ്രകാരം 65.5 ദശലക്ഷം ഗുണഭോക്താക്കളാണ് ഇഎസ്ഐഎസിന്റെ കീഴി വരുന്നത്.

b) കേന്ദ്ര സർക്കാരിൻറെ ആരോഗ്യ പദ്ധതി

ഇഎസ്ഐഎസിന്റെ പിന്നാലെ പെന്ഷ്കാരും സിവിലിയ് ജോലിയിലുള്ള അവരുടെ കുടുംബാംഗങ്ങള്ക്കും ഉള്പ്പടെയുള്ള കേന്ദ്ര സര്ക്കാ് ജീവനക്കാര്ക്കായി 1954-ല് കേന്ദ്ര സര്ക്കാരിന്റെ ആരോഗ്യ പദ്ധതി (സിജിഎച്ച്എസ്) ആരംഭിച്ചു. ഇത് ജീവനക്കാരുടെ കൈയ്യില് നിന്നും ചെറിയ വിഹിതവും തൊഴിലുടമയുടെ (കേന്ദ്ര സര്ക്കാരിന്റെ) വലിയ വിഹിതവും സ്വീകരിച്ച് ജീവനക്കാര്ക്കും അവരുടെ കുടുംബാംഗങ്ങള്ക്കും സമ്പൂര്ണ്ണ പരിരക്ഷ നല്കുക എന്നതാണ് ലക്ഷയ്ം.

ഇതില് എല്ലാ വൈദ്യ വിഭാഗങ്ങളും , അലോപ്പതി സിസ്റ്റത്തിലുള്ള അടിയന്തര സേവനങ്ങളും, സൌജന്യ മരുന്നുകളും പരിശോധനകളും റേഡിയോളജിയും, ഗുരുതരമായ അസുഖമുള്ള രോഗികളെ നേരിട്ട് സന്ദര്ശിക്കുന്നതും, വിദഗ്ദ്ധ ചികിത്സ, തുടങ്ങിയവയും ലഭിക്കും.

ജീവനക്കാരന്റെ വിഹിതം വരെ ചെറുതാണ്-അതായത് ശമ്പള സ്കേയിലിന്റെ അടിസ്ഥാനത്തി് മാസന്തോറും 15 രൂപ മുത് 150 രൂപ വരെ.

ഇന്ത്യയിലെ ആരോഗ്യ ഇന്ഷ്വറന്സ് മാര്ക്കറ്റില്, ഒരു വ്യക്തിയുടെ വയസ്സാണ് വ്യക്തിഗത ആരോഗ്യ ഇന്ഷ്വറന്സില് മുഖ്യ മെഡിക്കല് അണ്ടര്റൈറ്റിംഗ് ഘടകം. 45 മുതല് 50 വയസ്സ് പ്രായമുള്ള വ്യക്തികള് ആദ്യമായി ആരോഗ്യ ഇന്ഷ്വറന്സില് എന്റോല് ചെയ്യുമ്പോല് അവല് നിര്ദ്ദിഷ്ട പത്തോളജിക്കല് പരിശോധനകള് നടത്തി ആരോഗ്യ റിസ്ക് പ്രൊഫൈലും നിലവിലുള്ള ആരോഗ്യസ്ഥിതിയുടെ വിവരങ്ങളും അറിയേണ്ടത് ആവശ്യമാണ്. അത്തരം പരിശോധനകളിലൂടെ മുന്പുണ്ടായിരുന്നതും ഇനിയും വരാവുന്നതുമായ രോഗങ്ങളുടെ അഥവാ അവസ്ഥകളുടെ ഒരു ചിത്രം ലഭിക്കും.

ഉദാഹരണം

മദ്യം, മയക്കുമരുന്ന്, പുകയില എന്നിവയുടെ ഉപയോഗം കണ്ടെത്തുക ബുദ്ധിമുട്ടാണ് അത് പ്രൊപ്പോസല് ഫോമില് പ്രൊപ്പോസല് സ്വയമേ വെളിപ്പെടുത്തണം. ഇത്തരം വിവരങ്ങള് വെളിപ്പെടുത്താതിരിക്കുക എന്നത് ആരോഗ്യ ഇന്ഷ്വറന്സ് അണ്ടര്റൈറ്റിംഗിലെ ഏറ്റവും വലിയ വെല്ലുവിളിയാണ്. ദുര്മ്മേദസ്സാണ് മറ്റൊരു പ്രധാനപ്പെട്ട വെല്ലുവിളി, ഇത്തരം സങ്കീര്ണ്ണതകള്ക്ക് അനുയോജ്യമായ രീതിയില് വില നിശ്ചയിക്കുന്നതിന് ആവശ്യമായ അണ്ടര്റൈറ്റിംഗ് ഉപകരണങ്ങള് അണ്ടര്റൈറ്ററുമാല് വികസിപ്പിച്ചെടുക്കേണ്ടതായിട്ടുണ്ട്.

2. നോൺ-മെഡിക്കൽ അണ്ടർറൈറ്റിംഗ്

ആരോഗ്യ ഇന്ഷ്വറന്സിന് അപേക്ഷിക്കുന്ന മിക്ക പ്രൊപ്പോസര്മാര്ക്കും മെഡിക്കല് പരിശോധന ആവശ്യമില്ല. മെഡിക്കല് പരിശോധനയില് പത്തില് ഒന്ന് അഥവാ അതില്

കുറവോ കേസുകളി മാത്രമേ പ്രതികൂലമായ സാഹചര്യം സൃഷ്ടിക്കപ്പെടുകയുള്ളുവെന്ന ഒരു വിശ്വാസത്തിന്റെ അടിസ്ഥാനത്തി ഇന്ഷ്വറര്മാ ഒട്ടുമിക്ക കേസുകളിലും മെഡിക്ക പരിശോധന ഒഴിവാക്കും.

പ്രൊപ്പോസ എല്ലാ വസ്തുനിഷ്ഠമായ വിവരങ്ങളും സത്യസന്ധമായി രേഖപ്പെടുത്തുകയും ഏജന്റ് അത് ശ്രദ്ധാപൂര്വ്വം പരിശോധിക്കുകയും ചെയ്യുകയാണെങ്കി, വൈദ്യപരിശോധനയുടെ ആവശ്യം വളരെ കുറവാണ്. മാത്രമല്ല വൈദ്യ പരിശോധനകളും മറ്റ് ചെലവുകളും ഒഴിവാക്കുന്നത് മൂലം ലഭിക്കുന്ന തുകയിലൂടെ ക്ലെയിമിന്റെ അനുപാതം കുറച്ച് കൂടിയാലും സ്വീകാര്യമാണ്, മാത്രമല്ല ഇത് പ്രൊപ്പോസര്ക്ക് ഉണ്ടായേക്കാവുന്ന അസൌകര്യവും ഇല്ലാതാക്കും.

ആയതിനാ, വൈദ്യപരിശോധന നിര്ബന്ധമില്ലാത്ത ചില മെഡിക്ക പോളിസികളുമായി ഇന്ഷ്വറന്സ് കമ്പനിക മുന്നോട്ട് വരുന്നുണ്ട്. ഇത്തരം കേസുകളി ഏതൊക്കെ വയസ്സിലും അവസ്ഥയിലുമാണ് മെഡിക്ക പരിശേധന വേണ്ടി വരുന്നതെന്ന് സൂചിപ്പിക്കുന്ന ഒരു മെഡിക്ക ഗ്രിഡ് പൊതുവേ ഇന്ഷ്വറന്സ് കമ്പനിക സൃഷ്ടിക്കാറുണ്ട്, ആയതിനാ നോണ്-മെഡിക്ക പരിധിക വളരെ ശ്രദ്ധാപൂര്വ്വമാണ് രൂപകല്പന ചെയ്യുന്നത് അങ്ങനെ ബിസിനസ്സും റിസ്കും സന്തുലാവസ്ഥയി മുന്നോട്ട് പോകും.

ഉദാഹരണം

ഒരു വ്യക്തിയ്ക്ക് സുദീര്ഘ പ്രക്രിയയായ മെഡിക്ക പരിശോധനക, കാത്തിരിപ്പ് കാലാവധി, നടപടിക്രമ കാലതാമസം എന്നിവ കൂടാതെ പെട്ടെന്ന് ആരോഗ്യ ഇന്ഷ്വറന്സ് പരിരക്ഷ എടുക്കണമെങ്കി നോ-മെഡിക്ക അണ്ടര്റൈറ്റിംഗ് പോളിസി തിരഞ്ഞെടുക്കാം. നോ-മെഡിക്ക അണ്ടര്റൈറ്റിംഗ് പോളിസിയി, വയസ്സ്, ലിംഗം, ശീലങ്ങ, ശരീരഘടന, തുടങ്ങിയവയുടെ അടിസ്ഥാനത്തിലുള്ള കുറച്ച് ആരോഗ്യസംബന്ധമായ ചോദ്യങ്ങള്ക്കുള്ള ഉത്തരങ്ങളുടെ അടിസ്ഥാനത്തിലാണ് പൊതുവേ പ്രീമിയം നിരക്കുകളും ഇന്ഷ തുകയും തീരുമാനിക്കുന്നത്. ഈ പ്രക്രിയ വളരെ വേഗത്തിലുള്ളതാണ് പക്ഷേ പൊതുവേ ഉയര്ന്ന പ്രീമിയം നിരക്കാണ് ഈടാക്കുന്നത്.

3. ന്യൂമറിക്കൽ റേറ്റിംഗ് രീതി

റിസ്കിന്റെ ഓരോ ഘടകത്തിലും സംഖ്യപരമായ അഥവാ ശതമാനപരമായ മൂല്യനിര്ണ്ണയം നടത്തുന്നതിന് അണ്ടര്റൈറ്റിംഗി ഉപയോഗിക്കുന്ന പ്രക്രിയയാണിത്.

പ്രായം, ലിംഗം, വര്ഗ്ഗം, തൊഴി, വാസസ്ഥം, പരിസ്ഥിതി, ശരീരഘടന, ശീലങ്ങ, വ്യക്തിഗത-കുടുംബ ചരിത്രം എന്നീ ഘടകങ്ങ പരിശോധിച്ച് മുന്പേ ഉണ്ടാക്കിവച്ചിരിക്കുന്ന വ്യവസ്ഥയുടെ അടിസ്ഥാനത്തി സ്കോ നല്കും.

4. അണ്ടർറൈറ്റിംഗ് തീരുമാനങ്ങൾ

ലഭിച്ച എല്ലാ വിവരങ്ങളും ശ്രദ്ധാപൂര്വ്വം വിശകലനം ചെയ്ത് അനുയോജ്യമായ റിസ്ക് വിഭാഗത്തിലേക്ക് തരംതിരിക്കുന്നതോടെയാണ് അണ്ടര്റൈറ്റിംഗ് പ്രക്രിയ പൂര്ത്തിയാകുന്നത്. മുകളി കൊടുത്തിരിക്കുന്ന ഉപകരണങ്ങളുടെയും തന്റെ വിലയിരുത്തലിന്റെയും അടിസ്ഥാനത്തി, അണ്ടര്റൈറ്റ റിസ്കിനെ താഴെ കൊടുത്തിരിക്കുന്ന വിഭാഗങ്ങളായി തരംതിരിക്കും:

a) സ്റ്റാന്ഡേര്ഡ് നിരക്കി റിസ്ക് സ്വീകരിക്കുക
b) അധിക പ്രീമിയം (ലോഡ്) ഈടാക്കി റിസ്ക് സ്വീകരിക്കുക, ഇത് എല്ലാ കമ്പനികളിലും സാദ്ധ്യമല്ല.
c) നിര്ദ്ദിഷ്ട കാലത്തേയ്ക്ക് പരിരക്ഷ മാറ്റിവെയ്ക്കുക
d) പരിരക്ഷ നിഷേധിക്കുക

e) വിപരീത വാഗ്ദാനം (പരിരക്ഷയുടെ ഭാഗം ഒന്നുകി നിയന്ത്രിക്കുക അഥവാ നിഷേധിക്കുക)
f) ഉയര്ന്ന ഡിഡക്ടബിള്സ് അഥവാ കോ-പേ ചുമത്തുക.
g) പോളിസി പ്രകാരം സ്ഥിരമായ ഒഴിവാക്ക (ക) ചുമത്തുക

ഏതെങ്കിലും ഒരു അസുഖം സ്ഥിരമായി ഒഴിവാക്കിയിട്ടുണ്ടെങ്കി, അത് പോളിസി സര്ട്ടിഫിക്കേറ്റി രേഖപ്പെടുത്തിയിരിക്കും. ഇത് സ്റ്റാന്ഡേര്ഡ് ഒഴിവാക്ക കൂടാതെയുള്ള അധിക ഒഴിവാക്കലാണ്, ഇത് കരാറിന്റെ ഭാഗമാണ്.

അണ്ടര്റൈറ്റര്മാ നടത്തുന്ന വിദഗ്ദ്ധമായ വ്യക്തിഗത റിസ്ക് വിലയിരുത്ത ഇന്ഷ്വറന്സ് കമ്പനികളുടെ അവിഭാജ്യ ഘടകമാണ് കാരണം ഇത് ഇന്ഷ്വറന്സ് ഘടനയുടെ സന്തുലാവസ്ഥ നിലനിര്ത്തും. അണ്ടര്റൈറ്റിംഗിലൂടെ ഇന്ഷ്വറര്മാര്ക്ക് ഒരേ തലത്തിലുള്ള പ്രതീക്ഷിത റിസ്കുകളെ ഒരുമിച്ചാക്കി അവ തിരഞ്ഞെടുക്കുന്ന സംരക്ഷണത്തിന് ഒരേ പ്രീമിയവും ഈടാക്കാ സാധിക്കും. പോളിസിയുടമയ്ക്കുള്ള ഗുണമെന്തെന്നാ അവര്ക്ക് ന്യായമായ വിലയി ഇന്ഷ്വറന്സ് ലഭിക്കും, ഇന്ഷ്വററുടെ ആനുകൂല്യമെന്തെന്നാ മൊബിഡിറ്റി എന്ന സങ്കല്പത്തിലൂടെ അവരുടെ പോര്ട്ട്ഫോളിയോ നിലനിര്ത്താനും സാധിക്കും.

5. പൊതു അഥവാ സ്റ്റാൻഡേർഡ് ഒഴിവാക്കലുകളുടെ ഉപയോഗം

മിക്ക പോളിസികളിലും അതിലെ അംഗങ്ങള്ക്ക് ബാധകമായ ഒഴവാക്കലുകളുണ്ടാവും. ഇതിനെയാണ് സ്റ്റാന്ഡേര്ഡ് ഒഴിവാക്കലുക അഥവാ ചിലപ്പോ പൊതു ഒഴിവാക്കലുക എന്ന് പറയുന്നത്. സ്റ്റാന്ഡേര്ഡ് ഒഴിവാക്കലുക നടപ്പിലാക്കുന്നത് വഴി ഇന്ഷ്വറമാ അവരുടെ വിവൃതി പരിമിതിപ്പെടുത്തും.

ഇതിനെപ്പറ്റി കഴിഞ്ഞ പാഠത്തി ചര്ച്ച ചെയ്തിട്ടുണ്ട്.

നിങ്ങൾക്കുള്ള പരീക്ഷ 4

മെഡിക്കല് അണ്ടര്റൈറ്റിംഗിനെക്കുറിച്ച് താഴെ കൊടുത്തിരിക്കുന്ന ഏത് പ്രസ്താവനയാണ് തെറ്റ്?

I. മെഡിക്കല് റിപ്പോര്ട്ട് ശേഖരിച്ച് വിശകലനം ചെയ്യുന്നത് വളരെ ചെലവേറിയ പ്രക്രിയയാണ്.
II. ആരോഗ്യ ഇന്ഷ്വറന്സിലെ അണ്ടര്റൈറ്റിംഗിന്റെ മുഖ്യ ഘടകങ്ങളാണ് നിലവിലെ ആരോഗ്യസ്ഥിതിയും പ്രായവും.
III. പ്രൊപ്പോസറുടെ ആരോഗ്യ റിസ്ക് പ്രൊഫൈ വിലയിരുത്തുന്നതിന് മെഡിക്ക-പത്തോളജിക്ക പരിശോധനയ്ക്ക വിധേയനാകണം
IV. ഓരോ റിസ്ക് ഘടകത്തിന്റെ അടിസ്ഥാനത്തിലാണ് വിലയിരുത്തലിന്റെ ശതമാനം നിശ്ചയിക്കുന്നത്.

ചിത്രം 1: അണ്ടർറൈറ്റിംഗ് പ്രക്രിയ



G. ഗ്രൂപ്പ് ആരോഗ്യ ഇൻഷ്വറൻസ്

1. ഗ്രൂപ്പ് ആരോഗ്യ ഇൻഷ്വറൻസ്

ശരാശരി എന്ന തത്വത്തിന്റെ അടിസ്ഥാനത്തിലാണ് ഗ്രൂപ്പ് ആരോഗ്യ ഇന്ഷ്വറന്സിന്റെ അണ്ടര്റൈറ്റിംഗ്, അതായത് ഒരു സ്റ്റാന്ഡേര്ഡ് ഗ്രൂപ്പിലെ എല്ലാ അംഗങ്ങള്ക്കും ഗ്രൂപ്പ് ആരോഗ്യ ഇന്ഷ്വറന്സ് പരിരക്ഷ എടുക്കുമ്പോ ഗ്രൂപ്പിലെ അംഗങ്ങള്ക്ക് ഇന്ഷ്വററുടെ എതിരെ തിരഞ്ഞെടുക്കാ സാധിക്കുകയില്ല. അങ്ങനെ, ആരോഗ്യ ആരോഗ്യ ഇന്ഷ്വറന്സിനായി ഒരു ഗ്രൂപ്പിനെ സ്വീകരിക്കുമ്പോ, ഗ്രൂപ്പിലെ ചില അംഗങ്ങള്ക്ക് മാരകവും തുടര്ച്ചയായുള്ള ആരോഗ്യ പ്രശ്നങ്ങളുമുണ്ടോ എന്ന് ഇന്ഷ്വററുമാ കണക്കിലെടുക്കും.

ഇന്ഷ്വറന്സ് കമ്പനിയുടെ അണ്ടര്റൈറ്റിംഗ് മാര്ഗ്ഗരേഖകള്ക്കും ഇന്ഷ്വറന്സ് റെഗുലേറ്ററുടെ മാര്ഗ്ഗരേഖകള്ക്കും അനുസൃതമാണോ ഗ്രൂപ്പ് ആരോഗ്യ ഇന്ഷ്വറന്സ് അണ്ടര്റൈറ്റിംഗി വിശകലനം ചെയ്യേണ്ടത് ആവശ്യമാണ്.

താഴെ കൊടുത്തിരിക്കുന്ന ഘടകങ്ങളുടെ അടിസ്ഥാനത്തി ഗ്രൂപ്പ് ആരോഗ്യ ഇന്ഷ്വറന്സിന്റെ സ്റ്റാന്ഡേര്ഡ് അണ്ടര്റൈറ്റിംഗ് പ്രക്രിയയിലൂടെ പ്രൊപ്പോസ് ചെയ്യപ്പെട്ട ഗ്രൂപ്പിനെ വിലയിരുത്തണം:

a) ഗ്രൂപ്പിന്റെ തരം

b) ഗ്രൂപ്പിന്റെ വലുപ്പം

c) വ്യവസായ വിഭാഗം

d) പരിരക്ഷയ്ക്ക് യോഗ്യരായ വ്യക്തിക

e) ഗ്രൂപ്പിന് സമ്പൂര്ണ്ണമായ പരിരക്ഷ നല്കണോ അതോ അംഗങ്ങള്ക്ക് തിരഞ്ഞെടുക്കുന്നതിനായി ഓപ്ഷ ലഭ്യമാണോ

f) പരിരക്ഷ തലം – ഏകീകൃതമോ വ്യത്യസ്തമോ

g) ലിംഗം, പ്രായം, സിംഗി അഥവാ അനേകം ലൊക്കേഷ, ഗ്രൂപ്പ് അംഗങ്ങളുടെ വരുമാന തലം, എംപ്ലോയീ ടേണോവര് നിരക്ക്, ഗ്രൂപ്പ് ഹോള്ഡ മുഴുവ പ്രീമിയം നല്കുമോ അതോ അംഗങ്ങ പ്രീമിയം നല്കുന്നതി പങ്കാളികളാകണോ, എന്നിവയുടെ അടിസ്ഥാനത്തിലുള്ള ഗ്രൂപ്പിന്റെ സങ്കലനം

h) വിവിധ ഭൂപ്രദേശങ്ങളിലെ വിവിധ ലൊക്കേഷനുകളുണ്ടെങ്കി ആരോഗ്യ പരിപാലന ചെലവുകളിലെ വ്യത്യാസം

i) ഗ്രൂപ്പ് ഇന്ഷ്വറന്സ് തേഡ് പാര്ട്ടി അഥവാ ഇന്ഷ്വറ തന്നെ കൈകാര്യം ചെയ്യണോ എന്ന ഗ്രൂപ്പ് ഹോള്ഡറുടെ താത്പര്യം

j) പ്രൊപ്പോസ് ചെയ്ത ഗ്രൂപ്പിന്റെ മു ക്ലെയിം അനുഭവം

ഉദാഹരണം

എയര്കണ്ടീഷന് ചെയ്ത ഓഫീസിലെ ജീവനക്കാരുടെ ഗ്രൂപ്പിലെ അംഗങ്ങളെ അപേക്ഷിച്ച് ഫാക്ടറികളി അഥവാ ഖനികളി ജോലി ചെയ്യുന്ന ജീവനക്കാരുടെ ഗ്രൂപ്പിലെ അംഗങ്ങള്ക്ക് വളരെ ഉയര്ന്ന ആരോഗ്യ റിസ്കാണുള്ളത്. മാത്രമല്ല, രണ്ട് ഗ്രൂപ്പുകളിലെയും അംഗങ്ങള്ക്കുണ്ടാകുന്ന രോഗങ്ങളും വ്യത്യസ്തമായിരിക്കും (അങ്ങനെ ക്ലെയിമും). അതുകൊണ്ട്, രണ്ട് കേസുകളിലും ഇന്ഷ്വറ ഇത് അനുസരിച്ചായിരിക്കും ഗ്രൂപ്പ് ആരോഗ്യ ഇന്ഷ്വറന്സ് പോളിസിയുടെ വില നിര്ണ്ണയിക്കുക.

ഐടി കമ്പനികള് പോലുള്ള വലിയ ഗ്രൂപ്പികളുടെ കാര്യത്തി പ്രതികൂല തിരഞ്ഞെടുക്ക ഒഴിവാക്കുന്നതിനായി, ഇന്ഷറന്സ് എടുക്കുന്നതിന് ജീവനക്കാ അവരുടെ പ്രൊബേഷ കാലാവധി പൂര്ത്തിയാക്കിയിരിക്കണം എന്ന മാനദണ്ഡം ഇന്ഷറര്മാര്ക്ക് മുന്നോട്ട് വെയ്ക്കാം.

ഗ്രൂപ്പ് ആരോഗ്യ ഇന്ഷറന്സ് മേഖലയിലെ കിടപിടിച്ച മത്സരം മൂലം, ഗ്രൂപ്പ് പ്ലാനുകളി ഇന്ഷറര്മാ വളരെയേറെ ഇളവുകളും ആനുകൂല്യങ്ങളും അനുവദിക്കാറുണ്ട്. തൊഴിലുടമ-ജീവനക്കാ ഗ്രൂപ്പ് ആരോഗ്യ ഇന്ഷറന്സ് പ്ലാനി, കാലക്രമേണ ആനുകൂല്യങ്ങ നല്കുന്ന രീതിയിലാണ് പൊതുവേ വികസിപ്പിച്ചെടുക്കുക ഇത് തൊഴിലുടമയുടെ ഹ്യൂമന് റിസോഴ്സ് വിഭാഗം ജീവനക്കാരെ നിലനിര്ത്തുന്നതിനുള്ള ഉപകരണമായിട്ടാണ് ഉപയോഗിക്കുന്നത്. ഇളവുക പൊതുവേ ലഭിക്കുന്നത് ഇന്ഷറര്മാര്ക്ക് ഇടയിലുള്ള കിടപിടിച്ച മത്സരം മൂലമാണ്, ഇളവുക നല്കിയില്ലെങ്കി മെച്ചപ്പെട്ട ആനുകൂല്യങ്ങ വാഗ്ദാനം ചെയ്ത് മറ്റൊരു ഇന്ഷറ ബിസിനസ്സ് പിടിച്ചെടുക്കും.

2. തൊഴിലുടമ-ജീവനക്കാർ ഗ്രൂപ്പുകൾക്ക് പുറമേയുള്ള ഗ്രൂപ്പുകളുടെ അണ്ടർറൈറ്റിംഗ്

ഗ്രൂപ്പ് ആരോഗ്യ ഇന്ഷറന്സ് പരമ്പരഗതമായി സാധാരണ വാഗ്ദാനം ചെയ്യുന്നത് തൊഴിലുടമ-ജീവനക്കാ ഗ്രൂപ്പുകള്ക്കാണ്. എന്തിരുന്നാലും, ആരോഗ്യപരിപാലന ചെലവുകള്ക്ക് സാമ്പത്തികം സഹായം ചെയ്യുന്ന ഉപകരണം എന്ന നിലയി ആരോഗ്യ ഇന്ഷറന്സ് പ്രശസ്തിയാര്ജ്ജിച്ച് കഴിഞ്ഞു. അത്തരം ഒരു സന്ദര്ഭത്തി, ഗ്രൂപ്പിന്റെ അണ്ടര്റൈറ്റിംഗ് നടത്തുമ്പോ ഗ്രൂപ്പിന്റെ സവിശേഷതക പരിഗണിക്കേണ്ടത് ഗ്രൂപ്പ് ആരോഗ്യ ഇന്ഷറന്സ് അണ്ടര്റൈറ്ററുമാ പരിഗണിക്കേണ്ടത് വളരെ പ്രധാനപ്പെട്ട ഒന്നാണ്.

തൊഴിലുടമ-ജീവനക്കാ ഗ്രൂപ്പുക കൂടാതെ, ലേബര് യൂണിയനുക, ട്രസ്റ്റുക, സൊസൈറ്റിക, അനേക-തൊഴിലുടമ ഗ്രൂപ്പുക, ഫ്രാഞ്ചൈസി ഡീലറുമാ, പ്രൊഫഷണ അസോസിയേഷനുക, ക്ലബ്ബുക, അതുപോലെയുള്ള മറ്റ് സംഘടനകള്ക്ക് ഇന്ഷറര്മാര് ഗ്രൂപ്പ് ആരോഗ്യ ഇന്ഷറന്സ് പരിരക്ഷ വാഗ്ദാനം ചെയ്യുന്നുണ്ട്.

വിവിധ രാജ്യങ്ങളിലെ സര്ക്കാ അവിടുത്തെ പാവപ്പെട്ട ജനതകള്ക്കായി ഗ്രൂപ്പ് ആരോഗ്യ ഇന്ഷറന്സ് പരിരക്ഷ വാങ്ങാറുണ്ട്. ഇന്ത്യയി, കേന്ദ്ര സര്ക്കാരും സംസ്ഥാന സര്ക്കാരും പാവപ്പെട്ടവര്ക്കായി ഗ്രൂപ്പ് ആരോഗ്യ ഇന്ഷറന്സ് സ്കീം വാഗ്ദാനം ചെയ്യുന്നുണ്ട് ഉദാ. ആര്എസ്ബിവൈ, യശ്വസിനി, തുടങ്ങിയവ.

അത്തരം വൈവിധ്യപരമായ ഗ്രൂപ്പുകള്ക്കും ഗ്രൂപ്പ് അണ്ടര്റൈറ്റിംഗിനെ ഘടകങ്ങളാണ് പരിഗണിക്കുന്നതെങ്കിലും അധിക ഘടകങ്ങളായി താഴെ കൊടുത്തിരിക്കുന്നവയും ഉള്പ്പെടും:

a) ഗ്രൂപ്പിന്റെ വലുപ്പം (ചെറിയ ഗ്രൂപ്പിനെ അടിയ്ക്കടിയുള്ള മാറ്റങ്ങ ബാധിക്കും)
b) വിവിധ ഭൂപ്രദേശത്തെ വ്യത്യസ്ത ആരോഗ്യപരിപാലന ചെലവുക
c) പ്രതികൂല റിസ്ക് തിരഞ്ഞെടുക്കുന്നവയെ ഗ്രൂപ്പ് ആരോഗ്യ ഇന്ഷറന്സ് പ്ലാനി പങ്കെടുപ്പിക്കുകയില്ല.
d) ഗ്രൂപ്പ് പോളിസികളിലെ അംഗങ്ങ അതി തന്നെ തുടരുന്നത്.

ഇത്തരം ഗ്രൂപ്പ് ഇന്ഷറന്സ് പോളിസിയുടെ ആനുകൂല്യങ്ങ കുറച്ച് നിരക്കി ലഭിക്കുന്നതിന് സാധാരണ വിഭാവത്തില്ലാതെയുള്ള ഗ്രൂപ്പുകളും വളരുന്നുണ്ട്, അത്തരം ഗ്രൂപ്പുകളെ സൌകര്യപ്രദമായ ഗ്രൂപ്പുകള് എന്നാണ് പറയുന്നത്. ആയതിനാ വിവിധ ഗ്രൂപ്പുകളുമായി ഇന്ഷറര്മാ ഇടപാട് നടത്തുന്നതിനെ നിയന്ത്രിക്കുന്നതിനായി

ഇന്ഷ്വറന്സ് റെഗുലേറ്ററായ ഐആര്ഡിഎ ഗ്രൂപ്പ് ഇന്ഷ്വറന്സ് മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. അത്തരം നോണ്-എംപ്ലോയ്മെന്റ് ഗ്രൂപ്പിൽ ഉള്പ്പെടുന്നത്:

a) എംപ്ലോയര് വെല്ഫെയർ അസോസിയേഷനുകൾ
b) നിര്ദ്ദിഷ്ട കമ്പനി ഇഷ്യൂ ചെയ്തിട്ടുള്ള ക്രെഡിറ്റ് കാര്ഡ് ഉടമകൾ
c) ആഡ്-ഓണ് ആനുകൂല്യമായി ഇന്ഷ്വറന്സ് വാഗ്ദാനം ചെയ്യുന്ന നിര്ദ്ദിഷ്ട ബിസിനസ്സിലെ ഉപഭോക്താക്കൾ
d) ബാങ്കില് നിന്നും പ്രൊഫഷണൽ അസോസിയേഷനുകളിൽ നിന്നും അഥവാ സൊസൈറ്റികളില് നിന്നും കടമെടുക്കുന്നവർ

ഗ്രൂപ്പ് ഇന്ഷ്വറന്സിന്റെ മാര്ഗ്ഗരേഖകൾ അനുയോജ്യമായ രൂപരേഖ, വ്യക്തിഗത പോളിസികളില് ലഭ്യമല്ലാത്ത ആനുകൂല്യങ്ങളും പരിരക്ഷയും ചെലവ് കുറയ്ക്കുക, തുടങ്ങിയ ലക്ഷയ്ത്തോടെ ഇന്ഷ്വറന്സ് എടുക്കുന്നതിന് മാത്രം ഗ്രൂപ്പ് ഉണ്ടാക്കുന്നതിനെ നിയന്ത്രിക്കുന്നുണ്ട് അത്തരം സൌകര്യാര്ത്ഥമുള്ള ഗ്രൂപ്പുകൾ ഇന്ഷ്വറര്ക്ക് എതിരെ തിരഞ്ഞെടുക്കൽ നടത്തുന്നതിലേക്ക് നയിക്കും മാത്രമല്ല ഇങ്ങനെയുള്ളവയുടെ ക്ലെയിം അനുപാതം വളരെ ഉയര്ന്നതാണ്. റെഗുലേറ്ററി അതോറിറ്റിയുടെ ഗ്രൂപ്പ് ഇന്ഷ്വറന്സ് മാര്ഗ്ഗരേഖകൾ ഇന്ഷ്വറെറ ഉത്തരവാദിത്വത്തോടെ വിപണം ചെയ്യുന്നതിന് സഹായിക്കും. ഇത് ഇന്ഷ്വറന്സ് കമ്പനികളുടെ അണ്ടര്റൈറ്റിംഗ് കര്ശനമാക്കുകയും ഗ്രൂപ്പ് സ്കീമുകൾ കൈകാര്യം ചെയ്യേണ്ട നടപടിക്രമങ്ങൾ രൂപീകരിച്ച് ഗ്രൂപ്പ് ഇ്നഷ്വറന്സ് കാന്വാസിംഗിലും അച്ചടക്കനടപടി സ്വീകരിച്ചിട്ടുണ്ട്.

H. ഓവർസീസ് ട്രാവൽ ഇൻഷ്വറൻസ് അണ്ടർറൈറ്റിംഗ്

ഓവര്സീസ് ട്രാവൽ ഇന്ഷ്വറന്സ് പോളിസികളിലെ മുഖ്യ പരിരക്ഷ ആരോഗ്യ പരിരക്ഷ ആയതിനാൽ, പൊതുവേ ആരോഗ്യ ഇന്ഷ്വറന്സ് അണ്ടര്റൈറ്റിംഗ് മാതൃകയാണ് പാലിക്കേണ്ടത്.

പ്രീമിയം റേറ്റിംഗും സ്വീകരിക്കലും ഓരോ കമ്പനിയുടെയും മാനദണ്ഡ പ്രകാരമായിരിക്കും പക്ഷേ താഴെ കൊടുത്തിരിക്കുന്ന ചില പ്രധാനപ്പെട്ട കാര്യങ്ങൾ കൂടി കണക്കിലെടുക്കണം:

1. പ്രൊപ്പോസറുടെ വയസ്സും വിദേശയാത്രയുടെ ദൈര്ഘ്യത്തിന്റെയും അടിസ്ഥാനത്തിലായിരിക്കണം പ്രീമിയം നിരക്ക്.

2. വിദേശത്തെ വൈദ്യ ചികിത്സ വളരെയേറെ ചെലവേറിയത് ആയതിനാൽ, സാധാരണ ആരോഗ്യ ഇന്ഷ്വറന്സ് പോളിസികളുമായി താരതമ്യം ചെയ്യുമ്പോൾ വളരെ ഉയര്ന്ന നിരക്കിലുള്ള പ്രീമിയമാണ് ഈടാക്കുന്നത്.

3. വിദേശ രാജ്യങ്ങള്ക്കിടി, യുഎസ്എ, കാനഡ എന്നിവിടങ്ങളിൽ പ്രീമിയം വളരെ ഉയര്ന്നതാണ്.

4. പ്രൊപ്പോസൽ വിദേശ വൈദ്യ ചികിത്സയ്ക്കായിട്ടാണോ പോളിസി എടുക്കുന്നത് എന്ന കാര്യം വളരെയേറെ ശ്രദ്ധിക്കണം, ആയതിനാൽ പ്രൊപ്പോസൽ ഘട്ടത്തിൽ തന്നെ നിലവിലുള്ള രോഗങ്ങൾ ശ്രദ്ധാപൂര്വ്വം കണക്കിലെടുക്കണം.

I. വ്യക്തിഗത അപകട ഇൻഷ്വറൻസ് അണ്ടർറൈറ്റിംഗ്

വ്യക്തിഗത അപകട പോളിസികളിലെ അണ്ടര്റൈറ്റിംഗ് ഘടകങ്ങളെക്കുറിച്ചാണ് താഴെ കൊടുത്തിരിക്കുന്നത്:

റേറ്റിംഗ്

വ്യക്തിഗത അപകട ഇന്ഷ്വറന്സി, ഇന്ഷ്വ ചെയ്യുന്ന വ്യക്തിയുടെ തൊഴിലാണ് മുഖ്യ ഘടകമായി കണക്കാക്കേണ്ടത്. പൊതുവേ പറഞ്ഞാ വീട്ടി വച്ച്, തെരുവിവച്ച് അപകടമുണ്ടാകാനുള്ള സാദ്ധ്യത എല്ലാവര്ക്കും ഒരുപോലെയാണ്. പക്ഷേ ജോലി അഥവാ തൊഴി മൂലമുള്ള റിസ്ക് ഓരോരുത്തരും ചെയ്യുന്ന തൊഴിലിന്റെ പ്രകൃതമനുസരിച്ച് വ്യത്യസ്തമാണ്. ഉദാഹരണത്തിന്, ഒരു ഓഫീസ് മാനേജര്ക്ക് കെട്ടിട നിര്മ്മാണ സ്ഥലത്ത് ജോലി ചെയ്യുന്ന സിവി എന്ജിനീയറെ അപേക്ഷിച്ച് റിസ്ക് വളരെ കുറവാണ്.

ഓരോ ജോലിയ്ക്ക് അഥവാ തൊഴിലിന് അടിസ്ഥാനമാക്കി നിരക്ക് നിശ്ചയിക്കുന്ന എന്നത് ബുദ്ധിമുട്ടാണ്. ആയതിനാ സമാനറിസ്കുള്ളവരെ ഒരുമിച്ചാക്കി തൊഴിലുകളെ ഗ്രൂപ്പുകളായി വിഭജിച്ചിട്ടുണ്ട്. താഴെ കൊടുത്തിരിക്കുന്ന വിഭജന രീതി ലളിതവും നടപ്പിലാക്കാ കഴിയുന്നതുമായി കണ്ടെത്തിയിട്ടുണ്ട്. ഓരോ കമ്പനികള്ക്കും അവരുടേതായ വിഭജന ശൈലി ഉണ്ടാകും.

റിസ്ക് വിഭജനം

തൊഴിലിന്റെ അടിസ്ഥാനത്തി, ഇന്ഷ്വ ചെയ്യുന്ന വ്യക്തികളുടെ റിസ്കുകളെ 3 വിഭാഗങ്ങളായി തരംതിരിക്കാം:

- **റിസ്ക് ഗ്രൂപ്പ് 1**
  അക്കൌണ്ടന്റുമാ, ഡോക്ടറുമാ, അഭിഭാഷക, ആര്കിടക്ചറുമാ, കണ്സള്ട്ടിംഗ് എന്ജിനീയറുമാ, ടീച്ചറുമാ, ബാങ്കറുമാ, അഡ്മിനിസ്ട്രേഷ ജോലി കൈകാര്യം ചെയ്യുന്നവ, ഇതേ പോലുള്ള സമാന ജോലി ചെയ്യുന്നവ.

- **റിസ്ക് ഗ്രൂപ്പ് 2**
  സൂപ്രണ്ടിംഗ് ജോലി മാത്രം ചെയ്യുന്ന ബില്ഡറുമാരും എന്ജിനീയറുമാരും, വെറ്റിനറി ഡോക്ടറുമാ, മോട്ടോ കാറുകളുടെയും ലൈറ്റ് മോട്ടോ വാഹനങ്ങളുടെയും ഡ്രൈവറുമാ, ഇതേ പോലുള്ള സമാന ജോലി ചെയ്യുന്നവ.
  മാനുവ ലേബ (ഗ്രൂപ്പ് 3-ല് ഉള്പ്പെടുന്നത് ഒഴികെ) ചെയ്യുന്ന എല്ലാവരും, പണം എത്തിക്കുന്ന ജീവനക്കാ, ഗാരേജ്-മോട്ടോ മെക്കാനിക്കുക, മെഷീ ഓപ്പറേറ്ററുമാ, ട്രക്കുകളുടെ അഥവാ ലോറികളുടെ ഡ്രൈവറുമാ, മരപണി ചെയ്യുന്നവ, ഇതേ പോലുള്ള സമാന ജോലി ചെയ്യുന്നവ.

- **റിസ്ക് ഗ്രൂപ്പ് 3**
  മൈനുകളി, എക്സ്പ്ലോസീവ് മാഗസിനുകളി ജോലി ചെയ്യുന്നവ, ഹൈ ടെന്ഷ സപ്ലൈ ഇലക്ട്രിക്ക ഇന്സ്റ്റലേഷനുമായി ബന്ധപ്പെട്ട് പണിയെടുക്കുന്നവ, ജോക്കിക, സര്ക്കസ്സുകാ, വാഹനയോട്ടം അഥവാ കുതിരയോട്ടം, ബിഗ് ഗെയിം ഹണ്ടിംഗ്, മൌണ്ടനിയറിംഗ്, വിന്റ സ്പോര്ട്ട്സ്, സ്കീയിംഗ്, ഐസ് ഹോക്കി, ബലൂണിംഗ്, ഹാങ് ഗ്ലൈഡിംഗ്, റിവ റാഫ്റ്റിംഗ്, പോളോ പോലുള്ള തൊഴിലുകളി/പ്രവൃത്തികളില് ഏര്പ്പെടുന്നവ.

  റിസ്ക് അനുസരിച്ച് ഗ്രൂപ്പ് റിസ്കുകളെ 'സാധാരണ','ഇടത്തം', 'ഉയര്ന്ന' റിസ്കുകളെന്നും അറിയപ്പെടും.

പ്രായപരിധി

ഓരോ കമ്പനിയ്ക്കും പരിരക്ഷ നല്കുന്നതിന്റെയും പുതുക്കുന്നതിന്റെയ കുറഞ്ഞ പ്രായപരിധിയും ഉയര്ന്ന പ്രായപരിധിയും വ്യത്യസ്തമാണ്. പൊതുവേ 5 വയസ്സ് മുതൽ 70 വയസ്സ് വരെയാണ്. എന്തിരുന്നാലും, പരിരക്ഷയുള്ള ഒരു വ്യക്തിയ്ക്ക് പുതുക്കല് പ്രീമിയം നല്കി പരമാവധി 80 വയസ്സ് വരെ പുതുക്കാം.

പുതുക്കുന്നതിന് അഥവാ പുതിയ പരിരക്ഷയ്ക്ക് പൊതുവേ മെഡിക്കൽ പരിശോധന ആവശ്യമില്ല.

മെഡിക്കൽ ചെലവുകൾ

താഴെ കൊടുത്തിരിക്കുന്ന മെഡിക്കൽ ചെലവുകള്ക്ക് പരിരക്ഷ ലഭിക്കും:

- അപകടം മൂലമുണ്ടാകുന്ന പരിക്കുകള്ക്ക് ഇന്ഷ്വറൽ ചെയ്ത വ്യക്തിയ്ക്ക് പരിരക്ഷ ലഭിക്കുന്നതിന് അധിക പ്രീമിയം നല്കി വ്യക്തിഗത അപകട പോളിസി എന്ഡോഴ്സ് ചെയ്യാം.
- പോളിസികൾ പ്രകാരമുള്ള മറ്റ് ആനുകൂല്യങ്ങൾ കൂടാതെയാണ് ഇത്തരം ആനുകൂല്യങ്ങൾ ലഭിക്കുന്നത്.
- വ്യക്തിയെ ആശുപത്രിയിൽ അഡ്മിറ്റാക്കണമെന്നത് നിര്ബന്ധമല്ല.

യുദ്ധവും അനുബന്ധ റിസ്കുകളും

അധിക പ്രീമിയം ഈടാക്കി സിവിലിയൻ ഡ്യൂട്ടികള്ക്കായി വിദേശത്ത് ജോലി ചെയ്യുന്ന ഇന്ത്യൻ ഉദ്യോഗസ്ഥന്/ വിദഗ്ദ്ധന് യുദ്ധവുമായി ബന്ധപ്പെട്ട റിസ്കിന് പരിരക്ഷ നല്കും

- സമാധന കാലഘട്ടത്തിൽ അഥവാ സാധാരണ സ്ഥിതിയിൽ ഇഷ്യൂ ചെയ്യുന്ന പിഎ പോളിസികള്ക്ക് സാധാരണ പ്രീമിയത്തിന്റെ ഒപ്പം അതിന്റെ 50 ശതമാനം അധികമായി ഈടാക്കും (അതായത് സാധാരണ നിരക്കിന്റെ 150 ശതമാനം).
- അസാധാരണ/ ആശങ്കയുള്ള കാലഘട്ടത്തിൽ (അതായത് യുദ്ധം പോലുള്ള അവസ്ഥ ഉണ്ടാകുകയും അഥവാ വിദേശ രാജ്യത്ത് ആസന്നമായ അവസ്ഥയിൽ/ അതായത് ഇന്ത്യൻ ഉദ്യോഗസ്ഥൻ അവിടെ സിവിലിയൻ ജോലി ചെയ്യുന്ന അവസ്ഥ) ഇഷ്യൂ ചെയ്യുന്ന പിഎ പോളിസികള്ക്ക് സാധാരണ പ്രീമിയത്തിന്റെ ഒപ്പം അതിന്റെ 150 ശതമാനം അധികമായി ഈടാക്കും (അതായത് സാധാരണ നിരക്കിന്റെ 250 ശതമാനം).

പ്രൊപ്പോസൽ ഫോം

താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ഫോമിൽ ഉണ്ടായിരിക്കണം:

- വ്യക്തിഗത വിവരങ്ങൾ
- ആരോഗ്യ അവസ്ഥ
- ശീലങ്ങളും നേരമ്പോക്കുകളും
- മറ്റ് അഥവാ നേരത്തെ ഉണ്ടായിരുന്ന ഇന്ഷ്വറന്സുകൾ
- മുമ്പ് ഉണ്ടായിട്ടുള്ള അപകടങ്ങൾ അഥവാ അസുഖങ്ങൾ
- ആനുകൂല്യങ്ങളും ഇന്ഷ്വൻ തുകയും തിരഞ്ഞെടുക്കൽ
- സത്യവാങ്മൂലം

മുകളിൽ ആവശ്യപ്പെട്ടിരിക്കുന്ന വിശദാംശങ്ങളുടെ വിവരണം താഴെ കൊടുത്തിരിക്കുന്നു:

- വ്യക്തിഗത വിവരങ്ങൾ അതായത് വിളിപ്പേര്, വയസ്, ഉയരവും തൂക്കവും, തൊഴിലിനെക്കുറിച്ചുള്ള സമ്പൂര്ണ്ണ വിവരണം, ശരാശരി മാസ വരുമാനം.

- വയസ്സ് കാണിക്കുന്നത് പോളിസിയിൽ പ്രവേശിക്കുന്നതിനുള്ള പ്രായമാണോ പ്രൊപ്പോസര്ക്ക് എന്നറിയുന്നതിനാണ്. പ്രായവും ഉയരവും ലിംഗവും അനുസരിച്ചുള്ള ശരാശരി പട്ടികയുമായി ഉയരവും തൂക്കവും താരതമ്യം ചെയ്യണം മാത്രമല്ല പ്രൊപ്പോസൽ ശരാശരിയിലും 15 ശതമാനം താഴെയോ മുകളിലോ ആണെങ്കിൽ അത് അന്വേഷിക്കണം.

- ആരോഗ്യാവസ്ഥ വിശദാംശങ്ങൾ പരിശോധിക്കുന്നത് ഏതെങ്കിലും തരത്തിലുള്ള വൈകല്യമോ അസുഖങ്ങളോ ഉണ്ടോ എന്നറിയുന്നതിനാണ്.

- ചില അംഗീകാരമുള്ള സന്ദര്ശങ്ങളിൽ മാത്രമേ ഒരു കാല് അഥവാ ഒരു കണ്ണിന്റെ കാഴ്ച നഷ്ടപ്പെട്ട പ്രൊപ്പോസറുമാരുടെ അപേക്ഷ സ്വീകരിക്കുകയുള്ളു. അവര്ക്ക് അസാധാരണ റിസ്കാണുള്ളത് കാരണം ചില തരത്തിലുള്ള അപകടങ്ങളെ ഒഴിവാക്കാൻ അവര്ക്ക് സാധിക്കുകയില്ല മാത്രമല്ല അവരുടെ ശേഷിക്കുന്ന കാലോ കൈയോ കാഴ്ചയോ നഷ്ടപ്പെടുകയണെങ്കിൽ വൈകല്യത്തിന്റെ തോത് സാധാരണയുള്ളതിലും വളരെ കൂടുതലാകും.

- പ്രമേഹമുണ്ടെങ്കിൽ മുറിവ് വേഗത്തിൽ ഉണങ്ങുകയില്ല അത് ദീര്ഘകാല വൈകല്യം സൃഷ്ടിക്കും ഭാവിയിലുണ്ടായേക്കാവുന്ന റിസ്കുകള് വിലയിരുത്തുന്നതിന് പ്രൊപ്പോസറുടെ പരിക്കുകൾ അഥവാ രോഗങ്ങൾ പരിശോധിക്കുന്നതിനാണ് മെഡിക്കൽ ചരിത്രം ആവശ്യപ്പെടുന്നത്. വളരെയേറെ ഗുരുതരമായ ഇന്ഷ്വൽ ചെയ്യാൻ സാധിക്കാത്ത ഒരുപാട് പ്രശ്നങ്ങൾ ഉണ്ടായേക്കാം ഉദാഹരത്തിന് ഹൃദയ വാല്വ് തകരാറ്.

- മൌണ്ടനിയറിംഗ്, പോളോ, വാഹനയോട്ടം, അക്രോബാറ്റിക്സ് പോലുള്ള അപകടകരമായ നേരമ്പോക്കുകൾക്ക് അധിക പ്രീമിയം ആവശ്യമാണ്.

ഇൻഷ്വർ തുക

വ്യക്തിഗത അപകട പോളിസിയിലെ ഇന്ഷ്വൽ തുക ജാഗ്രതയോടെ വേണം നിശ്ചയിക്കാൻ കാരണം ആനുകൂല്യ പോളിസികളാണ്. ലാഭകരമായ തൊഴിലിലൂടെ ലഭിക്കുന്ന വരുമാനം വളരെ ശ്രദ്ധയോടെ വേണം പരിഗണിക്കാൻ. മറ്റൊരിതരത്തിൽ ഇന്ഷ്വൽ തുക കണക്കാക്കുമ്പോൾ പ്രൊപ്പോസര്ക്ക് അപകടം സംഭവിക്കുകയാണെങ്കിൽ ബാധിക്കാത്ത വരുമാനം പരിഗണിക്കേണ്ടതില്ല.

ഇന്ഷ്വൽ തുക നിശ്ചയിക്കുന്നത് ഓരോ ഇന്ഷ്വററും/ അണ്ടര്റൈറ്ററും വ്യത്യസ്ത രീതിയിലാണെങ്കിലും, അണ്ടര്റൈറ്ററുമാരെ ആശ്രയിച്ചാണ് പരിരക്ഷയുടെ യഥാര്ത്ഥ തുക അനുവദിക്കുന്നത്. എന്തിരുന്നാലും ഇന്ഷ്വൽ ചെയ്ത വ്യക്തിയുടെ 72 മാസത്തെ അഥവാ 6 വര്ഷത്തെ വരുമാനത്തെക്കാളും പരിരക്ഷ തുക കൂടാൻ പാടില്ല.

മൂലധന ആനുകൂല്യങ്ങള്ക്ക് മാത്രമുള്ള പോളിസിയാണെങ്കിൽ ഈ നിബന്ധന കര്ശനമല്ല. താല്ക്കാലിക സമ്പൂര്ണ്ണ വൈകല്യ പരിരക്ഷ, എന്തിരുന്നാലും നഷ്ടപരിഹാരം നല്കേണ്ട സാഹചര്യത്തിൽ ഉണ്ടാകേണ്ടതല്ലെങ്കിൽ പോലും, അത് ആ കാലഘട്ടത്തിലെ അയാളുടെ വരുമാനത്തിന്റെ തോതിനെ ബാധിക്കും. ടിടിഡിയ്ക്കുള്ള ആഴ്ചതോറും നഷ്ടപരിഹാരം നല്കുന്ന പരിരക്ഷയാണെങ്കിൽ, ഇന്ഷ്വൽ തുക അയാളുടെ വാര്ഷിക വരുമാനത്തിന്റെ ഇരട്ടിയിൽ കൂടുതലാകരുത്.

തൊഴിലില്ലാത്തത വ്യക്തികള്ക്ക് അതായത് വീട്ടമ്മമാര്ക്ക്, വിദ്യാര്ത്ഥികള്ക്ക് തുടങ്ങിയവര്ക്ക് പരിരക്ഷ നല്കുമ്പോൾ, അവര്ക്ക് മൂലധന ആനുകൂല്യം മാത്രമേ നല്കുവാൻ സാധിക്കുകയുള്ളു അല്ലാതെ ആഴ്ച തോറുമുള്ള നഷ്ടപരിഹാരം നല്കുന്നില്ലെന്ന് ഉറപ്പാക്കണം.

കുടുംബ പാക്കേജ് പരിരക്ഷ

കുട്ടികള്ക്കും വരുമാനമില്ലാത്ത ജീവിതപങ്കാളിയ്ക്കും പരിരക്ഷ നല്കുന്നത് മരണത്തിനും സ്ഥിര വൈകല്യത്തിനുമായി (സമ്പൂര്ണ്ണ അഥവാ ഭാഗിക) പരിമിതപ്പെടുത്തിയിട്ടുണ്ട്. എന്തിരുന്നാലും, ഓരോ കമ്പനികളുടെ മാനദണ്ഡപ്രകാരം ആനുകൂല്യങ്ങളുടെ പട്ടിക പരിഗണിച്ചേക്കാം. ചില കമ്പനിക വരുമാനമില്ലാത്ത ജീവിതപങ്കാളിയ്ക്ക് നിശ്ചിത പരിധി വരെ ടിടിഡി പരിരക്ഷ അനുവദിക്കാറുണ്ട്.

മുഴുവ പ്രീമിയത്തിന് 5 ശതമാനം ഡിസ്കൌണ്ട് പൊതുവേ നല്കാറുണ്ട്.

ഗ്രൂപ്പ് പോളിസികൾ

ഇന്ഷ ചെയ്യപ്പെടുന്ന വ്യക്തികളുടെ എണ്ണം നിശ്ചിത പരിധിയി കൂടുതലാണെങ്കി, പ്രീമിയത്തിന് ഗ്രൂപ്പ് ഡിസ്ക്കൌണ്ട് അനുവദിക്കും. ഡിസ്ക്കൌണ്ട് ഇല്ലാതെ ചെറിയ ഗ്രൂപ്പിന് അതായത് 25 അംഗങ്ങളുള്ള ഗ്രൂപ്പുകള്ക്ക് ഗ്രൂപ്പ് പോളിസി അനുവദിക്കും.

പൊതുവേ, പേരില്ലാത്തതിന്റെ അടിസ്ഥാനത്തിലുള്ള പോളിസിക വളരെയേറെ മൂല്യമുള്ള ക്ലെയിന്റുകള്ക്കാണ് ഇഷ്യൂ ചെയ്യാറ്, ഇവിടെ അംഗങ്ങളെ യാതൊരുവിധത്തിലും സംശയത്തക്കതായ അവസ്ഥ ഉണ്ടാകുകയില്ല.

ഗ്രൂപ്പ് ഡിസ്ക്കൌണ്ട് മാനദണ്ഡം

പേരെടുത്ത ഗ്രൂപ്പുകള്ക്ക് മാത്രമേ ഗ്രൂപ്പ് പോളിസിക ഇഷ്യൂ ചെയ്യാറുള്ളു. ഗ്രൂപ്പ് ഡിസ്ക്കൌണ്ടും മറ്റ് അനുകൂല്യങ്ങളും ലഭിക്കുന്നതിന്, പ്രൊപ്പോസ് ചെയ്യുന്ന ഗ്രൂപ്പ് സ്പഷ്ടമായി താഴെ കൊടുത്തിരിക്കുന്ന വിഭാഗങ്ങളി ഉള്പ്പെടണം:

- തൊളിലാളി- ജീവനക്കാര് ബന്ധം, ജീവനക്കാരന്റെ ആശ്രിത ഉള്പ്പടെ.
- മുന്കൂട്ടി നിര്വചിച്ചിട്ടുള്ള വിഭാഗങ്ങ/ ഗ്രൂപ്പുക, ഇവിടെ സംസ്ഥാന/ കേന്ദ്ര സര്ക്കാരാണ് പ്രീമിയം അടയ്ക്കേണ്ടത്.
- രജിസ്റ്റ ചെയ്ത കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിലെ അംഗങ്ങ
- രജിസ്റ്റ ചെയ്ത സര്വ്വീസ് ക്ലബ്ബുകളിലെ അംഗങ്ങ
- ബാങ്കുകളുടെ/ദിനാര്സ്/ മാസ്റ്റ/ വിസാ ക്രെഡിറ്റ് കാര്ഡുടമക
- ബാങ്കുകള്/എന്ബിഎഫ്സിക ഇഷ്യൂ ചെയ്ത ഡിപ്പോസിറ്റ് സര്ട്ടിഫിക്കേറ്റുടമക
- ബാങ്കുകളുടെ/ പബ്ലിക് ലിമിറ്റഡ് കമ്പനികളുടെ ഷെയര്ഹേള്ഡറുമാ

മുകളില് പറഞ്ഞിരിക്കുന്ന വിഭാഗങ്ങളില് നിന്നും വ്യത്യസ്തമായ വിഭാഗങ്ങളിലുള്ള പ്രൊപ്പോസലുക ലഭിക്കുകയാണെങ്കി, അവ ഇന്ഷററുടെ സാങ്കേതിക വിഭാഗം ശ്രദ്ധയോട് കൂടി കൈകാര്യം ചെയ്ത് തീരുമാനം എടുക്കും.

പ്രതീക്ഷിത ഗ്രൂപ്പ് സൈസിന് ഗ്രൂപ്പ് ഡിസ്ക്കൌണ്ട് വാഗ്ദാനം ചെയ്യാനാവില്ല. പോളിസി എടുക്കുന്ന സമയത്ത് ഗ്രൂപ്പി രജിസ്റ്റ ചെയ്തിട്ടുള്ള അംഗങ്ങളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് ഗ്രൂപ്പ് ഡിസ്ക്കൌണ്ട് തീരുമാനിക്കുന്നത്. ഇത് പുതുക്കുന്ന സമയത്ത് പുനരവലോകനം ചെയ്യാം.

ഇൻഷ്വർ തുക

ഓരോ ഇന്ഷ ചെയ്ത വ്യക്തികള്ക്കും പ്രത്യേക ഇന്ഷ തുകയായിരിക്കും അഥവാ ഇന്ഷ ചെയ്ത വ്യക്തിക നല്കുന്ന തുകയുടെ അടിസ്ഥാനത്തിലായിരിക്കും.

ഗ്രൂപ്പ് ഇന്ഷറന്സിന് 'എല്ലാം അഥവാ ഒന്നുമില്ല' എന്ന തത്വം ബാധകമാണ്. ചേര്ക്കലുകളും നീക്കം ചെയ്യലുകളും പ്രോ-റേറ്റാ അടിസ്ഥാനത്തി അധിക പ്രീമിയം ഈടാക്കി അഥവാ റീഫണ്ട് ചെയ്താണ് നടത്തുന്നത്.

പ്രീമിയം

റിസ്കുകളുടെ വിഭജനത്തിന്റെയും തിരഞ്ഞെടുത്ത ആനുകൂല്യങ്ങളുടെയും അടിസ്ഥാനത്തി പേരെടുത്ത് പറഞ്ഞിരിക്കുന്ന ജീവനക്കാര്ക്ക് വ്യത്യസ്ത നിരക്കുകളിലുള്ള പ്രീമിയമാണ് ബാധകമായിട്ടുള്ളത്. അങ്ങനെ വ്യക്തികളുടെ തൊഴിലിന്റെ അടിസ്ഥാനത്തി നിരക്കുക വ്യത്യസ്തമായിരിക്കും.

ഉദാഹരണം

ജീവനക്കാരുടെ ഗ്രൂപ്പുകളിലെ സമാനമായ ജോലി ചെയ്യുന്ന ജീവനക്കാരി നിന്നും ഒരേ നിരക്കിലുള്ള പ്രീമിയമാണ് ഈടാക്കുന്നത്.

പേരെടുത്ത് പറയാത്ത ജീവനക്കാരുടെ കാര്യത്തി, തൊഴിലുടമ തന്റെ പക്കലുള്ള സാധുതയുള്ള റെക്കോര്ഡ് പ്രകാരം ഓരോ വിഭാഗത്തിലും എത്ര ജീവനക്കാ ജോലി ചെയ്യുന്നുണ്ടെന്ന് സത്യവാങ്മൂലം സമര്പ്പിക്കണം.

റിസ്ക് വിഭജനത്തിന്റെ അടിസ്ഥാനത്തി ക്ലബ്ബുകളിലെ, അസോസിയേഷനുകളിലെ തുടങ്ങിയ പേരെടുത്ത് പറഞ്ഞിരിക്കുന്ന അംഗങ്ങള്ക്ക് പ്രീമിയം നിരക്കുക ബാധകമാണ്.

അംഗങ്ങ പൊതു സ്വഭാവമുള്ളവരും തൊഴിലുമായി ബന്ധപ്പെട്ട യാതൊരുവിധത്തിലുമുള്ള കര്ശനവുമില്ലെങ്കി അണ്ടര്റൈറ്റ് അവരുടെ ഔചിത്യം പോലെ നിരക്കുക തീരുമാനിക്കും.

ഓൺഡ്യൂട്ടി പരിരക്ഷകൾ

താഴെ കൊടുത്തിരിക്കുന്ന പ്രകാരം ജോലി സമയത്ത് പരിരക്ഷ നല്കും:

- ജോലി ചെയ്യുന്ന സമയത്ത് മാത്രം പിഎ പരിരക്ഷ ആവശ്യമുള്ളങ്കി (ഒരു ദിവസം 24 മണിക്കൂറും ആവശ്യമില്ല), അനുയോജ്യ പ്രീമിയത്തിന്റെ ഏകദേശം 75 ശതമാനം മാത്രം പ്രീമിയം ഈടാക്കും.
- തൊഴിലുമായി ബന്ധപ്പെട്ട് ജീവനക്കാര്ക്ക് ഉണ്ടാകുന്ന അപകടങ്ങള്ക്ക് മാത്രമേ ബാധകമാകുകയുള്ളു.

ഓഫ്-ഡ്യൂട്ടി പരിരക്ഷകൾ

നിര്ദ്ദിഷ്ട സമയത്തേയ്ക്ക് മാത്രം അതായത് ജീവനക്കാര ഔദ്യോഗിക ഡ്യൂട്ടിയി അല്ലാത്ത സമയത്ത് മാത്രമേ പരിരക്ഷ ആവശ്യമുള്ളുവെങ്കി, അനുയോജ്യ പ്രീമിയത്തിന്റെ ഏകദേശം 50 ശതമാനം മാത്രം പ്രീമിയം ഈടാക്കും.

മരണ പരിരക്ഷ ഒഴിവാക്കൽ

ഓരോ കമ്പനിയുടെയും മാനദണ്ഡപ്രകാരം മരണാനുകൂല്യം ഒഴിവാക്കി ഗ്രൂപ്പ് പിഎ പോളിസിക ഇഷ്യൂ ചെയ്യാ സാധിക്കും.

ഗ്രൂപ്പ് സിഡ്ക്കൌണ്ടും ബോണസ്/ മാലസ്

ഒരു പോളിസിയില് തന്നെ അനേകം ആളുകളെ ചേര്ക്കുന്നതിനാ, അഡ്മിനിസ്ട്രേറ്റീവ് ജോലിയും ചെലവും വളരെ കുറവാണ്. മാത്രമല്ല, പൊതുവേ ഗ്രൂപ്പിലെ എല്ലാ അംഗങ്ങളും ഇന്ഷ ചെയ്യപ്പെടുന്നതിനാ ഇന്ഷറര്ക്ക് എതിരെയുള്ള തിരഞ്ഞെടുക്ക ഉണ്ടാകുകയില്ല. ആയതിനാ സ്കേലിന്റെ അടിസ്ഥാനത്തി പ്രീമിയത്തിന് ഡിസ്ക്കൌണ്ട് നല്കും.

ക്ലെയിമുകളുടെ അനുഭവത്തിന്റെ അടിസ്ഥാനത്തി ഗ്രൂപ്പ് പോളിസിക പുതുക്കുന്നതിന് റേറ്റിംഗ് നിര്ണ്ണയിക്കും.

- അനുകൂല അനുഭവത്തിന് പുതുക്കുന്ന സമയത്ത് പ്രീമിയം ഡിസ്ക്കൌണ്ട് നല്കും (ബോണസ്)
- പ്രതികൂല അനുഭവത്തിന് സ്കെ അനുസരിച്ച് പുതുക്കുന്ന സമയത്ത് പിഴ ഈടാക്കും (മാലസ്).
- ക്ലെയിം അനുഭവം ഏകദേശം 70 ശതമാനമാണെങ്കി പുതുക്കുന്നതിന് സാധാരണ നിരക്കിലുള്ള പ്രീമിയം നല്കിയാ മതിയാകും.

പ്രൊപ്പോസൽ ഫോം

- അംഗങ്ങള്ക്ക് പൂരിപ്പിക്കുന്നതിനായി ഫോമുക മുറപോലെ നല്കണം മാത്രമല്ല ഒരു ഡോക്കുമെന്റ് മാത്രമേ ഉണ്ടാകുകയുള്ളു, അത് ഇന്ഷ ചെയ്യുന്ന വ്യക്തി പൂരിപ്പിക്കണം.
- ഗ്രൂപ്പിലെ അംഗങ്ങള്ക്ക് ഒന്നും തന്നെ യാതൊരുവിധത്തിലുമുള്ള ശാരീരിക ബുദ്ധിമുട്ടുകളോ വൈകല്യങ്ങളോ ഇല്ല എന്ന് അയാ സത്യവാങ്മൂലം നല്കണം.
- ചിലസമയത്ത് ഈ മുന്കരുത ഒഴിവാക്കിയേക്കും, മാത്രമല്ല പരിരക്ഷ ആരംഭിക്കുന്നതിന് മുമ്പുള്ള വൈകല്യങ്ങളും അതിന്റെ ഫലമായിട്ടുണ്ടായേക്കാവുന്ന ബുദ്ധിമുട്ടുകളും പരിരക്ഷയി ഉള്പ്പെടുകയില്ലെന്ന് എന്ഡോഴ്സ്മെന്റായി പോളിസിയി ചേര്ക്കും.

എന്തിരുന്നാലും ഓരോ കമ്പനികളിലെയും രീതിക വ്യത്യസ്തമായിരിക്കും.

നിങ്ങൾക്കുള്ള പരീക്ഷ 5

1) ഗ്രൂപ്പ് ആരോഗ്യ ഇന്ഷറന്സി, ഏതെങ്കിലും വ്യക്തി ഉണ്ടാക്കുന്ന ഗ്രൂപ്പ് ഇന്ഷര്ക്ക് എതിരെയുള്ള തിരഞ്ഞെടുക്കലിന് കാരണമാകും.
2) ഗ്രൂപ്പ് ആരോഗ്യ ഇന്ഷറന്സ് തൊഴിലുടമ-തൊഴിലാളി ഗ്രൂപ്പിന് മാത്രമേ പരിരക്ഷ നല്കുകയുള്ളു.

I. പ്രസ്താവന 1 ശരി, പ്രസ്താവന 2 തെറ്റ്
II. പ്രസ്താവന 2 ശരി, പ്രസ്താവന 1 തെറ്റ്
III. പ്രസ്താവന 1ഉം പ്രസ്താവന 2 ഉം ശരിയാണ്
IV. പ്രസ്താവന 1ഉം പ്രസ്താവന 2 ഉം തെറ്റാണ്

കുറിപ്പ്

റിസ്ക് മാനേജ്മെന്റ് പ്രക്രിയയുടെ ഭാഗമായി, തന്റെ റിസ്കുക കൈമാറ്റം ചെയ്യുന്നതിന് അണ്ടര്റൈറ്റ രണ്ട് രീതികളാണ് ഉപയോഗിക്കാറ്, പ്രത്യേകിച്ച് വലിയ ഗ്രൂപ്പ് പോളിസികളുടെ കാര്യത്തി:

കോയിൻഷ്വറൻസ്: ഒന്നിലധികം ഇന്ഷറ റിസ്ക് സ്വീകരിക്കുന്നതാണിത്. പൊതുവേ, ഓരോ ഇന്ഷറര്ക്കും റിസ്കിന്റെ നിശ്ചിത ശതമാനം ഭാഗിച്ച് നല്കിയാണ് ഇത് ചെയ്യുന്നത്. അങ്ങനെ പോളിസി രണ്ട് ഇന്ഷറര്മാ സ്വീകരിക്കും, ഉദാഹരണത്തിന് ഇന്ഷറ എ 60% ഓഹരിയും ഇന്ഷറ ബി 40% ഓഹരിയും. പൊതുവേ ഇന്ഷറ എ ആയിരിക്കും പോളിസി നല്കുന്നത് മുതല് ക്ലെയിം സെറ്റില് ചെയ്യുന്നത് വരെയുള്ള പോളിസി കൈകാര്യം ചെയ്യുന്ന മുഖ്യ ഇന്ഷറ. ഇന്ഷറ ബി ക്ലെയിമിന്റെ 40% തുക ഇന്ഷറ എയ്ക്ക് നല്കും.

റീയിൻഷ്വറൻസ്: ഇന്ഷ്വറ് വിവിധ തരത്തിലും വിഭാഗത്തിലുമുള്ള റിസ്കുക് സ്വീകരിക്കും. അവര് ഇങ്ങനെ ചെയ്യുന്ന തങ്ങളുടെ റിസ്ക് മറ്റ് ഇന്ഷ്വറന്സ് കമ്പനികളുമായി റീ-ഇന്ഷ്വ് ചെയ്യുന്നത് വഴിയാണ് ഇതിനെയാണ് റീയിന്ഷ്വറന്സ് എന്ന് പറയുന്നത്. റീയിന്ഷ്വറര്മാ് ഇന്ഷ്വറ്മാരി് നിന്നും ഉടമ്പടിയായി അഥവാ ഓരോ കേസുകളുടെയും അടിസ്ഥാനത്തി് ഫാക്കുലേറ്റേറ്റീവ് റീയിന്ഷ്വറന്സായിട്ടാണ് റിസ്ക് സ്വീകരിക്കുന്നത്. ലോകമെമ്പോടും റീയിന്ഷ്വറന്സ് ചെയ്യുന്നുണ്ട്, ആയതിനാ് റിസ്ക് എല്ലായിടത്തും വ്യാപിക്കും.

സംഗ്രഹം

a) ആരോഗ്യ ഇന്ഷ്വറന്സ് രോഗാവസ്ഥയുമായി ബന്ധപ്പെട്ടതാണ്, അതായത് ഒരു വ്യക്തിയ്ക്ക് അസുഖം അഥവാ രോഗം ഉണ്ടായേക്കാവുന്ന റിസ്കിനെയാണ്.

b) റിസ്ക് തിരഞ്ഞെടുക്കുന്നതും റിസ്കിന് വിലയിടുന്നതിനുമുള്ള പ്രക്രിയയാണ് അണ്ടര്റൈറ്റിംഗ്.

c) ബിസിനസ്സും റിസ്കും സന്തുലാവസ്ഥയി് മുന്നോട്ട് പോകുന്നതിന് അണ്ടര്റൈറ്റിംഗ് ആവശ്യമാണ് അങ്ങനെ മത്സരം നിലനിര്ത്തുകയും സ്ഥാപനത്തിന് ലാഭം ഉണ്ടാക്കാനും സാധിക്കും.

d) റിസ്ക് വിലയിരുത്തുമ്പോ് പരിഗണിക്കേണ്ട രോഗാവസ്ഥയിലേക്ക് നയിക്കുന്ന ഘടകങ്ങളാണ് പ്രായം, ലിംഗം, ശീലങ്ങ്, തൊഴി്, ശരീരഘടന, കുടുംബചചരിത്രം, മുന് രോഗങ്ങ് അഥവാ ശസ്ത്രക്രിയക്, നിലവിലെ ആരോഗ്യ സ്ഥിതി, വാസസ്ഥലം എന്നിവ.

e) പ്രതികൂല തിരഞ്ഞെടുക്കല് തടയുക അതായത് ഇന്ഷ്വറര്ക്ക് എതിരെയുള്ള തിരഞ്ഞെടുക്കല് ഒഴിവാക്കുക, റിസ്കുകളെ വിഭജിക്കുകയും റിസ്കുകള്ക്കിടെയിലുള്ള തുല്യത ഉറപ്പാക്കുകയും ചെയ്യുക എന്നിവയാണ് അണ്ടര്റൈറ്റിംഗിന്റെ ലക്ഷ്യം.

f) ഏജന്റാണ് പ്രഥമ അണ്ടര്റൈറ്റ് കാരണം അയാള്ക്കാണ് പ്രൊസ്പെക്ടീവ് ക്ലെയിന്റിനെ ഇന്ഷ്വ് ചെയ്യണോ വേണ്ടയോ എന്നത് അറിയുന്നതിനുള്ള ഏറ്റവും മികച്ച വ്യക്തി.

g) ഏറ്റവും മികച്ച വിശ്വാസം (ഉബ്റീമ ഫൈഡ്സ്), ഇന്ഷ്വറന്സ് താല്പര്യം, ഇന്ഡെമിനിറ്റി, സംഭാവന, സബ്റോഗേഷ്, ഉപാന്തിക കാരണം എന്നിവയാണ് ഇന്ഷ്വറന്സിന്റെ പ്രധാന തത്വങ്ങ്.

h) അണ്ടര്റൈറ്റിംഗിന്റെ പ്രധാന ഉപകരണങ്ങളാണ്: പ്രൊപ്പോസ് ഫോം, പ്രായം തെളിയിക്കുന്ന രേഖ, സാമ്പത്തിക രേഖകള്, മെഡിക്കല് റിപ്പോര്ട്ടുക്, സെയില് റിപ്പോര്ട്ടുക്, എന്നിവ.

i) ആരോഗ്യ ഇന്ഷ്വറന്സ് പോളിസിയ്ക്ക് അപേക്ഷിക്കുന്ന വ്യക്തിയുടെ ആരോഗ്യ സ്ഥിതി അറിയുന്നതിന് ഇന്ഷ്വറന്സ് കമ്പനി ഉപയോഗിക്കുന്ന ഒരു പ്രക്രിയയാണ് മെഡിക്ക് അണ്ടര്റൈറ്റിംഗ് .

j) പ്രൊപ്പോസര്ക്ക് വൈദ്യ പരിശോധന ആവശ്യമില്ലാത്ത പ്രക്രിയയാണ് നോണ്-മെഡിക്ക് അണ്ടര്റൈറ്റിംഗ്.

k) റിസ്കിന്റെ ഓരോ ഘടകത്തിലും സംഖ്യപരമായ അഥവാ ശതമാനപരമായ മൂല്യനിര്ണ്ണയം നടത്തുന്നതിന് അണ്ടര്റൈറ്റിംഗി് ഉപയോഗിക്കുന്ന പ്രക്രിയയാണ് ന്യൂമറിക്ക് റേറ്റിംഗ് രീതി.

l) ലഭിച്ച എല്ലാ വിവരങ്ങളും ശ്രദ്ധാപൂര്വ്വം വിശകലനം ചെയ്ത് അനുയോജ്യമായ റിസ്ക് വിഭാഗത്തിലേക്ക് തരംതിരിക്കുന്നതോടെയാണ് അണ്ടര്റൈറ്റിംഗ് പ്രക്രിയ പൂര്ത്തിയാകുന്നത്.

m) ശരാശരി എന്ന തത്വത്തിന്റെ അടിസ്ഥാനത്തിലാണ് ഗ്രൂപ്പ് ആരോഗ്യ ഇന്ഷ്വറന്സിന്റെ അണ്ടര്റൈറ്റിംഗ്, അതായത് ഒരു സ്റ്റാന്ഡേര്ഡ് ഗ്രൂപ്പിലെ എല്ലാ അംഗങ്ങള്ക്കും ഗ്രൂപ്പ് ആരോഗ്യ ഇന്ഷ്വറന്സ് പരിരക്ഷ എടുക്കുമ്പോ ഗ്രൂപ്പിലെ അംഗങ്ങള്ക്ക് ഇന്ഷ്വററുടെ എതിരെ തിരഞ്ഞെടുക്കാ സാധിക്കുകയില്ല.

നിങ്ങൾക്കുള്ള ചോദ്യത്തിൻറെ ഉത്തരങ്ങൾ

ഉത്തരം 1

ശരിയായ ഓപ്ഷന് III

റിസ്ക് തിരഞ്ഞെടുക്കുന്നതും റിസ്കിന് വിലയിടുന്നതിനുമുള്ള പ്രക്രിയയാണ് അണ്ടര്റൈറ്റിംഗ്.

ഉത്തരം 2

ശരിയായ ഓപ്ഷന് III

ഏറ്റവും ഉത്തമമായ വിശ്വാസം എന്ന തത്വം അണ്ടര്റൈറ്റിംഗി പാലിക്കേണ്ടത് ഇന്ഷ്വററും ഇന്ഷ ചെയ്യുന്ന വ്യക്തിയുമാണ്.

ഉത്തരം 3

ശരിയായ ഓപ്ഷന് I

ഇന്ഷ്വറന്സ് താത്പര്യം എന്നാ ഇന്ഷ ചെയ്യുന്ന വസ്തുവി ഒരു വ്യക്തിയ്ക്കുള്ള സാമ്പത്തിക താത്പര്യം.

ഉത്തരം 4

ശരിയായ ഓപ്ഷന് IV

റിസ്കിന്റെ ഓരോ ഘടകത്തിലും സംഖ്യപരമായ അഥവാ ശതമാനപരമായ മൂല്യനിര്ണ്ണയം നടത്തുന്നത് ന്യൂമറിക്ക റേറ്റിംഗ് രീതിയിലാണ് അല്ലാതെ മെഡിക്ക അണ്ടര്റൈറ്റിംഗ് രീതിയിലല്ല.

ഉത്തരം 5

ശരിയായ ഓപ്ഷന് IV

ഗ്രൂപ്പ് ആരോഗ്യ ഇന്ഷ്വറന്സി, ഗ്രൂപ്പിലെ എല്ലാ പരിരക്ഷ എടുക്കുമ്പോ ഗ്രൂപ്പിലെ അംഗങ്ങള്ക്ക് ഇന്ഷ്വററുടെ എതിരെ തിരഞ്ഞെടുക്കാ സാധിക്കുകയില്ല .

ഗ്രൂപ്പ് ആരോഗ്യ ഇന്ഷ്വറന്സ് തൊഴിലുടമ-തൊഴിലാളി ഗ്രൂപ്പിന് പുറമേ ലേബര് യൂണിയനുക, ട്രസ്റ്റുക, സൊസൈറ്റിക, അനേക-തൊഴിലുടമ ഗ്രൂപ്പുക, ഫ്രാഞ്ചൈസി ഡീലറുമാ, പ്രൊഫഷണ അസോസിയേഷനുക, ക്ലബ്ബുക, അതുപോലെയുള്ള മറ്റ് സംഘടനകള്ക്ക് ഇന്ഷ്വറര്മാര് ഗ്രൂപ്പ് ആരോഗ്യ ഇന്ഷ്വറന്സ് പരിരക്ഷ വാഗ്ദാനം ചെയ്യുന്നുണ്ട്.

സ്വയം പരീക്ഷ ചോദ്യങ്ങൾ

ചോദ്യം 1

താഴെ കൊടുത്തിരിക്കുന്ന ഏത് ഘടകമാണ് ഒരു വ്യക്തിയുടെ രോഗാവസ്ഥയെ ബാധിക്കാത്തത്?

I. ലിംഗം
II. പങ്കാളിയുടെ ജോലി
III. ശീലങ്ങ
IV. വാസസ്ഥലം

ചോദ്യം 2

ഇന്ഡെമിനിറ്റി തത്വം അനുസരിച്ച്, ഇന്ഷ ചെയ്ത വ്യക്തിയ്ക്ക് പണം ലഭിക്കുന്നത്---
---

I. ഇന്ഷ തുക വരെയുള്ള ആകെ നഷ്ടത്തിന്
II. ഇന്ഷ തുക കണക്കാക്കാതെ യഥാര്ത്ഥ ചെലവിന് മുഴുവ
III. ഇരുകക്ഷികളും സമ്മതിച്ചിട്ടുള്ള നിശ്ചിത തുക
IV. ഇന്ഷ തുക കണക്കാക്കാതെ യഥാര്ത്ഥ നഷ്ടത്തിന്

ചോദ്യം 3

അണ്ടര്റൈറ്റര്ക്ക് അപേക്ഷകന്റെ വ്യക്തിഗത-ആരോഗ്യ വിശദാംശങ്ങളെക്കുറിച്ചുള്ള പ്രാഥമിക വിവരം ലഭിക്കുന്നത് ----------

I. വയസ് തെളിയിക്കുന്ന രേഖയില് നിന്ന്
II. സാമ്പത്തിക ഡോക്കുമെന്റി നിന്ന്
III. മുന് മെഡിക്ക റിക്കോര്ഡുകളി നിന്ന്
IV. പ്രൊപ്പോസ ഫോമി നിന്ന്

ചോദ്യം 4

അണ്ടര്റൈറ്റിംഗ് പ്രക്രിയ പൂര്ത്തിയാകുന്നത്----------

I. പ്രൊപ്പോസല് ഫോമിലൂടെ പ്രൊപ്പോസറുടെ സമ്പൂര്ണ്ണ വ്യക്തിഗത-ആരോഗ്യ വിശദാംശങ്ങ ലഭിക്കുന്നതോടെ
II. പ്രൊപ്പോസര് എല്ലാ മെഡിക്ക പരിശോധകളും ടെസ്റ്റുകളും പൂര്ത്തിയാക്കുന്നതോടെ.
III. ലഭിച്ച എല്ലാ വിവരങ്ങളും ശ്രദ്ധാപൂര്വ്വം വിശകലനം ചെയ്ത് അനുയോജ്യമായ റിസ്ക് വിഭാഗത്തിലേക്ക് തരംതിരിക്കുന്നതോടെയാണ് .
IV. റിസ്ക് തിരഞ്ഞെടുക്കലും വിടയിടീലും കഴിഞ്ഞതിനുശേഷം പ്രൊപ്പോസര്ക്ക് പോളിസി ഇഷ്യൂ ചെയ്യുന്നതോടെ

ചോദ്യം 5

ന്യൂമറിക്ക റേറ്റിംഗ് രീതി അനുസരിച്ച് താഴെ കൊടുത്തിരിക്കുന്ന ഏത് പ്രസ്താവനയാണ് തെറ്റ്?

I. പരിശീലനം നേടിയ ഉദ്യോഗസ്ഥരുടെ സഹായത്തോടെ വളരെ വേഗത്തി വലിയ ബിസിനസ്സ് കൈകാര്യം ചെയ്യുന്നതിന് ന്യൂമറിക്ക റേറ്റിംഗിലൂടെ സാധിക്കും.

II. മെഡിക്കല് റഫറികളുടെ സഹായമില്ലാതെ സങ്കീര്ണ്ണമായ അഥവാ സംശയകരമായ കേസുകള് സംഖ്യപരമായി വിശകലനം ചെയ്യാ സാധിക്കുകയില്ല.

III. വൈദ്യശാസ്ത്രത്തെപ്പറ്റി യാതൊരു അറിവുമില്ലാത്ത ആളുകള്ക്ക് പോലും ഇത് ഉപയോഗിക്കാന് സാധിക്കും.

IV. വിവിധ അണ്ടര്റൈറ്ററുമാരുടെ തീരുമാനങ്ങള്ക്ക് മദ്ധ്യേ ഒരു സ്ഥിരത ഇത് ഉറപ്പാക്കും.

സ്വയം പരീക്ഷ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ

ഉത്തരം 1

ശരിയായ ഓപ്ഷ II

ജീവിതപങ്കാളിയുടെ തൊഴി ഒരു വ്യക്തിയുടെ രോഗാവസ്ഥയെ ബാധിക്കുകയില്ല, പക്ഷേ സ്വന്തം തൊഴില് ഒരു വ്യക്തിയുടെ രോഗാവസ്ഥയെ ബാധിക്കുന്ന പ്രധാന ഘടകമാണ്.

ഉത്തരം 2

ശരിയായ ഓപ്ഷ I

ഇന്ഡെമിനിറ്റി തത്വം അനുസരിച്ച്, ഇന്ഷ ചെയ്ത വ്യക്തിയ്ക്ക് പണം ലഭിക്കുന്നത് ഇന്ഷ തുക വരെയുള്ള ആകെ നഷ്ടത്തിനാണ്.

ഉത്തരം 3

ശരിയായ ഓപ്ഷ IV

പ്രൊപ്പോസ ഫോമി നിന്നാണ് അണ്ടര്റൈറ്റര്ക്ക് അപേക്ഷകന്റെ വ്യക്തിഗത-ആരോഗ്യ വിശദാംശങ്ങളെക്കുറിച്ചുള്ള പ്രാഥമിക വിവരം ലഭിക്കുന്നത്.

ഉത്തരം 4

ശരിയായ ഓപ്ഷ III

ലഭിച്ച എല്ലാ വിവരങ്ങളും ശ്രദ്ധാപൂര്വ്വം വിശകലനം ചെയ്ത് അനുയോജ്യമായ റിസ്ക് വിഭാഗത്തിലേക്ക് തരംതിരിക്കുന്നതോടെയാണ് അണ്ടര്റൈറ്റിംഗ് പ്രക്രിയ പൂര്ത്തിയാകുന്നത്.

ഉത്തരം 5

ശരിയായ ഓപ്ഷ II

മെഡിക്കല് റഫറികളുടെ സഹായമില്ലാതെ സങ്കീര്ണ്ണമായ അഥവാ സംശയകരമായ കേസുകള് സംഖ്യപരമായി വിശകലനം ചെയ്യാ സാധിക്കും.

പാഠം 10

ആരോഗ്യ ഇൻഷ്വറൻസ് ക്ലെയിമുകൾ

ആമുഖം

ഈ പാഠത്തി നമുക്ക് ആരോഗ്യ ഇന്ഷ്വറന്സി ക്ലെയിം കൈകാര്യം ചെയ്യുന്ന പ്രക്രിയയെ കുറിച്ചും അതിന് ആവശ്യമായ ഡോക്കുമെന്റുകളെ കുറിച്ചും ക്ലെയിം റിസര്വ്വിംഗ് പ്രക്രിയയെക്കുറിച്ചും നോക്കാം. ഇത് കൂടാതെ നമുക്ക് വ്യക്തിഗത അപകട ഇന്ഷ്വറന്സി ക്ലെയിം കൈകാര്യം ചെയ്യുന്ന പ്രക്രിയയെ കുറിച്ചും ടിപിഎകളുടെ പങ്കിനെക്കുറിച്ചും നോക്കാം.

പഠനമേഖലകൾ

A. ഇന്ഷ്വറന്സിലെ ക്ലെയിമുക കൈകാര്യം ചെയ്യ
B. ആരോഗ്യ ഇന്ഷ്വറന്സ് ക്ലെയിമുക കൈകാര്യം ചെയ്യ
C. ആരോഗ്യ ഇന്ഷ്വറന്സ് ക്ലെയിമുകളുടെ ഡോക്കുമെന്റേഷ
D. ക്ലെയിമുകള് റിസര്വ്വ് ചെയ്യ
E. തേഡ് പാര്ട്ടി അഡ്മിനിസ്ട്രേറ്ററുമാരുടെ (ടിപിഎ) പങ്ക്
F. ക്ലെയിമുക കൈകാര്യം ചെയ്യ: പേഴ്സണ അക്സിഡന്റ്
G. ക്ലെയിമുക കൈകാര്യം ചെയ്യ: ഓവര്സീസ് ട്രാവ ഇന്ഷ്വറന്സ്

ഈ പാഠം പഠിച്ചതിനുശേഷം നിങ്ങള്ക്ക് ചെയ്യാ കഴിയേണ്ടത്:

a) ഇന്ഷ്വറന്സ് ക്ലെയിമുകളിലെ വിവിധ സ്റ്റേക്ക്കേഹാള്ഡറെ കുറിച്ച് വിവരിക്കുക
b) ആരോഗ്യ ഇന്ഷ്വറന്സ് ക്ലെയിമുക കൈകാര്യം ചെയ്യുന്ന രീതി വിശദീകരിക്കുക
c) ആരോഗ്യ ഇന്ഷ്വറന്സ് ക്ലെയിമുക സെറ്റില്ചെയ്യുന്നതിന് ആവശ്യമായ വിവിധ ഡോക്കുമെന്റുകളെക്കുറിച്ച് ചര്ച്ച ചെയ്യുക
d) എങ്ങനെയാണ് ഇന്ഷ്വറര്മാ ക്ലെയിമുക റിസര്വ്വ് ചെയ്യുന്നതെന്ന് വിവരിക്കുക
e) വ്യക്തിഗത അപകട ക്ലെയിമുകളെക്കുറിച്ച് ചര്ച്ച ചെയ്യുക
f) ടിപിഎകളുടെ പങ്കും ടിപിഎ എന്ന സങ്കല്പവും മനസ്സിലാക്കുക

A. ഇൻഷ്വറൻസ് ക്ലെയിമുകൾ കൈകാര്യം ചെയ്യൽ

ഇന്ഷ്വറന്സ് എന്നത് ഒരു **'പ്രതിജ്ഞയും'** പോളിസി എന്നത് ഒരു ആ പ്രതിജ്ഞയുടെ ഒരു **'സാക്ഷിയുമാണ്'**. ആ പ്രതിജ്ഞയുടെ ശരിയായ പരീക്ഷണമാണ് പോളിസി പ്രകാരമുള്ള ക്ലെയിമിലേക്ക് നയിക്കുന്ന ഇന്ഷ ചെയ്ത സംഭവം ഉണ്ടാകുന്നത്. ഇന്ഷ്വറ എത്ര തൃപ്തികരമായി പ്രവര്ത്തിച്ചുവെന്നത് അവ എത്ര തൃപ്തികരമായി അവരുടെ ക്ലെയിം പ്രതിജ്ഞ നിറവേറ്റി എന്നതിന്റെ അടിസ്ഥാനത്തിലാണ് വിലയിരുത്തുന്നത്. ക്ലെയിമുകള് നല്കാനുള്ള ഇന്ഷ്വറന്സ് കമ്പനിയുടെ കഴിവ് ഇന്ഷ്വറന്സിലെ ഒരു മുഖ്യ റേറ്റിംഗ് ഘടകമാണ്.

1. ക്ലെയിം നടപടിക്രമത്തിലെ സ്റ്റേക്ക്ഹോൾഡറുമാർ

ക്ലെയിമുകള് എങ്ങനെയാണ് കൈകാര്യം ചെയ്യുന്നതെന്ന് വിശദമായി നോക്കുന്നതിന് മുമ്പ് നമുക്ക് ക്ലെയിം നടപടിക്രമങ്ങളില് താത്പര്യമുള്ള വ്യക്തികളെക്കുറിച്ച് മനസ്സിലാക്കാം.

ചിത്രം 1: ക്ലെയിം നടപടിക്രമത്തിലെ സ്റ്റേക്ക്ഹോൾഡറുമാർ

ഉപഭോക്താവ്	ഇന്ഷ്വറന്സ് വാങ്ങുന്ന വ്യക്തിയാണ് ആദ്യത്തെ സ്റ്റേക്ക്കേ്ഹാള്ഡറും 'ക്ലെയും ലഭിക്കുന്ന വ്യക്തിയും'
ഉടമകൾ	'ക്ലെയിമുകള് നല്കുന്ന വ്യക്തി' എന്ന നിലയില് ഇന്ഷ്വറന്സ് കമ്പനിയുടമയ്ക്ക് വലിയ പങ്കാണുള്ളത്. പോളിസിയുടമയുടെ ഫണ്ടില് നിന്ന് തന്നെ ക്ലെയിം നല്കാ കഴിഞ്ഞാലും, മിക്ക സന്ദര്ഭങ്ങളിലും, വാഗ്ദാനം പാലിക്കുക എന്നത് അവരുടെ കടമയാണ്

അണ്ടർറൈറ്ററുമാർ	ഇന്ഷ്വറന്സ് കമ്പനിയിലെയും എല്ലാ ഇന്ഷ്വററുമാരുടെയും അണ്ടര്റൈറ്ററുമാ് ക്ലെയിമുകളെ കുറിച്ച് മനസ്സിലാക്കുകയും ഉത്പന്നം രൂപകല്പന ചെയ്യുകയും പോളിസി ചട്ടങ്ങളും വ്യവസ്ഥകളും വിലയും നിശ്ചയിക്കുകയും ചെയ്യണം.
റെഗുലേറ്റുമാർ	റെഗുലേറ്റ് (ഇന്ഷ്വറന്സ് റെഗുലേറ്ററി ആന്റ് ഡെവലപ്മെന്റ് അതോറിറ്റി ഓഫ് ഇന്ത്യ) താഴെ കൊടുത്തിരിക്കുന്ന ലക്ഷയ്വുമായി ബന്ധപ്പെട്ട് മുഖ്യ പങ്കാളിയാണ്: ✓ ഇന്ഷ്വറന്സ് പരിസ്ഥിതി ക്രമീകരിക്കുന്നതിന് ✓ പോളിസിയുടമകളുടെ താത്പര്യം സംരക്ഷിക്കുന്നതിന് ✓ ഇന്ഷ്വററുമാരുടെ ദീര്ഘകാല സാമ്പത്തിക സ്ഥിതി പരിപാലിക്കുന്നതിന്
തേഡ് പാർട്ടി അഡ്മിനിസ്ട്രേറ്ററുമാർ	സേവന ഇടനിലക്കാരായ തേഡ് പാര്ട്ടി അഡ്മിനിസ്ട്രേറ്ററുമാ് ആരോഗ്യ ഇന്ഷ്വറന്സ് ക്ലെയിമുകളുടെ നടപടിക്രമങ്ങ് ചെയ്യും.
ഇൻഷ്വറൻസ് ഏജൻറുമാർ/ ബ്രോക്കറുമാർ	ഇന്ഷ്വറന്സ് ഏജന്റുമാ്/ബ്രോക്കറുമാ് ഇന്ഷ്വറന്സ് വില്ക്കുക മാത്രമല്ല ക്ലെയിം ഉണ്ടാകുന്ന സന്ദര്ഭത്തി് ഉപഭോക്താക്കള്ക്ക് ആവശ്യമായ സേവനവും നല്കണം
ദാതാക്കൾ/ആശുപത്രികൾ	ഉപഭോക്താവിന് കുഴപ്പമൊന്നുമില്ലാത്ത രീതിയി് ക്ലെയിം ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടത് ഇവരാണ്, പ്രത്യേകിച്ച് ഇന്ഷ്വറ് ക്യാഷ്ലെസ് ഹോസ്പിറ്റലൈസേഷ് നല്കുന്ന ടിപിഎയുടെ പാനലിലുള്ള ആശുപത്രിയി്

അങ്ങനെ ക്ലെയിം കൈകാര്യം ചെയ്യുക എന്നത് ക്ലെയിമുകളുമായി ബന്ധപ്പെട്ട് ഈ ഓഹരിയുടമകളുടെയെല്ലാം ലക്ഷയ്ങ്ങ് കൈകാര്യം ചെയ്യുക എന്നതാണ്, ഇത്തരം ചില ലക്ഷയ്ങ്ങള് തീര്ച്ചായായും പരസ്പരം യോജിച്ച് പോയില്ലെന്നും വരാം.

2. ഇൻഷ്വറൻസ് കമ്പനിയിൽ ക്ലെയിം കൈകാര്യം ചെയ്യലിൻറെ പങ്ക്

ഇന്ഡസ്ട്രി ഡേറ്റാ അനുസരിച്ച് – "വിവിധ ഇന്ഷ്വറര്മാരുടെ ആരോഗ്യ ഇന്ഷ്വറന്സ് നഷ്ട അനുപാതം 65% മുത് 120% ശതമാനം വരെയാണ്, വിപണിയില് ഭൂരിഭാഗവും 100%-ന് മുകളില് നഷ്ടാനുപാതത്തിലാണ് പ്രവര്ത്തിക്കുന്നത്". മിക്ക കമ്പനികളും ആരോഗ്യ ഇന്ഷ്വറന്സ് ബിസിനസ്സില് നഷ്ടമാണ് നേരിടുന്നത്.

ഇതിന്റെ അര്ത്ഥം കമ്പനിക്കും പോളിസിയുടമകള്ക്കും മികച്ച ഫലങ്ങള് നല്കുന്ന മികച്ച അണ്ടര്റൈറ്റിംഗ് സമ്പ്രദായങ്ങളുടെയും കാര്യക്ഷമമായ രീതിയിലുള്ള ക്ലെയിമുകളുടെ കൈകാര്യം ചെയ്യലിനും ആവശ്യമായ നടപടിക്രമങ്ങ സ്വീകരിക്കേണ്ട ആവശ്യം വളരെ കൂടുതലാണ്.

നിങ്ങൾക്കുള്ള പരീക്ഷ 1

താഴെ കൊടുത്തിരിക്കുന്ന ആരാണ് ഇന്ഷ്വറന്സ് ക്ലെയിം നടപടിക്രമത്തിലെ സ്റ്റേക്ക്ഹോള്ഡറി ഉള്പ്പെടാത്തത്?

I. ഇന്ഷ്വറന്സ് കമ്പനി സ്റ്റേക്ക്കേഹാള്ഡറുമാ
II. ഹ്യൂമന് റിസോഴ്സ് ഡിപ്പാര്ട്ടേമന്റ്
III. റെഗുലേറ്റ
IV. ടിപിഎ

B. ആരോഗ്യ ഇൻഷ്വറൻസ് ക്ലെയിമുകൾ കൈകാര്യം ചെയ്യൽ

1. ആരോഗ്യ ഇൻഷ്വറൻസിലെ വെല്ലുവിളികൾ

ആരോഗ്യ ഇന്ഷ്വറന്സ് പോര്ട്ട്ഫോളിയോയുടെ പ്രത്യേക സവിശേഷതകളെക്കുറിച്ച് ഗഹനമായി മനസ്സിലാക്കേണ്ടത് വളരെ പ്രധാനപ്പെട്ട കാര്യമാണ് അങ്ങനെ ആരോഗ്യ ക്ലെയിമുകള് കാര്യക്ഷമമായ രീതിയി കൈകാര്യം ചെയ്യാ സാധിക്കുകയുള്ളു. ഇവയാണ്:

a) മിക്ക പോളിസികളും ആശുപത്രിയി അഡ്മിറ്റാകുന്നതിനുള്ള നഷ്ടപരിഹാരത്തിനുള്ളതാണ് ഇവിടെയെല്ലാം പിരക്ഷ വിഷയം മനുഷ്യരാണ്. ഇത് മാനസികവികാര പ്രശ്നങ്ങള്ക്ക് കാരണമാകും ഇത് പൊതുവേ മറ്റ് വിഭാഗങ്ങളിലുള്ള ഇന്ഷ്വറന്സിനെ ബാധിക്കുന്നില്ല.

b) ഇന്ത്യയില് വളരെ പ്രത്യേക തരത്തിലുള്ള അസുഖങ്ങളുടെ മാതൃകയും, ചികിത്സ രീതിയും, തുടര്ചിക്തിസ സമ്പ്രദായവുമാണ്. ഇത് മൂലം ചില ആളുകള് വളരെ കരുതലുളവരും ചില തങ്ങളുടെ അസുഖത്തെയും ചികിത്സയെയും കുറിച്ച് ഉത്കണ്ഠകുലരുമാണ്.

c) ആരോഗ്യ ഇന്ഷ്വറന്സ് വ്യക്തിക, ഗ്രൂപ്പുകള് അതായത് കോര്പ്പറേറ്റ് സ്ഥാപനങ്ങള് അഥവാ ബാങ്ക് പോലുള്ള റീട്ടേയില് വില്പന ശൃംഖലയിലൂടെ വാങ്ങാം. ഇതിന്റെ ഫലമായി ഉത്പന്നം ഉപഭോക്താവിന്റെ ആവശ്യങ്ങള്കക് അനുയോജ്യമായ രീതിയി രൂപകല്പന ചെയ്തതാണെങ്കിലും ഒരു സ്റ്റാന്ഡേര്ഡ് കമ്മോഡിറ്റി (ചരക്ക്) ആയി വില്ക്കാം.

d) ആരോഗ്യ ഇന്ഷ്വറന്സി ആശുപത്രിയി അഡ്മിറ്റായാലേ പോളിസി പ്രകാരമുള്ള ക്ലെയിം ലഭിക്കുകയുള്ളു. എന്തിരുന്നാലും, ലഭ്യത, വൈദഗ്ദ്യം, ചികിത്സ രീതികള്, ബില്ലിംഗ് രീതികള്, ഡോക്ടറുമാ, സര്ജന്മാ, ആശുപത്രികള് തുടങ്ങിയവയുമായി ബന്ധപ്പെട്ട എല്ലാ ആരോഗ്യ സേവന ദാതാക്കളുടെയും ചാര്ജ്ജുക, ഇവയെല്ലാം വളരെ വ്യത്യസ്തമായിരിക്കും അങ്ങനെ ക്ലെയിം വിലയിരുത്തുന്നതിന് വളരെയേറെ ബുദ്ധിമുട്ട് നേരിടും.

e) ആരോഗ്യപരിപാലനത്തിന്റെ എല്ലാ തുറകളും വേഗത്തി വികസിച്ച് കൊണ്ടിരിക്കുന്ന ഒന്നാണ്. പുതിയ അസുഖങ്ങളും അവസ്ഥകളും ഉണ്ടായി കൊണ്ടേയിരിക്കുകയും അത് പുതിയ ചികിത്സ രീതികള് വികസിപ്പിക്കുന്നതിലേക്ക് നയിക്കുകയും ചെയ്യും. ഇതിന് ഉദാഹരണമാണ് താക്കോല്ദ്വാര ശസ്ത്രക്രിയക, ലേസര് ചികിത്സക, തുടങ്ങിയവ. ഇത് ആരോഗ്യ ഇന്ഷ്വറന്സിനെ കൂടുതല് സാങ്കേതികപരമാക്കുകയും മാത്രമല്ല തുടര്ച്ചയായുള്ള മെച്ചപ്പെടുത്തലിന് ആവശ്യമായ

അത്തരം നടപടിക്രമങ്ങള്ക്കുള്ള ഇന്ഷ്വറന്സ് ക്ലെയിമുക കൈകാര്യം ചെയ്യാനുള്ള കഴിവും ആവശ്യമാണ്.

f) ഈ ഘടങ്ങളൊന്നും കൂടാതെ, മനുഷ്യശരീരത്തെ സ്റ്റാന്ഡേര്ഡൈസ് ചെയ്യാ സാധിക്കുകയില്ല എന്ന വസ്തുത ഒരു പുതിയ വീക്ഷണത്തിലേക്ക് തന്നെ നയിച്ചു. ഒരേ അസുഖമുള്ള രണ്ട് അളുക ഒരേ ചികിത്സയോട് രണ്ട് തരത്തിലായിരിക്കും പ്രതികരിക്കുക അഥവാ വ്യത്യസ്ത ചികിത്സ ആവശ്യമാണ് അഥവാ വ്യത്യസ്ത കാലയളവില് ആശുപത്രിയി അഡ്മിറ്റാകേണ്ടി വരും

ആരോഗ്യ ഇന്ഷ്വറന്സ് മേഖല വളരെ വേഗത്തി വളര്ന്ന് കൊണ്ടിരിക്കുകയാണ്. വളരെയധികം ഉത്പന്നങ്ങളാണ് ഇത്തരം വേഗത്തിലുള്ള വളര്ച്ചയുടെ വെല്ലുവിളി. വിപണിയില് നൂറ് കണക്കിന് ആരോഗ്യ ഇന്ഷ്വറന്സ് ഉത്പന്നങ്ങളുണ്ട് , മാത്രമല്ല ഒരു കമ്പനിയി തന്നെ നമുക്ക് അനേകം വിവിധയിനത്തിലുള്ള ഉത്പന്നങ്ങ കാണാ സാധിക്കും. ഓരോ ഉത്പന്നത്തിനും അതിന്റെ വകഭേദങ്ങള്ക്കും അതിന്റേതായ പ്രത്യേകതകളുണ്ടായിരിക്കും അതുകൊണ്ട് ക്ലെയിം കൈകാര്യം ചെയ്യുന്നതിന് മുമ്പ് അതിനെപ്പറ്റി പഠിച്ചിരിക്കണം.

ആരോഗ്യ ഇന്ഷ്വറന്സ് മേഖലയുടെ വളര്ച്ച അനേകം വെല്ലുവിളികളെ കൊണ്ടുവന്നിട്ടുണ്ട് – ഒരു കമ്പനി 1,00,000 ആരോഗ്യ പോളിസിക ചെറുകിട ഉപഭോക്താക്കള്ക്ക് പരിരക്ഷ നല്കുന്നതിന് വില്ക്കുകയും, അതായത് ഈ പോളിസികളുടെ കീഴി 3,00,000 അംഗങ്ങ ഉണ്ടെന്ന് കരുതുക, എന്നാ കമ്പനി കുറഞ്ഞത് 20,000 ക്ലെയിമുകള്ക്ക് സേവനമ നല്കാ തയ്യാറായിരിക്കണം. ക്യാഷ്ലെസ് സേവനം നല്കുന്നതിനും ക്ലെയിമുകള് വേഗത്തി തീര്പ്പാക്കുന്നതിനും, ആരോഗ്യ ഇന്ഷ്വറന്സ് ക്ലെയിമുകളുടെ വിഭാഗം ഉണ്ടാക്കുക എന്നത് പ്രധാനപ്പെട്ട വെല്ലുവിളിയാണ്.

ഇന്ത്യയി എഴുതിയിട്ടുള്ള ആരോഗ്യ ഇന്ഷ്വറന്സ് പോളിസിക, ഇന്ത്യയി എവിടെയുമുള്ള ഹോസ്പിറ്റലൈസേഷന് പരിരക്ഷ നല്കും. ലഭിച്ച ക്ലെയിം മികച്ച രീതിയില് കൈകാര്യം ചെയ്യുന്നതിന് രാജ്യമെമ്പാടുമുള്ള സമ്പ്രദായങ്ങ ക്ലെയിമുക കൈകാര്യം ചെയ്യുന്ന ടീം മനസ്സിലാക്കിയിരിക്കണം.

ആരോഗ്യ ക്ലെയിമുകളുടെ മാനേജര് വൈദഗ്ദ്ധ്യം, അനുഭപരിചയം, ലഭ്യമായ എല്ലാ ഉപകരണങ്ങളും ഉപയോഗിച്ച് ഇത്തരം വെല്ലുവിളികളെ നേരിടും.

അന്തിമ വിശകലനത്തി, തനിക്കോ തന്റെ കുടുംബാംഗങ്ങള്ക്കോ ഉണ്ടാകുന്ന അസുഖം മൂലമുള്ള ശാരീരിക– മാനസിക പിരിമുറുക്കത്തിലുടെ കടന്ന് പോകുന്ന വ്യക്തിയെ സഹായിക്കുന്നതിനുള്ള സംതൃപ്തി ആരോഗ്യ ഇന്ഷ്വറന്സ് വാഗ്ദാനം ചെയ്യുന്നുണ്ട്.

അനുയോജ്യനായ വ്യക്തിയ്ക്ക് അനുയോജ്യമായ സമയത്ത് പര്യാപ്തമായ രീതിയിൽ ക്ലെയിം ലഭ്യാമാക്കുന്നത് കാര്യക്ഷമമായ ക്ലെയിം കൈകാര്യം ചെയ്യുന്ന രീതിയിലൂടെ ഉറപ്പാക്കാം.

2. ആരോഗ്യ ഇൻഷ്വറൻസ് ക്ലെയിം നടപടിക്രമം

ഒരു ക്ലെയിമിന്റെ സേവനം ഒന്നുകി ഇന്ഷ്വറന്സ് കമ്പനി വഴിയോ ഇന്ഷ്വറന്സ് കമ്പനി നിയമിച്ചിട്ടുള്ള അംഗീകൃത തേഡ് പാര്ട്ടി അഡ്മിനിസ്ട്രേറ്ററോ (ടിപിഎ) വഴിയോ തേടാം.

പോളിസി ചട്ടപ്രകാരം ക്ലെയിം ഉണ്ടാകുന്ന സമയം അത് ഇന്ഷ്വറ/ ടിപിഎയെ അറിയിക്കണം അത് ക്ലെയിം ലഭിക്കുന്ന സമയം വരെ തുടരണം, ആരോഗ്യ ഇന്ഷ്വറന്സ് ക്ലെയിം ഒരു വിഭാഗം നടപടിക്രമങ്ങളിലൂടെയാണ് കടന്ന് പോകുന്നതിന് ഓരോന്നിനും അതിന്റേതായ പ്രാധാന്യവുമുണ്ട്.

ആരോഗ്യ ഇന്ഷ്വറന്സ് ബിസിനസ്സിലെ മുഖ്യ ഉത്പന്നമായ ആരോഗ്യ ഇന്ഷ്വറന്സ് ഇന്ഡെമിനിറ്റി പോളിസി ഉദ്ധരിച്ച് നടപടിക്രമങ്ങ് വിശദമായി താഴെ കൊടുത്തിട്ടുണ്ട്.

ക്യാഷ്ലെസ് സൌകര്യത്തി് ഉള്പ്പെടാത്ത അത്തരം ഉത്പന്നങ്ങ് ഒഴികെയുള്ള നിശ്ചിത ആനുകൂല്യ ഉത്പന്നം അഥവാ ഗുരുതര രോഗ അഥവാ ദിവസേന പണം ലഭിക്കുന്ന ഉത്പന്നം തുടങ്ങിയവയുടെ പൊതുവേയുള്ള നടപടിക്രമങ്ങളും ആവശ്യമായ രേഖകളും ഏകദേശം സമാനമാണ്.

ഇന്ഡെമിനിറ്റി പോളിസി പ്രകാരമുള്ള ക്ലെയിം താഴെ കൊടുത്തിരിക്കുന്നത് പോലെയാകാം:

a) ക്യാഷ്ലെസ് ക്ലെയിം

ക്യാഷ്ലെസ് എന്നാ് ഹോസ്പിറ്റലി് അഡ്മിറ്റാകുന്ന സമയത്ത് ഇന്ഷ്വ് ചെയ്യപ്പെട്ട വ്യക്തി പണം ഒന്നും കെട്ടി വയ്ക്കേണ്ടതില്ല. ഇന്ഷ്വറ് അഥവാ തേഡ് പാര്ട്ടി അഡ്മിനിസ്ട്രേറ് നല്കുന്ന മുന്കൂ് അനുമതിയോടെ, നെറ്റ്വര്ക്കി്പെട്ട ആശുപത്രി സേവനം നല്കും, അതിനുശേഷം ഇന്ഷ്വറ് അഥവാ തേഡ് പാര്ട്ടി അഡ്മിനിസ്ട്രേറ്ക്ക് ക്ലെയിം സെറ്റി് ചെയ്യുന്നതിനുള്ള ഡോക്കുമെന്റുക് സമര്പ്പിക്കും.

b) പണം ക്ലെയിം ചെയ്യുക

ഇന്ഷ്വ് ചെയ്യപ്പെട്ട വ്യക്തി ക്യാഷ്ലെസ് സെറ്റി്മെന്റ് തിരഞ്ഞെടുത്തിട്ടില്ലെങ്കി്, അവ്/അയാ് ആശുപത്രിയി്പണം നേരിട്ട് അടയ്ക്കണം. അതിനുശേഷം ആ ബില്ല് ഇന്ഷ്വറ് അഥവാ ടിപിഎ സമര്പ്പിക്കുക അങ്ങനെ പണം ക്ലെയിം ചെയ്യാം.

രണ്ട് കേസുകളിലും അടിസ്ഥാന നടപടിക്രമങ്ങ് ഒന്നുതന്നെയാണ്.

ചിത്രം 2: ക്ലെയിം പ്രക്രിയയിൽ താഴെ കൊടുത്തിരിക്കുന്ന ഘട്ടങ്ങളാണുള്ളത് (കൃത്യമായ ക്രമത്തിലല്ല)

a) അറിയിക്കുക

ഉപഭോക്താവും ക്ലെയിം ടീമും ഇന്ഷ്വറന്സി ആദ്യമായി ബന്ധപ്പെടുന്നത് ക്ലെയിം അറിയിക്കുന്നതിനാണ്. ആശുപത്രിയി അഡ്മിറ്റാകാ പ്ലാ ചെയ്യുന്ന വിവരം അഥവാ അടിയന്തരമായി അശുപത്രിയി അഡ്മിറ്റാകുകയാണെങ്കി ആ വിവരം ഉപഭോക്താവ് കമ്പനിയെ അറിയിക്കണം.

അടുത്തകാലം വരെ, ക്ലെയിം സാഹചര്യം ഉണ്ടാകുന്നത് അറിയിക്കുന്നത് ഔപചാരികമായിരുന്നു. പക്ഷേ അടുത്തിടെയായി ഇന്ഷ്വറര്മാ ക്ലെയിം ഉണ്ടാകുന്നത് വേഗം അറിയിക്കണമെന്നത് നിര്ബന്ധമാക്കിയിട്ടുണ്ട്. പ്ലാ ചെയ്ത്

ആശുപത്രിയി അഡ്മിറ്റാകുന്ന ഘട്ടത്തി അഡ്മിറ്റാകുന്നതിന് മുമ്പും അടിയന്തരമായി അഡ്മിറ്റാകുകയാണെങ്കി അഡ്മിറ്റായി 24 മണിക്കൂറിനകവും അറിയിച്ചിരിക്കണം.

ആശുപത്രിയി അഡ്മിറ്റാകുന്ന വിവരം സമയത്ത് അറിയിക്കുന്നത് വഴി ടിപിഎ/ ഇന്ഷ്വറര്ക്ക് ഉപഭോക്താവ് ശരിക്കും ആശുപത്രിയി അഡ്മിറ്റാകേണ്ട ആവശ്യമുണ്ടായിരുന്നോ എന്നും ഏതെങ്കിലും തരത്തിലുള്ള കൃത്രിമം നടന്നിട്ടുണ്ടോ എന്നും പരിശോധിക്കാനും ചാര്ജ്ജുകളുടെ കാര്യത്തി ധാരണയിലെത്താനും സാധിക്കും.

നേരത്തെ അറിയിക്കുക എന്നാ 'രേഖ മൂലം എഴുതി തയ്യാറാക്കിയ കത്ത് സമര്പ്പിക്കുക' അഥവാ ഫാക്സ് ചെയ്യുക. ആശയവിനിമയ- സാങ്കേതിക വിദ്യയുടെ വികസനത്തോടെ, ടിപിഎ/ ഇന്ഷ്വററുടെ 24 മണിക്കൂ പ്രവര്ത്തിക്കുന്ന കോ സെന്ററുകളി വിളിച്ചോ അഥവാ ഇന്റര്നെറ്റിലൂടെയോ ഇ-മെയിലിലൂടെയോ അറിയിക്കാ സാധിക്കും.

b) രജിസ്ട്രേഷൻ

ക്ലെയും സിസ്റ്റത്തി കയറ്റി ഏത് സമയത്തും നിരീക്ഷിക്കുന്നതിനായി റഫറന്സ് നമ്പ സൃഷ്ടിക്കുന്ന പ്രക്രിയയാണ് ക്രെയിം രജിസ്ട്രേഷ. ഈ നമ്പറിനെ ക്ലെയിം നമ്പ, ക്ലെയിം റഫറന്സ് നമ്പ അഥവാ ക്ലെയിം കണ്ട്രോ നമ്പ എന്നാണ് പറയുന്നത്. ക്ലെയിം നമ്പ സംഖ്യയോ അഥവാ അക്ഷരവും സംഖ്യും ചേര്ന്നതോ ആകാം.

ക്ലെയിം അറിയിപ്പ് ലഭിച്ചാലുടനെ ശരിയായ പോളിസി നമ്പരും ഇന്ഷ്വ ചെയ്ത വ്യക്തിയുടെ വിവരങ്ങ പരിശോധിച്ചതിനുശേഷം രജിസ്ട്രേഷ ചെയ്ത് ക്ലെയിം നമ്പ സൃഷ്ടിക്കും.

ഒരിക്കല് സിസ്റ്റത്തി ക്ലെയിം രജിസ്റ്റ ചെയ്ത് കഴിഞ്ഞാ, ഇന്ഷ്വററുടെ അക്കൌണ്ടിലേക്ക് അതിനുള്ള കരുതല്ധനം ഉണ്ടാക്കും. അറിയിപ്പ്/ രജിസ്ട്രേഷ സമയത്ത്, ശരിയായ ക്ലെയിം തുക അഥവാ എസ്റ്റിമേറ്റ് അറിയാ സാധിക്കുകയില്ല. ആദ്യത്തെ കരുതല്ധനം അതുകൊണ്ട് സ്റ്റാന്ഡേര്ഡ് കരുതല്ധനമായിരിക്കും (പൊതുമേ മുന് ക്ലെയിമുകളുടെ ശരാശരി പ്രകാരം). ഒരിക്ക എസ്റ്റിമേറ്റ് അഥവാ പ്രതീക്ഷിത ബാദ്ധ്യത അറിയാ സാധിച്ചാ, അതിന് അനുസൃതമായി കരുതല്ധനം പുതുക്കും.

c) ഡോക്കുമെൻറുകൾ പരിശോധിക്കുക

ഒരിക്ക ക്ലെയിം രജിസ്റ്റ ചെയ്താ, നടപടിക്രമങ്ങള്ക്കുള്ള എല്ലാ രേഖകളും ലഭിച്ചോ എന്ന് പരിശോധിക്കുകയാണ് അടുത്ത നടപടി.

ക്ലെയിം നടപടിക്രമങ്ങള്ക്കായി താഴെ കൊടുത്തിരിക്കുന്ന സംഗതിക വളരെ പ്രധാനപ്പെട്ടതാണ്:

1. അസുഖമുണ്ടെന്നതിന് രേഖമൂലമുള്ള തെളിവ്
2. ലഭിച്ച ചികിത്സ
3. അഡ്മിറ്റായ കാലാവധി
4. പരിശോധന റിപ്പോര്ട്ടുക
5. ആശുപത്രിയി അടച്ച പണം
6. ചികിത്സയ്ക്കുള്ള മറ്റ് നിര്ദ്ദേശങ്ങ
7. അവയവങ്ങ മാറ്റി വച്ചതിന പണം അടച്ചതിന്റെ തെളിവ്, തുടങ്ങിയവ

ക്ലെയിം നടപടിക്രമങ്ങ ചെയ്യുന്നവ ചെക്ക്ലിസ്റ്റ് പ്രകാരമുള്ള രേഖക പരിശോധിക്കും. മിക്ക കമ്പനികളുടെ അത്തരം ചെക്ക്ലിസ്റ്റുക ഡോക്കുമെന്റേഷ നടപടിക്രമങ്ങളുടെ ഭാഗമായിട്ടാണ് കാണുന്നത്

ഏതെങ്കിലും ഡോക്കുമെന്റ് ലഭിച്ചിട്ടില്ലെങ്കി ഈ ഘട്ടത്തി അത് അറിയാ സാധിക്കും – ചില ഘട്ടത്തി സമര്പ്പിക്കാത്ത ഡോക്കുമെന്റുക സമര്പ്പിക്കാ ഉപഭോക്താവിനോട് / ആശുപത്രിയോട് ആവശ്യപ്പെടും. മിക്ക കമ്പനികളുടെ സമര്പ്പിച്ച എല്ലാ ഡോക്കുമെന്റുകളും ആദ്യം സൂക്ഷ്മമായി പരിശോധിക്കും അങ്ങനെ അധിക ഡോക്കുമെന്റ് ആവശ്യപ്പെട്ട് ഉപഭോക്താവിനെ ബുദ്ധിമുട്ടിക്കുന്നത് കഴിവതും കുറയ്ക്കും.

d) ബില്ലിംഗ് വിവരങ്ങൾ പരിശോധിക്കുക

ക്ലെയിം നടപടിക്രമങ്ങളി വളരെ പ്രധാനപ്പെട്ട ഒന്നാണ് ബില്ലിംഗ് . ഒരു ആരോഗ്യ ഇന്ഷ്വറന്സ് പോളിസി വിവിധ തലങ്ങളിലുള്ള ചികിത്സയ്ക്ക് ചെലവാകുന്ന തുക നഷ്ടപരിഹാരമായി നല്കും. ഒരു സ്റ്റാന്ഡേര്ഡ് പോളിസി പ്രകാരം താഴെ കൊടുത്തിരിക്കുന്ന ചികിത്സ ചെലവുക നല്കും:

- ✓ മുറി/കിടക്ക വാടക, ബോര്ഡിംഗ് ചെലവുക, നെഴ്സിംഗ് ചെലവുക അതായത് രജിസ്ട്രേഷനും സര്വ്വീസ് ചാര്ജ്ജുകളും സഹിതം.
- ✓ ഐസിയു ചാര്ജ്ജുക
- ✓ ഓപ്പറേഷ തിയേറ്റ ചാര്ജ്ജുക,
- ✓ ശസ്ത്രക്രിയയുമായി ബന്ധപ്പെട്ട ചെലവുക, അനസ്തേഷ്യ, രക്തം, ഓക്സിജ, ശസ്ത്രക്രിയ സാമഗ്രിക, മരുന്നുക, , രോഗ നിര്ണ്ണയ സാമഗ്രിക, എക്സ്–റേ, ഡയാലിസിസ്, കീമോതെറാപ്പി, റേഡിയോ തെറാപ്പി, പേസ്മേക്കര് ചെലവുക, കൃത്രിമ അയവയവങ്ങ, മറ്റ് മെഡിക്ക ചെലവുക.
- ✓ സര്ജ, അനസ്ത്യേഷിസ്റ്റ്, മെഡിക്ക പ്രാക്ടീഷ്ണ, കണ്സള്ട്ടന്റുമാ, സ്പെഷ്യലിസ്റ്റ് ഫീസ്.
- ✓ ആംബുലന്സ് ചാര്ജ്ജുക
- ✓ രക്തപരിശോധന, എക്സ്–റേ, സ്കാനിംഗ് തുടങ്ങിയ പരിശോധന ചെലവുക
- ✓ മരുന്നുക

ഉപഭോക്താവ് സമര്പ്പിക്കുന്ന രേഖകളി നിന്നും മുകളി പറഞ്ഞിരിക്കുന്ന വിവരങ്ങ ശേഖരിക്കുകയും അങ്ങനെ ക്ലെയിമുക കൃത്യമായി സെറ്റി ചെയ്യുകയും ചെയ്യും.

ആശുപത്രികളിലെ ബില്ലിംഗ് രീതിക നിലവാരമുള്ളതാക്കുന്നതിന് ശ്രമങ്ങ നടത്തുന്നുണ്ടെങ്കിലും, ആശുപത്രിക വിവിധ രീതികളിലുള്ള ബില്ലിംഗ് രീതികളാണ് പാലിച്ച് വരുന്നത് അങ്ങനെ താഴെ കൊടുത്തിരിക്കുന്ന വെല്ലുവിളികളെ നേരിടേണ്ടതായി വരും:

- ✓ റൂം വാടകയി ചില അടയ്ക്കാ പറ്റാത്ത സര്വ്വീസ് ചാര്ജ്ജുക ഉള്പ്പെടും.
- ✓ സിംഗിള് ബില്ലി വ്യത്യസ്ത തലകെട്ടുകളുണ്ടാവും അഥവാ എല്ലാ പരിശോധനകള്ക്കും മരുന്നുകള്ക്കുമായി വലിയ ബില്ല്.
- ✓ നിലവാരമില്ലാത്ത പേരുകളുടെ ഉപയോഗം – ഉദാ. നേഴ്സിംഗ് ചാര്ജ്ജിനെ സര്വ്വീസ് ചാര്ജ് എന്ന് ഉപയോഗിക്ക
- ✓ ബില്ലി "സമാന ചാര്ജ്ജുക", "തുടങ്ങിയ", "ബന്ധപ്പെട്ട ചാര്ജ്ജുക" പോലുള്ള വാക്കുകളുടെ ഉപയോഗം.

ബില്ലിംഗ് വ്യക്തമല്ലെങ്കി, ഇന്വെസ്റ്റിഗേറ്റ അധിക വിവരങ്ങ ആവശ്യപ്പെട്ടേക്കാം, അങ്ങനെ സംശയം നിവാരണം നടത്തി പ്രശ്നം പ്രശ്നം പരിഹരിക്കും.

ഈ പ്രശ്നവുമായി ബന്ധപ്പെട്ട് ഐആര്ഡിഎ അത്തരം ബില്ലുകളുടെ രൂപരേഖയും പണം നല്കാ കഴിയാത്ത ഘടകങ്ങളുടെ പട്ടികയെയുംകുറിച്ച് ഹെല്ത്ത് ഇന്ഷ്വറന്സ് സ്റ്റാന്ഡേര്ഡൈസേഷ മാര്ഗ്ഗരേഖക പുറപ്പെടുവിച്ചിട്ടുണ്ട്.

പാക്കേ ജ് നിരക്കുകൾ

ചില അസുഖങ്ങളുടെ ചികിത്സയ്ക്ക് മിക്ക ആശുപത്രികളുടം പാക്കേജ് നിരക്ക് സമ്മതിച്ചിട്ടുണ്ട്. ഇത് ആശുപത്രിയുടെ ചികിത്സ നടപടിക്രമങ്ങളുടെ നിലവാരവും ഉപയോഗിക്കുന്ന വസ്തുക്കളുടെയും അടിസ്ഥാനത്തിലാണ്. അടുത്തിടെ, ചികിത്സയ്ക്കായി പ്രിഫേര്ഡ് പ്രൊവൈഡ് നെറ്റ്വര്ക്കും ആര്എസ്ബിവൈയുടെ കാര്യത്തിലും, മിക്ക നടപടിക്രമങ്ങളുടെയും പാക്കേജ് ചെലവ് മുന്കൂട്ടി നിശ്ചയിച്ചിട്ടുണ്ട്.

ഉദാഹരണം

a) കാര്ഡിയാക് പാക്കേജ്: ആഞ്ചിയോഗ്രാം, ആഞ്ചിയോപ്ലാസ്റ്റി, സിഎബിജി അഥവാ ഓപ്പണ് ഹാര്ട്ട് സര്ജറി, തുടങ്ങിയവ.

b) ഗൈനകോളജി പാക്കേജ്: സാധാരണ പ്രസവം, സിസേറിയ്, ഗര്ഭപാത്രം നീക്കം ചെയ്യ്, തുടങ്ങിയവ.

c) ഓര്ത്താപീഡിയാക് പാക്കേജുക്.

d) ഓഫ്താല്മോളജിക്ക് പാക്കേജുക്

ശസ്ത്രക്രിയയുടെ സങ്കീര്ണ്ണത മൂല അധിക ചെലവ് ഉണ്ടാകുകയാണെങ്കി് അത് പ്രത്യേകം ഈടാക്കും.

പാക്കേജുകള്ക്ക് ചെലവാകുന്ന തുകയുടെ കാര്യത്തി് നിശ്ചയമുണ്ടായിരിക്കും മാത്രമല്ല നിലവാരമുള്ള നടപടിക്രമങ്ങളുമായിരിക്കും ആയതിനാ് ഇത് എളുപ്പത്തി് കൈകാര്യം ചെയ്യാ് സാധിക്കും.

e) ക്ലെയിമുകൾ കോഡ് ചെയ്യുക

ലോക ആരോഗ്യ സംഘടന (ഡബ്ളയ്യൂഎച്ച്ഒ) വികസിപ്പിച്ചെടുത്ത **ഇൻറർനാഷണൽ ക്ലാസിഫിക്കേഷൻ ഓഫ് ഡിസീസസ് (ഐസിഡി) കോഡ്സ് ആണ്** ഏറ്റവും പ്രധാനമായി ഉപയോഗിക്കുന്ന കോഡ്.

ഐസിഡി സ്റ്റാന്ഡേര്ഡ് രൂപരേഖയാണ് ഉപയോഗിക്കുന്നതെങ്കി്, **കറൻറ് പ്രൊസിജിയർ ടെർമിനോളജി (സിപിടി) കോഡ്സ്** ചികിത്സയ്ക്കായി പ്രയോഗിക്കുന്ന നടപടിക്രമങ്ങളാണ് ഉപയോഗിക്കുന്നത്.

ഇന്ഷ്വറ്മാ് കോഡിംഗിനെയും അത്തരം വിവരങ്ങ് വിശകലനം ചെയ്യാ് കഴിയുന്ന ഇന്ഫര്മെഷ് ബാങ്ക് ആരംഭിച്ചിട്ടുള്ള ഇന്ഷ്വറന്സ് റെഗുലേറ്ററി ആന്റ് ഡെവലപ്മെന്റ് അതോറിറ്റിയുടെ (ഐആര്ഡിഎഐ) ഭാഗമായ ഇന്ഷ്വറന്സ് ഇന്ഫര്മേഷ് ബ്യൂറോയെയും (ഐഐബി) വളരെയധികം ആശ്രയിക്കുന്നതായിട്ടാണ് കണ്ടുവരുന്നത്.

f) ക്ലെയിം നടപടിക്രമം

ആരോഗ്യ ഇന്ഷ്വറന്സ് പോളിസി വായിച്ചാ് മനസ്സിലാകും അത് ഒരു വാണിജ്യ കരാറാണോ എന്നത്, ഇതി് ക്ലെയിം എപ്പോ് എത്ര പരിധി വരെ നല്കണമെന്ന് നിര്വചിക്കുന്ന മെഡിക്ക് ഘടകങ്ങ് ഉണ്ടായിരിക്കും. ഏതൊരു ഇന്ഷ്വറന്സ് പോളിസിയുടെ മുഖ്യ ഭാഗമെന്തെന്നാ് താഴെ കൊടുത്തിരിക്കുന്ന രണ്ട് ചോദ്യങ്ങള്ക്ക് ഉത്തരം നല്കുക എന്നതാണ്:

- ✓ പോളിസി പ്രകാരം ക്ലെയിം നല്കണോ?
- ✓ നല്കണമെങ്കി്, എത്ര തുക നല്കണം?

ഈ ചോദ്യങ്ങള്ക്ക് ഓരോന്നിനും ഉത്തരം നല്കണമെങ്കി പോളിസി പ്രകാരമുള്ള അനേകം വ്യവസ്ഥകളും ചട്ടങ്ങളും മനസ്സിലാക്കിയിരിക്കണം മാത്രമല്ല ശൃംഖലയിപ്പെട്ട ആശുപത്രിയി ചികിത്സയ്ക്കായി കരാ ചെയ്യപ്പെട്ട തുകയും അറിഞ്ഞിരിക്കണം.

ക്ലെയിം സ്വീകരിക്കൽ

താഴെ കൊടുത്തിരിക്കുന്ന വ്യവസ്ഥകിക്ക് അനുസൃതമായിട്ടാണ് ഒരു ആരോഗ്യ ഇന്ഷ്വറന്സ് ക്ലെയിം സ്വീകരിക്കുക:

i. ആശുപത്രിയിൽ അഡ്മിറ്റായ വ്യക്തിയ്ക്ക് ഇൻഷ്വറൻസ് പോളിസി പ്രകാരമുള്ള പരിരക്ഷ ഉണ്ടായിരിക്കണം

ഇത് ലളിതമായി തോന്നാം, പരിരക്ഷയുള്ള വ്യക്തിയുടെ പേരും ആശുപത്രിയി അഡ്മിറ്റായ വ്യക്തിയുടെ പേരും തമ്മി സാമ്യമില്ലെങ്കി, ഈ അവസ്ഥ നേരിടേണ്ടി വരും. ഇതിന് കാരണം:

പരിരക്ഷയുള്ള വ്യക്തിയുടെ പേരും ആശുപത്രിയി അഡ്മിറ്റായ വ്യക്തിയുടെ പേരും ഒന്നാണെന്ന് ഉറപാക്കേണ്ടത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. ആരോഗ്യ ഇന്ഷ്വറന്സി ഇത്തരം ചതിക സാധാരണമാണ്.

ii. ഇൻഷ്വറൻസ് കാലാവധിയിൽ തന്നെ രോഗിയെ അഡ്മിറ്റ് ചെയ്യുക

iii. ആശുപത്രി നിർവചനം

പോളിസി പ്രകാരം രോഗികളെ അഥവാ പരുക്ക് പറ്റിയവരെ ചികിത്സിക്കാ സൌകര്യമുള്ള ഡേ കെയ അഥവാ ഇന്പേഷ്യന്റ് കെയറിനുള്ള ഏതൊരു സ്ഥാപനത്തെയും ആശുപത്രിയെന്ന് പറയും, അല്ലെങ്കി ക്ലെയിം നല്കുകയില്ല.

iv. ഡോമിസിലറി ഹോസ്പിറ്റലൈസേഷൻ

ഓരോരുത്തർക്കും നഷ്ടത്തിന്റെ 50% വരെ പങ്കിട്ടെടുക്കാം എന്നും, അതിനാല് ഓരോരുത്തരും നഷ്ടത്തിന്റെ 50% നല്കാം എന്നുള്ള നിലപാട് അവർ സ്വീകരിയ്ക്കുകയും, 3 ലക്ഷം രൂപ വീതം നല്കുകയും ചെയ്യുന്നു.

സന്ദർഭം 2

റിഷി തനിയ്ക്കായി രണ്ട് മെഡിക്ലയിം പോളിസികള് 2, 50,000 രൂപയ്ക്ക് X കന്പനിയില് നിന്നും 1, 50,000 രൂപയ്ക്ക് Y കന്പനിയില് നിന്നുമായി എടുക്കുന്നു. ഒരു അസുഖത്തെ തുടർന്ന് ചികിത്സയ്ക്കായി 1, 60,000 രൂപ ചിലവാകുന്നു. ഈ 1, 60,000 രൂപയുടെ നഷ്ടപരിഹാരം രണ്ട് കന്പനികളും നിരക്ക് അനുപാതത്തില് പങ്കിട്ട് നല്കുന്നതായിരിക്കും. ഓരോ കന്പനിയും നല്കേണ്ടുന്ന വിഹിതം താഴെ തന്നിരിക്കുന്ന പ്രകാരമാണ്

X കന്പനി: 1, 60,000 x2, 50000/ (2, 50, 000 + 1, 50, 000) = RS 1, 00.000

Y കന്പനി: 1, 60,000 x 250,000/ (2, 50, 000 + 1, 50, 000) = Rs 60, 000

2. ഉപരിമഫൈഡ്സ് അല്ലെങ്കില് ഉന്നത വിശ്വാസം

നല്ല വിശ്വാസത്തിനും ഉന്നത സ്ഥിതിയിലുള്ള വിശ്വാസത്തിനും തമ്മില് വ്യത്യാസം ഉണ്ട്.

a) നല്ല വിശ്വാസം

പൊതുവായി എല്ലാ കൊമേഴ്സിയല് കരാറുകളുടെയും നിയമപരമായ ബാധ്യത അവയുടെ ഇടപാടുകളില് വിശ്വാസ്യത പുലർത്തുക എന്നതാണ്. അവിടെ തട്ടിപ്പോ വഞ്ചനയോ പാടില്ല. വിശ്വാസ്യത എന്ന ഈ കർത്തവ്യത്തിനപ്പുറം വില്പനക്കാരൻ ഇൻഷ്വർ ചെയ്യുന്ന വസ്തുവിനെ സംബന്ധിച്ച് ഒരു വിവരങ്ങളും ഉപഭോക്താവുമായി പങ്കുവെയ്ക്കുവാൻ പാടുള്ളതല്ല.

ഇവിടെ പാലിക്കേണ്ട നിയമം എന്നത് **"Caveat Emptor"** അതായത് **ഉപഭോക്താവ് ജാഗരൂകരായിക്കണം** എന്നാണ്.

കരാറിലെ കക്ഷികള് ഇൻഷ്വർ ചെയ്യുന്ന വസ്തുവിനെ സൂക്ഷ്മനിരീക്ഷണം നടത്തുകയും, ഒരു കക്ഷി മറ്റേ കക്ഷിയെ തെറ്റിദ്ധരിപ്പിക്കാതെ ഇരിക്കുകയും, എല്ലാ ചോദ്യങ്ങള്ക്കും

സത്യസന്ധമായി ഉത്തരം പറയുകയും ചെയ്താല് മറ്റേ കക്ഷിയ്ക്ക് കരാർ ഒഴിവാക്കേണ്ട കാര്യമില്ല

ഉദാഹരണം

ചന്ദ്രശേഖരൻ നായർ ഒരു ടെലിവിഷൻ ഷോറൂമില് പോകുന്നു. അവിടെ അയാള് ഒരുപാട് സവിശേഷതകളുള്ള ഒരു ടിവി കാണുകയും അതില് തത്പരനാകുകയും ചെയ്യുന്നു. ചന്ദ്രശേഖരൻ നായർ ഇഷ്ടപ്പെട്ട ആ ടിവി ഗുണനിലവാരം കുറഞ്ഞതാണെന്നും പല ഉപഭോക്താക്കള്ക്കും അതിനെ കുറിച്ച് പരാതി ഉണ്ടെന്നും അവിടെയുള്ള സെയില്സ്മാന് അനുഭവങ്ങളാല് വ്യക്തമായി അറിയാമായിരുന്നു. എന്നാല് വില്പനയെ പ്രതികൂലമായി ബാധിക്കും എന്നുള്ള ഭയത്താല് അയാള് ഇത് വെളിപ്പെടുത്തുന്നില്ല.

അയാളില് വഞ്ചനാകുറ്റം ആരോപിക്കാമോ?

സെയില്സ്മാനോട് ആ ഉത്പന്നത്തിന്റെ ഗുണനിലവാരത്തെ കുറിച്ച് തിരക്കുകയും അയാള് അത് വളരെ നല്ല ഗുണനിലവാരമുള്ളതാണെന്ന് പറയുകയും ചെയ്തിരുന്നെങ്കില് ഈ സാഹചര്യം മാറുമായിരുന്നോ?

b) ഉന്നതമായ വിശ്വാസം

ഇൻഷ്വറൻസ് കരാർ നിലനില്ക്കുന്നത് ഒരു വ്യത്യസ്തമായ അടിത്തറയിലാണ്. ഇൻഷ്വർ ചെയ്യുന്ന വസ്തുവിനെ കുറിച്ചുള്ള എല്ലാത്തരം വിവരങ്ങളും അതിനെകുറിച്ച് അറിവില്ലാത്ത ഇൻഷ്വറർക്ക് പകർന്ന് കൊടുക്കാനുള്ള ബാധ്യത ഇൻഷ്വർ ചെയ്യുന്ന വ്യക്തിയ്ക്കുണ്ട്.

മുഖ്യവസ്തുതകള് എന്നാല് ഇൻഷ്വറർക്ക് താഴെ പറയുന്ന കാര്യങ്ങളില് ഉചിതമായ തീരുമാനം കൈകൊള്ളാൻ സഹായിക്കുന്നു:

- ✓ റിസ്ക് ഏറ്റെടുക്കണമോ വേണ്ടയോ
- ✓ അഥവാ ഏറ്റെടുക്കുകയാണെങ്കില് ഈടാക്കേണ്ടുന്ന പ്രീമിയവും മറ്റു ഉപാധികളും എന്തായിരിക്കണം

ഉന്നത വിശ്വാസം എന്ന നിയമപരമായ ബാധ്യത സാധാരണ നിയമത്തില് താഴെ വരുന്നതാണ്. ഈ ബാധ്യത ഇൻഷ്വർ ചെയ്യുന്ന വ്യക്തിക്ക് അറിയാവുന്ന മുഖ്യവസ്തുതകള് മാത്രമല്ല മറിച്ച് അയാള് അറിഞ്ഞിരിക്കേണ്ടുന്ന വസ്തുതകള്ക്കും ബാധകമാണ്.

ഇൻഷ്വറൻസ് കരാർ വളരെ വലിയ നിയമ ബാധ്യതകള്ക്ക് വിധേയമാണ്. ഇൻഷ്വറൻസിന്റെ കാര്യത്തിലാകുന്പോള് വിശ്വാസ ഉടന്പടികള് വളരെ ഉയർന്ന വിശ്വാസ കരാറുകളായി മാറുന്നു. "പെരിമ ഫൈഡ്സ്" എന്നത് ചോദിച്ചാലും ഇല്ലെങ്കിലും കൃത്യവും പൂർണ്ണവുമായ മുഖ്യവസ്തുക്കള് സ്വയം വെളിപ്പെടുത്താനുള്ള മുഖ്യമായ ബാധ്യതകളാണ്.

പൂർണ്ണമായ വെളിപ്പെടുത്തല് എന്നാല് എന്ത്?

എല്ലാവിധ മുഖ്യ വസ്തുക്കളും വെളിപ്പെടുത്തണമെന്ന നിയമബാധ്യത നിയമം അനുശാസിക്കുന്നുണ്ട്.

ഉദാഹരണം

i. ഇൻഷ്വർ എടുക്കുന്ന വ്യക്തി നല്കുന്ന തെറ്റിദ്ധരിപ്പിയ്ക്കുന്ന വസ്തുതകള്

ഹൈപ്പർ ടെൻഷൻ അനുഭവിയ്ക്കുന്നതും അടുത്തകാലത്ത് ഒരു ചെറിയ ഹൃദയസ്തംഭനം വന്നിട്ടുള്ളതുമായ ഒരു ഉദ്യോഗസ്ഥൻ ഈ വസ്തുത മറച്ചുവെച്ചുകൊണ്ട് ഒരു പോളിസി എടുക്കാൻ തീരുമാനിയ്ക്കുന്നു. ഈ പോളിസി നല്കുന്പോള് യഥാർത്ഥ വിവരങ്ങള് മറച്ചുവെച്ചതു മൂലം ഇൻഷ്വറർ വഞ്ചിക്കപ്പെടുകയാണ് ഉണ്ടായത്.

ii. ഇൻഷ്വററുടെ ഭാഗത്തു നിന്നുള്ള തെറ്റിദ്ധരിപ്പിയ്ക്കുന്ന വസ്തുതകള്

ഒരു ഇൻഷ്വർ ചെയ്യുന്ന വ്യക്തി തന്റെ ഹൃദയഭിത്തിയില് ഒരു സുഷിരം ഉണ്ടെന്നുള്ള വസ്തുത പ്രൊപ്പോസല് ഫോറത്തില് വെളിപ്പെടുത്തുന്നു. ഇൻഷ്വർ ഇത് സ്വീകരിയ്ക്കുന്നു. പക്ഷേ നിലവിലുള്ള അസുഖങ്ങള്ക്ക് 4 വർഷത്തേയ്ക്ക് ഇൻഷ്വറൻസ് ലഭിക്കില്ല എന്ന വസ്തുത ഇൻഷ്വർ ചെയ്യുന്ന വ്യക്തിയില് നിന്നും മറച്ചുവെയ്ക്കുന്നു.

c) മുഖ്യമായ വസ്തുതകള്

നിർവ്വചനം അനുസരിച്ച് മുഖ്യ വസ്തുതകള് എന്നാല് റിസ്ക് ഏറ്റെടുക്കണമോ വേണ്ടയോ എന്ന് തീരുമാനിയ്ക്കാനും പ്രീമിയ തുകയും മറ്റു ഉപാധികള് എന്തൊക്കെയാകണമെന്ന് തീർച്ചപ്പെടുത്താനും ഇൻഷ്വറൻസ് കന്പനികള്ക്ക് വേണ്ടുന്ന വസ്തുക്കളും വിവരങ്ങളുമാണ്.

വെളിപ്പെടുത്താതിരുന്ന ഒരു വിവരം മുഖ്യമാണോ അല്ലയോ എന്നത്, ആ പ്രത്യേകകേസിന്റെ സാഹചര്യമനുസരിച്ചായിരിക്കും. അത് തീരുമാനിക്കുന്നത് നിയമകോടതി ആയിരിക്കും. റിസ്കിനെ സംബന്ധിക്കാവുന്ന വസ്തുതകള് ഇൻഷ്വർ ചെയ്യപ്പെടുന്ന വ്യക്തി വെളിപ്പെടുത്തേണ്ടതുണ്ട്.

ഇൻഷ്വറൻസില് വെളിപ്പെടുത്തേണ്ടുന്ന മുഖ്യവസ്തുതകളില് ചിലവ നമുക്ക് നോക്കാം:

i. സാധാരണയില് കവിഞ്ഞ അധിക അപകടസാധ്യതയുള്ള റിസ്കിനെ കുറിച്ചുള്ള വിവരങ്ങള്. ഉദാഹരണത്തിന് എളുപ്പത്തില് തീ പിടിയ്ക്കുന്നു എന്ന വിവരം; പണ്ട് ഉണ്ടായിരുന്ന രോഗവിവരങ്ങള്

ii. മറ്റു ഇൻഷ്വറർമാരില് നിന്നെടുത്ത പോളിസികളുടെ വിവരവും അവയുടെ ഇന്നത്തെ അവസ്ഥയും.

iii. ഇൻഷ്വറൻസിനുള്ള അപേക്ഷാഫോറത്തിലോ പ്രപ്പോസല് ഫോറത്തിലോ ഉള്ള എല്ലാ ചോദ്യങ്ങളും മുഖ്യവസ്തുതകള് ആയി പരിഗണിക്കേണ്ടതാണ് കാരണം ഇവ ഇൻഷ്വർ ചെയ്യുന്ന വസ്തുവിന്റെ അപകടസാധ്യതയുടെ വിവിധ വശങ്ങളെ കുറിച്ചുള്ളവയായിരിക്കും. എല്ലാ അർത്ഥത്തിലും ഈ ചോദ്യങ്ങള്ക്ക് സത്യസന്ധമായ ഉത്തരങ്ങള് നല്കേണ്ടതാണ്.

മുഖ്യ വസ്തുക്കള്ക്കുള്ള ഉദാഹരണങ്ങള് താഴെ പറയുന്നവയാണ്:

ഉദാഹരണം

i. അഗ്നിബാധ(ഫയർ) ഇൻഷ്വറൻസ്

- ✓ കെട്ടിടനിർമ്മാണം
- ✓ കുടിപാർപ്പ് (ഉദാ. ഓഫീസ്, ഭവനം, കട, സംഭരണശാല, വ്യവസായ ശാല, തുടങ്ങിയവ.)
- ✓ സംഭരിച്ചതോ ഉത്പാദിപ്പിച്ചതോ ആയ വസ്തുക്കളുടെ സ്വഭാവം അതായത് തീ പിടിക്കാത്തവ, തീ പിടിക്കുന്നവ, എളുപ്പത്തില് തീ പിടിക്കുന്നവ തുടങ്ങിയവ.

ii. മറൈൻ ഇൻഷ്വറൻസ്

- ✓ പൊതിയുന്ന രീതി അതായത് ഒറ്റ പാക്കിലാണോ അതോ ഇരട്ട ചാക്കിലാണോ, പുതിയ ഡ്രമ്മിലാണോ ഉപയോഗിച്ച ഡ്രമ്മിലാണോ; തുടങ്ങിയവ.
- ✓ ചരക്കുകളുടെ സ്വഭാവം (ഉദാ. പുതിയ യന്ത്രമാണോ അതോ ഉപയോഗിച്ച യന്ത്രമാണോ തുടങ്ങിയവ.)

iii. മോട്ടോർ വാഹന ഇൻഷ്വറൻസ്

- ✓ എഞ്ചിന്റെ വ്യാപ്തം (സ്വകാര്യ വാഹനം)
- ✓ നിർമ്മിച്ച വർഷം
- ✓ ട്രക്കിന്റെ ഉള്ക്കൊള്ളാനുള്ള അളവ് (ടോണേജ്)
- ✓ വാഹനത്തിന്റെ ഉപയോഗം ഏത് തരം
- ✓ വാഹനം ഏത് സ്ഥലത്താണ് ഉപയോഗിക്കുന്നത് എന്നത്

iv. പേഴ്സണല് ആക്സിഡന്റ് (വ്യക്തിപരമായ അപകടങ്ങള്) ഇൻഷ്വറൻസ്

- ✓ ചെയ്യുന്ന തൊഴിലിന്റെ സ്വഭാവം
- ✓ പ്രായം
- ✓ ഉയരവും ഭാരവും
- ✓ അംഗവൈകല്യം മുതലായവ.

v. ഹെല്ത്ത് (ആരോഗ്യ) ഇൻഷ്വറൻസ്

- ✓ ഏതെങ്കിലും ശസ്ത്രക്രിയയ്ക്ക് വിധേയമായിട്ടുണ്ടോ
- ✓ പ്രമേഹമോ രക്തസമ്മർദ്ദമോ ഉണ്ടോ

vi. ജനറല് (സാധാരണ) ഇൻഷ്വറൻസ്

- ✓ മുന്പ് ഏതെങ്കിലും ഇൻഷ്വറർ ഇൻഷ്വറൻസിനുള്ള അപേക്ഷ നിരസിച്ചിട്ടുണ്ടോ കൂടുതല് പ്രീമിയം ഈടാക്കിയിട്ടുണ്ടോ പോളിസി പുതുക്കാൻ വിസന്നതിച്ചിട്ടുണ്ടോ എന്ന് തുടങ്ങിയ വിവരങ്ങള്
- ✓ ഇൻഷ്വർ ചെയ്യുന്ന വ്യക്തിയ്ക്ക് മുന്നുണ്ടായിട്ടുള്ള നാശനഷ്ടങ്ങള്

വെളിപ്പെടുത്തേണ്ടുന്ന ആവശ്യമില്ലാത്ത വസ്തുതകള് [ഇൻഷ്വറർ ആവശ്യപ്പെടാത്ത പക്ഷം]

നഷ്ടപരിഹാരം തീർച്ചപ്പെടുത്തുന്നവര് ആവശ്യപ്പെടാത്ത പക്ഷം വെളിപ്പെടുത്തേണ്ടുന്ന ആവശ്യമില്ലാത്ത വസ്തുതകള് താഴെ പറയുന്നു:

i. റിസ്ക് അപകടസാധ്യത കുറയ്ക്കാൻ കൈകൊണ്ട നടപടികള്
ഉദാ: അഗ്നിശമനയന്ത്രത്തിന്റെ ഉപയോഗം.

ii. ഇൻഷ്വർ ചെയ്യുന്ന വ്യക്തിയ്ക്ക് അറിവില്ലാത്ത വസ്തുതകള് ഉദാഹരണം: ഉയർന്ന രക്തസമ്മർദ്ദമുള്ള ഒരു വ്യക്തി ഒരുപക്ഷേ പോളിസി എടുക്കുന്ന സമയത്ത് ഇതിനെ കുറിച്ച് ബോധവാനായിരുന്നില്ല എങ്കില്, വസ്തുതകള് വെളിപ്പെടുത്തിയില്ല എന്ന കുറ്റം അയാളില് ആരോപിക്കാനാവില്ല.

iii. ഒരുപാട് ശുഷ്കാന്തിയോടെ കണ്ടെത്തേണ്ടിയിരുന്ന വസ്തുതകളുടെ എല്ലാം സൂക്ഷ്മമായ വസ്തുതകള് വെളിപ്പെടുത്തേണ്ട ആവശ്യം ഇല്ല. കൂടുതല് സൂക്ഷ്മമായ വിവരങ്ങള് ആവശ്യമാകുന്ന പക്ഷം അത്തരം ചോദ്യങ്ങള് ചോദിക്കാനുള്ള വ്യഗ്രത ഇൻഷ്വറർക്ക് ഉണ്ടായിരിക്കണം

iv. നിയമവശങ്ങള്: ഭൂമി സംബന്ധമായ നിയമങ്ങള് എല്ലാവരും അറിഞ്ഞിരിക്കേണ്ടതാണ്.

v. ഉദാഹരണം: സ്ഫോടകവസ്തുക്കള് സംഭരിക്കേണ്ടുന്നതിനെ കുറിച്ചുള്ള മുനിസിപ്പാലിറ്റി നിയമങ്ങള്

vi. ഇൻഷ്വറർക്ക് വ്യത്യസ്ത നിലപാടില്ലാത്തവ [കൂടുതല് വിവരങ്ങള് ആവശ്യമില്ലാത്തവ]. ഉത്തരങ്ങള് അപര്യാപ്തമായിരുന്നു എന്ന കാരണത്താല് ഇൻഷ്വറർക്ക് പിന്നീട് ഉത്തരവാദിത്വത്തില് നിന്നും ഒഴിയാനാകില്ല.

vii. കണ്ടെത്താവുന്ന വസ്തുതകള്: ഇൻഷ്വറൻസ് പോളിസി എടുക്കുന്നതിന് മുന്പ് നടത്തുന്ന വൈദ്യപരിശോധനയില് ഡോക്ടർ രക്തസമ്മർദ്ദം അളക്കുന്നതു പോലുള്ളവ.

d) ജീവൻസുരക്ഷ അല്ലാത്തവയില് വെളിപ്പെടുത്തേണ്ടുന്ന കടമ

ജീവൻസുരക്ഷ അല്ലാത്ത പോളിസികളില് എന്തെങ്കിലും മാറ്റങ്ങള് വരുത്തേണ്ടതുണ്ടോ എന്ന് കരാറില് വ്യവസ്ഥ ചെയ്യുന്നുണ്ട്. മൂല കരാറില് എന്തെങ്കിലും മാറ്റം വരുത്തുന്പോള് അത് റിസ്കിനെ ബാധിയ്ക്കുന്നു എങ്കില് വസ്തുതകള് വെളിപ്പെടുത്തേണ്ടുന്ന ബാധ്യതയുണ്ട്. മുഖ്യവസ്തുതകള് വെളിപ്പെടുത്തേണ്ടുന്ന കടമ കരാറില് ഉള്ളടക്ക കുറിപ്പോ പോളിസിയോ ഉള്ള പക്ഷം ആവശ്യമില്ല. പോളിസിയുടെ കാലഘട്ടത്തില് എന്തെങ്കിലും ആവശ്യമായി വന്നാല്, പോളിസി പുതുക്കുന്ന സമയത്ത് വസ്തുതകള് വെളിപ്പെടുത്തേണ്ടതുണ്ട്.

ഉദാഹരണം

ഒരു വീട്ടുടമ തന്റെ വീടും അതിനകത്തെ വസ്തുവകകളും ഇൻഷ്വർ ചെയ്യുന്നു.

അയാള് ഒരാഴ്ചത്തെ അവധിയില് പോകുന്നു- മുഖ്യവസ്തുതകളില് യാതൊരു മാറ്റവും ആവശ്യമില്ല എന്നാല് അയാള് മുകളില് മറ്റൊരു നില കൂടി പണിത് അവിടെ ഒരു ബ്യൂട്ടിപാർലർ തുടങ്ങിയാല് അത് റിസ്കിനെ കാര്യമായി ബാധിക്കും.

e) ഉന്നത വിശ്വാസത്തിന്റെ ലംഘനം

ഉന്നതസ്ഥിതിയിലുള്ള വിശ്വാസത്തിന്റെ ലംഘനങ്ങള് ഉള്പ്പെട്ടിട്ടുള്ള സാഹചര്യങ്ങള് നോക്കാം. **വെളിച്ചപ്പെടുത്താതിരിക്കുകയോ** അല്ലെങ്കില് **തെറ്റിദ്ധരിപ്പിയ്ക്കല്** മൂലമോ ഇത് സംഭവിയ്ക്കാം.

i. വെളിച്ചപ്പെടുത്താതിരിയ്ക്കല്

- ✓ ഇൻഷ്വറർ മുഖ്യവസ്തുതകളെ കുറിച്ച് പ്രത്യേകമായി അന്വേഷിയ്ക്കാത്തതിനാല് ഇൻഷ്വർ ചെയ്യുന്ന വ്യക്തി പൊതുവെ മൌനംപാലിയ്ക്കുന്നു
- ✓ ഇൻഷ്വറർ ചോദിയ്ക്കുന്ന ചോദ്യങ്ങള്ക്ക് ഉത്തരവാദിത്വമില്ലാതെ ഉത്തരം പറയുക
- ✓ വെളിച്ചപ്പെടുത്താതിരിയ്ക്കല് ഒരു വ്യക്തിയുടെ അറിവില്ലായ്മ മൂലമോ മനപൂർവ്വമല്ലാതെയോ അല്ലെങ്കില് വസ്തുതകള് മുഖ്യമാണെന്ന് അയാള് കരുതാത്തത് മൂലമോ വെളിച്ചപ്പെടുത്താതിരിയ്ക്കല്. ഇത്തരം കേസുകള് നിഷ്കളങ്കമായവയാണ്. എന്നാല് മനപൂർവ്വം ചില വസ്തുതകള് വെളിച്ചപ്പെടുത്താതിരുന്നാല് അത് മറച്ചുവെയ്ക്കലിന് തുല്യമാണ്. ഇത് വിശ്വാസവഞ്ചനയായി പരിഗണിയ്ക്കുന്നു.

ii. തെറ്റിദ്ധരിപ്പിയ്ക്കല്

ഇൻഷ്വറൻസ് കരാർ ഉറപ്പിയ്ക്കുന്ന സമയത്തെ സംഭാഷണങ്ങളെ അവതരണം എന്നു പറയുന്നു. ഇത് വസ്തുനിഷ്ഠവും വിശ്വാസ്യത പുലർത്തുന്നതും, പ്രതീക്ഷാനിർഭരവും ആയിരിക്കണം.

യഥാർത്ഥം ആയിരിക്കണം എന്നാണ് വസ്തുനിഷ്ഠം കൊണ്ട് ഉദ്ദേശിക്കുന്നത്.

വിശ്വാസ്യത പുലർത്തുന്നതും അഥവാ പ്രതീക്ഷാനിർഭരവും എന്നാല് അത് ഉന്നതസ്ഥിതിയിലുള്ള വിശ്വാസം എന്നർത്ഥമാക്കുന്നു.

തെറ്റിദ്ധരിപ്പിയ്ക്കല് രണ്ട് തരത്തിലുണ്ട്:

- ✓ **നിഷ്കളങ്കമായിട്ടുള്ള തെറ്റിദ്ധരിപ്പിയ്ക്കല്** എന്നാല് യാതൊരു വഞ്ചനാ പ്രേരണയും കൂടാതെ സംഭവിയ്ക്കുന്ന കൃത്യമല്ലാത്ത വാചകങ്ങളാണ് ഉദാ- തുടരെയല്ലാതെ പുകവലി ശീലം ഉള്ള ഒരു വ്യക്തി അത് റിസ്കിന് കാരണമായേക്കുമെന്ന് കരുതാത്തതിനാല് പ്രൊപ്പോസ് ഫോറത്തില് വെളിപ്പെടുത്തണം എന്നില്ല

- ✓ **വഞ്ചനാപരമായിട്ടുള്ള തെറ്റിദ്ധരിപ്പിയ്ക്കല്** എന്നാല് വഞ്ചിക്കുന്നതിനായി മനപൂർവ്വം പറയുന്ന അസത്യങ്ങള് എന്നർത്ഥം. ഉദാ- തുടർച്ചയായി പുകവലിക്കുന്ന ശീലം ഉള്ള ഒരു വ്യക്തി അത് മറച്ചുവെയ്ക്കുക.

വഞ്ചിക്കുന്നതിനായി മനപൂർവ്വം സത്യം മറച്ചുവെയ്ക്കല്, തട്ടിപ്പ് നടത്തുക, അല്ലെങ്കില് തെറ്റായ അവതരണം എന്നിവയുടെ സാന്നിദ്ധ്യം ഉണ്ടെങ്കില് ഇൻഷ്വറൻസ്കരാർ അസാധുവായിത്തിരുന്നു. ഉന്നതവിശ്വാസത്തിന്റെ മറ്റുരൂപത്തിലുള്ള ലംഘനങ്ങള് ഉണ്ടായാല് ഇൻഷ്വറൻസ്കരാർ റദ്ദാക്കപ്പെടും.

ഉദാ- ഫാമിലി ഫ്ലോട്ടർ പ്ലാനിലൂടെ കുഞ്ഞിനും സുരക്ഷ നല്കുന്പോള് ആ കുഞ്ഞിന് അസുഖങ്ങള് ഉള്ള വിവരം മാതാപിതാക്കള് അറിഞ്ഞിട്ടുണ്ടാവില്ല.

3. ഇൻഷ്വർ ചെയ്യുന്നതിനുള്ള താത്പര്യം

ഇൻഷ്വർ ചെയ്യുന്നതിനുള്ള താത്പര്യം ഇത് ഓരോ ഇൻഷ്വറൻസ് കരാറിലെ അത്യാവശ്യഘടകവും ഇൻഷ്വർ ചെയ്യുന്നതിനു മുന്പേതന്നെ സംജാതമാകേണ്ടതുമാണ്. ഇൻഷ്വറൻസും പന്തയ അഥവാ ചൂതാട്ട കരാറുകള് തമ്മിലുള്ള വ്യത്യാസങ്ങള് എന്തെല്ലാമെന്ന് നോക്കാം.

a) ചൂതാട്ടവും ഇൻഷ്വറൻസും

ചീട്ടുകളിയുടെ കാര്യം നോക്കുകയാണെങ്കില് ഒരു വ്യക്തി പരാജയപ്പെടാനോ അതോ ജയിക്കുന്നതിനോ ഉള്ള സാദ്ധ്യത ഉണ്ട്. ജയമോ പരാജയമോ സംഭവിയ്ക്കുന്നത് അയാള് അതില് ഏർപ്പെടുക മൂലം മാത്രമാണ്. ജയിക്കണം എന്നല്ലാതെ ആ കളിയുമായി അയാള്ക്ക് മറ്റൊരുതരത്തിലുള്ള താത്പര്യമോ ബന്ധമോ ഇല്ല.

പന്തയം വെയ്ക്കുക എന്നതിന് നിയമഅംഗീകാരമില്ല അതിനാല് അവയുമായി ബന്ധപ്പെട്ട ഏതു കരാറും അസാധുവായി കണക്കാക്കുന്നതാണ്. ചൂതാട്ടത്തില് മറ്റൊരാളുടെ വീട് പണയത്തിലൂടെ നേടുകയാണെങ്കില് അത് സ്വന്തമാക്കുന്നതിനായി ഒരു വ്യക്തിയ്ക്ക് കോടതിയെ സമീപിയ്ക്കാനാവില്ല.

ഇനി ഒരു വീടും, അത് അഗ്നിബാധിയ്ക്ക് ഇരയാകേണ്ടിവന്നാലുള്ള സാഹചര്യവും നോക്കാം, ഈ വീട് ഇൻഷ്വർചെയ്യുന്ന വ്യക്തിയ്ക്ക് ഇൻഷ്വർചെയ്യുന്ന വസ്തു അതായത് ആ വീടുമായി നിയമപരമായ ബന്ധം ഉണ്ട്, അത് അയാളുടെ ഉടമസ്ഥതയിലുള്ളതും, അത് നശിയ്ക്കുന്നതിലൂടെ അയാള്ക്ക് സാന്പത്തികനഷ്ടം ഉണ്ടാകുകയും ചെയ്യുന്നു, അഗ്നിബാധ ഉണ്ടായാലും ഇല്ലെങ്കിലും അയാളുടെ ഉടമസ്ഥതാവകാശം സ്വതന്ത്രമായിത്തന്നെ നിലകൊള്ളുന്നു, അത് തന്നെയാണ് നഷ്ടത്തിന് കാരണമാകുന്നതും. ഒരു വ്യക്തി ഇൻഷ്വറൻസ് എടുത്തിട്ടുണ്ടെങ്കിലും ഇല്ലെങ്കിലും ഈ സംഭവം (അഗ്നിബാധ അഥവാ മോഷണം) നഷ്ടത്തിന് വഴിയൊരുക്കുന്നു.

ജയിക്കുന്നതിനോ പരാജയിപ്പെടുന്നതിനോ സാധ്യതയുള്ള ചീട്ടുകളി പോലെയല്ലാതെ അഗ്നിബാധ നഷ്ടം മാത്രമാണ് ഉണ്ടാക്കുന്നത്.

സംഭവിയ്ക്കുന്ന നഷ്ടം ഏതെങ്കിലും തരത്തില് പരിഹരിക്കുന്നതിനാണ് ഉടമസ്ഥൻ ഇൻഷ്വറൻസ് എടുക്കുന്നത്.

ഒരാളുടെ വീടിനോടോ അല്ലെങ്കില് പണത്തിനോടോ ആയാള്ക്കുള്ള താത്പര്യത്തെ ഇൻഷ്വർ ചെയ്യാനുള്ള താത്പര്യം എന്ന് പറയുന്നത്, ഇതാണ് ഇൻഷ്വറൻസ് കരാറിനെ നിയമാംഗീകൃതമാക്കുന്നത്.

പ്രധാനപ്പെട്ടവ

ഇൻഷ്വർ ചെയ്യാനുള്ള താത്പര്യത്തിന്റെ മൂന്ന് പ്രധാന ഘടകങ്ങള് :

1. വസ്തു, അവകാശം, താത്പര്യം, ജീവൻ അഥവാ തക്കതായ ബാധ്യത എന്നിവ ഇൻഷ്വറൻസ് ചെയ്യുന്നതിന് അനിവാര്യമാണ്.
2. ഇൻഷ്വറൻസ് ചെയ്യുന്നത് വസ്തു, അവകാശം, താത്പര്യം, ജീവൻ അഥവാ തക്കതായ ബാധ്യത എന്നിവയായിരിക്കണം.
3. ഇൻഷ്വർ ചെയ്യുന്ന വ്യക്തിക്ക് ഇൻഷ്വർ ചെയ്യുന്നവയുമായി നിയമപരമായ ബന്ധം ഉണ്ടായിരിക്കേണ്ടതാണ് അതായത് വസ്തുവിന്റെ സുരക്ഷിതത്വത്താലുള്ള ലാഭം, അവകാശം, താത്പര്യം, ജീവൻ അഥവാ തക്കതായ ബാധ്യത തുടങ്ങിയവ. ഇതേ ബന്ധം കൊണ്ട് തന്നെ അയാള്ക്ക് സാന്പത്തികമായ നഷ്ടം നാശനഷ്ടങ്ങള്, അപകടം മറ്റുബാധ്യതകള് എന്നിവ ഉണ്ടാകാം.

ഉദാഹരണം

സംഭവം 1

മി.ചന്ദ്രശേഖർ സ്വന്തം വീട് പണയപ്പെടുത്തി ബാങ്കില് നിന്നും 15ലക്ഷം രൂപ കടം എടുക്കുന്നു.

അയാള്ക്ക് ആ വീടിന് മേല് ഇൻഷ്വറൻസ് താത്പര്യം കാണുമോ?

ബാങ്കിന് ആ വീടിന് മേല് ഇൻഷ്വറൻസ് താത്പര്യം കാണുമോ?

അയാളുടെ അയല്ക്കാരന് ആ വീടിന് മേല് ഇൻഷ്വറൻസ് താത്പര്യം ഉണ്ടായിരിക്കുമോ?

സംഭവം 2

ശ്രീനിവാസന് മാതാപിതാക്കളും, ഭാര്യയും രണ്ട് കുട്ടികളും അടങ്ങുന്ന കുടുംബമുണ്ട്.

അയാള്ക്ക് കുടുംബാംഗങ്ങളുടെ സുഖത്തില് ഇൻഷ്വറൻസ് ചെയ്യാനുള്ള താത്പര്യം ഉണ്ടായിരിക്കുമോ?
അവരിലാരെയെങ്കിലും ആശുപത്രിയില് പ്രവേശിപ്പിയ്ക്കേണ്ടി വന്നാല് അയാള്ക്ക് സാന്പത്തിക നഷ്ടം ഉണ്ടാകുമോ?
അയാളുടെ അയല്ക്കാരന്റെ കുഞ്ഞുങ്ങളുടെ കാര്യത്തില് ഇൻഷ്വറൻസ് ചെയ്യാനുള്ള താത്പര്യം അയാള്ക്ക് കാണുമോ?

ഇൻഷ്വറൻസ് കരാറിനു ബാധകമായ വസ്തുവും, ഇൻഷ്വറൻസ് ചെയ്യേണ്ടുന്ന വസ്തുവും തമ്മിലുള്ള വ്യത്യാസം ഇവിടെ വ്യക്തമാണ്.

സ്വതസിദ്ധമായി ഒരു മൂല്യമുള്ള വസ്തുവായിരിക്കണം ഇൻഷ്വർ ചെയ്യേണ്ടുന്ന വസ്തു.

മറിച്ച് ഇൻഷ്വറൻസ് കരാറിനു ബാധകമായ വസ്തുത എന്ന് പറയുന്നത് ഇൻഷ്വർ ചെയ്യുന്ന വ്യക്തിയ്ക്ക് ഇൻഷ്വർ ചെയ്യുന്ന വസ്തുവിന്മേലുള്ളസാന്പത്തികമായ താത്പര്യമാണ്. വസ്തുവിന്മേല് അത്തരമൊരു സാന്പത്തിക അഭിരുചി ഉണ്ടെങ്കില് മാത്രമേ നിയമപരമായി അയാള്ക്ക് ഇൻഷ്വർ ചെയ്യാനുള്ള അവകാശം ഉണ്ടായിരിക്കൂ. ശരിയായ അർത്ഥത്തില് പറഞ്ഞാല് ഇൻഷ്വറൻസ് പോളിസി പരിരക്ഷ നല്കുന്നത് വസ്തുവിന്മേലല്ല മറിച്ച് ഇൻഷ്വർ ചെയ്യുന്ന വ്യക്തിയ്ക്ക് ആ വസ്തുവിന്മേലുള്ള സാന്പത്തികാഭിരുചിയാണ്.

ഉദാഹരണം

ചന്ദ്രശേഖരൻ സ്വന്തം വീട് പണയപ്പെടുത്തി ബാങ്കില് നിന്നും 15ലക്ഷം രൂപ കടം എടുത്തു എന്ന് കരുതുക. അയാള് 12ലക്ഷം തിരിച്ചടച്ചു കഴിഞ്ഞാല് ഭാക്കിയുള്ള 3ലക്ഷത്തില് ആയിരിക്കും ബാങ്കിനു താത്പര്യം ഉണ്ടാകുക.

അതുകൊണ്ട് എടുത്ത ലോണില് ഇനിയും തിരിച്ചടയ്ക്കാൻ ഭാക്കിയുള്ളതു കൊണ്ട്, ബാങ്കിനു വീടിനുമേല് സാന്പത്തികമായ താത്പര്യം ഉണ്ടെന്ന് മാത്രമല്ല ഇൻഷ്വറൻസ് പോളിസിയില് ഒരു പങ്കാളിയെ കൂടി ഉള്പ്പെടുത്തിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തും.

ഒരാള് അയാളുടെ വസ്തു കരുതിക്കൂട്ടി തീവച്ചു നശിപ്പിയ്ക്കുകയും അതിന് ഇൻഷ്വറൻസ് നഷ്ടപരിഹാരം നേടുകയും ചെയ്താല് അത്തരം അവകാശ വാദങ്ങള് വഞ്ചനാപരവും ന്യായമായി നിരസിയ്ക്കാവുന്നതുമാണ്.

b) ഇൻഷ്വർ ചെയ്യാനുള്ള താത്പര്യം ഉണ്ടായിരിക്കേണ്ടുന്ന ഘട്ടങ്ങള്

ഫയർ, ആക്സിഡന്റ്, ഹെല്ത്ത്, ട്രാവല് തുടങ്ങിയ ഇൻഷ്വറൻസ് പോളിസികളില്, പോളിസി എടുക്കുന്ന സമയത്തും, നഷ്ടം സംഭവിയ്ക്കുന്ന സമയത്തും ഇൻഷ്വർ ചെയ്യാനുള്ള താത്പര്യം ഉണ്ടായിരിക്കേണ്ടതാണ്.

ഹെല്ത്ത് അല്ലെങ്കില് പേഴ്സണല് ആക്സിഡന്റ് എന്നിവയില് തന്നെ കൂടാതെ കുടുംബത്തെയും ഇൻഷ്വർ ചെയ്യാവുന്നതാണ് കാരണം അപകടമോ ആശുപത്രിവാസമോ നേരിട്ടാല് അയാള്ക്ക് സാന്പ്തതിക നഷ്ടം ഉണ്ടാകുന്നതാണ്, എന്നാല് സമുദ്ര മാർഗ്ഗമുള്ള ചരക്കിന്റെ ഇൻഷ്വറൻസില് നഷ്ടം സംഭവിയ്ക്കുന്ന സമയത്ത് മാത്രമേ ഇൻഷ്വറൻസിറെ ആവശ്യമുള്ളൂ.

4. മൂല കാരണം

ജീവൻ പരിരക്ഷയല്ലാത്ത ഇൻഷ്വറൻസ്കള്ക്ക് ബാധകമായ നിയമവശങ്ങളില് അവസാനത്തേത് മൂലകാരണം എന്ന തത്വമാണ്.

ജീവൻ പരിരക്ഷയല്ലാത്ത ഇൻഷ്വറൻസ് കരാർ പ്രകാരം കരാറില് വ്യവസ്ഥ ചെയ്തതു പ്രകാരമുള്ള അപകടങ്ങളാലുണ്ടാകുന്ന നഷ്ടത്തിനു മാത്രമാണ് നഷ്ടപരിഹാരം ലഭിയ്ക്കുകയുള്ളൂ നാശനഷ്ടത്തിന് ഇടയാക്കിയ യഥാർത്ഥ കാരണം നിർണ്ണയിക്കുന്നതാണ് ഇൻഷ്വറൻസ് ക്ലയിം പരിഗണിയ്ക്കുന്നതിനുള്ള ആദ്യപടി.

മൂലകാരണം എന്നതാണ് ഇൻഷ്വറൻസിലെ പ്രധാനതത്വം ഇത് അപകടം എങ്ങിനെ സംഭവിച്ചു എന്നതിനെ കുറിച്ചും അത് ഇൻഷ്വറൻസില് പ്രതിപാദിച്ചിട്ടുള്ള കാരണം(പെരില്) ആണോ എന്നതിനെ കുറിച്ചാണ്.

ഈ തത്വത്തിന്റെ അടിസ്ഥാനത്തില് നഷ്ടമുണ്ടാക്കാൻ ഇടയായ കാരണങ്ങളില് ഏറ്റവും മുന്തിയ മൂലകാരണമാണ് ഇൻഷ്വറർ അന്വേഷിയ്ക്കുന്നത് ഒരുപക്ഷേ അപകടം സംഭവിയ്ക്കാനുള്ള മൂലകാരണം അതായിരിക്കണം എന്നില്ല. ഇടവിട്ടുണ്ടായ ചില സംഭവങ്ങളുടെ തുടർച്ചയായിരിക്കും യഥാർത്ഥത്തില് അപകടത്തിന് കാരണം. ചില സന്ദർഭങ്ങളില് ഏറ്റവും പ്രധാനമായ അപകടകാരണം കണ്ടെത്താൻ പ്രയാസമായിരിക്കും.

ഉദാഹരണത്തിന്, അഗ്നിബാധമൂലം വെള്ളത്തിന്റെ പൈപ്പ് പൊട്ടിക്കാണും. നഷ്ടം സംഭവിച്ചത് വെള്ളം കൊണ്ടാണെങ്കിലും അഗ്നിബാധയാണ് മൂലകാരണമായി കണക്കാക്കേണ്ടത്.

നിർവ്വചനം

മൂലകാരണത്തിന്റെ നിർവ്വചനം എന്ന് പറയുന്നത്, നഷ്ടത്തിന് കാരണമായ തുടർച്ചയായ സംഭവങ്ങള്ക്ക് തുടക്കം കുറിച്ചതും നിലനില്ക്കുന്നതുമായ പ്രധാന കാരണം എന്താണ്. പുതിയതോ ഒറ്റപ്പെട്ട സ്രോതസ്സില് നിന്നോ ഉള്ള ഒരു ശക്തിയും ഇതില് ഇടപെടില്ല.

മൂലകാരണ തത്വം മനസ്സിലാക്കാൻ താഴെ പറയുന്ന സന്ദർഭങ്ങള് പരിഗണിയ്ക്കാം:

ഉദാഹരണം

സന്ദർഭം 1

അജയന്റെ കാർ മോഷണം പോയി. രണ്ട് ദിവസം കഴിഞ്ഞ് തകർന്ന നിലയില് പോലീസ് കാർ കണ്ടെടുത്തു. മോഷ്ടാവ് കാർ ഒരു മരത്തിലിടിച്ചു എന്ന് പരിശോധനയില് മനസ്സിലായി. കാറിനുണ്ടായ കേടുപാടുകള്ക്കായി അജയ് ഇൻഷ്വറൻസ് കന്പനിയില് നഷ്ടപരിഹാരത്തിന് അപേക്ഷിച്ചു. അജയിനെ അത്ഭുതപ്പെടുത്തി കൊണ്ട് ഇൻഷ്വറൻസ് കന്പനി അപേക്ഷ നിരസിച്ചു. നിരസിയ്ക്കാനുള്ള കാരണമായി ഇൻഷ്വറൻസ് കന്പനിയില് അറിയിച്ചത് അപടകാരണം മോഷണമാണെന്നതാണ്. മോഷണം ഇൻഷ്വറൻസ് കരാറില് വ്യവസ്ഥ ചെയ്തിട്ടുള്ള അപകടകാരണങ്ങളില് ഉള്പ്പെടുത്തിയിട്ടില്ല എന്നതിനാല് അജയ്ന് നഷ്ടപരിഹാരത്തിന് അർഹതയില്ലെന്നാണ് കന്പനിയുടെ നിലപാട്.

സന്ദർഭം 2

കുതിരയോട്ടത്തിനിടയില് പിന്റോ താഴെവീണ് കാലൊടിഞ്ഞു. ആശുപത്രിയിലെത്തിയ്ക്കുന്നതിനു മുന്പ് ഒരുപാടുനേരം നനഞ്ഞ ഗ്രൌണ്ടില് കിടക്കേണ്ടി വന്നു. നനഞ്ഞ ഗ്രൌണ്ടില് കിടന്നതുകൊണ്ട് പനിപിടിയ്ക്കുകയും, അത് ന്യൂമോണിയ ആയി മാറുകയും മരണം സംഭവിയ്ക്കുകയും ചെയ്തു. മരണകാരണം ന്യൂമോണിയ ആണെങ്കിലും മൂലകാരണം അപകടമാണെന്നതിനാല് പേഴ്സണല് ആക്സിഡന്റ് ഇൻഷ്വറൻസ് പ്രകാരം നഷ്ടപരിഹാരം ലഭിയ്ക്കുകയും ചെയ്തു.

അഗ്നിബാധ മൂലം ഇൻഷ്വർ ചെയ്ത വ്യക്തിയ്ക്ക് നഷ്ടം സംഭവിച്ചേക്കാം പക്ഷേ ചില സന്ദർഭങ്ങളില് അഗ്നി മൂലകാരണമായി കണക്കാക്കില്ല. പ്രായോഗികമായി അത്തരം സന്ദർഭങ്ങള് അഗ്നിസംബന്ധമായ വ്യവസായം എന്ന ഇൻഷ്വറൻസ് പോളിസികളില് ഉള്പ്പെടുത്തി നഷ്ടപരിഹാരം നല്കുകയാണ് ചെയ്യുന്നത്.

അത്തരം നഷ്ടങ്ങള്ക്ക് ഉദാഹരണങ്ങള് -

- ✓ തീ അണയ്ക്കാൻ ഉപയോഗിച്ച വെള്ളത്തിനാല് വസ്തുക്കള്ക്ക് സംഭവിച്ച നഷ്ടം
- ✓ തീ അണയ്ക്കുന്നതിനിടയില് അഗ്നിശമന പ്രവർത്തകരാല് വസ്തുക്കള്ക്ക് സംഭവിച്ച നഷ്ടം
- ✓ അഗ്നിബാധയുണ്ടായ സ്ഥലത്തു നിന്നും വസ്തുക്കള് സുരക്ഷിതമായ സ്ഥാനത്തേയ്ക്ക് നീക്കുന്പോള് ഉണ്ടായ നഷ്ടം

സ്വയംപരിശോധിക്കുക 3

കുതിരപന്തയനിടയ്ക്ക് പിന്റോ താഴെ നനഞ്ഞ ഗ്രൌണ്ടില് വീഴുകയും, ന്യൂമോണിയ പിടിപെടുകയും അത് മരണത്തിന് ഇടയാക്കുകയും ചെയ്തു, മരണത്തിന്റെ മൂലകാരണം എന്താണ്?

I. ന്യൂമോണിയ
II. കുതിര
III. കുതിരയോട്ട അപകടം
IV. നിർഭാഗ്യം

സംക്ഷിപ്തം

a) ഇൻഷ്വറൻസ് എന്ന പ്രക്രിയയില് നാല് ഘടകങ്ങളുണ്ട് (ആസ്തി, റിസ്ക്, റിസ്ക് പൂളിങ്, ഇൻഷ്വറൻസ് കരാർ).

b) ഉടമസ്ഥന് സാന്പത്തിക മൂല്യവും നേട്ടവും ഉണ്ടാക്കിത്തരുന്നതിനെ ആസ്തി എന്ന് പറയുന്നു.

c) നഷ്ടത്തിനുള്ള സാദ്ധ്യതയെ റിസ്ക് എന്ന് പറയുന്നു.

d) നഷ്ടത്തിന്റെ പ്രഭാവത്തെയോ അഥവാ സാദ്ധ്യതകളെയോ വർദ്ധിപ്പിയ്ക്കുന്ന വ്യവസ്ഥകളെ ഹസാർഡുകള് എന്ന് പറയുന്നു.

e) ഇൻഷ്വറൻസ് സാധ്യമാക്കുന്ന ഗണിതതത്വത്തെ റിസ്ക്പൂളിങ് എന്ന് പറയുന്നു.

f) നിവേദനം നല്കല് നിവേദനം സ്വീകരിയ്ക്കല്, പരിഗണന, നിയമസാധുത, കക്ഷികളുടെ ക്ഷമത, കക്ഷികള് തമ്മിലുള്ള ഉടന്പടി എന്നിവയാണ് നിയമസാധുതയുള്ള ഒരു കരാറിന്റെ ഘടകങ്ങള്.

g) നിർഭാഗ്യം മൂലം ഇൻഷ്വർ ചെയ്ത വ്യക്തിക്ക് സംഭവിച്ച നഷ്ടത്തിന് തുല്യമായ തുക പരിഹാരമായി ലഭിക്കും എന്ന് നഷ്ടപരിഹാരം എന്ന് വ്യവസ്ഥ ഉറപ്പുവരുത്തുന്നു.

h) ഇൻഷ്വർ ചെയ്ത വസ്തുവിനെ സംബന്ധിച്ചുള്ള എല്ലാ അവകാശങ്ങളും, പരിഹാരങ്ങളും ഇൻഷ്വർ ചെയ്ത വ്യക്തിയില് നിന്നും ഇൻഷ്വററിലേയ്ക്ക് മാറ്റുന്നതിനെയാണ് പകരം നല്കല് എന്ന് ഉദ്ദേശിക്കുന്നത്.

i) സംഭാവനാ തത്വം വിവക്ഷിയ്ക്കുന്നത് ഒരേ വസ്തു പല ഇൻഷ്വറൻസ് കന്പനികളില് ഇൻഷ്വർ ചെയ്താല് ലഭിയ്ക്കുന്ന ഒന്നിച്ചുള്ള നഷ്ടപരിഹാരം നേരിടേണ്ടി വന്ന നഷ്ടത്തേക്കാള് കൂടുതലാകരുത്.

j) എല്ലാ ഇൻഷ്വറൻസ് കരാറുകളും ഉപരിമഫൈഡ്സ് എന്ന തത്വത്തിലധിഷ്ഠിതമാണ്.

k) ഇൻഷ്വർ ചെയ്യുന്നതിനുള്ള താത്പര്യം ഓരോ ഇൻഷ്വറൻസ് കരാറിലും അത്യാവശ്യമായി ഉണ്ടായിരിക്കേണ്ട ഘടകമാകുന്നു. അത് ഇൻഷ്വറൻസ് ചെയ്യുന്നതിന് മുന്പേ തന്നെ ഉണ്ടായിരിക്കേണ്ട നിയപരമായ ഘടകമാണ്.

l) മൂലകാരണമാണ് ഇൻഷ്വറൻസിന്റെ പ്രധാനതത്വം. ഇത് നഷ്ടം എങ്ങിനെ സംഭവിച്ചു എന്നും ഇൻഷ്വർ ചെയ്തിരിക്കുന്ന പെരിലിന്റെ ആധാരമായ യഥാർത്ഥ കാരണത്തെയും ആശ്രയിച്ചിരിക്കുന്നു.

പ്രധാനപദങ്ങള്

a) ആസ്തി
b) റിസ്ക്
c) ഹസാർഡ്
d) റിസ്ക് പൂളിങ്
e) നിവേദനം നല്കല് നിവേദനം സ്വീകരിയ്ക്കല്
f) നിയമപരമായ പരിഗണന
g) Consensus ad idem
h) ഉപരിമഫൈഡ്സ്
i) മുഖ്യവസ്തുതകള്
j) ഇൻഷ്വർ ചെയ്യുന്നതിനുള്ള താത്പര്യം
k) പകരംനല്കല്
l) സംഭാവന
m) മൂലകാരണം

ചോദ്യങ്ങള്ക്കുള്ള ഉത്തരങ്ങള്

ഉത്തരം 1

ശരിയായ ഉത്തരം II.

മോഷണം പോയ വസ്തുക്കള് നിയമസാധുത എന്ന തത്വം ലംഘിയ്ക്കുന്നു അതിനാല് അവ ഇൻഷ്വർ ചെയ്യാനാവുന്ന റിസ്കുകളില് പെടുന്നില്ല.

ഉത്തരം 2

ശരിയായ ഉത്തരം II.

ഭീഷണി ഒരു നിയമസാധുതയുള്ള കരാറിന്റെ ഘടകമല്ല.

ഉത്തരം 3

ശരിയായ ഉത്തരം III.

കുതിരയോട്ടപന്തയ അപകടമാണ് പ്രോന്റോയുടെ മരണത്തിലേക്ക് നയിച്ചത് അതിനാല് അതു തന്നെയാണ് മൂലകാരണം.

സ്വയം പരിശോധിക്കേണ്ടുന്ന ചോദ്യങ്ങള്

ചോദ്യം 1

മോറല് ഹസാർഡുകള് എന്നാല്:

I. ഒരു വ്യക്തിയുടെ സ്വഭാവ വൈകല്യമോ അഥവാ സത്യസന്ധതയില്ലായ്മയോ
II. ഒരു വ്യക്തിയുടെ സത്യസന്ധതയും ധർമ്മബോധവും
III. മതപരമായ വിശ്വാസങ്ങളാലുള്ള റിസ്ക്
IV. ഇൻഷ്വർ ചെയ്യേണ്ടുന്ന വസ്തുക്കളുടെ ഹസാർഡുകള്

ചോദ്യം 2

റിസ്ക് എന്നാലർത്ഥമാക്കുന്നത്:

I. അറിവില്ലായാമ മൂലം ഉണ്ടാകുന്ന ഭയം
II. നഷ്ടത്തിനുള്ള സാധ്യത
III. പൊതുസ്ഥലങ്ങളില് നേരിടേണ്ടി വരുന്ന ശല്യങ്ങള്
IV. ഹസാർഡ്

ചോദ്യം 3

_____ ഒരു വ്യക്തിയുടെ സന്പാദ്യം പലതരത്തിലുള്ള ആസ്തികളില് നിക്ഷേപിയ്ക്കുക എന്നാണർത്ഥം.

I. പൂളിങ്
II. വൈവിധ്യം

III. പന്തയം
IV. ചലനാത്മക റിസ്ക്

ചോദ്യം 4

_____ എന്നത് ആസ്തിയുടെ ഉദാഹരണമല്ല.

I. വീട്
II. സൂര്യപ്രകാശം
III. യന്ത്രങ്ങളും വ്യവസായശാലയും
IV. മോട്ടോർ കാർ

ചോദ്യം 5

_____ എന്നത് റിസ്കിന്റെ ഉദാഹരണമല്ല.

I. അപകടം മൂലം കാറിനു സംഭവിയ്ക്കുന്ന നാശം
II. മഴവെള്ളം മൂലം ചരക്കുകള്ക്ക് സംഭവിയ്ക്കുന്ന നാശം
III. തേയ്മാനം മൂലം കാറിന്റെ ചക്രങ്ങള്ക്ക് സംഭവിയ്ക്കുന്ന നാശം
IV. അഗ്നിബാധ മൂലം സ്വത്തുക്കള്ക്ക് സംഭവിയ്ക്കുന്ന നാശം

ചോദ്യം 6

ഭൂകമ്പം എന്നത് താഴതന്നിരിക്കുന്നവയില് ഏതിന്റെ ഉദാഹരണമാണ്:

I. അതീവഗുരുതരമോ ദാരുണമോ ആയ ദുരന്തം
II. ചലനാത്മക റിസ്ക്
III. നിസ്സാരമായ റിസ്ക്
IV. വ്യക്തിഗത റിസ്ക്

ചോദ്യം 7

താഴെതന്നിരിക്കുന്ന വാക്യത്തിന് അനുയോജ്യമായവ കണ്ടുപിടിക്കുക.

വാക്യം: ഇൻഷ്വറൻസ് ഒരു വസ്തുവിനെ നഷ്ടത്തില് നിന്നോ നാശനഷ്ടം സംഭവിയ്ക്കുന്നതില് നിന്നോ സംരക്ഷിക്കുന്നില്ല.

I. ശരി
II. തെറ്റ്
III. ഭാഗികമായി ശരി
IV. ശരിയായിരിക്കുമെന്ന് ഉറപ്പില്ല

ചോദ്യം 8

_____ എന്നാല് ഇൻഷ്വർ ചെയ്യേണ്ടുന്ന വസ്തുവിനെ സംബന്ധിച്ച എല്ലാ അവകാശങ്ങളും പരിഹാരങ്ങളും ഇൻഷ്വർ ചെയ്യുന്ന വ്യക്തിയില് നിന്നും ഇൻഷ്വറർക്ക് കൈമാറുന്നതാണ്.

I. പിരിവ്
II. പകരംനല്കല്
III. നിയമപരമായ ഹസാർഡുകള് Legal hazard
IV. റിസ്ക് പൂളിങ്

ചോദ്യം 9

ഇൻഷ്വറർ ചോദിച്ചാലല്ലാതെ വെളിപ്പെടുത്തേണ്ട ആവശ്യമില്ലാത്ത ഒരു വസ്തുതയ്ക്കുള്ള ഉദാഹരണം _____.

I. ഇൻഷ്വർ ചെയ്യുന്ന വ്യക്തിയിലയുടെ വയസ്സ്
II. അഗ്നിശമനയന്ത്രത്തിന്റെ സാന്നിദ്ധ്യം
III. ഹൃദയപരമായ തകരാറുകള്
IV. മറ്റ് ഇൻഷ്വറൻസ് വിശദാംശങ്ങള്

ചോദ്യം 10

കരാറിലേർപ്പെടുന്പോള് _____ സംഭവിച്ച പിഴവ്.

I. തെറ്റിദ്ധരിപ്പിയ്ക്കല്
II. സംഭാവന
III. നിവേദനം നല്കല്
IV. അവതരണം

ചോദ്യങ്ങള്ക്കുള്ള ഉത്തരങ്ങള്

ഉത്തരം 1

ശരിയായ ഉത്തരം I.

ഒരു വ്യക്തിയുടെ സ്വഭാവ വൈകല്യമോ അഥവാ സത്യസന്ധതയില്ലായ്മയോ.

ഉത്തരം 2

ശരിയായ ഉത്തരം II.

റിസ്ക് എന്നാല് നഷ്ടത്തിനുള്ള സാധ്യത.

ഉത്തരം 3

ശരിയായ ഉത്തരം II.

വൈവിധ്യം എന്നാല് ഒരു വ്യക്തിയുടെ സന്പാദ്യം പലതരത്തിലുള്ള ആസ്തികളില് നിക്ഷേപിയ്ക്കുക എന്നാണർത്ഥം.

ഉത്തരം 4

ശരിയായ ഉത്തരം II.

സൂര്യപ്രകാശം എന്നത് ആസ്തിയില് ഉള്പ്പെടുത്താനാവില്ല, അത് ക്ഷാമം, ഉടമസ്ഥതാവകാശം എന്നീ നിബന്ധനകള്ക്ക് വിധേയമല്ല .

ഉത്തരം 5

ശരിയായ ഉത്തരം III.

തേയ്മാനം മൂലം സംഭവിയ്ക്കുന്ന നാശം റിസ്കില്പെടുത്താനാകില്ല .

ഉത്തരം 6

ശരിയായ ഉത്തരം I.

ഭൂകന്പം എന്നത് ഉദാഹരണമാണ് Earthquake is an example of catastrophic risk.

ഉത്തരം 7

ശരിയായ ഉത്തരം I.

ഇൻഷ്വറൻസ് ആസ്തിയ്ക്ക് നഷ്ടം അഥവാ നാശത്തിന് എതിരെ സുരക്ഷനല്കുന്നു.

ഉത്തരം 8

ശരിയായ ഉത്തരം II.

പകരംനല്കല് എന്നാല് ഇൻഷ്വർ ചെയ്യേണ്ടുന്ന വസ്തുവിനെ സംബന്ധിച്ച എല്ലാ അവകാശങ്ങളും പരിഹാരങ്ങളും ഇൻഷ്വർ ചെയ്യുന്ന വ്യക്തിയില് നിന്നും ഇൻഷ്വറർക്ക് കൈമാറുന്നതാണ്.

ഉത്തരം 9

ശരിയായ ഉത്തരം II.

ഇൻഷ്വറൻസ് എടുക്കുന്പോള് അഗ്നിശമനയന്ത്രത്തിന്റെ സാന്നിദ്ധ്യം ചോദിച്ചാലല്ലാതെ വെളിപ്പെടുത്തേണ്ടുന്ന ആവശ്യം ഇല്ല.

ഉത്തരം 10

ശരിയായ ഉത്തരം I.

തെറ്റായ അവതരണമാണ് കരാറിലേർപ്പെടുന്പോള് സംഭവിച്ച പിഴവ്.

പാഠം 12
ഡോക്കുമെന്റേഷൻ

ആമുഖം

ഇൻഷ്വറൻസ് മേഖലയിൽ നമ്മൾ ഒരുപാട് തരത്തിലുള്ള ഡോക്കുമെന്റുകൾ, ഫോമുകൾ തുടങ്ങിയവ കൈകാര്യം ചെയ്യാറുണ്ട്. ഈ പാഠത്തിൽ നമുക്ക് വിവിധ തരത്തിലുള്ള ഡോക്കുമെന്റുകളും ഇൻഷ്വറൻസ് കോൺട്രാക്ടിൽ അതിന്റെ പ്രാധാന്യമെന്താണെന്നും നമുക്ക് പഠിക്കാം. ഓരോ ഫോമിനെപ്പറ്റിയും അത് പൂരിപ്പിക്കേണ്ടത് എങ്ങനെയാണെന്നും പ്രത്യേക വിവരങ്ങൾ ചോദിക്കുന്നതിനുള്ള കാരണങ്ങൾ എന്നിവ നമുക്ക് മനസ്സിലാക്കാം.

പഠനമേഖലകൾ

A. പ്രൊപ്പോസൽ ഫോമുകൾ
B. പ്രൊപ്പോസൽ സ്വകരിക്കൽ (അണ്ടർറൈറ്റിംഗ്)
C. പ്രീമിയം രസീത്
D. കവര് നോട്ടുകൾ ഇൻഷ്വറൻസ് സർട്ടിഫിക്കേറ്റ് പോളിസി ഡോക്കുമെന്റ്
E. വാറന്റികൾ
F. എൻഡോഴ്സ്മെന്റ്
G. പോളിസികളെക്കുറിച്ചുള്ള വിശദീകരണം
H. പുതുക്കുന്നതിനുള്ള നോട്ടീസ്

ഈ പാഠം പഠിച്ചതിനുശേഷം നിങ്ങൾ ചെയ്യേണ്ടത്:

j) പ്രൊപ്പോസൽ ഫോമിന്റെ ഉള്ളടക്കം വിശദീകരിക്കുക
k) പ്രീമിയം രസീതിനെപറ്റി വിശദീകരിക്കുക
l) കവര് നോട്ടുകളെയും ഇൻഷ്വറൻസ് സർട്ടിഫിക്കേറ്റിനെയും പറ്റി വിലയിരുത്തുക
m) ഇൻഷ്വറൻസ് പോളിസി ഡോക്കുമെന്റിലെ വാക്കുകളും പദങ്ങളും വിവരിക്കുക
n) പോളിസി വാറന്റികളും എൻഡോഴ്സ്മെന്റും വ്യാഖാനിക്കുക

A. പ്രൊപ്പോസൽ ഫോമുകൾ

ഇൻഷ്വറർക്കും ഇൻഷ്വർ ചെയ്യുന്ന വ്യക്തിയ്ക്കിടയിൽ വ്യക്തതയും ധാരണയും കൊണ്ടുവരികയെന്നതാണ് ഇൻഷ്വറൻസ് ഡോക്കുമെന്റിന്റെ ജോലി. മുഖ്യ ഡോക്കുമെന്റുകളിൽ ഉൾപ്പെടുന്നത് പ്രൊപ്പോസൽ പൂരിപ്പിക്കേണ്ട പ്രൊപ്പോസൽ ഫോം, വസ്തുനിഷ്ഠതകളുടെ വിശദാംശങ്ങളും പ്രൊപ്പോസറുടെ സത്യവാങ്മൂലം എന്നിവയാണ്. ഉപഭോക്താവുമായി അടുത്ത ബന്ധമുള്ള ഏജന്റാണ് അവർക്ക് ഡോക്കുമെന്റുകളെക്കുറിച്ചുള്ള സംശയങ്ങൾ തീർത്ത് അവരെ ഫോം പൂരിപ്പിക്കുന്നതിൽ സഹായിക്കേണ്ടത്. ഉപഭോക്താവ് സമർപ്പിക്കുന്ന ഡോക്കുമെന്റിൽ നിന്നാണ് ഇൻഷ്വറൻസ് കമ്പനിക്ക് ഉപഭോക്താവിനെ സംബന്ധിച്ചുള്ള വിവരങ്ങളും അവരുടെ ഇൻഷ്വറൻസ് ആവശ്യകതയും മനസ്സിലാക്കാൽ കഴിയുന്നത്. ഇത് ഇൻഷ്വററെ റിസ്കിനെപ്പറ്റി നന്നായി മനസ്സിലാക്കാൽ സഹായിക്കും.

ഇൻഷ്വറൻസിൽ ഉപയോഗിക്കുന്ന ഓരോ ഡോക്കുമെന്റിന്റെയും ആവശ്യവും പ്രാധാന്യവും അതിൽ അടങ്ങിയിരിക്കുന്ന വിവരങ്ങളുടെ പ്രസക്തിയും എന്താണെന്ന് ഒരു ഏജന്റ് നന്നായി മനസ്സിലാക്കിയിരിക്കണം.

1. പ്രൊപ്പോസൽ ഫോമുകൾ

താഴെ കൊടുത്തിരിക്കുന്ന വിവരങ്ങ ഇൻഷ ചെയ്യുന്ന വ്യക്തി പ്രൊപ്പോസ ഫോമിലൂടെ അറിയിക്കുക എന്നതാണ് ഡോക്കുമെന്റിലെ ആദ്യപടി.

- ✓ താന് ആരാണെന്ന്,
- ✓ തനിക്ക് ഏത് തരം ഇൻഷറൻസാണ് ആവശ്യമെന്നും
- ✓ തനിക്ക് ഇൻഷ ചെയ്യേണ്ട വസ്തുവിന്റെ വിശദാംശങ്ങ
- ✓ എത്ര കാലത്തേയ്ക്കാണ് പരിരക്ഷ വേണ്ടത്

വിശദാംസങ്ങള് എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് ഇൻഷ ചെയ്യുന്ന വസ്തുവിനെക്കുറിച്ചുള്ള വസ്തുനിഷ്ഠമായ കാര്യങ്ങളും അതിന്റെ ധനപരമായ മൂല്യവുമാണ്.

c) ഇൻഷററുടെ റിസ്ക് വിലയിരുത്തൽ

i. "പ്രൊപ്പോസൽ ഫോമിൽ" ഇൻഷറ ആവശ്യമായ വസ്തുനിഷ്ഠമായ കാര്യങ്ങ പൂരിപ്പിച്ച് നൽകണം, അങ്ങനെ ചെയ്താലെ താഴെ കൊടുത്തിരിക്കുന്ന കാര്യങ്ങ ഇൻഷറക്ക് തീരുമാനിക്കാ കഴിയുകയുള്ളു:

- ✓ റിസ്ക് സ്വീകരിക്കണോ വേ ണ്ടയോ
- ✓ റിസ്ക് സ്വീകരിക്കുകയാണെങ്കി തന്നെ പരിരക്ഷയ്ക്കുള്ള ചട്ടങ്ങളും വ്യവസ്ഥകളും നിരക്കും നിർണ്ണയിക്കുക.

പ്രൊപ്പോസ ഫോമി ഇൻഷറൻസ് കന്പനിയ്ക്ക് റിസ്ക് സ്വീകരിക്കണോ എന്ന് തീരുമാനിക്കുന്നതിനുള്ള ഉപയോഗപ്രദമായ വിവരങ്ങളുണ്ട്. പ്രൊപ്പോസ ഫോമിന്റെ ഒപ്പം തന്നെ വളരെ മികച്ച വിശ്വസ്യത എന്ന തത്വവും വസ്തുനിഷ്ഠതക തുറന്ന് കാട്ടുക എന്നിവയും പ്രായോഗ്യത്തി വരും.

റിസ്കിലുണ്ടാകുന്ന മാറ്റത്തിന്റെ വസ്തുനിഷ്ഠത, ഇൻഷറ തുക കൂട്ടേണ്ടതായ സാഹചര്യം വരുന്പോ ക്ലെയിന്റ് തുറന്ന പറയണം. ഇൻഷറ ആവശ്യപ്പെടുകയാണെങ്കി പ്രൊപ്പോസ ഫോം വീണ്ടും പൂരിപ്പിച്ച് നൽകേണ്ടി വരും. (ഇതിനെകുറിച്ച് നമ്മ പാഠം 2-ല് വിശദമാക്കിയിട്ടുണ്ട്).

ഉദാഹരണം

ഇൻഷറ ചെയ്യുന്ന വ്യക്തി അലറാം വെയ്ക്കേണ്ടത് ആവശ്യമായി വന്നപ്പോ അഥവാ അയാളുടെ സത്യവാങ്മൂലത്തി തന്റെ ജൂവലറി ഷോറൂമി ഓട്ടോമാറ്റിക് അലാം സിസ്റ്റം സ്ഥാപിച്ചിട്ടുണ്ടെന്ന് പ്രസ്താവിക്കുകയാണെങ്കി അയാ അത് വെളിപ്പെടുത്തുക മാത്രമല്ല ചെയ്യേണ്ടത്, ഇൻഷറൻസ് കാലാവധിയി ഉടനീളം അത് പ്രവർത്തനക്ഷമമായി സൂക്ഷിക്കുക കൂടി ചെയ്യണം. അലാറം ഉണ്ടെന്നുള്ളത് പ്രൊപ്പോസ സ്വീകരിക്കുന്നതിന് ഇൻഷറർക്കുള്ള വസ്തുനിഷ്ഠമായ കാര്യമാണ്, അതിന്റെ അടിസ്ഥാനത്തിലായിരിക്കും റിസ്കിന്റെ മൂല്യം നിർണ്ണയിക്കുക.

ഇൻഷറൻസ് കന്പനിയുടെ പേര്, ലോഗോ, മേൽവിലാസം, ഏത് ഇൻഷറൻസ് ഉത്പന്നം എന്നിവ ഉൾപ്പെടുത്തിയാണ് പ്രൊപ്പോസ ഫോം ഇൻഷറ സാധാരണയായി പ്രിന്റ് ചെയ്യുന്നത്. പ്രൊപ്പോസ ഫോമിന്റെ ഒപ്പം ഒരു പ്രിന്റ് ചെയ്ത കുറിപ്പും ഇൻഷറൻസ് കന്പനി സാധാരണയായി വെയ്ക്കാറുണ്ട്, അതിന് പ്രത്യേകമായ രൂപരേഖ ഒന്നും തന്നെയില്ല.

ഉദാഹരണം

അത്തരം ചില കുറിപ്പുകൾക്കുള്ള ഉദാഹരണങ്ങളാണ്:

'റിസ്ക് വിലയിരുത്തുന്നതിനുള്ള വസ്തുനിഷ്ഠതകൾ മറച്ചു വെയ്ക്കുന്നത്, വഴി തെറ്റിക്കുന്ന വിവരങ്ങൾ നൽകുന്നത്, ഇൻഷ്വർ ചെയ്യുന്ന വ്യക്തിയുടെ നിസ്സഹകരണം അഥവാ ചതി, എന്നിവ ഇഷ്യൂ ചെയ്ത പോളിസി പ്രകാരമുള്ള പരിരക്ഷ ഇല്ലാതാക്കും'

'പ്രൊപ്പോസൽ ഫോം കമ്പനി സ്വകരിക്കുകരിച്ച് മുഴുവൻ പ്രീമിയം അടയ്ക്കുന്നത് വരെയും കമ്പനി റിസ്കിന്റെ കാര്യത്തിൽ ബാദ്ധ്യസ്ഥരല്ല.

ശ്രദ്ധിക്കുക

വസ്തുനിഷ്ഠത: ഇൻഷ്വറർ പരിരക്ഷ നൽകേണ്ട റിസ്കിന്റെ അണ്ടർറൈറ്റിംഗിന് ആവശ്യമായ പ്രധാനപ്പെട്ട വിവരമാണിത്. മറ്റൊരുതരത്തിൽ, താഴെ കൊടുത്തിരിക്കുന്ന ഇൻഷ്വററുടെ തീരുമാനങ്ങളെ ബാധിക്കാവുന്ന ഇൻഷ്വറൻസ് സംബന്ധിയായ വസ്തുതയാണിത്:

i. ഇൻഷ്വറൻസിന് ഒരു റിസ്ക് സ്വീകരിക്കണോ വേണ്ടയോ
ii. ഈടാക്കേണ്ട പ്രീമിയം തീരുമാനിക്കുക
iii. റിസ്കിന് പരിരക്ഷ നൽകണോ നാശനഷ്ടത്തിന് എത്ര നഷ്ടപരിഹാരം നൽകണം എന്നിവയുമായി ബന്ധപ്പെട്ട കോൺട്രാക്ടിലെ പ്രത്യേക വകുപ്പുകൾ

പ്രൊപ്പോസൽ ഫോമിലെ ഡിക്ലറേഷൻ: ഇൻഷ്വർ ചെയ്യുന്ന വ്യക്തി ഒപ്പിടുന്നതിനായി പ്രൊപ്പോസല് ഫോമിന്റെ അവസാനം ഇൻഷ്വറൻസ് കമ്പനി പൊതുവേ ഒരു ഡിക്ലറേഷൻ ചേർക്കാറുണ്ട്. ഇൻഷ്വർ ചെയ്യുന്ന വ്യക്തി ഫോം സൂക്ഷ്മമായി പഠിക്കുകയും അതിലെ കൊടുത്തിരിക്കുന്ന വസ്തുതകളെല്ലാം മനസ്സിലാക്കിയെന്ന് ഉറപ്പാക്കുന്നതിനാണ്, അങ്ങനെ വസ്തുതകൾ തെറ്റായി കാണിക്കുന്നത് വഴി ക്ലെയിം വിയോജിപ്പ് ഉണ്ടാകുന്ന സമയത്ത് ഉണ്ടാകുന്നത് ഒഴിവാക്കപ്പെടും.

ഉദാഹരണം

അത്തരം ഡിക്ലറേഷനുള്ള ഉദാഹരണങ്ങളാണ്:

മുകളിൽ നൽകിയിരിക്കുന്ന പ്രസ്താവനകൾ എല്ലാം വാസ്തവവും പൂർണ്ണവുമാണെന്നും പ്രൊപ്പോസലുമായി ബന്ധപ്പെട്ട് വസ്തുനിഷ്ഠമായ ഒരു വിവരവും മറച്ച് വച്ചിട്ടില്ലെന്ന് ഞാൻ/ഞങ്ങൾ ഇവിടെ പ്രസ്താവിക്കുകയും വാറന്റി നൽകുകയും ചെയ്യുന്നു .

ഈ പ്രൊപ്പോസലും പ്രസ്താവനയും ആയിരിക്കും ഞാനും/ഞങ്ങളും കമ്പനിയുമായുള്ള (ഇൻഷ്വററുടെ പേര്) കരാറിന്റെ അടിസ്ഥാനമെന്ന് ഞാൻ/ഞങ്ങൾ സമ്മതിച്ചുകൊള്ളുന്നു.

d) പ്രൊപ്പോസൽ ഫോമിലെ ചോദ്യങ്ങളുടെ സവിശേഷത

ഓരോ ഇൻഷ്വറൻസ് വിഭാഗങ്ങളനുസരിച്ച് പ്രൊപ്പോസൽ ഫോമിലെ ചോദ്യങ്ങളുടെ രീതിയും എണ്ണവും വ്യത്യസ്തപ്പെടും.

i. അഗ്നിബാധ ഇൻഷ്വറൻസ് പ്രൊപ്പോസൽ ഫോം പൊതുവേ ലളിതമായ റിസ്കുകളായ വീടുകൾ, കടകൾ, തുടങ്ങിയവയ്ക്കാണ് ഉപയോഗിക്കുക. വലിയ

വ്യവസായശാലകളുടെ റിസ്കുകൾക്ക്, റിസ്ക് സ്വീകരിക്കുന്നതിനുമുന്പ് ഇൻഷ്വറ റിസ്ക് പരിശോധിക്കാനുള്ള സൌകര്യം ഉണ്ടാക്കും. ചില പ്രത്യേക വിവരങ്ങ ശേഖരിക്കുന്നതിനായി പ്രൊപ്പോസ ഫോമിന്റെ ഒപ്പം ചിലപ്പോ പ്രത്യേക ചോദ്യാവലികളും ഉണ്ടാക്കും.

അഗ്നിബാധ ഇൻഷ്വറൻസ് പ്രൊപ്പോസ ഫോമി വസ്തുവിനെക്കുറിച്ച് താഴെ കൊടുത്തിരിക്കുന്ന വിശദാംശങ്ങളും ആവശ്യമാണ്.

- ✓ കെട്ടിടത്തിന്റെ ഭിത്തിയുടെയും മേൽക്കൂരയുടെയും നിർമ്മാണം, കെട്ടിടത്തിന് ആകെ എത്ര നിലയുണ്ട്
- ✓ കെട്ടിടത്തിന്റെ ഓരോ ഭാഗത്തിന്റെയും ഉപയോഗം
- ✓ ഹാനികരമായ വസ്തുവിന്റെ സാമീപ്യം
- ✓ ഉത്പാദന പ്രക്രിയ
- ✓ ഇൻഷ്വറൻസിന് പ്രൊപ്പോസ് ചെയ്തിരിക്കുന്ന തുക
- ✓ ഇൻഷ്വറൻസ് കാലാവധി

ii. മോട്ടോർ ഇൻഷ്വറൻസിന്, വാഹനത്തെപ്പറ്റിയുള്ള ചോദ്യങ്ങളാണ് ചോദിക്കുന്നത്, അതിന്റെ പ്രവർത്തനം, നിർമ്മിതിയും കപ്പാസിറ്റിയും, ഉടമ എങ്ങനെ കൈകാര്യം ചെയ്യുന്നു, അനുബന്ധ ഇൻഷ്വറൻസ് ചരിത്രം എന്നിവ.

iii. വ്യക്തിഗതമേഖലകളിൽ, അതായത് ആരോഗ്യ ഇൻഷ്വറൻസ്, വ്യക്തിഗത അപകട ഇൻഷ്വറൻസ്, യാത്ര ഇൻഷ്വറൻസ്, തുടങ്ങിയവയ്ക്ക് പ്രൊപ്പോസ ഫോം രൂപകൽപന ചെയ്തിരിക്കുന്നത് പ്രൊപ്പോസറുടെ ആരോഗ്യം, ജീവിതശൈലിയും ശീലങ്ങളും, മുൻ-ആരോഗ്യാവസ്ഥ, മെഡിക്ക ചരിത്രം, പാരന്പര്യമായിട്ടുള്ളത്, മു ഇൻഷ്വറൻസ് അനുഭവം എന്നിവയെപ്പറ്റിയുള്ള വിവരങ്ങള് ശേഖരിക്കുന്ന രീതിയിലാണ്.

iv. മറ്റ് ചെറുകിട ഇൻഷ്വറൻസുകൾക്ക് പ്രൊപ്പോസ ഫോം നിർബന്ധമാണ് അതിന്റെ കൂടെ ഒരു ഡിക്ലറേഷനും ഉണ്ടാകും.

e) പ്രൊപ്പോസലിന്റെ ഘടകങ്ങൾ

x. പ്രൊപ്പോസറുടെ പൂർണ്ണമായ പേര്

ഒരു പ്രൊപ്പോസ നിസ്സന്ദേഹമായി തന്റെ പേര് തിരിച്ചറിയണം. ആരുമായിട്ടാണ് കോൺട്രാക്ട് ഉണ്ടാക്കിയിരിക്കുന്നതെന്ന് ഇൻഷ്വറ അറിയേണ്ടത് വളരെ അത്യാവശ്യമാണ്, അങ്ങയെ വന്നാ ഇൻഷ്വ ചെയ്യുന്ന വ്യക്തിയ്ക്ക് മാത്രം പോളിയിസുടെ ആനുകൂല്യം ലഭിക്കും. തിരിച്ചറിയേണ്ടത് വളരെ പ്രധാനപ്പെട്ട കാര്യമാണ് കാരണം ഇൻഷ്വ ചെയ്ത റിസ്കില് മറ്റ് ചിലർക്ക് (പണയം എടുത്തയാ, ബാങ്ക്, മരണം സംഭവിക്കുകയാണെങ്കി നിയമപരമായ അവകാശി) വ്യക്തിപരമായ താത്പര്യം ഉണ്ടാക്കുകയും അവര് ക്ലെയിം ചെയ്യാനും സാധ്യതയുണ്ട്

xi. പ്രൊപ്പോസറുടെ മേൽവിലാസവും ബന്ധപ്പെടുന്നതിനുള്ള മറ്റ് വിശദാംശങ്ങളും

മുകളി പറഞ്ഞിരിക്കുന്നത് പ്രൊപ്പോസറുടെ മേൽവിലാസത്തിനും ബന്ധപ്പെടുന്നതിനുള്ള മറ്റ് വിശദാംശങ്ങൾക്കും ബാധകമാണ്.

xii. പ്രൊപ്പോസറുടെ പ്രൊഫഷൻ, തൊഴിൽ അഥവാ ബിസിനസ്സ്

ആരോഗ്യ ഇൻഷ്വറൻസ്, വ്യക്തിഗത അപകട ഇൻഷ്വറൻസ്, പോലുള്ളവയ്ക്ക് പ്രൊപ്പോസറുടെ പ്രൊഫഷ, തൊഴി അഥവാ ബിസിനസ്സിന്റെ വിശദാംശങ്ങ ആവശ്യമാണ്, കാരണം അതി എത്രമാത്രം റിസ്ക് അടങ്ങിയിരിക്കുന്നുവെന്ന് മനസ്സിലാക്കുന്നതിനാണ്.

ഉദാഹരണം

ഉപഭോക്താവിന് ഭക്ഷണം എത്തിച്ചു കൊണ്ടുക്കുന്നതിന് വളരെ സ്പീഡി സ്ഥിരമായി മോട്ടോ ബൈക്ക് ഓടിച്ചുപോകുന്ന ഒരു റസ്റ്റോറന്റിലെ ഡെലിവറിമാന് അവിടുത്തെ അക്കൌണ്ടന്റിനെക്കാ റിസ്ക് വളരെ കൂടുതലാണ്.

xiii. ഇൻഷ്വറൻസിന്റെ വസ്തുനിഷ്ഠതയുടെ സവിശേഷതയും വിശദാംശങ്ങളും

ഇൻഷ്വറൻസിനായി പ്രൊപ്പോസ് ചെയ്തിരിക്കുന്നതിന്റെ വസ്തുനിഷ്ഠ പ്രൊപ്പോസ വ്യക്തമായി നൽകേണ്ടത് വളരെ അത്യാവശ്യമാണ്.

ഉദാഹരണം

പ്രൊപ്പോസ വ്യക്തമാക്കേണ്ടത്:

iii. സ്വകാര്യ കാറാണെങ്കി (തിരിച്ചറിയുന്നതിന് എൻജി നന്പ, ചേസിസ് നന്പ, രജിസ്ട്രേഷ നന്പ) അഥവാ

iv. താമസിക്കുന്ന വീടാണെങ്കി (പൂർണ്ണമായ മേൽവിലാസം, തിരിച്ചറിയ നന്പ) അഥവാ

v. വിദേശയാത്രയാണെങ്കി (ആരുടെ കൂടെ, എപ്പോ, ഏത് രാജ്യം, യാത്രയുടെ ഉദ്ദേശ്യം) അഥവാ

vi. ഒരു വ്യക്തിയുടെ ആരോഗ്യകാര്യം (വ്യക്തിയുടെ പേര്, മേൽവിലാസം, തിരിച്ചറിയ രേഖ, തുടങ്ങിയവ)

vii. ഇൻഷ തുക കാണിക്കുന്നത് പോളിസി പ്രകാരം ഇൻഷ്വററുടെ ബാദ്ധ്യതയുടെ പരിധിയാണ്, ഇത് എല്ലാ പ്രൊപ്പോസ ഫോമുകളിലും കാണിക്കണം.

ഉദാഹരണം

പ്രോപ്പർട്ടി ഇൻഷ്വറൻസി, വസ്തുവിന്റെ ധനപരമായ മൂല്യമാണ് ഇൻഷ്വറൻസിനായി പ്രൊപ്പോസ് ചെയ്യുന്നത്. ആരോഗ്യ ഇൻഷ്വറൻസി ചികിത്സ ചെലവും വ്യക്തിഗത അപകട ഇൻഷ്വറൻസി അപകടം മൂലം ജീവനോ കൈയ്യോ കാലോ കാഴ്ചയോ നഷ്ടപ്പെടുന്നതിന് നിശ്ചിത തുക നഷ്ടപരിഹാരമായി നൽകും.

viii. മുന്പുണ്ടായിരുന്നതും നിലവിലുള്ളതുമായ ഇൻഷ്വറൻസ്

ഒരു പ്രൊപ്പോസ തന്റെ മുന്പുണ്ടായിരുന്ന ഇൻഷ്വറൻസിനെപ്പറ്റി ഇൻഷ്വററോട് വെളിപ്പെടുത്തണം. ഇത് അയാളുടെ ഇൻഷ്വറൻസ് ചരിത്രം മനസ്സിലാക്കുന്നതിനാണ്. ചില മാർക്കറ്റുകളി, ഇൻഷ്വറർമാ ഇൻഷ ചെയ്യുന്ന വ്യക്തിയുടെ ഡേറ്റ കോൺഫിഡൻഷ്യലായി സൂക്ഷിക്കുന്ന രീതിയാണുള്ളത്.

മറ്റേതെങ്കിലും ഇൻഷ്വറ് തന്റെ പ്രൊപ്പോസ് തള്ളിക്കളയുകയോ, പ്രത്യേക വ്യവസ്ഥ ചുമത്തുകയോ, പുതുക്കുന്നതിന് അധിക പ്രീമിയം ആവശ്യപ്പെടുകയോ പോളിസി റദ്ദാക്കുകയോ പുതുക്കാ് വിസ്സമ്മതിക്കുകയോ ചെയ്തിട്ടുണ്ടോ എന്ന് പ്രൊപ്പോസ് ഇൻഷ്വററോട് വെളുപ്പെടുത്തണം.

നിലവില് മറ്റേതെങ്കിലും ഇൻഷ്വററുടെ കീഴി് പോളിസിയുണ്ടെങ്കി് ആ ഇൻഷ്വററുടെ പേര് സഹിതം പോളിസിയുടെ വിവരങ്ങ് വെളിപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. പ്രത്യേകിച്ചും പ്രൊപ്പർട്ടി ഇൻഷ്വറൻസി്, ഇൻഷ്വ് ചെയ്യുന്ന വ്യക്തി വിവിധ ഇൻഷ്വററി് നിന്നും പോളിസിക് എടുക്കുകയും, നാശനഷ്ടം സംഭവിക്കുന്ന അവസരത്തി് ഒന്നിലധികം ഇൻഷ്വററി് നിന്നും ക്ലെയിം ചെയ്യാനുള്ള സാദ്ധ്യതയുണ്ട്. പ്രിൻസിപ്പ് ഓഫ് കോൺട്രിബ്യൂഷ് പ്രയോഗിക്കുന്നുണ്ടോ എന്ന് ഉറപ്പാക്കുന്നതിനാണ് ഈ വിവരങ്ങ്, അങ്ങനെ ഇൻഷ്വ് ചെയ്യുന്ന വ്യക്തിയ്ക്ക് നഷ്ടപരിഹാരം ലഭിക്കുകയും ഒരേ റിസ്കിന് തന്നെ വിവിധ ഇൻഷ്വറൻസ് കന്പനിയി് ക്ലെയിം ചെയ്ത് ലാഭം ഉണ്ടാക്കുന്നത് തടയുകയും ചെയ്യും.

വ്യക്തിഗത അപകട ഇൻഷ്വറൻസി് ഒരു ഇൻഷ്വ് ചെയ്ത വ്യക്തി മറ്റ് വ്യക്തിഗത അപകട പോളിസിക് ഒരു ഇൻഷ്വറർക്ക് പരിമിതപ്പെടുത്താനാവും.

പരിശീലനം

മു് പാഠങ്ങളിലെ ഇൻഷ്വറൻസ് തത്വങ്ങളെപ്പറ്റി നോക്കുക അതിനുശേഷം നഷ്ടപരിഹാരം, വിതരണം, മികച്ച വിശ്വാസം, വെളിപ്പെടുത്തലുക് എന്നിവ സമന്വയിപ്പിച്ച് പ്രായോഗികമായി പ്രൊപ്പോസ് ഫോമി് രൂപകൽപന ചെയ്തിട്ടുണ്ട്.

അനക്സ്ച് A&B-ല് മോട്ടോ് ഇൻഷ്വറൻസിന്റെയും അഗ്നിബാധ ഇൻഷ്വറൻസിന്റെയും പ്രൊപ്പോസ് ഫോമുക് നൽകിയിട്ടുണ്ട്.

ദയവായി പ്രൊപ്പോസ് ഫോമുക് നന്നായി പഠിച്ച് പ്രൊപ്പോസ് ഫോമിലെ ഉള്ളടക്കങ്ങളുടെ ധ്വനിയും ഇൻഷ്വറൻസ് കോൺട്രാക്ടി് അതിന്റെ പ്രാധാന്യവും മനസ്സിലാക്കുക.

ix. നഷ്ടാനുഭവം

ഇൻഷ്വ് ചെയ്ത് ആയിരുന്നങ്കിലോ അല്ലെങ്കിലോ പോലും പ്രൊപ്പോസർക്ക് ഉണ്ടായിട്ടുള്ള എല്ലാ നാശനഷ്ടങ്ങളുടെയും പൂർണ്ണമായ വിശദാംശങ്ങ് അവര് ഡിക്ലയ് ചെയ്യണം. ഇൻഷ്വറൻസിന്റെ വസ്തുനിഷ്ഠതയും മുന്പ് ഉണ്ടായ റിസ്ക് ഇൻഷ്വ് ചെയ്ത വ്യക്തി എങ്ങനെ കൈകാര്യം ചെയ്തുവെന്ന് മനസ്സിലാക്കാ് ഇത് ഇൻഷ്വററെ സഹായിക്കും. അത്തരം ഉത്തരങ്ങളില് നിന്നും റിസ്കിനെ മികച്ച രീതിയി് മനസ്സിലാക്കാ് അണ്ടർറൈറ്റർക്ക് കഴിയുകയും റിസ്ക് ഇൻസ്പെഷ് നടത്തണോ കൂടുത് വിവരങ്ങ് ശേഖരിക്കണോ എന്ന് തീരുമാനിക്കാനും കഴിയും.

x. ഇൻഷ്വർ ചെയ്യുന്ന വ്യക്തിയുടെ ഡിക്ലറേഷൻ

ഇൻഷ്വർക്ക് എല്ലാ വസ്തുനിഷ്ഠമായ വിവരങ്ങളും നൽകുക എന്നതാണ് പ്രൊപ്പോസ് ഫോമിന്റെ ഉദ്ദേശ്യമെന്നതിനാ് ഇൻഷ്വറ് ചെയ്യുന്ന വ്യക്തി താന് എഴുതിയിരിക്കുന്ന ഉത്തരങ്ങളെല്ലാം കൃത്യവും യാഥാർത്ഥ്യവുമാണെന്ന് പ്രസ്താവിക്കുകയും ഈ പ്രൊപ്പോസലും പ്രസ്താവനയും ആയിരിക്കും ഇൻഷ്വറൻസ് കരാറിന്റെ അടിസ്ഥാനമെന്ന് സമ്മതിക്കതിച്ച് ഇൻഷ്വ് ചെയ്യുന്ന വ്യക്തി ഒപ്പിട്ട് നൽകുന്ന സത്യവാങ്മൂലവും ഫോമി് ഉണ്ടായിരിക്കും. തെറ്റായി ഉത്തരം നൽകുകയാണെങ്കി് കോൺട്രാക്ട് റദ്ദാക്കാനുള്ള അവകാശം ഇൻഷ്വറർക്കുണ്ട്. ഒപ്പ്, തീയതി, ചില സന്ദർഭങ്ങളി് ഏജന്റിന്റെ ശുപാർശ എന്നിവ എല്ലാ പ്രൊപ്പോസ് ഫോമുകളിലും ഏകദേശം ഒരുപോലെയായിരിക്കും.

xi. പ്രൊപ്പോസ് ഫോം ഉപയോഗിക്കാത്ത സ്ഥലത്ത്, ലഭിച്ച വിവരങ്ങ് ഇൻഷ്വറ് വായ്മൊഴിയോ എഴുത്ത് രൂപത്തിലോ രേഖപ്പെടുത്തും, അത് 15 ദിവസങ്ങൾക്കകം

പ്രൊപ്പോസറുമായി ബന്ധപ്പെട്ട് ഉറപ്പ് വരുത്തുകയും പോളിസി അഥവാ കവ്നോട്ടി് വിവരങ്ങ് രേഖപ്പെടുത്തുകയും ചെയ്യും. ഏതെങ്കിലും വിവരം രേഖപ്പെടുത്തിയില്ലെങ്കി് അത് ഇൻഷുററുടെ ഉത്തരവാദിത്വമാണ്, പ്രൊപ്പോസ് വസ്തുനിഷ്ഠത മറച്ചുവെച്ചു അഥവാ തെറ്റായ വിവരം നൽകി എന്ന് ഇൻഷുറർക്ക് ക്ലെയിം ചെയ്യാം.

ഇതിന്റെ അർത്ഥം **വിവരങ്ങൾ വായ്മൊഴിയായിട്ടാണ് ലഭിക്കുന്നതെങ്കിൽ പോലും അത് റിക്കോർഡ് ചെയ്യേണ്ടത് ഇൻഷുറൻസ് കമ്പനിയുടെ കടമയാണ്, ഇത് ഏജന്റ് ഓർമ്മയിൽപ്പെടുത്തണം.**

2. ഇടനിലക്കാരുടെ പങ്ക്

ഇടനിലക്കാർക്ക് ഇരുകക്ഷികളോട് ബാദ്ധ്യതയുണ്ട് അതായത് ഇൻഷുറ് ചെയ്ത വ്യക്തിയോടും ഇൻഷുററോടും.

ബ്രോക്ക് അഥവാ ഏജന്റിന്, റിസ്കുമായി ബന്ധപ്പെട്ട എല്ലാ വസ്തുനിഷ്ഠമായ വിവരങ്ങളും ഇൻഷ് ചെയ്യുന്ന വ്യക്തി ഇൻഷുറ്ക്ക് കൈമാറിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ട ഉത്തരവാദിത്വമുണ്ട്.

ഇടനിലക്കാർക്ക് പ്രോസ്പെക്ടിനോടുള്ള ഉത്തരവാദിത്വത്തെക്കുറിച്ച് ഐആർഡിഎ ചട്ടത്തി് പരാമർശിച്ചിട്ടുണ്ട്.

ശ്രദ്ധിക്കുക

ഇടനിലക്കാർക്ക് പ്രോസ്പെക്ടിനോടുള്ള ഉത്തരവാദിത്തം

ഐആർഡിഎ ചട്ടത്തി് പറഞ്ഞിരിക്കുന്നത് "ഒരു ഇൻഷുററോ അവരുടെ ഏജന്റോ മറ്റ് ഇടനിലക്കാരോ പ്രൊപ്പോസ് ചെയ്ത പരിരക്ഷയുമായി ബന്ധപ്പെട്ട എല്ലാ വസ്തുനിഷ്ഠമായ വിവരങ്ങളും ഇൻഷ് ചെയ്യുന്ന വ്യക്തി നൽകുകയും അങ്ങനെ തനിക്ക് അനുയോജ്യമായ ഏറ്റവും മികച്ച പരിരക്ഷ തിരഞ്ഞെടുക്കുന്നതിന് പ്രൊസ്പെക്ടിന് സാധിക്കും"

ഇവിടെ പ്രൊസ്പെക്ട് ഇൻഷുറുടെ അഥവാ അവരുടെ ഏജന്റിന്റെ അഥവാ ഇടനിലക്കാരുടെ ഉപദേശമാണ് കേൾക്കുക അതുകൊണ്ട് അത്തരം ആളുക് നിഷ്പക്ഷമായ ഉപദേശം നൽകുക.

എന്തെങ്കിലും കാരണത്താ് പ്രൊപ്പോസ് ഫോമോ അനുബന്ധ ഫോമോ പ്രോസ്പെക്ട് പൂരിപ്പിക്കാതിരിക്കുകയാണെങ്കി് ഫോമിലെയും ഡോക്കുമെന്റിലെയും ഉള്ളടക്കം മുഴുവ് വസ്തുതകളും പൂർണ്ണമായി ഏജന്റ് വിശദീകരിച്ചെന്നും പ്രൊപ്പോസ് ചെയ്ത കോൺട്രാക്ടിന്റെ പ്രധാന്യം പൂർണ്ണമായി മനസ്സിലാക്കിയെന്നും കാണിച്ചുകൊണ്ടുള്ള പ്രോസ്പെക്ടിന്റെ ഒരു സർട്ടിഫിക്കേറ്റ് കൂടി പ്രൊപ്പോസ് ഫോമിന്റെയൊപ്പം വയ്ക്കണം.

നിങ്ങൾക്കുള്ള പരീക്ഷ 1

പ്രിൻസിപ്പി് ഓഫ് കോൺട്രിബ്യൂഷന്റെ പ്രാധാന്യമെന്ത്?

I. ഇൻഷുററുടെ ഒപ്പം ഇൻഷ് ചെയ്ത വ്യക്തിയും ക്ലെയിമിന്റെ കുറച്ച് ഭാഗം പങ്കിടുക
II. പൂളിലുള്ള എല്ലാ ഇൻഷ് ചെയ്ത വ്യക്തികളപം അവർക്ക് നൽകിയ പ്രീമിയത്തിന്റെ അനുപാതത്തി് പൂളിലെ എല്ലാവർക്കും ക്ലെയിം പങ്ക് വെയ്ക്കുക.
III. ഒരേ സംഗതിയ്ക്ക് തന്നെ വിവിധ ഇൻഷുററുടെ പരിരക്ഷയുണ്ടെങ്കി് ഒരുമിച്ച് വന്ന് അവരവരുടെ ആനുപാതികമായ തുക ക്ലെയിമായി നൽകുക

IV. ഇൻഷ്വ നൽകിയ പ്രീമിയം തുല്യമായ ഇൻസ്റ്റാൾമെന്റിലാണെന്ന് ഉറപ്പാക്കുക.

B. പ്രൊപ്പോസൽ സ്വീകരിക്കുക (അണ്ടർറൈറ്റിംഗ്)

ഒരു പൂർണ്ണമായ പ്രൊപ്പോസ് ഫോമി് താഴെ കൊടുത്തിരിക്കുന്ന വിവരങ്ങളുണ്ടാകും:

- ✓ ഇൻഷ്വ് ചെയ്യുന്ന വ്യക്തിയെക്കുറിച്ചുള്ള വിശദാംശങ്ങ്
- ✓ ഇൻഷ്വ് ചെയ്യുന്ന വസ്തുവിന്റെ വിശദാംശങ്ങ്
- ✓ ആവശ്യമായ പരിരക്ഷ
- ✓ നിർമ്മാണത്തിന്റെ വിഭാഗവും ഗുണമേന്മയും, പഴക്കം, അഗ്നിബാധയ്ക്കെതിരെയുള്ള ഉപകരമങ്ങളുടെ സാന്നിധ്യം, സുരക്ഷാസംവിധാനം തുടങ്ങിയ നല്ലതും ചീത്തയുമയ ഭൌതീക സവിശേഷതകളുടെ വിശദാംശങ്ങ്
- ✓ ഇൻഷ്വറൻസിന്റെയും നാശനഷ്ടത്തിന്റെയും മുൻചരിത്രം

റിസ്കിന്റെ സവിശേഷതയും മൂല്യവും അനുസരിച്ച് റിസ്ക് സ്വീകരിക്കുന്നതിന് മുന്പ് ഇൻഷ്വറ് പ്രീ-ഇൻസ്പെക്ഷ് സർവ്വേ നടത്തിയേക്കാം. പ്രൊപ്പോസല് ഫോമിലെയും റിസ്ക് ഇൻസ്പെക്ഷ് റിപ്പോർട്ടിലെയും വിവരങ്ങളുടെ അധിക ചോദ്യാവലിയുടെയും മറ്റ് ഡോക്കുമെന്റുകളുടെയും അടിസ്ഥാനത്തി് ഇൻഷ്വറ് തീരുമാനം എടുക്കും. അതിനുശേഷം റിസ്ക് ഘടകത്തിനുള്ള നിരക്ക് ഇൻഷ്വറ് തീരുമാനിക്കുകയും വിവിധ ഘടകങ്ങളുടെ അടിസ്ഥാനത്തി് പ്രീമിയം നിർണ്ണയിക്കുകയും, അത് ഇൻഷ്വററെ അറിയിക്കുകയും ചെയ്യും. പ്രൊപ്പോസ് വേഗതയിലും കാര്യക്ഷമതയിലും ഇൻഷ്വറ് പ്രോസസ് ചെയ്യുകയും എല്ലാ തീരുമാനങ്ങളും നിശ്ചിത കാലയളവിനുള്ള് ഇൻഷ്വ് ചെയ്യുന്ന വ്യക്തിയെ അറിയിക്കുകയും ചെയ്യുക.

നിർവചനം

അണ്ടർറൈറ്റിംഗ്: മാർഗ്ഗരേഖക് അനുസരിച്ച്, ഇൻഷ്വറൻസ് പ്രൊപ്പോസ് ഫോം ലഭിച്ച് 15 യാക്കപ്പൂർത്തി നടപടിക്രമങ്ങ് കന്പനി പ്രൊപ്പോസറൻസ്ദിവസത്തിനകം ഇൻഷ്വണം. ഇൻഷ്വറൻസിന് വാഗ്ദാനം ചെയ്തിട്ടുള്ള റിസ്ക് സ്വീകാര്യമാണോ ആണെങ്കി് ഏത് നിരക്കിലുള്ള, ഏത് വ്യവസ്ഥയിലുള്ള ഇൻഷ്വറൻസ് പരിരക്ഷയാണ് സ്വീകരിക്കേണ്ടതെന്ന് നിർണ്ണയിക്കുന്ന പ്രക്രിയയാണ്.

നിങ്ങൾക്കുള്ള പരീക്ഷ 2

മാർഗ്ഗരേഖക് അനുസരിച്ച്, ഇൻഷ്വറൻസ് പ്രൊപ്പോസ് ഫോം ലഭിച്ച് -------- ഇൻഷ്വറൻസ് കന്പനി പ്രൊപ്പോസ് നടപടിക്രമങ്ങ് പൂർത്തിയാക്കണം

I. 7 ദിവസത്തിനകം
II. 15 ദിവസത്തിനകം
III. 30 ദിവസത്തിനകം
IV. 45 ദിവസത്തിനകം

C. പ്രീമിയം രസീത്

നിർവചനം

പ്രീമിയം ഒരു ഇന്ഷ്വറന്സ് കോണ്ട്രാക്ട് പ്രകാരം ഇന്ഷ്വറന്സ് വാങ്ങുന്നതിനായി പ്രൊപ്പോസ് അടയ്ക്കുന്ന തുകയാണ് **പ്രീമിയം**.

1. **1938-ലെ ഇൻഷ്വറൻസ് ആക്ടിലെ സെക്ഷൻ 64(V) (B) പ്രകാരം ഇൻഷ്വറൻസ് കോൺട്രാക്ടിലെ പ്രാരംഭ തീയതിക്ക് മുൻപ് പ്രീമിയം മുൻകൂറായി അടയ്ക്കുന്നത് നിർബന്ധമാക്കിയിട്ടുണ്ട്.** മുൻകൂറായി പ്രീമിയം ലഭിക്കാത്ത റിസ്കുകൾക്ക് ഒരു ഇൻഷ്വറൻസ് കന്പനിയും ബാദ്ധ്യസ്ഥരല്ലയെന്ന വ്യവസ്ഥയ്ക്ക് ശേഷമാണ് ഇന്ത്യയി പ്രീമിയം രസീത് പ്രാധാന്യമുണ്ടായത്. ഇത് ഇന്ത്യയിലെ നോ-ലൈഫ് ഇൻഷ്വറൻസ് മേഖലയിലെ ഒരു പ്രത്യേക സവിശേഷതയാണ്.

പ്രധാനപ്പെട്ടത്

f) 1938-ലെ ഇൻഷ്വറൻസ് ആക്ടിലെ സെക്ഷ 64(V) (B) പ്രകാരം മുൻകൂറായി പ്രീമിയം ലഭിക്കാത്ത റിസ്കുകൾക്ക് ഒരു ഇൻഷ്വറൻസ് കന്പനിയും ബാദ്ധ്യസ്ഥരല്ല.

g) ഇൻഷ്വറർക്കുവേണ്ടി ഇൻഷ്വറൻസ് ഏജന്റ് ഇൻഷ്വറൻസ് പോളിസിയുടെ പ്രീമിയം ശേഖരിക്കുകയും അയാളുടെ കമ്മീഷ് തുക കുറയ്ക്കാതെ തന്നെ മുഴുവ് തുകയും 24 മണിക്കൂറിനുള്ളി ബാങ്ക് -പോസറ്റ് അവധി ദിവസം ഒഴികെയുള്ള ദിവസങ്ങളി ബാങ്കി നിക്ഷേപിക്കുകയോ പോസ്റ്റലായി അയച്ചുകൊടുക്കുകയോ ചെയ്യാം.

h) പ്രീമിയം ചെക്കായോ പണമായോ ലഭിക്കുന്പോ മുത് റിസ്കിന് പരിരക്ഷ ലഭിച്ച് തുടങ്ങും.

i) പ്രീമിയം പോസ്റ്റ് അഥവാ മണി ഓർഡറായോ ചെക്കായോ പോസ്റ്റ് വഴി അയ്ക്കുന്ന സാഹചര്യത്തി മണി ഓർഡ് ബുക്ക് ചെയ്ത തീയതി അഥവാ ചെക്ക് പോസ്റ്റ് ചെയ്ത തീയതി മുത് റിസ്കിന് പരിരക്ഷ ലഭിക്കും.

j) പോളിസി റദ്ദാക്കുന്നത് മൂലമോ ചട്ടങ്ങളിലും വ്യവസ്ഥകളിലും ഉണ്ടാകുന്ന മാറ്റം മൂലമോ മറ്റ് കാരണത്താലോ ഒരു ഇന്ഷ് ചെയ്ത വ്യക്തിക്ക് പ്രീമിയം തിരികെ നല്കേണ്ട വരുന്പോ ഇന്ഷ്വറി്ക്ക് അത് നേരിട്ടോ ക്രോസ് ചെയ്ത ചെക്കായോ പോസ്റ്റ് അഥവാ മണി ഓര്ഡറായോ നല്കുകയും ഇന്ഷ് ചെയ്ത വ്യക്തിയി നിന്നും പണം സ്വീകരിച്ചതിനുള്ള രസീതും വാങ്ങാം, ഇത്തരം റീഫണ്ടുക് ഒരിക്കലും ഏജന്റിന്റെ അക്കൌണ്ടി ക്രെഡിറ്റ് ചെയ്യില്ല.

ഇൻഷ്വറൻസ് റൂൾസ് 58 ഉം 59 പ്രകാരം മുകളി പറഞ്ഞിരിക്കുന്ന പ്രീമിയം അടയ്ക്കുന്നതിനുള്ള വ്യവസ്ഥയ്ക്ക് ചില ഒഴിവാക്കലുകളുണ്ട്.

2. പ്രീമിയം അടയ്ക്കേണ്ട രീതി

പ്രധാനപ്പെട്ടത്

ഇൻഷ്വറൻസ് പോളിസി എടുക്കുന്ന വ്യക്തി അഥവാ പോളിസിയുടമ താഴെ കൊടുത്തിരിക്കുന്ന രീതിയിലായിരിക്കണം ഇൻഷ്വറർക്ക് പ്രീമിയം തുക അടയ്ക്കേണ്ടത്:

j) പണം

k) ഏതെങ്കിലും അംഗീകൃത ബാങ്കിന്റെ ചെക്ക്, ഡിമാന്റ് ഡ്രാഫ്റ്റ്, പേ ഓർഡ്, ഇന്ത്യയിലെ ഏതെങ്കിലും ഷെഡ്യൂ് ബാങ്കിന്റെ ബാങ്കേഴ്സ് ചെക്ക്.

l) പോസ്റ്റ് മണി ഓർഡ്

m) ക്രെഡിറ്റ് അഥവാ ഡെബിറ്റ് കാർഡുക്

n) ബാങ്ക് ഗാരന്റി അഥവാ ക്യാഷ് ഡിപ്പോസിറ്റ്

o) ഇന്റർനെറ്റ്

p) ഇ-ട്രാൻസ്ഫ്

q) ബാങ്ക് മുഖേനേ പ്രൊപ്പോസ് അഥവാ പോളിസിയുടമ അഥവാ ഇൻഷ്വ് ചെയ്യപ്പെട്ട വ്യക്തി ചെയ്യുന്ന ഡയറക്ട് ക്രെഡിറ്റ്.

r) സമയാസമയങ്ങളി് അതോറിറ്റി അംഗീകരിക്കുന്ന ഏതൊരു പണം അടയ്ക്കുന്ന രീതിയും.

ഐആർഡിഎ ചട്ടപ്രകാരം, നെറ്റ് ബാങ്കിംഗ്, ക്രെഡിറ്റ് അഥവാ ഡെബിറ്റ് കാർഡ് ഉപയോഗിച്ച് പ്രീമിയം അടയ്ക്കുന്പോ് പോളിസിയുടമയുടെ അഥവാ പ്രൊപ്പോസറുടെ സ്വന്തം പേരുള്ള നെറ്റ് ബാങ്കിംഗ് അക്കൌണ്ട്, ക്രെഡിറ്റ് അഥവാ ഡെബിറ്റ് കാർഡ് ആയിരിക്കണം ഉപയോഗിക്കുന്നത്.

നിങ്ങൾക്കുള്ള പരീക്ഷ 3

ചെക്ക് ഉപയോഗിച്ചാണ് പ്രീമിയം അടയ്ക്കുന്നതെങ്കി്, താഴെ കൊടുത്തിരിക്കുന്ന ഏത് പ്രസ്താവനയാണ് ശരി?

I. ചെക്ക് പോസ്റ്റ് ചെയ്ത തീയതി മുത് റിസ്കിന് പരിരക്ഷ ലഭിക്കും.
II. ഇൻഷ്വറൻസ് കന്പനി ചെക്ക് നിക്ഷേപിക്കുന്ന ചെയ്ത തീയതി മുത് റിസ്കിന് പരിരക്ഷ ലഭിക്കും.
III. ഇൻഷ്വറൻസ് കന്പനിയ്ക്ക് ചെക്ക് ലഭിക്കുന്ന തീയതി മുത് റിസ്കിന് പരിരക്ഷ ലഭിക്കും.
IV. പ്രൊപ്പോസ് ചെക്ക് എഴുതിയ തീയതി മുത് റിസ്കിന് പരിരക്ഷ ലഭിക്കും.

D. വർ നോട്ടുകൾ/ ഇൻഷ്വറൻസ് സർട്ടിഫിക്കേറ്റ്/ പോളിസി ഡോക്കുമെന്റ്

അണ്ടർറൈറ്റിംഗ് പൂർത്തിയായതിനുശേഷം പോളിസി ഇഷ്യൂ ചെയ്യുന്നതിന് കുറച്ച് കാലതാമസം നേരിടും. **പ്രീമിയം അടച്ചതിനുശേഷം ഇൻഷ്വറൻസ് പോളിസി തയ്യാറാകുന്നതുവരെ പരിരക്ഷയ്ക്ക് തെളിവായി ഇൻഷ്വറൻസ് കമ്പനി നൽകുന്നതാണ് കവർനോട്ട്.** ഇതി പരിരക്ഷയെക്കുറിച്ച് വിവരിച്ചിട്ടുണ്ടാകും. ചിലപ്പോ കവർനോട്ടിന് പകരം താൽക്കാലിക ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്നതിനായി ഇൻഷ്വറ ഒരു കത്ത് ഇഷ്യൂ ചെയ്യാറുണ്ട്.

കവര് നോട്ട് സ്റ്റാംപ് ചെയ്തിട്ടില്ലെങ്കിലും, കവര് നോട്ടിന്റെ ഉള്ളടക്കം അത് ഇൻഷ്വററുടെ നിർദ്ദിഷ്ട വിഭാഗത്തിലുള്ള ഇൻഷ്വറൻസ് പോളിസുടെ അതെ നിലവാരത്തിലുള്ള ചട്ടങ്ങളും വ്യവസ്ഥകളുമാണെന്ന് വ്യക്തമാകും. റിസ്കിന് ഏതെങ്കിലും വാറന്റി ബാധകമാണെങ്കി കവര് നോട്ടി ഇൻഷ്വറൻസിനെ അത്തരം വാറന്റിക ബാധകമാണെന്ന് വ്യക്തമാക്കിയിരിക്കും. കവര് നോട്ടിന് ,ചിലപ്പോ, ചില പ്രത്യേക ക്ലോസുകളും ബാധകമാണ്. ഉദാ. എഗ്രീഡ് ബാങ്ക് ക്ലോസ്, ഡിക്ലറേഷ ക്ലോസ് തുടങ്ങിവ.

ഒരു കവർ നോട്ടിൽ താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ഉണ്ടായിരിക്കണം:

a) ഇൻഷ ചെയ്യുന്ന വ്യക്തിയുടെ പേരും മേൽവിലാസവും

b) ഇൻഷ തുക

c) ഇൻഷ്വറൻസ് കാലാവധി

d) റിസ്ക് പരിരക്ഷ

e) നിരക്കും പ്രീമിയവും:നിരക്ക് അറിയില്ലെങ്കി പ്രൊവിഷണ പ്രീമിയം.

f) **റിസ്ക് പരിരക്ഷയുടെ വിശദാംശങ്ങൾ:** ഉദാഹരണത്തിന് അഗ്നിബാധ കവര് നോട്ടി നിർദ്ദിഷ്ട കെട്ടിടത്തെയും അതിന്റെ നിർമ്മിതിയെയും ഉപയോഗത്തെയും സൂചിപ്പിക്കും.

g) കവര് നോട്ടിന്റെ ക്രമ. നം.

h) ഇഷ്യൂ ചെയ്ത തീയതി

i) പൊതുവേ കവര് നോട്ടിന്റെ കാലാവധി രണ്ടാഴ്ചയാണ്, ചില അപൂർവ്വ സന്ദർഭങ്ങളും പരമാവധി 60 ദിവസം.

കവർ നോട്ടുകൾ മുഖ്യമായി ഉപയോഗിക്കുന്നത് മെറൈൻ - മോട്ടോർ ഇൻഷ്വറൻസുകളിലാണ്.

1. മെറൈൻ കവർ നോട്ട്

സ്റ്റീമറിന്റെ പേര്, പാക്കേജുകളുടെ എണ്ണം, അഥവാ കൃത്യമായ മൂല്യം തുടങ്ങിയവ അറിയുകയില്ലെങ്കി പോളിസി ഇഷ്യൂ ചെയ്യുന്നതിന് ആവശ്യമായ വിശദാംശങ്ങ വേണ്ടി വരുന്പോഴാണ് ഇത് പൊതുവേ ഇഷ്യൂ ചെയ്യാറുള്ളത്. കയറ്റുമതികളുടെ കാര്യത്തി പോലും, കവര് നോട്ട് ഇഷ്യൂ ചെയ്യാറുണ്ട്, ഉദാഹരണത്തിന്, ഡോക്കിലേക്ക് കയറ്റുമതിക്കാ കയറ്റിയക്കുന്നതിനായി വിടുന്ന നിർദ്ദിഷ്ട അളവിലുള്ള കാർഗോ. കയറ്റി അയക്കുന്നതിന് പര്യാപ്തമായ സ്ഥലം ലഭിക്കാതെ ഉദ്ദേശിച്ചിരുന്ന കപ്പലി കാർഗോ അയ്ക്കാ കഴിയാതെ വരുന്പോഴാണ് ഇങ്ങനെ സംഭവിക്കാറുള്ളത്. ആ ചരക്ക് അയക്കുന്നത് ഏത് കപ്പലിലാണെന്ന്

അറിയാ കഴിയുകയില്ല. ഈ സാഹചര്യത്തി, ഒരു കവ നോട്ടിന്റെ ആവശ്യം ഉണ്ടായേക്കാം, മുഴുവ വിശദാംശങ്ങളും ഇൻഷ്വറൻസ് കന്പനിയ്ക്ക് ലഭിക്കുന്പോ റെഗുല പോളിസി ഇഷ്യൂ ചെയ്യും.

മെറൈ കവ നോട്ടിന്റെ ഉള്ളടക്കത്തി താഴെ കൊടുത്തിരിക്കുന്നവ ഉണ്ടായിരിക്കണം:

i. മെറൈ കവ നോട്ട് നന്പ
ii. ഇഷ്യൂ ചെയ്ത തീയതി
iii. ഇൻഷ ചെയ്ത വ്യക്തിയുടെ പേര്
iv. കാലാവധി

നിങ അപേക്ഷിച്ചത് പ്രകാരം കന്പനിയുടെ വ്യവസ്ഥകൾക്ക് അനുസൃതമായി നിങ്ങൾക്ക് ----------രൂപയുടെ പരിധിവരെ പരിരക്ഷ ലഭിക്കും.

a) ക്ലോസുകൾ: ഇൻസ്റ്റിട്യൂട്ട് കാർഗോ ക്ലോസുക A, B അഥവാ C - ഇൻസ്റ്റിട്യൂട്ട് ക്ലോസുക പ്രകാരം യുദ്ധ SRCC റിസ്കുകളും ഉൾപ്പെടും, പക്ഷ റദ്ദാക്കുന്നതിന് 7 ദിവസത്തെ നോട്ടീസ് ആവശ്യമാണ്.

b) വ്യവസ്ഥകൾ: പോളിസി ഇഷ്യൂ ചെയ്യുന്നതിന് ഷിപ്പിംഗ് ഡോക്കുമെന്റുകളുടെ രസീതി സപ്ലൈ ചെയ്യാനുള്ള ഷിപ്പ്മെന്റിന്റെ വിശദാംശങ്ങ ഉണ്ടായിരിക്കണം. ഡിക്ലറേഷന് മുന്പോ കപ്പലി ചരക്ക് കയറ്റിയതിന് ശേഷമോ നാശനഷ്ടമോ കേടുപാടോ സംഭവിക്കുകയാണെങ്കി, ചരക്കിന്റെ അടിസ്ഥാന വിലയും യഥാർത്ഥത്തിലുള്ള ചെലവുകളും കണക്കിലെടുത്താണ് മൂല്യനിർണ്ണയം നടത്തുക.

ഇൻലാൻഡ് ട്രാൻസിറ്റി പൊതുവേ പോളിസി ഇഷ്യൂ ചെയ്യുന്നതിന് ആവശ്യമായ എല്ലാ പ്രധാനപ്പെട്ട ഡേറ്റായും ലഭ്യമായതിനാ കവ നോട്ടിന്റെ ആവശ്യം അപൂർവ്വമായി മാത്രമേ വേണ്ടിവരികയുള്ളു. ചില സന്ദർഭങ്ങളി കവ നോട്ട് ഇഷ്യു ചെയ്യുകയും പിന്നീട് കാർഗോയുടെ എല്ലാ വിശദാംശങ്ങളും ചേർത്ത് പോളിസി ലഭിക്കും.

2. മോട്ടോർ കവർ നോട്ടുകൾ

ഓരോ കന്പനിയും നിർദ്ദിഷ്ട ഫോമി മോട്ടോ കവ നോട്ടിന്റെ ഓപ്പറേറ്റിവ് ക്ലോസോടുകൂടി താഴെ പറയുന്ന രീതിയിലാണ് ഇത് ഇഷ്യൂ ചെയ്യുന്നത്:

"ഫോമി പരാമർശിച്ചിരിക്കുന്ന ഇൻഷ ചെയ്യുന്ന സംഗതി, താഴെ പറയുന്നത് പോലെ, മോട്ടോ വാഹത്തിനുള്ള ഇൻഷ്വറൻസ് പ്രൊപ്പോസ് ചെയ്തിട്ടുണ്ട്, അതിന്റെ പ്രീമിയമായി ---------- രൂപ അടയ്ക്കുകയും ചെയ്തു, ആയതിനാ കന്പനിയുടെ ---------- പോളിസിയുടെ ചട്ടപ്രകാരം റിസ്കിന് ഇപ്പോ മുത പരിരക്ഷ ബാധകമാണ് (താഴെ കൊടുത്തിരിക്കുന്ന പ്രത്യേക വ്യവസ്ഥ അനുസരിച്ച്) പോളിസി പ്രകാരമുള്ള ചട്ടങ്ങ പാലിച്ചില്ലെങ്കി രേഖ മൂലം എഴുതി അറിയിച്ച് കന്പനി പരിരക്ഷ നിർത്തലാക്കും"

മോട്ടോർ കവർ നോട്ടിൽ സാധാരണയായി താഴെ കൊടുത്തിരിക്കുന്ന സംഗതികൾ ഉണ്ടായിരിക്കും:

a) രജിസ്ട്രേഷ മാർക്കും നന്പരും, അഥവാ ഇൻഷ ചെയ്ത വാഹനത്തിന്റെ വിശദാംശം/ക്യൂബിക് കപ്പാസിറ്റി/ നിർമ്മാണം/ ചുമക്കാനുള്ള കപ്പാസിറ്റി/ നിർമ്മിച്ച വർഷം, എൻജി നന്പ, ചേസിസ് നന്പ

b) ഇൻഷ ചെയ്യുന്ന വ്യക്തിയുടെ പേരും മേൽവിലാസവും

c) ആക്ടിന്റെ ആവശ്യത്തിനായി ഇൻഷ്വറൻസ് തുടങ്ങുന്ന തീയതിയും സമയവും. സമയം..... തീയതി.....

d) ഇൻഷ്വറൻസ് കാലാവധി അവസാനിക്കുന്ന തീയതി

e) വണ്ടി ഓടിക്കുന്നവ

f) ഉപയോഗത്തിന്റെ പരിധി

g) അധിക റിസ്കുക, എന്തെങ്കിലുമുണ്ടെങ്കി

മോട്ടോ കവ നോട്ട് 1988-ലെ മോട്ടോ വാഹന ചട്ടത്തിലെ പാഠം X-ലെയും XI-ലെയും വ്യവസ്ഥക പാലിച്ചാണ് ഇഷ്യൂ ചെയ്തിരിക്കുന്നതെന്ന് സാക്ഷയ്പ്പെടുന്ന ഒരു സർട്ടിഫിക്കേറ്റും ലഭിക്കും.

പ്രധാനപ്പെട്ടത്

കവ നോട്ടിന്റെ കാലാവധി 15 ദിവസം കൂടി കൂട്ടിയേക്കാം, പക്ഷേ അത് ഒരു സാഹചര്യത്തിലും രണ്ട് മാസത്തി കൂടുത കവിയുകയില്ല.

കുറിപ്പ് : കവര് നോട്ടി ഉപയോഗിക്കുന്ന വാക്കുക ഓരോ ഇൻഷ്വറർക്കും വ്യത്യസ്തമായിരിക്കും.

കവർ നോട്ടുകളുടെ ഉപയോഗം മിക്ക കന്പനികളും നിരുത്സാഹപ്പെടുത്തുകയാണ് ചെയ്യാറ്. അധുനിക കാലത്തെ സാങ്കേതിക വിദ്യ ഉപയോഗിച്ച് പോളിസി ഡോക്കുമെന്റ് പെട്ടെന്ന് തന്നെ ഇഷ്യൂ ചെയ്യാൻ പറ്റും.

3. ഇൻഷ്വറൻസ് സർട്ടിഫിക്കേറ്റ് - മോട്ടോർ ഇൻഷ്വറൻസ്

ഇൻഷ്വറൻസ് നിലവിലുണ്ടെന്നിത് തെളിവ് ആവശ്യമായി വരുന്നിടത്ത് ഉപയോഗിക്കുന്നതിനായി ഇൻഷ്വറൻസ് സർട്ടിഫിക്കേറ്റ് നൽകും. മോട്ടോ ഇൻഷ്വറൻസി, മോട്ടോ വാഹന ചട്ടപ്രകാരം ഇൻഷ്വറൻസ് സർട്ടിഫിക്കേറ്റ് ഇഷ്യൂ ചെയ്യേണ്ടത് ആത്യാവശ്യമാണ്. **ഈ സർട്ടിഫിക്കേറ്റാണ് ഇൻഷ്വറൻസ് പോളിസിയുണ്ടെന്നതിന്റെ തെളിവായി പോലീസിനെയും രജിസ്ട്രേഷൻ അധികൃതരെയും കാണിക്കുന്നത്**. സ്വകാര്യ കാറുകളുടെ സർട്ടിഫിക്കേറ്റിന്റെ ഒരു മാതൃക താഴെ കൊടുത്തിരിക്കുന്നു.

1988-ലെ മോട്ടോർ വാഹന ചട്ടം
ഇൻഷ്വറൻസ് സർട്ടിഫിക്കേറ്റ്

